## ജനകീയാസൂത്രണം

# കടമ്പനാട് ഗ്രാമപഞ്ചായത്ത്

## സമഗ്രവികസനരേഖ



ധീരദേശാഭിമാനി വേലുത്തമ്പിദളവ

# കടമ്പനാട് ഗ്രാമപഞ്ചായത്ത് ഭൂപടം







കേരളം

# കടമ്പനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി



വൈസ്പ്രസിഡന്റ്
Adv:S.ലത (വാർഡ് 11)



ജി. കുട്ടപ്പൻ
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ (വാർഡ് 4)



പ്രസിഡന്റ്
B.സരസ്വതി അമ്മ
(വാർഡ് 10)



ജോസ് തോമസ്
മെമ്പർ (വാർഡ് 1)



വിശ്വംഭരൻ. K
മെമ്പർ (വാർഡ് 6)



അന്നമ്മകോശി
മെമ്പർ (വാർഡ് 2)



ആർ.ബാബു വാഴുവേലിൽ
മെമ്പർ (വാർഡ് 7)



A. ചെല്ലപ്പൻ
മെമ്പർ (വാർഡ് 3)



മണ്ണടി രാജൻ
മെമ്പർ (വാർഡ് 8)



C. ജഗദകുമാരി
മെമ്പർ (വാർഡ് 5)



A.ബഷീർ M.A.LLB
സെക്രട്ടറി



മുഹമ്മദാലി. M
മെമ്പർ (വാർഡ് 9)

## എഡിറ്റോറിയൽ ബോർഡ്

ശ്രീമതി. B. സരസ്വതി അമ്മ ചീഫ് എഡിറ്റർ
ശ്രീ. മണ്ണടിരാജൻ എഡിറ്റർ
ശ്രീ. P. കൃഷ്ണൻ
ശ്രീ. K. വിശ്വംഭരൻ
ശ്രീ. G. കുട്ടപ്പൻ
ശ്രീ. അഡ്വ: എബ്രഹാം തങ്കച്ചൻ ഇലവുക്കാട്ട്
ശ്രീ. ബാബു വാഴുവേലിൽ
ശ്രീ. കടമ്പനാട് വിജയകുമാർ
ശ്രീ. മണ്ണടി ദാമോദരൻനായർ


## വികസനറിപ്പോർട്ട് തയാറാക്കുന്നതിൽ നേതൃത്വം നൽകിയവർ

| | | |
|---|---|---|
| 1. | കൃഷിയും ജലസേചനവും | ശ്രീ. നാരായണൻ പോറ്റി (മുൻ കൃഷിവകുപ്പ് മേധാവി)<br>ശ്രീ. സജിമോൻ റ്റി. ഒ. (M.I.Section)<br>ശ്രീമതി. ജയാ പീറ്റർ (അഗ്രികൾച്ചറൽ ആഫീസർ)<br>ശ്രീ. N. രാഘവക്കുറുപ്പ്<br>ശ്രീ. G. രാഘവൻ<br>ശ്രീ. M .ഷിബു |
| 2. | മൃഗസംരക്ഷണവും<br>മത്സ്യബന്ധനവും. | ശ്രീ. Dr.N.രാജഗോപാലപിള്ള (വെറ്റിനറി സർജൻ)<br>ശ്രീ. Dr. ഡാനിയേൽ ജോൺ (വെറ്റിനറി സർജൻ)<br>ശ്രീ. വിനോജ് മാമൻ (ക്ഷീരവികസന വകുപ്പ് ആഫീസർ അടൂർ) |
| 3. | വ്യവസായം | പ്രൊ. K.G .ജോൺ<br>ശ്രീ. ഷിബുഫിലിപ്പ്. |
| 4. | വിദ്യാഭ്യാസം | ശ്രീ. P.K ശിവരാമക്കുറുപ്പ്<br>ശ്രീ. E. രാജൻ<br>ശ്രീ. V. പ്രഭാകരൻ പിള്ള<br>ശ്രീ.. തുളസീധരൻ<br>ശ്രീ. M. ഫിലിപ്പ് |
| 5. | കുടിവെള്ളവും<br>പൊതുജനാരോഗ്യവും | ശ്രീ. M.മജീദ് (Ground WaterPtc)<br>ശ്രീമതി ജാനമ്മ<br>ശ്രീ. T.R. ബിജു<br>ശ്രീ. അനിൽ (PHC കടമ്പനാട്)<br>ശ്രീ. N. ചന്ദ്രശേഖരൻനായർ |
| 6. | ഗതാഗതം, ഊർജം | ശ്രീ. P.രവീന്ദ്രൻ പിള്ള.<br>ശ്രീ. വിമലാനന്ദൻ (Electricity bord kadampanad)<br>ശ്രീ. മുഹമ്മദലി (Assit:Ex E ഏഴംകുളം)<br>ശ്രീ. P. മോഹനൻ നായർ<br>ശ്രീ. P.J. ബാബു<br>ശ്രീ. P.S. സാബു. (ovarsear kadampanad panchayat) |

| | | |
|---|---|---|
| 7. | പാർപ്പിടവും സാമൂഹ്യക്ഷേമവും | ശ്രീ. S. കരുണാകരൻ.<br>ശ്രീ. P. തുളസീധരൻ നായർ<br>ശ്രീ. K. രവിന്ദ്രൻപിള്ള<br>ശ്രീ. P. K. ഭാസ്കരൻ<br>ശ്രീ. കെ. ബിജു |
| 8. | സംസ്കാരം | ശ്രീ. രാമാനുജൻ നായർ<br>ശ്രീ. കടമ്പനാട് വിജയകുമാർ<br>ശ്രീ. അഡ്വ. എബ്രഹാം തങ്കച്ചൻ<br>ശ്രീ. K. അബ്ദുൾ അസീസ് |
| 9. | വനിതാക്ഷേമം | ശ്രീമതി. മണ്ണടി .ജെ. പൊന്നമ്മ<br>ശ്രീമതി. കെ . ഓമന.<br>ശ്രീമതി. ഉഷ. എസ്സ് |
| 10. | സഹകരണം | ശ്രീ. M. D. തോമസ്<br>ശ്രീ. വാമദേവൻ പിള്ള.<br>ശ്രീ. G. ശ്രീധരൻ പിള്ള<br>ശ്രീ. M.R. ജയപ്രസാദ്<br>ശ്രീ. പി. കെ. വിശംഭരൻ |
| 11. | പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം | ശ്രീ. പി.. ജെ പ്രഭ<br>ശ്രീ. പി.. കൃഷ്ണൻ<br>ശ്രീ. ആർ. ഭാസ്കരൻ<br>ശ്രീ. കെ. പ്രസന്നൻ<br>ശ്രീ. ജെ. .രാധാകൃഷ്ണൻ |
| 12. | വിഭവസമാഹരണം | ശ്രീ. Y. രാജൻ<br>ശ്രീ. P. മുരളിധപൻ പിള്ള |

## കടമ്പനാട് ഗ്രാമപഞ്ചായത്തിലെ ജീവനക്കാർ

A.ബഷീർ M.A,BEd, LLB. സ്പെഷൽ ഗ്രേഡ് സെക്രട്ടറി

| | | | |
|---|---|---|---|
| S.പ്രഭാകരൻ പിള്ള<br>ജൂനിയർസൂപ്രണ്ട് | | S.സുരേഷ് ബാബു<br>K.V.ശ്രീകുമാർ | "<br>" |
| R.രമണൻപിള്ള | U.D.ക്ലാർക്ക് | M. രാജഗോപാലപിള്ള | " |
| S.S.നൗഫൽ | " | M.ജമാലുദീൻ | പ്യൂൺ |
| K.ചന്ദ്രൻ | " | K.A. ബാലകൃഷ്ണൻ | " |
| P.മുഹമ്മദ്കുഞ്ഞ് | " | K.G. ലാലമ്മ | ഫുൾടൈം സ്വീപ്പർ |
| P.S.സാബു | Ist Grade ഓവർസിയർ | M.N. ഇന്ദിരാ ബായി | " |
| N.ഇന്ദിര | L.D.ക്ലാർക്ക് | A. സൈനുദ്ദീൻ | പാർട്ട്ടൈം സൈറൻ ഓപ്പറേറ്റർ |

| | | |
|---|---|---|
| 1. | ആമുഖം | |
| 2. | പഞ്ചായത്ത് പൊതുവിവരണം | 9 |
| 3. | പ്രാദേശിക ചരിത്ര പശ്ചാത്തലം | 11 |
| 4. | ഭൂപ്രകൃതിയും വിഭവങ്ങളും | 17 |
| 5.1 | കൃഷിയും ജലസേചനവും | 19 |
| 5.2 | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 35 |
| 5.3 | വ്യവസായം | 47 |
| 5.4 | വിദ്യാഭ്യാസം | 51 |
| 5.5 | കുടിവെള്ളവും പൊതുജനാരോഗ്യവും | 59 |
| 5.6 | ഗതാഗതം | 69 |
| 5.7 | പാർപ്പിടവും സാമൂഹ്യക്ഷേമവും | 95 |
| 5.8 | സംസ്കാരം | 107 |
| 5.9 | വനിതാക്ഷേമം | 113 |
| 5.10 | സഹകരണം | 117 |
| 5.11 | പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം | 129 |
| 5.12 | വിഭവസമാഹരണം | 137 |
| 6. | ഉപസംഹാരം | 142 |

## 1

# ആമുഖം



ആസൂത്രണ പ്രക്രിയയുടെ ചരിത്രത്തിൽ ഒരു പുത്തൻ അദ്ധ്യായത്തിന് തുടക്കം കുറിച്ചു കൊണ്ട് ജനപങ്കാളിത്തത്തോടു കൂടി വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനു വേണ്ടിയുള്ള യത്നത്തിലാണല്ലോ നാം, ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ അടങ്കലിന്റെ 35-40 ശതമാനം വരുന്ന തുക ത്രിതല പഞ്ചായത്തുകൾ വഴി ജനപങ്കാളിത്തത്തോടു കൂടി വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്നതാണല്ലോ ഇതിന്റെ ലക്ഷ്യം.

ലോകത്തൊരിടത്തും ഇന്നോളം നടപ്പിലായിട്ടില്ലാത്ത ഒരു സംരംഭം എന്നതു കൊണ്ട് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഇതൊരു വെല്ലുവിളിയും പരീക്ഷണവുമാണ്. മുൻ കാലങ്ങളിൽ സർക്കാർ തലത്തിൽ മാത്രം ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്ന ആസൂത്രണം ഇന്ന് വാർഡ് തലം മുതലുള്ള

ജനകീയാഭിപ്രായത്തോടെ രൂപപ്പെടുന്ന
സാഹചര്യത്തിൽ ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത്
ഉയരാനും, കക്ഷിരാഷ്ട്രീയചിന്തകൾക്കതീതമായ ഒരു
പുത്തൻ സംസ്കാരം രൂപപ്പെടുത്താനും
ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയും
എന്നതിൽ സംശയമില്ല.

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി പഞ്ചായത്തു തലത്തിൽ ഒന്നാം ഘട്ടം പരിശീലനം ഒക്ടോബർ മാസം 8 - ാം തീയതിയും രണ്ടാം ഘട്ടപരിശീലനം നവംബർമാസം 20 -ാം തീയതിയും നടക്കുകയുണ്ടായി. ഗ്രാമസഭകളിലെ ജനപങ്കാളിത്തം ജനങ്ങൾക്കിതിലുള്ള താല്പര്യം വ്യക്തമാക്കുന്നതായിരുന്നു. വിവിധ വിഷയങ്ങളെ സംബന്ധിക്കുന്ന പഞ്ചായത്തുതല റിപ്പോർട്ട് തയ്യാറാക്കുന്നതിനും വിവരശേഖരണത്തിനും പല നല്ല ആളുകളുടേയും ആത്മാർത്ഥമായ സഹകരണം ഉണ്ടായിട്ടുണ്ട്. തുടർന്നുള്ള പ്രവർത്തനങ്ങളിലും എല്ലാവരുടേയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഈ റിപ്പോർട്ട് ചർച്ചകൾക്കായി സമർപ്പിക്കുന്നു.



## 2

# പഞ്ചായത്ത് പൊതുവിവരണം




| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കടമ്പനാട് ഗ്രാമപഞ്ചായത്ത് |
| വിസ്തീർണ്ണം | : | 23.95 ച:കി:മി: |
| പുരുഷൻമാർ | : | 11913 |
| സ്ത്രീകൾ | : | 12884 |
| സാക്ഷരർ | : | 20292 |
| പുരുഷൻമാർ | : | 9943 |
| സ്ത്രീകൾ | : | 10449 |
| പട്ടികജാതിവിഭാഗം | : | 4555 |
| വാർഡുകൾ | : | 11(പതിനൊന്ന്) |
| ജില്ലാപഞ്ചായത്ത് | : | പത്തനംതിട്ട |
| 'ബ്ലോക്ക് പഞ്ചായത്ത് | : | പറക്കോട് |

| | | |
|---|---|---|
| താലൂക്ക് | : | അടൂർ |
| അസംബ്ലിമണ്ഡലം | : | അടൂർ |
| പാർലമെന്റ് മണ്ഡലം | : | അടൂർ |
| കുടുംബങ്ങളുടെ എണ്ണം | : | 5423 |
| വനിതാ സംവരണം | : | 4 |
| പട്ടികജാതി സംവരണം | : | 1 |
| ഉൾപ്പെടുന്ന വില്ലേജ് | : | കടമ്പനാട് |
| അതിരുകൾ | : | വടക്ക് ഏറത്ത് പഞ്ചായത്ത് |
| | | കിഴക്ക് ഏഴംകുളം പഞ്ചായത്ത് |
| | | തെക്ക് കുന്നത്തൂർ പഞ്ചായത്ത് കല്ലടയാറ് |
| | | പടിഞ്ഞാറ് പള്ളിക്കൽ പോരുവഴിപഞ്ചായത്ത് |



# 3

# പ്രാദേശിക ചരിത്ര പശ്ചാത്തലം



ചിര പുരാതനവും ചരിത്ര പ്രസിദ്ധവും ആയ ഐതിഹ്യങ്ങളും സംഭവങ്ങളും നിറഞ്ഞ പ്രകൃതി രമണീയമായ ഒരു ഗ്രാമമാണ് കടമ്പനാടു ഗ്രാമപഞ്ചായത്ത്. കടമ്പനാടു പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശങ്ങൾ ഒരു കാലഘട്ടത്തിൽ നാടുവാഴികളുടെ ഭരണത്തിൽ ആയിരുന്നു. പിൽക്കാലത്ത് ഭരണക്രമത്തിൽ വന്ന മാറ്റവും, രാജ്യാതിർത്തിയിൽ വന്ന വികാസവും മൂലം തിരുവിതാംകൂറിൽ കൊല്ലം ജില്ലയുടെ ഭാഗമായി 1-7-49-ൽ തിരുകൊച്ചി ഐക്യ സംസ്ഥാനം നിലവിൽ വന്നപ്പോഴും 1-11-56-ൽ കേരള സംസ്ഥാനം രൂപം കൊണ്ടതിന് ശേഷവും കൊല്ലം ജില്ലയുടെ ഭാഗമായിത്തുടർന്നു. 1-7-83 ൽ പത്തനംതിട്ട ജില്ല രൂപീകരിച്ചപ്പോൾ കടമ്പനാടു പഞ്ചായത്ത് പത്തനംതിട്ട ജില്ലയിലായി. പഴയ കുന്നത്തൂർ താലൂക്കിൽ നിന്നും വിഭജിക്കപ്പെട്ട അടൂർ താലൂക്കിൽ പറക്കോട് വികസനബ്ലോക്കിൽ ഉൾപ്പെടുന്ന കടമ്പനാട്, തുവയൂർ, മണ്ണടി എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ടതാണ് ഈ ഗ്രാമപഞ്ചായത്ത്. വിസ്തീർണ്ണം 23.95 ചതുരശ്രകിലോമീറ്റർ ആണ്. 1991 ലെ കാനേഷുമാരി ഗണനപ്രകാരം ജനസംഖ്യ 24797 ആകുന്നു.

കിഴക്ക് ഏഴംകുളം പഞ്ചായത്തും, തെക്ക് കല്ലടയാറും കുന്നത്തൂർ പഞ്ചായത്തും, പടിഞ്ഞാറു പോരുവഴി പള്ളിക്കൽ എന്നീ പഞ്ചായത്തുകളും, വടക്ക് ഏറത്തു പഞ്ചായത്തും, അതിരുകളായി നിലകൊള്ളുന്നു. പഞ്ചായത്തുകൾ രൂപം കൊള്ളുന്നതിനുമുമ്പ് സർ സി.പി രാമസ്വാമി അയ്യർ ദിവാനായിരുന്ന കാലഘട്ടത്തിൽ വില്ലേജുകളുടെ വികസനം ലക്ഷ്യമാക്കി "വില്ലേജ് അപ്ലിഫ്റ്റ്" യൂണിയൻ എന്ന പേരിൽ സർക്കാർ നോമിനേറ്റു ചെയ്യുന്ന പ്രതിനിധിയിൽ അടങ്ങിയ സമിതിയാണ് ഭരണം നിർവ്വഹിച്ചിരുന്നത്. ഈ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടിരിക്കുന്ന പ്രദേശങ്ങൾ കുന്നത്തൂർ വില്ലേജ് അപ്ലിഫ്റ്റ് യൂണിയൻെറ ഭാഗം ആയിരുന്നു. അന്നത്തെ പ്രസിഡൻറ് തൊണ്ണൂറാം പന്തിയിൽ ശ്രീ. കെ. കേശവക്കുറുപ്പും മറ്റു പ്രതിനിധികൾ കളീലുവിളയിൽ ശ്രീ കെ ആർ. കൃഷ്ണപിള്ള ശ്രീ താഴേതിൽ പൊടിക്കുഞ്ഞ് ശ്രീ പൂതക്കുഴി പത്മനാഭപിള്ള, മണപ്പള്ളഴികത്തു ശ്രീ. കെ പരമുപണിക്കർ, ശ്രീമതി കല്യാണി തുടങ്ങിയവരുമായിരുന്നു. 1953 ൽ പഞ്ചായത്തുകൾ രൂപം കൊണ്ടപ്പോൾ ജനങ്ങളാൽ തെരെഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു സമിതികൾ നിലവിൽ വന്നു. ആദ്യം രൂപം കൊണ്ട പഞ്ചായത്തിൻെറ നാമധേയം കടമ്പനാടു പഞ്ചായത്ത് എന്നായിരുന്നു. ഇപ്പോഴത്തെ കുന്നത്തൂർ പഞ്ചായത്തിൻെറ ചില ഭാഗങ്ങൾ ഇതിൽ ഉൾപ്പെട്ടിരുന്നു. ഈ പഞ്ചായത്ത് സമിതിയുടെ ആദ്യത്തെ പ്രസിഡന്റ് കോയിപ്പുറത്ത് ശ്രീ. കെ. നീലകണ്ഠൻനായർ ആയിരുന്നു. സർവ്വശ്രീ. കെ. കേശവക്കുറുപ്പ്, കെ. ആർ. കൃഷ്ണപിള്ള, വിളയിൽ തോട്ടത്തിൽ ശ്രീ രാഘവൻപിള്ള, പിന്നാട്ടു ഗോപാലപിള്ള, തുരുത്തിക്കര കെ. കൊച്ചു കുഞ്ഞുപിള്ള, വലിയവിളയിൽ ഇ. വി. ബാലകൃഷ്ണപിള്ള. വാണിയനൂർ പി.ശിവരാമൻ നായർ, കെ. പരമുപണിക്കർ, മാരങ്കോട്ടുരാമൻ, മണലൊടി ഗോപാലക്കുറുപ്പ്, മണ്ണുമ്പുറത്ത് ഉണ്ണൂണ്ണി എന്നിവർ അംഗങ്ങളും ആയിരുന്നു. 1962-ൽ കടമ്പനാടു പഞ്ചായത്തു വിഭജിച്ച് കുന്നത്തൂർ കടമ്പനാട് എന്നീ പഞ്ചായത്തുകൾ രൂപം കൊള്ളുന്നതു വരെ ഈ ഭരണ സമിതി തുടർന്നു. അതിനുശേഷം ശ്രീ. എൻ. കെ. നാരായണപിള്ള, ശ്രീ. പി. നരേന്ദ്രൻ, വഞ്ചിപ്പുഴേത്തു ശ്രീ. ഭാസ്കരൻപിള്ള, ശ്രീമതി. അന്നമ്മ കോശി എന്നിവർ കഴിഞ്ഞകാല പഞ്ചായത്തു ഭരണ സമിതിയിൽ പ്രസിഡൻറു സ്ഥാനം വഹിച്ചിരുന്നു.

ഐതിഹാസവും ചരിത്രപരവുമായ സംഭവങ്ങൾക്കു സാക്ഷ്യം വഹിച്ച മേൽ പറഞ്ഞ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന കടമ്പനാടു ഗ്രാമപഞ്ചായത്ത് കേരള ചരിത്രത്തിൽ ശ്രദ്ധേയമായ സ്ഥാനം അർഹിക്കുന്നു. ദക്ഷിണേന്ത്യയിലെ അറിയപ്പെടുന്ന ആദ്യ നാഗരികതയായി ചരിത്ര ഗവേഷകർ വിധിയെഴുതുന്ന സംഘകാലഘട്ടത്തിൽ (C.B.C.300-മുതൽ AD300 വരെ) കടമ്പനാടും പരിസരപ്രദേശങ്ങളും പ്രാചീന തമിഴകത്തിൻെറ ഭാഗമായിരുന്നു എന്നു തെളിയിക്കുന്ന പല പരാമർശങ്ങളും 'പതിറ്റുപത്ത്' തുടങ്ങിയ സംഘകാല സാഹിത്യകൃതികളിൽ കാണാം. കടമ്പനാടു പഞ്ചായത്തിൽപെട്ട മണ്ണടി എന്ന ദിങ്നാമം സംഘകാലസാഹിത്യത്തിൻെറ 'മൻറം' എന്ന തമിഴ് പദത്തിനു് ഉച്ചരിത ഭേദം സംഭവിച്ച് മണ്ണടി ആയിത്തീർന്നതാണെന്ന ചരിത്രനിഷ്പത്തി ഇവിടെ പ്രസക്തമാണ്. മലയാളത്തിലെ 'മന്നം' എന്ന വാക്ക് തമിഴിലെ 'മൻറം' എന്ന പദത്തിൽനിന്നാണ് നിഷ്പാദിച്ചതാണെന്നും 'മന്നം' എന്നതിനു വിധി പ്രസ്താവിക്കുകയോ കക്ഷികളെ വിസ്തരിക്കുകയോ ചെയ്യുന്ന സ്ഥലം (തമിഴ് മൻറം) എന്ന് അർത്ഥമുള്ളതായി ആധികാരിക രേഖകളിൽ കാണുന്നു. ഡോ. ഹെർമൻഗുണ്ടർട്ട് 'മന്നം' എന്ന വാക്കിന് Standing place, a place of judgement or discussion under the village tree in the assembly of citizens എന്ന് അർത്ഥ കൽപന നടത്തുന്നു. (ഗുണ്ടർട്ട് നിഘണ്ടു Page 720) ഓരോ ഗ്രാമത്തിലേയും ജനങ്ങൾ ഒത്തുചേരുന്ന (കൂടുന്ന) സ്ഥലമെന്ന അർത്ഥത്തിൽ 'മൻറം' അഥവാ 'കൂടൽ' എന്ന സംജ്ഞകൾ സംഘകാലകൃതികളായ "നട്ടിണൈ" "കുറുന്തകൈ" തുടങ്ങിയവയിൽ പ്രയോഗിച്ചിട്ടുണ്ട്.

മണ്ണടിയുടെ സ്ഥലനാമത്തെക്കുറിച്ചു ഒരു ഐതിഹ്യം കൂടിയുള്ളതായി ശ്രീ. കൊട്ടാരത്തിൽ ശങ്കു

ണ്ണിയുടെ ഐതിഹ്യമാലയിലും കുളക്കട താമരശ്ശേരിൽ നമ്പി മഠത്തിൽനിന്നും, ലഭിച്ചിട്ടുള്ള താളിയോല ഗ്രന്ഥത്തിലും കാണുന്നു. പണ്ട് വാക്കവത്തിപ്പുഴ പണ്ടാരത്തിൽ ദേശാധിപതിയായിരുന്ന കാലത്ത് ഒരുദിവസം കാടുവെട്ടി തെളിക്കുന്നതിനായി പുലയ സമുദായത്തിൽപ്പെട്ട ഒരു സ്ത്രീയും പുരുഷനും ഇന്നത്തെ പഴയകാവു ദേവീക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്ത് വന്ന് കാടുവെട്ടിത്തെളിക്കുകയും പുലയസ്ത്രീ അവിടെക്കണ്ട ഒരു കല്ലിന്മേൽ മൂർച്ച കൂട്ടുന്നതിനായി അരിവാൾ തേച്ചപ്പോൾ ആ ശിലയിൽനിന്നും രക്തപ്രവാഹം ഉണ്ടാവുകയും ചെയ്തു. സ്വയം ഭൂവായ ബിംബത്തിന്മേൽ അരിവാൾ തേച്ച പുലയസ്ത്രീ രക്തം കണ്ട സമയം രക്തപ്രവാഹം നിറുത്തുന്നതിനുവേണ്ടി മണ്ണുവാരി അടിച്ചതിനാലാണ് ഈ സ്ഥലത്തിനു മണ്ണടി എന്ന പേരു ലഭിച്ചതെന്നു ഐതിഹ്യമാലയിൽ പറയുന്നു. കടമ്പനാട് പഞ്ചായത്തിൽപ്പെട്ട തുവയൂർതെക്ക് പാണ്ടിമലപ്പുറം എന്ന സ്ഥലത്ത് പ്ലാവിനാൽകുടുംബത്തിൽപ്പെട്ട പുലയരുടെ പൂർവ്വികരിൽപ്പെട്ടവരാണ് രക്തപ്രവാഹം ഉണ്ടായ ശിലയിൽ അരിവാൾ തേച്ചതെന്നാണ് പറയപ്പെടുന്നത്. ഇന്നും ആ കുടുംബത്തിൽ ഇതുമായി ബന്ധപ്പെട്ട ആരാധനാ സ്ഥലം ഉണ്ട്. മുകളിൽ പ്രസ്ഥാവിച്ച താളിയോലഗ്രന്ഥത്തിൽ "ഒന്നാം ആണ്ട് മേടമാസം ഒന്നാം തീയതി കിഴക്കേകാവിൽ ഒരു പെലയനും പെലക്കള്ളിയും കൂടി കാട്ടുതീൻ ഖനനം ചെയ്തു പഠിച്ചവ വരുമ്പോൾ ലവനത്തിനു മൂർച്ച ഇല്ലാത്തതിനാൽ ഒരു ശിലകണ്ട അവറ്റൽ തെച്ചപ്പോൾ രക്ത പ്രവാഹമുണ്ടാകയാൽ പെലയനെ വിളിച്ചു കാണിക്കയും അവൻ മണ്ണാൽ അടിയെന്നു പറയകയും മണ്ണ അടിച്ചപ്പോൾ നിക്കയും ഒണ്ടാകയാൽ മണ്ണടി എന്നു പറവാൻ കാരണവും (താളിയോല Page 5) എന്നു രേഖപ്പെടുത്തിക്കാണുന്നു.

സംഘകാലത്തെ തുടർന്നു വന്ന ശതകങ്ങളിൽ ഭാരതീയ ജനജീവിതത്തെ പരിപോഷിപ്പിച്ച ബുദ്ധമതസംസ്കാരധാരയുമായി ഉറ്റസമ്പർക്കം പുലർത്തുവാൻ കടമ്പനാടിനു സാധിച്ചിട്ടുണ്ടെന്നുള്ളതിനു തെളിവുകളാണ് ചില ദിങ്ക്ഷേത്രനാമങ്ങൾ. പള്ളിചേർത്തുള്ള സ്ഥലനാമങ്ങളും ക്ഷേത്രനാമങ്ങളും ബുദ്ധമത സങ്കേതങ്ങളെ സൂചിപ്പിക്കുന്നവയാണെന്നാണല്ലോ പ്രഖ്യാതമായ ചരിത്രമതം. വിശ്രുത രീതിയിൽ പ്രവർത്തിച്ചിരുന്ന ബുദ്ധവിഹാരങ്ങളായ പള്ളിക്കൽ, കരുനാഗപ്പള്ളി തുടങ്ങിയവയുടെ പരിധിയിൽപ്പെട്ടിരുന്ന കടമ്പനാടും പരിസരപ്രദേശങ്ങളും ബുദ്ധമതത്തിൻെറ അധ:പതനത്തോടുകൂടി ആര്യാധിനിവേശവും വൈദികപ്രോക്തങ്ങളായ ആചാരവിധികളും നിലവിൽവന്നപ്പോൾ കടമ്പനാട്ടു വിശ്രുതമായ ഒരു വേദപാഠശാലയുടെ ആസ്ഥാനമായിതീർന്നു. "ഘടനാടാണ്" കടമ്പനാടായി ഭാഷണഭേദം സംഭവിച്ചത്. 'ഘട' വിദ്യാലയത്തെക്കുറിക്കുവാനായി ഉപയോഗിച്ചിരുന്നു. ഘടസ്ഥലി ആണ് കടുത്ത എന്ന ശാസ്താവിനെകുറിക്കുന്ന വാക്കായി മാറിയത് പരശുരാമപ്രതിഷ്ഠയും വേദപഠനവുമുണ്ടായിരുന്ന കേന്ദ്രങ്ങളായിരുന്നു ഘട. പരശുരാമൻ പ്രതിഷ്ഠിച്ചിരുന്നതായി വിശ്വസിക്കപ്പെടുന്ന 108 ശിവക്ഷേത്രങ്ങളിൽ ഒന്നായ ഇരവീശ്വരത്തു പഴയതൃക്കോവിൽ ശിവക്ഷേത്രം കടമ്പനാട് പഞ്ചായത്തിൽ മണ്ണടിയിൽ സ്ഥിതിചെയ്യുന്നു. ഘട-കടയും, കുടിയും, കുളവും നാടുമായി മറാമെന്ന് ഭാഷാ ഗവേഷകരായ പ്രഫ. എ. പി. ശങ്കുണ്ണിനായർ ഡോ. എൻ. വി. കൃഷ്ണ വാര്യർ തുടങ്ങിയവർ അഭിപ്രായപ്പെടുന്നു. (മാതൃഭൂമി ആഴ്ചപതിപ്പ് 1991 നവംബർ 24 - 30 പുസ്തകം 69 ലക്കം 38) കടത്തനാട്, കടമ്പനാട്, കുടവല്ലൂർ, കുടമാളൂർ തുടങ്ങിയ സ്ഥലനാമങ്ങൾ ഉദാഹരണമായി ചരിത്ര പണ്ഡിതന്മാർ ചൂണ്ടികാണിച്ചിട്ടുണ്ട്.

ഏ.ഡി. ഒമ്പതാം നൂറ്റാണ്ടിൽ മഹോദയപുരം തലസ്ഥാനമാക്കി തിരുവിതാംകൂർ ഭരിച്ചിരുന്ന കുലശേഖര രാജാക്കന്മാരുടെ കീഴിൽ സ്വയം ഭരണസ്വഭാവത്തോടുകൂടിയ പല നാടുകളും ദേശങ്ങളും ഉണ്ടായിരുന്നു. ഒരു നാടുവാഴിയുടെ ഭരണത്തിൽ കീഴിലായിരുന്നു കടമ്പനാടെന്ന് 971-ലെ പട്ടാഴി ചെമ്പു പട്ടയത്തിൽനിന്നും മനസ്സിലാക്കാം. കുലശ്ശേഖര, ചേരന്മാരുടെ പതനത്തിനുശേഷം വേണാട്ടുരാജാക്കന്മാരുടെ ഭരണത്തിൻകീഴിൽ കടമ്പനാട് ഉൾപ്പെട്ടിരുന്നു എന്ന്

കൊല്ലം 343-ാ മാണ്ടത്തെ വേണാട് ഇളംകൂർ വാണരുളിയ ശ്രീ. വീര ദേവ മാർത്താണ്ഡവർമ്മ തിരുവടിയുടെ കിളിമാനൂർ ശാസനത്തിൽ പരാമർശിക്കുന്ന ചെങ്കഴിന്നൂർ നാടിന്റെ വിസ്തൃതിയെപറ്റിയുള്ള സൂചനകളിൽ നിന്നും തെളിയുന്നുണ്ട്. എന്നാൽ പില്കാലത്ത് കടമ്പനാട് കായംകുളം രാജ്യാതിർത്തിയിൽ വന്നു ചേർന്നതായും ചരിത്ര രേഖകളിൽ കാണുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവ് ചെറുകിട രാജാക്കന്മാരെ തോല്പിച്ച് ആധുനിക തിരുവിതാംകൂർ എന്ന സ്വതന്ത്ര നാട്ടു രാജ്യം സ്ഥാപിച്ചപ്പോൾ കടമ്പനാടും അതിന്റെ ഭാഗമായിത്തീർന്നു.

ആദ്യനൂറ്റാണ്ടുകളിൽ കടമ്പ വംശജരായ ഭരണാധികാരികൾ (നാടുവാഴികൾ) ഈ പ്രദേശത്തു അധിവസിച്ചിരുന്നതുകൊണ്ടാവാം കടമ്പനാട് എന്ന സ്ഥലനാമം ഉണ്ടായതെന്നും നാട്ടറിവുണ്ട്.

കടമ്പനാട്, മണ്ണടി എന്നീ പ്രദേശങ്ങളോടു ചേർന്നു കിടക്കുന്നതും ഈ പഞ്ചായത്തിൽപ്പെട്ടതുമായ പച്ചപുതച്ച കുന്നുകളും മനോഹരങ്ങളായ താഴ്വരകളും അരുവികളും നിറഞ്ഞ സ്ഥലമാണ് തുവയൂർ. കാലാവസ്ഥയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്ന വടക്കു് കാക്കത്താനിക്കുന്നും, തെക്ക് പാണ്ടിമലക്കുന്നും (പാണ്ടി മലപ്പുറം) രണ്ടു നെടും കോട്ടകളെപ്പോലെ നിലകൊള്ളുന്നു. ഈ മലകളുടെ ഇടയിൽ കിഴക്കു പടിഞ്ഞാറായി ഒരു ഇടനാഴിപോലെ തുവയൂരിന്റെ സിംഹഭാഗവും സ്ഥിതിചെയ്യുന്നു. തട്ട, തലവൂർ, തുവയൂർ എന്നീ സ്ഥലങ്ങൾ സമ്പൽ സമൃദ്ധമായിരുന്നു എന്നാണ് പഴമക്കാരുടെ അഭിപ്രായം . ഇന്നും ഈ അവസ്ഥ തന്നെയാണ് മേൽപറഞ്ഞ മലകൾ രണ്ടും ഒരു കാലത്ത് പുൽമേടുകളായിരുന്നു. ഈ കുന്നുകൾക്കിടയിലായി സ്ഥിതിചയ്യുന്നതുൾപ്പെടെ ഉള്ള പ്രദേശം ഐശ്വര്യ ദേവതയുടെ കടാക്ഷത്താൽ ധനധാന്യങ്ങൾ നിറഞ്ഞു തൂവിയിരുന്നതിനാലാണ് തുവയൂർ എന്ന സ്ഥലനാമം ഉണ്ടായതെന്നു പറയപ്പെടുന്നു. ഈ പഞ്ചായത്തിലെ മറ്റുള്ള പ്രദേശങ്ങളിൽനിന്ന ് വ്യത്യസ്തമായി തുവയൂർ പ്രദേശം കിഴക്കോട്ടു ചരിഞ്ഞുകിടക്കുന്ന. ഇവിടെ മഹർഷിമംഗലം ക്ഷേത്രവും മാഞ്ഞാലി ജംഗ്ഷനു സമീപമായി ഒരു കളരിയും, മാഞ്ഞാലി ജംഗ്ഷനു തെക്കുഭാഗത്തായി കണ്ണങ്കരയക്ഷിയമ്പലം എന്നു പേരോടുകൂടിയ ഒരു ക്ഷേത്രവും ഉണ്ട്. മണ്ണടി ഭഗവതി ക്ഷേത്രത്തിലെ കാമ്പിത്താൻ സ്ഥാപിപിച്ചതെന്നു വിശ്വസിക്കുന്ന ഒരു ത്രിശൂലം ഈ യക്ഷിയമ്പലത്തിൽ ഉള്ളതിനാൽ ഭക്തജനങ്ങളുടെ തിരക്കും വിശ്വാസവും കൂടുതലാണ്.

സെയ്ന്റ് ആൻഡ്രൂസ് മാർത്തോമ്മാ ചർച്ച്,സെയിൻറ് ജോൺസ് ഓർത്തഡോക്സ് ചർച്ച് സെയിൻറ് തോമസ് കാത്തലിക് ചർച്ച് സെയ്ന്റ മേരീസ് കാത്തലിക് ചർച്ച് സെൻറ് തോമസ് മാർത്തോമ്മാ ചർച്ച് സെൻറ് പീറ്റേഴ്സ് മാർത്തോമ്മാ ചർച്ച് തുടങ്ങി 9 ക്രൈസ്തവ ദേവാലയങ്ങളും തുവയൂർ പ്രദേശത്തുണ്ട്.

ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ചും അല്ലാതെയും നടന്ന സാമൂഹിക സാംസ്കാരിക നവോത്ഥാനപ്രവർത്തനത്തിന്റെ അലയടികൾ തുവയൂർ പ്രദേശത്തും ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല. മഹാത്മാഗാന്ധിജിയുടെ നേതൃത്വത്തിൽ ഭാരതത്തിലുടനീളം നടന്ന ഹരിജനോദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി തുവയൂർ കേന്ദ്രമാക്കി ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾ നടന്നിരുന്നു. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ചിരുന്ന ശ്രീ അയ്യൻകാളി തുവയൂർ ,മണ്ണടി എന്നീ പ്രദേശങ്ങൾ സന്ദർശിച്ചിരുന്നു. ഭൂദാന പ്രസ്ഥാനത്തോടനുബന്ധിച്ചു സർക്കാർ സഹായത്തോടെ 58 ഭവനങ്ങൾ നിർമ്മിച്ച് അവയുടെ താക്കോൽദാനം നിർവ്വഹിക്കുന്നതിനായി ശ്രീ. ജയപ്രകാശ് നാരായണൻ ഇവിടെ എത്തിയിരുന്നു എന്നത് ഇവിടുത്തെ ജനങ്ങളുടെ സാമൂഹ്യബോധത്തെയും സാംസ്കാരികപ്രവർത്തനത്തിന്റെ തീഷ്ണതയെയും ആണ് വെളിവാക്കുന്നത്.

1816 മുതൽ 1820 വരെ ലഫ്റ്റനന്റുമാരായ വാർഡും കോർണ്ണറും ചേർന്നു നടത്തിയ തിരുവിതാം

കൂർ കൊച്ചി സംസ്ഥാനങ്ങളുടെ സർവ്വെ രണ്ടും വാല്യത്തിൽ (പേജ് 164,165) കുന്നത്തൂർ ജില്ലയിൽപ്പെട്ട 8 സബ്ഡിവിഷനുകളിൽപ്പെട്ട ഒന്നാമത്തേതായി കടമ്പനാടിനെ കുന്നത്തൂർ സബ്ഡിവിഷനിൽപ്പെടുത്തിയിരിക്കുന്നു. ഡിസ്ട്രിക്റ്റിലെ 121 വില്ലെജുകളിൽ 15 എണ്ണം ഉൾപ്പെട്ടതാണ് ഈ സബ്ഡിവിഷൻ. മണ്ണടി ഭഗവതീ സങ്കേതമെന്ന പേരിലുള്ള ഒരു പ്രത്യേക സബ്ഡിവിഷനും സർവ്വേ റിപ്പോർട്ടിലുണ്ട്. ഇന്നത്തെ കടമ്പനാടു പഞ്ചായത്തിനെപറ്റിയുള്ള പൂർണ്ണ ചിത്രം ഈ രണ്ട് സബ് ഡിവിഷനുകളും ഉൾപ്പെട്ടതാണ്. (കുന്നത്തൂരും മണ്ണടി ഭഗവതീ) സങ്കതവും ഈ രണ്ടു സബ് ഡിവിഷനുകളിലേയും സ്ഥിതിവിവരണകണക്കുകൾ ഈ റിപ്പോർട്ടിൽ വിവരിച്ചുകാണുന്നു. ഇതിൽ മണ്ണടി ഭഗവതീ സങ്കേതം ഡിവിഷനിലെ റവന്യൂ വരുമാനത്തിൽ സർക്കാരിനു അവകാശം ഇല്ലാതിരുന്നതിനാൽ മണ്ണടി ഭഗവതീ സങ്കേതം സ്വയം ഭരണാവകാശമുള്ള ഒരു ഭരണാധികാരിയുടെ കീഴിലുള്ള പ്രദേശമായിരുന്നു എന്നു വ്യക്തമാണ്. ഒരു കാലഘട്ടത്തിൽ വാക്കവഞ്ഞിപ്പുഴപണ്ടാരത്തിൽ മണ്ണടി സങ്കേതത്തിൻെറ ദേശാധിപതി ആയിരുന്നു. "ദേശാതൃത്തി കല്ലുകളും ദേശക്കോയ്മയുള്ള അധികാരമുദ്രയും വാക്കവഞ്ഞിപ്പുഴ അധികാരികൾക്ക് സ്വതന്ത്ര പദവി ഉണ്ടായിരുന്നു എന്നതിനു തെളിവുകളാണ്.

ചിരപുരാതനവും, പ്രസിദ്ധവുമായ മണ്ണടി പഴയകാവ് ദേവീക്ഷേത്രം പുതിയകാവ് ദേവീക്ഷേത്രം വാക്കവത്തിപ്പുഴമഠത്തിൽനിന്നും പണികഴിപ്പിച്ച മൂടിപ്പുര ഭഗവതീ ക്ഷേത്രം എന്നിവ കേരളത്തിലെ പ്രാധാന്യമുള്ള ആരാധനാലയങ്ങളും ആദ്ധ്യാത്മിക കേന്ദ്രങ്ങളുമാണ്. പഴയകാവു ദേവീക്ഷെത്രം, പുതിയകാവു ദേവീക്ഷേത്രം ഇവയോടനുബന്ധിച്ച് കല്ലടയാറ്റിലേക്കിറക്കി പണിതിട്ടുള്ള കൽപ്പടവുകളോടുകൂടിയ പാറക്കടവു സ്നാനഘട്ടം കൽമണ്ഡപം എന്നിവിടങ്ങളിൽ തടിയിലും ശിലയിലും ചെയ്തിരിക്കുന്ന അതിമനോഹരമായ രൂപങ്ങളും കൊത്തുപണികളും ഒരു കാലഘട്ടത്തിൽ ഈ പ്രദേശം സംസ്കാരത്തിൻെറ ഉത്തുംഗ ശൃംഗത്തിൽ എത്തിയിരുന്നു എന്നു കാണാവുന്നതാണ്. തിരുവിതാംകൂറിൽ ആദ്യമായി ആരംഭിച്ച രണ്ടു സ്പെഷൽ (ഇംഗ്ലീഷ് മീഡിയം) സ്കൂളുകളിൽ ഒരെണ്ണം മണ്ണടി സങ്കേതത്തിലായിരുന്നു. മണ്ണടി വാക്കവത്തിപ്പുഴ മഠം വക കെട്ടിടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന ഈ വിദ്യാലയം പിൽക്കാലത്ത് കുളക്കട താമരശേമ്പി നമ്പിമഠത്തിൽനിന്നും സ്ഥലവും കെട്ടിടവും നൽകി കുളക്കട എന്ന സ്ഥലത്തേക്കു മാറ്റപ്പെട്ടു. മണ്ണടി ഭഗവതീ മാനുഷ്യമായിരുന്ന കാമ്പിത്താൻ പണികഴിപ്പിച്ചതെന്നു വിശ്വസിച്ചുപോരുന്ന പൊന്നിൻ തൃക്കൊടികൾ സൂക്ഷിച്ചിരിക്കുന്ന പൊന്നിൻ തൃക്കൊടിക്ഷേത്രം വടക്കേക്കാവ് അറപ്പുര ദേവീക്ഷേത്രം മൂഴിയിൽ മംഗളാമൂർത്തി യക്ഷിക്കാവ് എന്നിവ ഉൾപ്പെടെ 8 ഹൈന്ദവാരാധനാലയങ്ങളും ഒരു ക്രൈസ്തവ ദേവാലയവും (മാർത്തോമ്മാ പള്ളി) ഒരു മുസ്ലീം ജമാ അത്ത് പള്ളിയും മണ്ണടി പ്രദേശത്തുണ്ട്.

ഇൻഡ്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ വീരേതിഹാസമായിരുന്ന തലക്കുളത്തു തമ്പി ചെമ്പകരാമൻ വേലായുധൻ എന്ന വേലുത്തമ്പി ദളവയുടെ (1765-1809) ദേഹത്യാഗവുമായി അഭേദ്യബന്ധം സ്ഥാപിച്ച മണ്ണടി ഈ ഗ്രാമ പഞ്ചായത്തിലാണ്. സിദ്ധി വൈഭവം കൊണ്ടു പ്രശസ്തനും അനുഗ്രഹീതനും മണ്ണടി ഭഗവതീ മാനുഷ്യം കൂടിയായ മണ്ണടിയിലെ കാമ്പിത്താനെക്കണ്ടു അനുഗ്രഹവും നിർദ്ദേശങ്ങളും വാങ്ങുന്നതിനു മണ്ണടി സങ്കേതത്തിൽ ഉണ്ടായിരുന്ന ചാവേർ പടയുടെ സഹായത്തോടെ ബ്രിട്ടീഷുകാരെ നേരിടുന്നതിനുള്ള ശക്തി ആർജ്ജിക്കുന്നതിനും വേലുത്തമ്പി ദളവാ മണ്ണടി സന്ദർശിച്ചിരുന്നു. ആ യുഗപ്രഭാവൻെറ സ്മരണയെ നിലനിർത്തുന്ന സ്മൃതി മണ്ഡപവും പ്രസിദ്ധമായ ദേവാലയങ്ങളും പാറക്കടവു സ്നാനഘട്ടവും കൽമണ്ഡപവും അരവക്കൽ ചാണി എന്ന ഗുഹയും സന്ദർശിക്കുന്നതിനു അനേകം വിനോദസഞ്ചാരികൾ, ചരിത്രഗവേഷകർ, സാഹിത്യകാരന്മാർ, രാഷ്ട്രീയപ്രമുഖർ തുടങ്ങിയവരുടെ തിരക്ക് ഈ ദേശത്തു വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വേലുത്തമ്പി സ്മാരകസമുച്ചയത്തിൻെറ വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കേരള സർക്കാരിൻെറ ജനകീയ വിജ്ഞാന ജനകീയ നാടൻ കലാ കേന്ദ്ര

ത്തിൻെറ ആഫീസ് കടമ്പനാട്ടു പഞ്ചായത്തിൽപ്പെട്ട മണ്ണടിയിലാണ്ടു പ്രവർത്തിക്കുന്നത്.

ഈ പഞ്ചായത്തിലെ ആരാധനാലയങ്ങളിൽ ചരിത്രപ്രസിദ്ധവും അതിപുരാതനുമായ സെയ്ന്റ്തോമസ് ഓർത്തഡോക്സ് വലിയപള്ളി എന്ന ക്രൈസ്തവ ദേവാലയം കടമ്പനാടിൻെറ പ്രാധാന്യവും പ്രശസ്തിയു് വർദ്ധിപ്പിക്കുന്നു. സെയ്ന്റ് തോമസ് അപ്പോസ്തലൻ സ്ഥാപിച്ച ഏഴുപള്ളികളിൽ ഒന്നായ നിലയ്ക്കൽപള്ളിയിൽനിന്നും 14- ാം നൂറ്റാണ്ടിൽ പ്രകൃതിക്ഷോഭത്തിൻേറയോ പാണ്ടിയിൽനിന്നുണ്ടായ പറപ്പടയേറ്റത്തിൻേറയോ ഫലമായി സ്ഥലം വിട്ടോടിപ്പോയ ക്രൈസ്തവരിൽ ഒരു വിഭാഗം കുന്നത്തൂർ മണ്ണടി പ്രദേശത്തെ നാടുവാഴികൾ നൽകിയ അഭയം സ്വീകരിച്ച് കടമ്പനാട്ടു താവളമടിക്കുകയുണ്ടായി. അവരുടെ ആരാധനയ്ക്കായി അവിടെ പണിത ദേവാലയമാണ് ഇന്ന് കടമ്പനാട്ടു പള്ളി എന്നറിയപ്പെടുന്നത്. മദ്ധ്യതിരുവിതാംകൂറിലെ പല പള്ളികളുടേയും മാതൃ ദേവാലയം എന്ന സ്ഥാനവും ഇതിനുണ്ട്. ഇൻഡ്യയിലുള്ള പൗരസ്ത്യ ഓർത്തഡോക്സ് സഭയിലെ ഏറ്റവും പ്രധാനപ്പെട്ട പള്ളികളിൽ ഒന്നാണ് ഇത്. നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ പള്ളിയുടെ ഇടവകയിൽനിന്നു് കായംകുളം, മാവേലിക്കര, കൊല്ലകടവ് അടൂർ, കോഴഞ്ചേരി കൈപ്പട്ടൂർ, ശൂരനാട്, കല്ലട, കൂടൽ മുതലായ സ്ഥലങ്ങളിൽ കുടിയേറിപ്പാർത്ത കൃസ്ത്യാനികൾ ആ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിച്ച് ആരാധന നടത്തി തുടങ്ങും വരെ കടമ്പനാടു പള്ളിയിൽതന്നെയാണ് ആരാധന നടത്തിയിരുന്നത്. (സർവ്വ വിഞ്ജാനകോശം വാല്യം 6 പേജ് 28) . കൂടാതെ സെയ്ന്റ് ജോർജ്ജ് മലങ്കര കാത്തോലിക്ക പള്ളി, ശാലേം മാർത്തോമ്മാ ചർച്ച് എന്നിങ്ങനെ രണ്ടു വിശുദ്ധ ക്രൈസ്തവ ദേവാലയങ്ങളും കടമ്പനാട്ടു സ്ഥിതിചെയ്യുന്നു.

പ്രസിദ്ധമായ കടമ്പനാട്ടു ഭഗവതീ ക്ഷേത്രം, കുണ്ടോം വെട്ടത്തു മലനട തുടങ്ങിയ ഹൈന്ദവ ദേവാലയങ്ങളും കടമ്പനാടിൻെറ ചരിത്രത്തെ പരിപോഷിപ്പിക്കുന്നു.

കേരളത്തിലെ ആദ്യത്തെ അദ്ധ്യാപക സംഘടനയായ കേരള പ്രൈമറിറ്റീച്ചേഴ്സ് അസോസിയേഷൻ രൂപം കൊണ്ടത് കടമ്പനാട്ടു വച്ചാണ്.

അറുപത്തിയെട്ടു വർഷങ്ങൾക്കുമുമ്പ് ഉപരിപഠനാർത്ഥം ബ്രിട്ടൻെറ തലസ്ഥാനമായ ലണ്ടനിൽ പോയി ഐ.സി.എസ്സിനു പഠിച്ച ആദ്യത്തെ മലയാള ബ്രാഹ്മണൻ മണ്ണടി വാക്കവഞ്ഞിപ്പുഴമഠത്തിൽ ശ്രീ ഇരവിതായരു പണ്ടാരത്തിൽ ആയിരുന്നു. ഇദ്ദേഹം 1937 മുതൽ 1944 വരെ ശ്രീമൂലം അസംബ്ലി അംഗവും 1945 മുതൽ 1947 വരെ തിരുവിതാംകൂർ സംസ്ഥാനത്തെ സഹകരണ വകുപ്പ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് സെക്രട്ടറിയും ആയിരുന്നു. 1971 മുതൽ 1977 വരെയും 1978 മുതൽ 1982 വരെയും കേരള സംസ്ഥാന നിയമസഭയിൽ പത്തനാംപുരം അസംബ്ലി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന എം. എൽ. ഏ. ശ്രീ. ഇ. കെ. പിള്ള കടമ്പനാടു പഞ്ചായത്തിൽപ്പെട്ട തുവയൂർ സ്വദേശിയാണ്.

ഹൈന്ദവരും ക്രിസ്ത്യാനികളും മുസ്ലീങ്ങളും സൈ്വര്യതയോടെ ഇടകലർന്നുജീവിക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾ ജാതിമതചിന്തകൾക്കതീതമായി സൗഹാർദ്ദപൂർവ്വം പരസ്പരസ്നേഹത്തോടുകൂടി വർത്തിക്കുന്ന, ഉന്നതമായ സംസ്കാരമാണിവിടെയുള്ളത്. ഇത് ഈ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സവിശേഷതയാർന്ന ഒരു പ്രത്യേകതയാണ്. എന്നാൽ വ്യാവസായികമായോ കാർഷികരംഗത്തോ പുരോഗതി നേടുന്നതിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണിത്. തൊഴിലില്ലായ്മ അതിരൂക്ഷമാണ്. അതിനാൽ വികസനരംഗം ഗണ്യമായ തോതിൽ ഉയരേണ്ടിയിരിക്കുന്നു.

# 4

# ഭൂപ്രകൃതിയും വിഭവങ്ങളും

## ഭൂപ്രകൃതിയും വിഭവങ്ങളും



കടമ്പനാട് ഗ്രാമപ ായത്ത് പത്തനംതിട്ട ജില്ലയുടെ തെക്കേ അതിർത്തിയിൽ സ്ഥിതി ചെയ്യുന്നു. കടമ്പനാട് പ ായത്ത് കിഴക്കുനിന്നും പടിഞ്ഞാറോട്ടും തെക്ക് നിന്നും വടക്കോട്ടും ചെറിയ ചരിവിൽ കിടക്കുന്നു. ഈ പ്രദേശത്തിന്റെ തെക്ക് വശത്ത് കൂടി കല്ലടയാറും വടക്ക് പടിഞ്ഞാറ് ഭാഗത്തുകൂടി പള്ളിക്കൽ ആറും ഒഴുകുന്നു. നിരവധി തോടുകളും കൈതോടുകളും ഈ രണ്ട് ആറ്റിലേക്ക് ഒഴുകുന്നു

ഭൂപ്രകൃതി അനുസരിച്ച് കടമ്പനാട് പ ായത്തിനെ പ്രധാനമായി മൂന്നായി തരം തിരിക്കാം.

(I) കുന്നിൻപ്രദേശങ്ങൾ

(II) സമതല പ്രദേശങ്ങൾ.

(III) താഴ്‌വാരങ്ങൾ

## കുന്നിൻ പ്രദേശങ്ങൾ

കടമ്പനാട് ഗ്രാമ പഞ്ചായത്തിൽ പ്രധാനമായും ആറ് കുന്നുകളാണ് ഉള്ളത്. മോതിരച്ചുള്ളി, പട്ടാളക്കുന്ന്, മലങ്കാവ്, കീട്ടൂർകുന്ന്, പാണ്ടിമലപ്പുറം, കന്നിമല എന്നിവയാണ് പ്രധാന കുന്നുകൾ. സമതല നിരപ്പിൽ നിന്നും 200 മീറ്റർ ഉയരമുള്ള മോതിരച്ചുള്ളി മലയാണ് ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശം.ചിലകുന്നുകളോടു ചേർന്ന് നിരവധി ചെറു കുന്നുകളും ഉണ്ട്. ഈ പഞ്ചായത്തിലെ 3,5,6,7,8,11 എന്നീ വാർഡുകളിലാണ് കുന്നുകൾ പ്രധാനമായും ഉള്ളത്.

## താഴ്‌വാരങ്ങൾ

വയലുകളെ പൊതുവെ താഴ്‌വാരങ്ങൾ എന്ന് വിശേഷിപ്പിക്കാം. കടമ്പനാട് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വയലുകൾ ഉണ്ട്.

## മണ്ണ്

ചെങ്കൽ മണ്ണ്, മണൽകലർന്ന പശിമരാശി മണ്ണ്, എക്കൽമണ്ണ്, മണൽമണ്ണ്, പാറക്കെട്ട് എന്നിവയാണ് പ്രധാന മൺ തരങ്ങൾ. പഞ്ചായത്തിലെ മിക്ക ഭാഗങ്ങളിലും മണൽ കലർന്ന മണ്ണും ചെങ്കൽ മണ്ണും കാണാം. ഈ പഞ്ചായത്തിലെ 3,6,9,10,11 എന്നീ വാർഡുകളിൽ എക്കൽ മണ്ണും 3,8,9,10,എന്നീ വർഡുകളിൽ പാറക്കെട്ടും ധാരാളമായി കാണുന്നു. ഇവിടെ ജല ദൗർലഭ്യതയും അനുഭവപ്പെടുന്നു.

## കാലാവസ്ഥ.

വലിയ ചൂടും തണുപ്പും ഇല്ലാത്ത കാലാവസ്ഥയാണ് ഇവിടെ അനുഭവപ്പെടുന്നത്. ഇടവപ്പാതി, തുലാവർഷം എന്നിവയാണ് പ്രധാന മഴകൾ. മഴ കഠിനമാകുമ്പോൾ കടമ്പനാട് പഞ്ചായത്തിലെ 6 മുതൽ 11 വരെയുള്ള വാർഡുകൾ കല്ലടയാറ്റിലെ വെള്ളപ്പൊക്ക ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്നു.

## ഭൂവിനിയോഗം

1921.938 ഏക്കർ പുരയിടവും 318. 583 ഏക്കർ നിലവും കടമ്പനാട് പഞ്ചായത്തിലുണ്ട്. മറ്റ് പ്രദേശങ്ങളിലെ പ്പോലെ നിലം നികത്തൽ ഇവിടെയും ഉണ്ട്. ഇഷ്ടിക വ്യവസായത്തിന് പാടത്തുനിന്നും അമിതമായി ചെളികുഴിച്ചെടുക്കുന്നത് മൂലം വയലുകൾ കൃഷിയോഗ്യമല്ലാതായിതീരുന്നു. 10 സെന്റിന് താഴെ ഭൂമിയുള്ളവരാണ് 7540 പേർ. 10 മുതൽ 25 സൻെറു വരെയുള്ളവർ 3427 പേർ. 1 ഏക്കർ വരെയുള്ളവർ 1947 പേർ. 1 മുതൽ 2 ഏക്കർ വരെയുള്ളവർ 600 പേരുണ്ട്. 2 ഏക്കറിന് മേൽ 5 ഏക്കർ വരെയുള്ളവർ 225 പേർ ആണ്.

## ജലലഭ്യത

താരതമ്യേന മഴ ലഭിക്കുന്ന പ്രദേശമാണ് കടമ്പനാട്. ഇടവപ്പാതിയും തുലാവർഷവും മുറതെറ്റാതെ ഇവിടെ ലഭിക്കുന്നു. 23 കുളങ്ങളും 13 തോടുകളും നീരുറവകളും ഈ പഞ്ചായത്തിലുണ്ട്. മണ്ണടി നില മേൽ വലിയ തോടാണ് ഈ പഞ്ചായത്തിലെ ഏറ്റവും നീളം കൂടിയ തോട്. പഞ്ചായത്തിലെ 15.5 ഹെക്ടർ സ്ഥലത്ത് നെൽകൃഷിചെയ്യുന്നതിന് ഈ തോട് പ്രയോജനം ചെയ്യുന്നു. പഞ്ചായത്തിലെ 307.31 ഹെക്ടർ സ്ഥലത്ത് വ്യാപിക്കത്തക്ക വിധത്തിൽ കല്ലട ഇറിഗേഷൻ പ്രൊജക്ടിന്റെ കനാൽ പോകുന്നുണ്ടെങ്കിലും കർഷകർക്ക് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല.

## മനുഷ്യവിഭവം

1991ലെ സെൻസസ് പ്രകാരം കടമ്പനാട് ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 24797 ആണ്. ഇവരിൽ 4555 പേർ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നു. പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം കൂടുതലാണ്. 12884 സ്ത്രീകളും, 11913 പുരുഷൻമാരും ഉണ്ട്. 82 ശതമാനം ആളുകളും സാക്ഷരരാണ്.

ജനങ്ങളുടെ മുഖ്യമായ തൊഴിൽ കൃഷിയാണ്. കാർഷിക മേഖല, കശുവണ്ടി ഫാക്ടറി, ഇഷ്ടികച്ചൂള എന്നീ മേഖലകളിൽ കൂടുതലായി ജോലിചെയ്ത് വരുന്നു. അഭ്യസ്ഥവിദ്യരുടെ എണ്ണം വർദ്ധിച്ച തോതിലാണെങ്കിലും, തൊഴിലില്ലായ്മ ഈ പഞ്ചായത്തിൽ വളരെ രൂക്ഷമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രത്യേകം ഊന്നൽ നല്കിയും, തൊഴിൽ പരിശീലനം നൽകിയും ചെറുകിട വ്യവസായസംരംഭകരെ പ്രോത്സാഹിപ്പിച്ചും ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടതാണ്.

ജാതി പരമായ യാതൊരു ഉച്ചനീചത്വങ്ങളും ഇല്ലാതെ, മത സൗഹൃദത്തോടെ കഴിയുന്ന ജനങ്ങൾ ഈ പഞ്ചായത്തിന് അഭിമാനകരമാണ്.

❑❑❑

# 5.1

# കൃഷിയും, ജലസേചനവും.



കടനമ്പനാട് ഗ്രാമപഞ്ചായത്ത് പത്തനംതിട്ട ജില്ലയുടെ തെക്കേ അതിർത്തിയിൽ സ്ഥിതിചെയ്യുന്നു. കല്ലടയാറ് ഈ പ്രദേശത്തിന്റെ തെക്കുവശത്തുകൂടി ഒഴുകിപോകുന്നു.

കുന്നിൻ പ്രദേശങ്ങളും സമതലപ്രദേശങ്ങളും നെൽവയലും ഉൾപ്പെട്ടതാണ് ഈ പഞ്ചായത്ത്. മുഖ്യ കൃഷി നെല്ലും, തെങ്ങും കപ്പയുമായിരുന്നു. ഇന്ന് സ്ഥിതി ആകെ മാറിയിരിക്കുന്നു. നെൽകൃഷി ചെയ്തിരുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം മൂന്നിൽ ഒന്നായി. കുറഞ്ഞിരിക്കുന്നു. കരപ്രദേശത്തിന്റെ പകുതിയോളം ഭാഗത്ത് ഇന്ന് റബർ കൃഷിയാണ്. കരകൃഷിയായും തെങ്ങിന്റെ ഇടവിളകൃഷിയായും ചെയ്തിരുന്ന കിഴങ്ങു വർഗങ്ങൾ, വാഴ, ചേന, പച്ചക്കറി എന്നിവയൊക്കെ ഇന്ന് നാമമാത്രമായിതീർന്നിരിക്കുന്നു. തികച്ചും ഒരു കാർഷികപ്രദേശമായ ഈ പഞ്ചായത്തിൽ 80%-ൽ അധികവുംകർഷകകുടുംബങ്ങളാണ്. ഇതിൽ 99 ശതമാനവും ചെറുകിടകർഷകരാണ്. കൃഷിയിടങ്ങളുടെ വിസ്തീർണ്ണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

പട്ടിക

| നമ്പർ | ഭൂപരിധി. | കുടുംബങ്ങളുടെ എണ്ണം. |
|---|---|---|
| 1 | 0.4 ഹെക്ടറിനു താഴെ | 2670 |
| 2 | 0.4 ഹെക്ടറിനും 1 ഹെക്ടറിനും ഇടയിൽ | 1514 |
| 3 | 1 ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ | 164 |
| 4 | 2ഹെക്ടറിന് മുകളിൽ | . 35 |

ആളോഹരി കൃഷി ഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടർ ആണെന്നിരിക്കെ പഞ്ചായത്തിന്റേത് 0.09 ഹെക്ടറാണ്. ജനങ്ങളുടെ പ്രധാന ആദായം ഇപ്പോഴും കൃഷിയിൽ നിന്ന് തന്നെയാണ്.

മുൻകാലങ്ങളിൽ മഴയെ മാത്രം ആശ്രയിച്ചു ചെയ്തിരുന്ന നെൽകൃഷിക്കു മാത്രമാണ് കാര്യമായ ശ്രദ്ധയും പരിചരണവും നൽകിയിരുന്നത്. പഞ്ചായത്തിന്റെ 6 മുതൽ 11 വരെയുള്ള വാർഡുകൾ കല്ലടയാറ്റിൽനിന്നുള്ള വെള്ളപൊക്ക ഭീഷണിക്കു വശംവദമായിരുന്നു. തന്മൂലം മിക്കവർഷങ്ങളിലും മുകളിൽ പറഞ്ഞ വാർഡുകളിലെ നെൽകൃഷി നശിക്കുക പതിവായിരുന്നു. ഈ പ്രദേശത്തിന്റെ ഏറിയഭാഗത്തും ഒരുപൂ കൃഷി മാത്രമായിരുന്നു ചെയ്തിരുന്നത്. കല്ലട ജലസേചനപദ്ധതിയുടെ തെന്മലഡാം പണി തീർന്ന തോടെ സ്ഥിരമുണ്ടായിരുന്ന വെള്ളപൊക്ക ഭീഷണി മാറിയിട്ടുണ്ടെങ്കിലും ചുരുക്കം സന്ദർഭങ്ങളിൽ ഇപ്പോഴും വെള്ളപ്പൊക്കം ഉണ്ടാകാറുണ്ട്.

ആകെ നെൽവയലുകളിൽ മൂന്നിൽ ഒരു ഭാഗം മുൻകാലങ്ങളിൽ ഒരുപ്പുകൃഷിമാത്രം - മുണ്ടകൻകൃഷി- ;ചെയ്തിരുന്ന നിലങ്ങളാണ്. ബാക്കി നിലങ്ങളിൽ രണ്ടുപൂവും ഒരുപോലെ കൃഷി ചെയ്തിരുന്നു. ഉല്പാദനക്ഷമത കുറഞ്ഞ നാടൻ നെൻവിത്തിനങ്ങളാണ് അന്ന് കൃഷിക്കുപയോഗിച്ചിരുന്നത്. വിരുപ്പുകൃഷിയെ സംബന്ധിച്ചിടത്തോളം ഇന്ന് അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷിക്കാർ ധാരാളമായി ഉപയോഗിച്ചു വരുന്നു. എന്നാൽ മുണ്ടകൻ കൃഷിക്ക് ഇന്നും പഴയ നാടൻ ഇനങ്ങളായ ചേറാടി മുതലായവയാണ്. ഉപയോഗിക്കുന്നത്. ചേറാടിക്കുപകരമായി അത്യുല്പാദന ശേഷിയുള്ള നെൽവിത്ത് രണ്ടാം കൃഷിക്ക് ഈ പ്രദേശത്തു ഇതുവരെ കാര്യമായ രീതിയിൽ ഉപയോഗത്തിലായിട്ടില്ല.

മണ്ണടിയിൽ വെള്ളക്കെട്ടായി കിടക്കന്നു ചേരിക്കുളത്തുചിറയിൽ വർഷത്തിലൊരിക്കൽ "വയലിത്തൂവ" എന്ന ഇനം വിത്തുപയോഗിച്ച് കൃഷിചെയ്തുവന്നിരുന്നു. വെള്ളം ഉയരുന്നതിനനുസരിച്ച് നെല്ല് വളരുന്ന സ്വഭാവമാണ് ഈ ഇനം വിത്തിനുള്ളത്. ഉല്പാദനക്ഷമത തീരെ ഇല്ലാത്ത ഇനമായതുകൊണ്ട് ഈ കൃഷി ഇന്ന് നാമാവശേഷമായിതീർന്നു.

രണ്ടാം വിള കൃഷിവിളവെടുത്തതിനു ശേഷം നിലം തരിശിടുന്ന സ്വഭാവം മുൻകാലങ്ങളിൽ ഉണ്ടായിരുന്നുവെങ്കിലും ഇന്ന് പലപാടങ്ങളിലും ഹ്രസ്വകാല വിളകളായ, പയർ പച്ചക്കറികൾ , എള്ള് മുതലായവ കൃഷിചെയ്യുന്നുണ്ട്. നെൽകൃഷിയിൽ 1970ന്റെ അവസാനത്തോടെ ശാസ്ത്രീയമയി കാഴ്ചപ്പാടു കണ്ടുതുടങ്ങി. കർഷകർ രാസവളപ്രയോഗത്തിലും കീടനാശിനി പ്രയോഗത്തിലും ഒരു അളവുവരെ ശ്രദ്ധ ചെലുത്താൻ തുടങ്ങി. ചാണകം, ചാരം, പച്ചില തുടങ്ങിയ ജൈവവളങ്ങൾ പണ്ട് സുലഭമായിരുന്നത് ഇന്ന് പരിമിതമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ. മഴയെ മാത്രം ആശ്രയിച്ച് ചെയ്തിരുന്ന നെൽകൃഷിക്ക് കല്ലട ജലസേചനപദ്ധതി.യുടെ ആവിർഭാവത്തോടുകൂടി ജലസേചനസൗകര്യങ്ങൾ നൽകിയതായി കണക്കാക്കപ്പെടുന്നു. പക്ഷേ കർക്ഷകർക്ക് ആവശ്യമായ സന്ദർഭത്തിൽ വെള്ളം കിട്ടുന്നില്ലേന്നുള്ളതാണ് സത്യം. അനവസരത്തിൽ വെള്ളം തുറന്നുവിടുന്നതുമൂലം പലകൃഷികൾക്കും നാശം സംഭവിക്കുന്നതായി കർഷകർതന്നെ പരാതിപ്പെടുന്നുണ്ട്. തോടുകളുടേയും കുളങ്ങളുടേയും സംരക്ഷണ കുറവുമൂലം മുമ്പ് അവയെ ആശ്രയിച്ച് കൃഷിനടത്തിയിരുന്ന കർഷകർക്ക് ഇന്ന് അവയുടെ പ്രയോജനം അല്പം പോലും ലഭിക്കുന്നില്ല.

തെങ്ങുകൃഷിക്ക് പഴയകാലത്ത് വേണ്ടത്ര ശ്രദ്ധ ഉണ്ടായിരുന്നില്ല. മേടം പത്തിന് തൈവെയ്ക്കുകയും കാലവർഷാരംഭത്തിൽ തടം എടുക്കുകയും വൃശ്ചികത്തിൽ തടം കിളയ്ക്കുകയും എട്ടുപ്രാവശ്യം വരെ ഒഴി അടത്തുകയും ചെയ്യുകമാത്രമാണ് അന്നത്തേ

രീതി. വളപ്രയോഗം കാര്യമായി നടത്താറില്ലായിരുന്നു. ഉപ്പും ചാരവും തെങ്ങിൻെറ മണ്ടക്ക് ഇടുന്ന പതിവ് ചിലകർഷകർ ചെയ്തിരുന്നു. തെങ്ങിൻെറ മണ്ട വൃത്തിയാക്കുന്നതിൽ കർഷകർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്നുള്ളത് പ്രത്യേകം എടുത്തുപറയാവുന്നതാണ്. എന്നാൽ 1980 കളുടെ മദ്ധ്യത്തോടുകൂടി തെങ്ങിൻെറ സംരംക്ഷണത്തിലും വളപ്രയോഗത്തിലും കർഷകർ ശാസ്ത്രീയമായി ശ്രദ്ധ പതിപ്പിക്കുവാൻ തുടങ്ങി.

കരകൃഷിയായി വളരെ വ്യാപകമായി ചെയ്തിരുന്ന നേന്ത്രവാഴ മറ്റു നാടൻ വാഴകൾ മരച്ചീനി, ചേന, ചേമ്പ് മറ്റു കിഴങ്ങുവർഗ്ഗങ്ങൾ , പയറുവർഗ്ഗങ്ങളായ ചെറുപയർ, മുതിര, ഉഴുന്ന്, മറ്റുകൃഷികളായ കുരുമുളക് , ഇഞ്ചി, കൈത, കമുക്, പച്ചക്കറികൾ ഇവയൊക്കെ ഇന്ന് വളരെ പരിമിതമായ രീതിയിൽ മാത്രമേ കാണുന്നുള്ളൂ.

കർഷകർക്കുണ്ടായിരുന്ന മാന്യത ഇന്ന് പാടെ ഇല്ലാതായിരിക്കുന്നു. കാർഷികമേഖലയിൽ നിന്നുള്ള ആദായക്കുറവും കർഷകരെ ഈ മേഖലയിൽ നിന്നും വിമുഖരാകുന്നതിന് പ്രേരകമാകുന്നു. കർഷകത്തൊഴിലാളികളും താരതമ്യേന അദ്ധ്വാനഭാരമില്ലാത്തതും കൂടുതൽ ആകർഷകവുമായ കാർഷികേതര തൊഴിലുകളിലേക്ക് തിരിയുന്ന പ്രവണതയാണ് ഇന്നു കാണുന്നത്. ഇഷ്ടികവ്യവസായം, കശുവണ്ടി. വ്യവസായം, കെട്ടിടനിർമ്മാണമേഖല, മണൽവാരൽ ഇവിടെയൊക്കെയാണ് കർഷക തൊഴിലാളികൾ ചെന്നു പെട്ടിരിക്കുന്നത്.

നിലം നികത്തുന്ന പ്രവണത ഇന്നു കൂടുതലായി കണ്ടുവരുന്നു. ജനസംഖ്യാ വർദ്ധനവുമൂലം പാർപ്പിടത്തിനുള്ള സ്ഥലം കണ്ടെത്തുക, ഗതാഗത സൗകര്യത്തിനുള്ള റോഡുനിർമ്മാണം കൂടുതൽ ലാഭകരമായ മറ്റുകൃഷിചെയ്യുക, മുതലായവയ്ക്കാണ് നിലം നികത്തുന്നത്. കൂടാതെ ഇഷ്ടികവ്യവസായത്തിന് പാടത്തുനിന്നും അമിതമായി ചെളികുഴിച്ചെടുക്കുന്നതുമൂലം വയലുകൾ കൃഷിയോഗ്യമല്ലാതായിത്തീർന്നിരുന്നു. അശാസ്ത്രീയവും അനിയന്ത്രിയവുമായ ഈ പ്രവർത്തനങ്ങൾ മൂലം വെള്ളക്കെട്ടുകളും ചിലഭാഗങ്ങളിൽ ജല ദൗർലഭ്യവും ഉണ്ടാകുന്നതിന് ഇടയാകുകയും പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഹേതുവാകുകയും ചെയ്യുന്നു.

കൃഷിസ്ഥലങ്ങൾ സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു.

**1. ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ**

| നമ്പർ | ഇനം | വിസ്തീർണ്ണം. |
|---|---|---|
| 1 | പുരയിടം | 1964 ഹെക്ടർ |
| 2 | നിലം | 310 ഹെക്ടർ |
| 3 | കൃഷിയോഗ്യമല്ലാത്ത ഭൂമി | 100 ഹെക്ടർ |
| 4 | കൃഷിയോഗ്യമായ തരിശുഭൂമി | 3 ഹെക്ടർ |

**2. ഭുവിനിയോഗം**

| നമ്പർ | വിളകൾ | വിസ്തൃതി ഹെക്ടർ | ശതമാനം |
|---|---|---|---|
| 1 | നെൽകൃഷി | 260 | 10.9 |
| 2 | റബർ | 1100 | 40.3 |
| 3 | തെങ്ങ് | 475 | 19.5 |
| 4 | കുരുമുളക് | 52 | 2.0 |
| 5 A | നേന്ത്രവാഴ (പാടങ്ങളിൽ) | 100 | 4.0 |
| B | നേന്ത്രൻ (കരയ്ക്ക്) | 20 | 0.8 |
| C | മറ്റുവാഴകൾ | 50 | 2.0 |
| 6 A | മരച്ചീനി (പാടങ്ങളിൽ) | 90 | 3.6 |
| B | മരച്ചീനി (കരയ്ക്ക്) | 210 | 8.6 |
| 7 | കൈതചക്ക | 2 | 0.1 |
| 8 | പറങ്കിമാവ് | 9 | 0.3 |
| 9 | പച്ചക്കറി | 65 | 2.5 |
| 10 | പയറുവർഗ്ഗങ്ങൾ | 15 | 0.6 |
| 11 | മറ്റുകിഴങ്ങുവർഗ്ഗങ്ങൾ | 110 | 4.5 |
| 12 | മറ്റു ഫലവൃക്ഷങ്ങൾ | 10 | 0.4 |

ആകെ വിസ്തീർണ്ണത്തിൽ 100 ഹെക്ടർ സ്ഥലത്ത്, റോഡ് തോട്, കെട്ടിടങ്ങൾ ഇവയൊക്കെയുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. നെൽകൃഷി ഇന്ന് പതിമൂന്ന് ശതമാനം സ്ഥലത്തുമാത്രമായി ചുരുങ്ങിയിരിക്കുന്നു. കരകൃഷികൾ പ്രധാനമായും തെങ്ങിൻെറ ഇടവിളയായി ചെയ്യുത രീതിയാണ് കാണുന്നത്. കര കൃഷിയിൽ വിളസാന്ദ്രത ഏകദേശം 102% ആണ്.

പഞ്ചായത്തിൻെറ 21% പ്രദേശം ഉയർന്ന സ്ഥലങ്ങളും 35% താഴ്ന്ന പ്രദേശങ്ങളും ബാക്കി നിരപ്പ് ഭൂമിയുമാണ്. മണ്ണു പൊതുവേ അമ്ലത്വ സ്വഭാവമുള്ളതായി അനുഭവപ്പെടുന്നു.

**മണ്ണിൻെറ തരം തിരിവു പട്ടിക അടിയിൽ ചേർക്കുന്നു**

| ക്രമ നംമ്പർ | ഇനം | ശതമാനം |
|---|---|---|
| 1 | ചെങ്കൽമണ്ണ് | 74 |
| 2 | മണൽകലർന്ന പശിമരാശിമണ്ണ് | 16 1/2 |
| 3 | എക്കൽമണ്ണ് | 6 1/2 |
| 4 | മണൽമണ്ണ് | 2 |
| 5 | പാറക്കെട്ട് | 1 |

310 ഹെക്ടർ ഉള്ള നെൽപാടങ്ങളിൽ 260 ഹെക്ടർ സ്ഥലത്തുമാത്രമാണ് ഇപ്പോൾ നെൽകൃഷി നടത്തുന്നത് . ഇതിൽ ഏകദേശം 5 ഹെക്ടർ സ്ഥലത്ത് ആണ്ടിൽ ഒരു പ്രാവശ്യം മാത്രമേ കൃഷി ചെയ്യാൻ സാധിക്കുന്നുള്ളൂ. 50 ഹെക്ടർ സ്ഥലത്ത് വാഴ, മരച്ചീനി, പച്ചക്കറികൃഷി, വെറ്റിലക്കൊടി., ഇഞ്ചി തുടങ്ങിയവ കൃഷി ചെയ്യുന്നു. നാടൻ നെൽവിത്തിനങ്ങൾക്ക് ഹെക്ടറിനു 1700 മുതൽ 1900 കിലോ വരെയും അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾക്ക് ഹെക്ടറിന് 2800 മുതൽ 3200 കിലോ വരെയും ആദായം ലഭിക്കുന്നുണ്ട്.

കൃഷിഭവനിൽ വിതരണം ചെയ്ത മേൽത്തരം നടീൽ വസ്തുക്കളുടെ വിവരം അടിയിൽ ചേർക്കുന്നു.

| നമ്പർ | ഇനം | 93-94 No s | 94-95 No s | 95-96 No s |
|---|---|---|---|---|
| 1A | തെങ്ങ് W.C.T | 2250 | 970 | 825 |
| B | തെങ്ങ് T,D | - | 165 | 70 |
| 2 | കുരുമുളക് | 2750 | 3500 | 10750 |
| 3 | വാഴവിത്ത് | 2080 | 1020 | - |
| 4 | പയർവിത്ത് | 210 kg | 340 kg | 660 kg |
| 5 | ഒട്ടുമാവ് | - | - | 22 N0s |
| 6 | സപ്പോട്ട | - | - | 22Nos |
| 7 | പേര | - | - | 22Nos |

പഞ്ചായത്തിലെ ഇന്നുള്ള മുഖ്യവിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കൃഷി | ഉല്പാദനം | ഒരു ഹെക്ടറിന് ഉല്പാദനക്ഷമത |
|---|---|---|---|
| 1 | നെല്ല് | 1208 MT | ഒന്നാംവിള 2800 kg<br>രണ്ടാംവിള 1900 kg |
| 2 | തെങ്ങ് | 2375000 Nos | 25 എണ്ണം (തെങ്ങൊന്നിന്) |
| 3 | റബർ | 1265 | 1150 kg |
| 4 | വാഴ(നേന്ത്രൻ) | 2720 | 8kg ഒരു വാഴയും) |
| 5 | മരച്ചീനി | 6000 | 20MT |
| 6 | പയർവർഗ്ഗങ്ങൾ | 12 | 800kg |

കർഷകരുടെ കൂട്ടായ്മയോടുകൂടി രൂപീകരിക്കപ്പെട്ട 18 പാടശേഖങ്ങ സമിതികൾ ഇന്നു നിലവിലുണ്ട്. ഈ പാടശേഖരസമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്.

പാടശേഖരസമിതികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പാടശേഖരസമിതിയുടെ പേര് | വിസ്തീർണ്ണം |
|---|---|---|
| 1 | കുറിച്ചിക്കാനാ | 20 Hr |
| 2 | പ്ലാക്കുഴി | 14 Hr |
| 3 | നമ്പൂലം | 20 Hr |
| 4 | തൃക്കോവിൽപടി | 10 Hr |
| 5 | കണ്ണങ്കുളം | 15 Hr |
| 6 | ചെങ്കിളി | 15 Hr |
| 7 | വെള്ളത്തുമ്പാട്ട് | 6 Hr |
| 8 | മാവേലിക്കോണം | 5 Hr |
| 9 | മണൽക്കണ്ടം | 20 Hr |
| 10 | താഴത്തുവയൽ | 25 Hr |
| 11 | കാഞ്ഞിരവയൽ | 10 Hr |
| 12 | വെള്ളൂർ | 25 Hr |
| 13 | പുന്നയ്ക്കാട് | 9 Hr |
| 14 | വെട്ടുവയൽ | 20 Hr |
| 15 | കാരക്കുഴി | 15 Hr |
| 16 | ചിറയിൽ | 10 Hr |
| 17 | കടകം പള്ളി | 6 Hr |
| 18 | തച്ചക്കോട് | 15 Hr |
| | ആകെ | **260 Hr** |

കൃഷിഭവനുമായി ബന്ധപ്പെട്ടു കൊണ്ട് പഞ്ചായത്തടിസ്ഥാനത്തിൽ കേരവികസനരംഗത്ത് കേരകർഷകരുടെ കൂട്ടായ്മ ഉറപ്പുവരുത്തി കേരകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി കേരവികസന സമിതി പ്രവർത്തിച്ചുവരുന്നു.

## വളം കീടനാശിനി

സഹകരണമേഖലയിൽ 4-ഉം സ്വകാര്യമേഖലയിൽ 11-ഉം ഉൾപ്പെടെ 15 വളവിതരണ കേന്ദ്രങ്ങൾ നിലവിലുണ്ട്. രാസവളപ്രയോഗത്തിൽ കർഷകർ ഒട്ടും പിന്നിലല്ല, എന്നാൽ ഇന്നു നടത്തുന്ന വളപ്രയോഗത്തിനു ശാസ്ത്രീയ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. മണ്ണു പരിശോധനയുടെ പ്രയോജനത്തെപ്പറ്റികർഷകർ പൊതുവേ ബോധവാന്മാരല്ല. വളപ്രയോഗത്തിൽ ഏറ്റവും പ്രധാന്യം അർഹിക്കുന്ന ജൈവവള പ്രയോഗംഇന്ന് കാര്യമായി ഇല്ല. ജൈവവളങ്ങളുടെ ലഭ്യതക്കുറവും ഉള്ളവതന്നെ കൃഷിയിടങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രയാസങ്ങളും കർഷകരെ രാസവളപ്രയോഗത്തിനുമാത്രം പ്രേരിപ്പിക്കുന്നു. കഴിഞ്ഞ നാലു വർഷത്തെ രാസവളപ്രയോഗത്തിൻെറ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | N MTS | P MTS | K MTS |
|---|---|---|---|
| 1992-93 | 160 | 70 | 110 |
| 1993-94 | 185 | 90 | 170 |
| 1994-95 | 170 | 110 | 165 |
| 1995-96 | 225 | 150 | 160 |

5.കീടനാശിനി വിതരണ കേന്ദ്രങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കുമിൾ, കീടനാശിനികൾ ഉപയോഗിക്കുന്നതിൽ കർഷകർശ്രദ്ധപതിപ്പിക്കുന്നുണ്ടെങ്കിലും ആവശ്യാധിഷ്ഠിത രീതിയിലുള്ള പ്രയോഗം പലപ്പോഴും നടക്കുന്നില്ല.

## കാർഷീകോപകരണങ്ങൾ

പാടശേഖരസമിതിയുടേയും കന്നിമല അഗ്രോസർവ്വീസ് സെൻററിൻേറയും ചുമതലയിലുള്ള ഓരോ പൂട്ടുയന്ത്രങ്ങളും (Power Tiller) 28

നാപ്സ്റ്റക്ക് സ്പ്രേയർ, 22 റോക്കർ സ്പ്രേയർ എന്നിവയാണ് കാർഷിക ഉപകരണങ്ങളായി ഇന്ന് നിലവിലുള്ളത്. കൂടാതെ ഉഴുതുന്നതിനുവേണ്ടി പഞ്ചായത്തിൽ 15 ജോഡിയിൽ കുറയാതെ കാളകളെയും ഉപയോഗപ്പെടുത്തുന്നു. സമീപപ്രദേശത്തുനിന്നും കൃഷിസമയത്ത് പവ്വർട്രില്ലറുകളും ട്രാക്ടറുകളും വരുത്തിയും ഉപയോഗിക്കുന്നുണ്ട്. എങ്കിൽക്കൂടിയും സമയത്തുതന്നെ കൃഷി ഇറക്കുന്നതിന് കാർഷിക ഉപകരണങ്ങളുടെ കുറവ് അനുഭവപ്പെടാറുണ്ട്.

## കാർഷികവായ്പ

മൂന്ന് സഹകരണബാങ്കുകളും മൂന്ന് അംഗീകൃതബാങ്കുകളും കാർഷികരംഗത്ത് വായ്പ നൽകി വരുന്നു. കാർഷികവായ്പയുടെ വിതരണത്തിൽ ഉദാരവൽക്കരണം ആവശ്യമാണെന്നാണ് കർഷകരുടെ അഭിപ്രായം.

## കൂലിനിരക്ക്.

കൃഷിയുടെ സമയങ്ങളിൽ ആവശ്യത്തിനു തൊഴിലാളികളെ കിട്ടാത്ത അവസ്ഥ ഇന്ന് അനുഭവപ്പെടുന്നു. വിശേഷിച്ചും നെൽകൃഷിയുടെ വിളവെടുപ്പുസമയത്ത് തൊഴിലാളികളുടെ അഭാവം ഉല്പാദനത്തെത്തന്നെ ബാധിക്കുന്ന സ്ഥിതി പലപ്പോഴും ഉണ്ടാകുന്നു. കർഷകതൊഴിലാളികൾ മറ്റുമേഖലകളിലേക്ക് മാറിപ്പോയതാണ് പ്രധാനകാരണം. ഒരു ഏകീകൃത സ്വഭാവം നിലവിലില്ല.

## മണ്ണു സംരക്ഷണം.

കൃഷിയിടങ്ങളിൽ മണ്ണു സംരംക്ഷണപ്രവർത്തനങ്ങൾ കാര്യമായി ശ്രദ്ധിച്ചുകാണുന്നില്ല. കന്നിമല, കിട്ടൂർകുന്ന്, പാണ്ടിമലപ്പുറം മലങ്കാവ് കല്ലടയാറിന്റെ തീരപ്രദേശങ്ങൾ തുടങ്ങിയഭാഗങ്ങളിൽ പദ്ധതിയിൽ കൂടിതന്നെ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## ജലസേചനം.

ജലസേചനസൗകര്യങ്ങൾക്ക് പ്രയോജനപ്പെട്ടുകൊണ്ടിരുന്ന ചെറുതും വലുതുമായ 23 കുളങ്ങളും 13 തോടുകളും നീരുറവകളും കാലാകാലങ്ങളിൽ ശ്രദ്ധിക്കപ്പെടാതിരുന്നതുമൂലം പ്രയോജനരഹിതമായിക്കൊണ്ടിരിക്കുന്നു.. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കല്ലട ജലസേചന പദ്ധതിയിൽനിന്നും കിട്ടുന്ന വെള്ളമാണ് കർഷകർക്കു ആശ്വാസം. അതും ശരിയായ സമയത്തും രീതിയിലും ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഇന്നു നിലവിലില്ല.

## കൃഷിഭവൻ

1987-ൽ നിലവിൽ വന്ന കൃഷി ഭവന്റെ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാപ്രദേശത്തും വേണ്ടവിധം എത്തിക്കുന്നതിന് പൂർണ്ണമായും സാധിക്കുന്നില്ല. ഈ പഞ്ചായത്തിൽ കല്ലട ജലസേചനപദ്ധതി നടപ്പാക്കിയ തുമൂലം രണ്ടു കൃഷിഭവനുകളുടേയും പ്രവർത്തനം ശരിയായ രീതിയിൽ നടത്തുന്നതിന് ഉദ്യോഗസ്ഥന്മാരുടെ അഭാവം മൂലം സാധിക്കുന്നില്ല. കൃഷിവകുപ്പിന്റെ വകയായി ഇന്ന് മൂന്നു കെട്ടിടങ്ങൾ പഞ്ചായത്തിന്റെ മൂന്നു ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്നു. കൃഷിഭവന്റെ പ്രവർത്തനം കേന്ദ്രീകരിച്ച് ആഫീസ് കടമ്പനാട് ജംക്ഷനിലേക്ക് മാറ്റുകയും മറ്റു മൂന്നു കെട്ടിടങ്ങളിൽ അഗ്രോക്ലിനിക്കുകൾ നടത്തി കർഷകർക്ക് പ്രയോജനം സിദ്ധിക്കുന്ന മാതിരി പ്രവർത്തനം സജ്ജമാക്കുകയും വേണം

# കൃഷിയും ജലസേചനവും.

## പ്രശ്നങ്ങൾ

### 1. നെൽകൃഷി.

പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇപ്പോഴും പ്രധാനം നെൽകൃഷിതന്നെയാണ്. നെൽകൃഷിഭൂമിയുടെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞുവരികയാണ് . റോഡരികിലുള്ള നിലങ്ങൾ നികത്തി കെട്ടിടങ്ങൾക്കും , മറ്റു കൃഷികൾക്കും ചിലയിടങ്ങളിൽ റബ്ബർ കൃഷിക്കുപോലും ഉപയോഗപ്പെടുത്തുന്നു. കൂടാതെ ചുടുകട്ടവ്യവസായത്തിന് വ്യാപകമായി നിലത്തിലെ ചെളി ആഴത്തിൽ കുഴിച്ചെടുക്കുന്നതുകൊണ്ട് പ്രസ്തുത സ്ഥലങ്ങൾ വെള്ളക്കെട്ടായിമാറുകയും അതുമായി ചേർന്നു നിലങ്ങൾ കൃഷിയോഗ്യമല്ലാതായിത്തീരുകയും ചെയ്യുന്നു. ജലനിർഗ്ഗമനസൗകര്യങ്ങളുടെ അപര്യാപ്തത മൂലം ഒരുപ്പൂമാത്രം കൃഷിചെയ്യുന്ന നിലങ്ങളും പഞ്ചായത്തിലുണ്ട്

നിലം ഒരുക്കുന്നതിന് ജോലിക്കാരുടെ കുറവ് വലിയപ്രശ്നമാണ്. കാർഷികേതരമേഖലകളിൽ തൊഴിൽ ആകർഷകവും കൂടുതൽ ആദായകരവുമായതിനാൽ തൊഴിലാളികൾ കാർഷികമേഖലയിൽ നിന്നും വിട്ടുപോയിക്കൊണ്ടിരിക്കുന്നു.

ഉല്പാദനോപാധികളുടെ ക്രമാധീധകമായ വിലവർദ്ധനവ് ഉല്പാദനച്ചിലവ് വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്.ഉല്പന്നങ്ങളുടെ വിലക്കുറവും ഒരു പ്രശ്നമാണ്.

പ്രകൃതിയെ മാത്രം ആശ്രയിച്ചു നടത്തുന്ന നെൽകൃഷിക്ക് മഴക്കാലത്ത് മടകൾ വീണ് കൃഷിനശിക്കുകയും മഴ മാറിക്കഴിഞ്ഞാൽ വെള്ളം കിട്ടാതെ കൃഷി മോശമാകുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത് നിലവിലുള്ള തോടുകളിൽ തടയണകളോ മറ്റു സംവിധാനങ്ങളോ ഇല്ലാത്തതുമൂലം അവയും കൃഷിക്ക് സഹായകമാകുന്നില്ല.

നെല്പാടങ്ങളിലെ മണ്ണു പരിശോധനക്കുള്ള അപര്യാപ്തതയും ജൈവവളങ്ങളുടെ കുറവും നെൽകൃഷിക്കാർക്ക് വെല്ലുവിളിയായി അവശേഷിക്കുന്നു. ശാസ്ത്രീയമായി കൃഷിചെയ്യാൻ ആവശ്യമായ ഉല്പാദനോപാധികളുടെ സമയത്തുള്ള ലഭ്യത കുറഞ്ഞ ചിലവിലുള്ള യന്ത്രവൽക്കരണം, കൃഷിയും, കീടരോഗബാധക്കും ആവശ്യമായ സാങ്കേതികോപദേശങ്ങൾ ഇവയുടെ അഭാവം കർഷകരെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. അപൂർവ്വമായുണ്ടാകുന്ന വെള്ളപൊക്കവും നെൽകൃഷിയുടെ നാശത്തിനു കാരണമാകുന്നു.

മേൽ പറഞ്ഞ കാരണങ്ങളാൽ നെൽകൃഷിക്കാർ ലാഭകരമല്ലാത്ത നെൽകൃഷിയിൽ വിമുഖരായിത്തീർന്നു കൊണ്ടിരിക്കുന്നു.

### 2. തെങ്ങുകൃഷി.

ഈ പ്രദേശത്തെ കരഭൂമിയിലെ തെങ്ങ്, കർഷകരുടെ പ്രധാന നാണ്യവിളതന്നെയായിരുന്നു. വ്യാപകമായ റബർകൃഷിയും കാറ്റുവീഴ്ച, കൂമ്പുചീയൽ കീടബാധ തുടങ്ങിയവയും തെങ്ങുകൃഷിയുടെ വ്യാപനത്തെയും ഉല്പാദനത്തേയും സാരമായി ബാധിച്ചിട്ടുണ്ട്. അടുത്ത കാലത്ത് പഞ്ചായത്തിൽ നടത്തിയ സർവ്വേ അനുസരിച്ച് ആകെയുള്ള 146354 തെങ്ങിൽ 85958 എണ്ണം കായ്ക്കുന്നതും 60396 കായ് ഫലമില്ലാത്തതുമാണെന്ന് കാണുന്നു. അതിൽതന്നെ 15740 തെങ്ങുകൾ റൂട്ട്വിൽറ്റ്, ലീഫ്റോട്ട് സ്റ്റെംബ്ലീഡിംഗ് തുടങ്ങിയ രോഗങ്ങൾ ബാധിച്ചിട്ടുള്ളതാണ് . അശാസ്ത്രീയമായ തെങ്ങുകൃഷി ജലസേചന സൗകര്യങ്ങളുടെ കുറവ് ഉല്പന്നങ്ങൾക്ക് സ്ഥിരമായതും ആകർഷകവുമായ വിലയില്ലായ്മ ഇവയും തെങ്ങുകൃഷിക്കാരെ ആദായകരമായ മറ്റു കൃഷികളിലേക്ക് തള്ളിവിടുന്നതിന് പ്രേരകമാകുന്നു. കേരോല്പന്നങ്ങളുടെ സംസ്കരണ രംഗത്തെ അപര്യാ

പ്തതയും വിപണനസംവിധാനങ്ങളുടെ അഭാവവും കേരകർഷകരുടെ വരുമാനം കുറയുന്നതിനുള്ള കാരണങ്ങളാണ്.

## 3. മറ്റുകൃഷികൾ

കരകൃഷിയായി വാഴ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയെല്ലാം പഞ്ചായത്തിൽ ധാരാളം കൃഷിചെയ്തുവന്നിരുന്നു. വ്യാപകമായ റബ്ബർ കൃഷി, കർഷകതൊഴിലാളികളുടെ അഭാവവും, വേതനവർദ്ധനവും ഉല്പന്നങ്ങളുടെ വിലക്കുറവ് തുടങ്ങിയ കാരണങ്ങളാൽ ഇന്ന് ഈ കൃഷികൾ നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. മുകളിൽപറഞ്ഞ അതേ കാരണങ്ങളാൽ തന്നെ പ്ലാവ്, മാവ്, പറങ്കിമാവ്, പുളി, കമുക് തുടങ്ങിയ ഫലവൃക്ഷങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കരകൃഷിയായി മുമ്പു നടത്തിയിരുന്ന നേന്ത്രവാഴയും വെറ്റിലക്കൊടിയും ഇന്ന് മിക്കവാറും നെൽപാടങ്ങളിലാണ് കൃഷിചെയ്യുന്നത്. പ്രകൃതിക്ഷോഭവും രോഗബാധയും ഈ കൃഷികളെയും സാരമായി ബാധിക്കുന്നുണ്ട്.

പഞ്ചായത്തിലെ പ്രധാനകാർഷിക വിപണനകേന്ദ്രങ്ങളായ കടമ്പനാട്, മണ്ണടി മണ്ണടിത്താഴത്ത്, നെല്ലിമുകൾ, തുവയൂർ തെക്ക്, മാഞ്ഞാലിൽ എന്നീ എല്ലാമാർക്കറ്റുകളിലും കാർഷീകോല്പന്നങ്ങളുടെ വില്പന ഇടനിലക്കാരിൽക്കൂടി മാത്രമേ നടത്തുവാൻ സാധിക്കിയുള്ളു. കർഷകർക്ക് ഇതുമൂലം തങ്ങളുടെ ഉല്പന്നങ്ങൾക്ക് യഥാർത്ഥ വില ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

### 1. നെൽകൃഷി

നെൽകൃഷിയുടെ അഭിവൃദ്ധിക്ക് നിലവിലുള്ള പാടശേഖരസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം തുടങ്ങിയസമയത്തെ കാഴ്ചപ്പാടിൽ തന്നെ നിർബന്ധമായും നടപ്പിലാക്കണം. കർഷകർക്കാവശ്യമായ നിലമൊരുക്കൽ, വിത്ത്, വളം, കീട-കളനാശിനിപ്രയോഗങ്ങൾ, വിളവെടുപ്പ് മുതലായ വയെല്ലാം കൂട്ടായ്മയായി നടപ്പിലാക്കണം. പാടശേഖരസമിതികൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ സാമ്പത്തികസഹായം നൽകേണ്ടതാണ്. സമിതികളുടെ നിയന്ത്രണത്തിൽ കാർഷികോപകരണങ്ങൾ കർഷകർക്ക് യഥാസമയം ലഭ്യമാക്കാനുള്ള സംവിധാനവും ഉണ്ടാകേണ്ടതാണ്. ഇതിന്റെ വിജയകരമായ നടത്തിപ്പിന് താഴെ നിർദ്ദേശിക്കുന്ന കാര്യങ്ങൾക്ക് പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

1-1. അത്യുൽപാദനശേഷിയും രോഗപ്രതിരോധ ശക്തിയുമുള്ള നെൽവിത്തിനങ്ങൾ യഥാസമയം പാടശേഖരസമിതിയുടെ സഹായത്തോടുകൂടി കൃഷിഭവന്റെ ചുമതലയിൽ എത്തിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. വിത്ത് പഞ്ചായത്ത് തലത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നതിന് യോഗ്യരായ കർഷകരെ തെരഞ്ഞെടുത്ത് പ്രോത്സാഹനം നൽകി ചുമതലപ്പെടുത്തുന്നത് കൂടുതൽ അഭിഷണീയമാണ്.

1-2. കർഷകതൊഴിലാളികളുടെ ദൗർലഭ്യം ഏറ്റവും കൂടുതൽ ബാധിക്കുന്ന നെൽകൃഷിയിൽ യന്ത്രവൽക്കരണംഅത്യാവശ്യമാണ്. നിലമൊരുക്കുന്നതിനും നടുന്നതിനും സസ്യസംരംക്ഷണ പ്രവർത്തനങ്ങൾക്കും, കൊയ്യുന്നതിനും മെതിക്കുന്നതിനും ഉള്ള യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുകയുംഅവയുടെ പ്രവർത്തന ത്തിനാവശ്യമായ പരിശീലനം കർഷകർക്കും കർഷക തൊഴിലാളികൾക്കും നൽകേണ്ടതുമാണ്.

1-3. യഥാസമയങ്ങളിൽ മണ്ണുപരിശോധന നടത്തി ശാസ്ത്രീയമായി വളപ്രയോഗം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കർഷകർക്കു നൽകേണ്ടതാണ്. അതോടൊപ്പം ആവശ്യമായ വളങ്ങൾ

കർഷകർക്ക് സമയത്തു ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങളും ചെയ്യേണ്ടതാണ്.

1-4. ജൈവവളപ്രയോഗത്തിനും ജീവാണുവളപ്രയോഗത്തിനും കർഷകരെ ബോധവാന്മാരാക്കുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കണം. ആയതിലേക്ക് രണ്ടാം വിളയ്ക്ക് ശേഷമുള്ള സമയത്ത് നെല്പാടങ്ങളിൽ പയർകൃഷിയും പച്ചിലവളകൃഷിയും പ്രോത്സാഹിപ്പിക്കേണ്ടതാണ്. വയൽവരമ്പുകളിൽ സെസ്ബേനിയ എന്ന പച്ചില വളച്ചെടി നട്ടുവളത്താവുന്നതാണ്.

1-5 കീടരോഗനിയന്ത്രണത്തിന് നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ച് കർഷകർക്ക് കീട രോഗബാധയെപ്പറ്റി മുന്നറിയിപ്പു നൽകാവുന്നതും അതോടൊപ്പം അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രം പാടശേഖര സമിതികളുടെ സഹായത്തോടുകൂടി കൂട്ടായ മരുന്നു തളി നടത്താവുന്നതാണ്.

1-6. കൃഷിച്ചെലവിനാവശ്യമായ സാമ്പത്തികം കുറഞ്ഞ പലിശനിരക്കിൽ വായ്പലഭി ക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം ക്രഡിറ്റു കാർഡു സമ്പ്രദായം നടപ്പിലാ ക്കേണ്ടതിനെപ്പറ്റി ആലോചിക്കേണ്ടതാണ്. കാർഷികവായ്പ തിരിച്ചടക്കുന്നതിനുള്ള പ്രേരണ പാടശേഖരണ സമിതികൾ യഥാസമയം ചെയ്യേ ണ്ടതാണ്.

1-7. മറ്റു നാണ്യവിളകളുമായി താരതമ്യപ്പെടുത്തുമ്പോൾ നെൽകൃഷി ലാഭകരമല്ലാതായി തീരുന്നതുകൊണ്ട് കർഷകർക്ക് നെൽ കൃഷിയിലുള്ള താല്പര്യം തീരെക്കുറയുന്നു, ഈ സാഹചര്യത്തിൽ കൃഷിച്ചിലവിൻെറ 25% എങ്കിലും ഉല്പാദന ബോണസ്സായി നൽകി നെൽകൃഷിക്കാരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

1-8 നെൽകൃഷിക്ക് അനുയോജ്യമായതും കാലാകാലങ്ങളായി നെൽകൃഷി ചെയ്തു വരുന്നതുമായ പാടങ്ങളിൽ മറ്റുകൃഷികൾ ചെയ്യുന്ന പ്രവണതയും ഇഷ്ടികവ്യവസായത്തിന് ആഴത്തിൽ ചെളി കുഴിച്ചെടുക്കന്നതും നിലം നികത്തലും കർശനമായി ഒഴിവാക്കി നെൽകൃഷിക്ക് ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതി ഇനിയുംഅല്പം പോലും കുറയാതെ സംരംക്ഷിക്കേണ്ടിയിരിക്കുന്നു.

## 2. തെങ്ങ്

റബ്ബർകൃഷിയുടെ അതിപ്രസരം നിമിത്തവും തെങ്ങിനുണ്ടാകുന്ന രോഗ, കീടബാധകളാലും പഞ്ചായത്തിലുണ്ടായിരുന്ന തെങ്ങുകൃഷി അമ്പതു ശതമാനത്തിൽ താഴെയായി കുറഞ്ഞിരിക്കുകയാണ്. തെങ്ങുകൃഷി പുനരുദ്ധരിക്കുന്നതിന് ആകർഷകമായ സാമ്പത്തികസഹായത്തോടുകൂടിയുളള ഒരു സമഗ്രവികസന പദ്ധതികൊണ്ടു മാത്രമേ സാദ്ധ്യമാകയുള്ളൂ. അതനുസരിച്ച് താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

2-1. അത്യുൽപാദനശേഷിയുള്ള തെങ്ങിൽതൈകൾ കർഷകർക്ക് ലഭ്യമാക്കണം. പഞ്ചായത്തിൽ ആവശ്യമുള്ളത്ര വിത്തു തേങ്ങ ശേഖരിച്ച് ശാസ്ത്രീയമായ രീതിയിൽ തെങ്ങിൽതൈകൾ ഉല്പാദിപ്പിക്കുന്നതിന് യോഗ്യരായ കർഷകരെ തിരഞ്ഞെടുത്ത് പ്രദേശിക നഴ്സറികൾ സ്ഥാപിക്കേണ്ടതും ആയതിലേക്ക് തയ്യാറാകുന്ന കർഷകർക്ക് പ്രോത്സാഹനം നൽകേണ്ട തുമാണ്.

2-2. തെങ്ങുകൃഷിക്ക് ജലസേചനം ലഭിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്. അതിലേക്ക്

1. പൊതു ജലസേചനപദ്ധതികൾ
2. ഗ്രൂപ്പുജലസേചനപദ്ധതികൾ
3. പുതിയ കുളങ്ങളും കിണറുകളും കുഴിച്ചും

പഴയവ നന്നാക്കിയും ജലസേചന പദ്ധതികൾ ഉണ്ടാക്കുക.

4. പമ്പുസെറ്റുകൾ നൽകുക

ഇവ നടപ്പിലാക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകേണ്ടതാണ്.

2-3. തെങ്ങുകൃഷിയുടെ കാര്യത്തിലും യഥാസമയം മണ്ണുപരിശോധന നടത്തി, ശാസ്ത്രീയമായി വളപ്രയോഗം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. രോഗനിവാരണത്തിനുള്ള മരുന്നു തളികളും കൂട്ടായി നടത്തണം. അതിനാവശ്യമായ മരുന്നുകളും മരുന്നുതളി യന്ത്രങ്ങളും സൗജന്യമായി ലഭ്യമാക്കണം.

2-4 ശാസ്ത്രീയ പരിചരണങ്ങളാലും ആദായകര മല്ലാത്തതും രോഗബാധിതവുമായ തെങ്ങുകൾ വെട്ടിമാറ്റുകയും അതി നുപകരമായി നഷ്ടപരിഹാരവും ആവർത്തന കൃഷി ക്കുള്ള സാമ്പത്തിക സഹായവും നൽകണം.

2-5 നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇക്കാര്യ ത്തിൽ പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുന്ന കേര വികസന സമിതിയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. നാളികേര സംഭരണവും സംസ്കരണവും വിപണനവും നടത്തുന്നതിന് വേണ്ടസാമ്പത്തികസൗകര്യങ്ങൾ കേരവികസന സമിതിക്ക് ചെയ്തു കൊടുക്കേണ്ടതാണ്.

2-6 നാളീകേര സംസ്കരണത്തിന്റെ ഭാഗമായി ലഭിക്കുന്ന ചിരട്ട ഉപയോഗിച്ച് സാമ്പ്രാണിത്തിരിയുടെ ഉല്പാദനവും തേങ്ങാപ്പിണ്ണാക്ക് ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മാണവും നടത്തുന്നതിനുള്ള ചെറുകിട വ്യവസായങ്ങളുടെ രൂപീകരണവും പരിഗണിക്കേണ്ടതാണ്.

## 3. പച്ചക്കറികൃഷി

പച്ചക്കറികളെ സംബന്ധിച്ചിടത്തോളം നാം നിത്യാവശ്യത്തിന് അയൽ സംസ്ഥാനങ്ങളെ ആശ്രയിച്ചു കൊണ്ടിരിക്കുകയാണ്. ഇതിന് ഒരു മാറ്റം ആവശ്യമാണ്. നമുക്കാവശ്യമുള്ളത്രയും കൂടാതെ കുറെ ഒക്കെ വില്പന നടത്തുന്നതിനുമുള്ള പച്ചക്കറികൾ പഞ്ചായത്തിൽ തന്നെ കൃഷിചെയ്യുന്നതിനുള്ള ഒരു സമഗ്ര പദ്ധതി നടപ്പിലാക്കണം. എല്ലാ വീട്ടിലും സ്ഥല പരിമിതിക്കനുസരണമായി അടുക്കളതോട്ടങ്ങൾ നിർമ്മിക്കാം കൂടാതെ നിലങ്ങളിൽ രണ്ടാം കൊയ്ത്തുക്കഴിഞ്ഞുള്ള ഇടവേളകളിൽ ഹ്രസ്വകാല പച്ചക്കറി കൃഷികൾ നടത്തുകയും തരിശായി കിടക്കുന്നതും പച്ചക്കറികൃഷിക്ക് ഉപയുക്തവുമായ സ്ഥലങ്ങളിൽ-മണ്ണടിചേരിക്കുളത്ത്ചിറ-യെപ്പോലെയുള്ള സ്ഥലങ്ങളിൽ വിപുലമായി കൂട്ടായി കൃഷി ചെയ്യാവുന്നതാണ്. ഇതിനാവശ്യമായ വിത്തുകളും സസ്യസംരക്ഷണോപാധികളും വിദഗ്ധോപദേശവും നൽകേണ്ടതാണ്.

## 4. മറ്റുകൃഷികൾ

കൃഷിഭൂമിയുടെ ദൗർലഭ്യം കാരണം, കമുക്, വാഴ. ചേന, ഇഞ്ചി, മഞ്ഞൾ കൈതച്ചക്ക, കുരുമുളക്, കിഴങ്ങുവർഗ്ഗങ്ങൾ പയറുവർഗ്ഗങ്ങൾ മറ്റു ഫലവൃക്ഷങ്ങൾ ഇവയെല്ലാം തെങ്ങിനിടയിൽ ഇടവിള കൃഷിയായാണ് ചെയ്തു വന്നിരുന്നത്. റബ്ബർകൃഷിയുടെ ആഗമനത്തോടുകൂടി ഈ വിധ കൃഷികൾ നാമാവശേഷമായിരിക്കുകയാണ്. ആയതിനാൽ ഈ കൃഷികളെ പ്രത്യേക സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകി പരിപുഷ്ടിപ്പെടുത്തേണ്ടതാണ്.

### 4 -1 നേന്ത്രവാഴയും വെറ്റിലക്കൊടിയും

നെൽകൃഷിക്ക് അനുയോജ്യമല്ലാത്ത വയലുകളിലാണ് നേന്ത്രവാഴക്കൃഷിയും വെറ്റില കൃഷിയും

നടത്തുന്നത്. നാമമാത്രകർഷകരും കർഷക ത്തൊഴിലാളികളുമാണ് ഇതിൽ കേന്ദ്രീകരിച്ചിരിക്കുന്നത്. പ്രകൃതിക്ഷോഭവും, രോഗവും മൂലം ഈ കൃഷിയ്ക്കും നാശം നേരിടുന്നു. അതിന്, സമയാസമയങ്ങളിൽ സാമ്പത്തികസഹായം നൽകി കർഷകരെ രക്ഷിക്കേണ്ടതാണ്.

### 4- 2. കുരുമുളക്

കേരളത്തിലെ കറുത്ത പൊന്ന് എന്നറിയപ്പെടുന്ന കുരുമുളക് കൃഷി പല കാരണങ്ങളാലും നശിച്ചുകൊണ്ടിരിക്കുന്നു. ഈ കൃഷിയെ വളരെ അധികം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

### 4- 3 കൈതച്ചക്ക

റബ്ബറിന് ഇടക്കുപോലും കൃഷിചെയ്യാവുന്ന ഒരു വിളയാണ് കൈതച്ചക്ക. ശരിയായ പരിചരണം നൽകി ഈ കൃഷിയെ പ്രോത്സാഹിപ്പിച്ചാൽ അത് ഒരു വലിയ വരുമാനമാർഗ്ഗമായിതീരുന്നതാണ്.

### 4 4 സുഗന്ധദ്രവ്യങ്ങൾ

സുഗന്ധദ്രവ്യങ്ങളായ ഇഞ്ചി, മഞ്ഞൾ, കച്ചോലം, തുടങ്ങിയവയുടെ കൃഷിയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

### 4 5 ഇടവിളകൃഷി

തെങ്ങിനിടയ്ക്ക് ചേന, ചേമ്പ്, കാച്ചിൽ, കൂർക്ക, പയറുവർഗ്ഗങ്ങൾ, മത്തൻ വർഗ്ഗങ്ങൾ മുതലായവ ഇടവിളകൃഷിയായി നടത്താവുന്നതാണ്. ഇതിന് പ്രത്യേകം പ്രോത്സാഹനം നൽകണം.

### 4 6 ഫലവൃക്ഷങ്ങൾ

ഒട്ടുമാവ്, ഒട്ടുപ്ലാവ്, ശീമപ്ലാവ്, ഓമ മുതലായ ഫലവൃക്ഷങ്ങളുടെ തൈകൾ നൽകി അവയുടെ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

### 4 7 ഔഷധച്ചെടികൾ

നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ഔഷധച്ചെടികളുടെ കൃഷിയിൽ താല്പര്യമുള്ളവരെ പ്രത്യേകം പരിഗണിക്കേണ്ടതാണ്.

### 8. റബ്ബർ കൃഷി

ഇന്ന് കർഷകന് ഏറ്റവും കൂടുതൽ ആദായം ലഭിക്കുന്ന റബ്ബർകൃഷിപോലും രോഗബാധ കൊണ്ടും വിലയുടെ അസ്ഥിരതകൊണ്ടും പ്രശ്നമായിരിക്കുകയാണ്. ഇക്കാര്യത്തിൽ റബ്ബർ ബോർഡ് പ്രത്യേകം പരിഗണന നൽകേണ്ടതാണ്.

### 5. സമ്മിശ്രകൃഷി

**(Whole Farm Development)**

ഉല്പാദന വർദ്ധനവിന് രണ്ട് മാർഗ്ഗങ്ങൾ മാത്രമാണ് ഉള്ളത്. ഇന്നുള്ള കൃഷിഭൂമിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുകയും ആധുനിക കൃഷിരീതികൾ അവലംബിച്ച് കടും കൃഷി ചെയ്യുകയുമാണ് അവ. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൃഷി ഭൂമിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിന് യാതൊരു സാദ്ധ്യതയുമില്ല. ഉല്പാദന വർദ്ധനവിന് കടുംകൃഷിമാത്രമാണ് ഏകമാർഗ്ഗം. ഈ പഞ്ചായത്തിലെ കുടുംബങ്ങളിൽ 80 ശതമാനത്തിലധികം കർഷക കുടുംബങ്ങളാണ്. അവരിൽ ഭൂരിഭാഗവും ഒരു ഹെക്ടറിൽ താഴെമാത്രം കൃഷിഭൂമിയുള്ള വരുമാണ്. താമസസ്ഥലവും അതിനു ചുറ്റുമായി കിടക്കുന്ന ഭൂമിയിൽ വിവിധ കൃഷിയുമായി കഴിയുന്ന രീതിയാണ് നിലനിൽക്കുന്നത് ഈ കൃഷിയിടങ്ങൾ ശാസ്ത്രീയമായി വിലയിരുത്തിയാൽ ഇന്നുള്ള കൃഷികളിൽ പലതിനും മാറ്റം വരുത്തേണ്ടതും പുതുതായ കൃഷികൾ ഉൾക്കൊള്ളിക്കാവുന്നതുമാണ്. ഓരോ കുടുംബ ത്തിന്റെയും കൃഷിഇടങ്ങളുടെയും കൃഷികളുടെയും ഇന്നുള്ള സ്ഥിതി വിശകലനം ചെയ്ത ശേഷം അവിടേയ്ക്ക് അനുയോജ്യമായ ഒരു വിളക്രമവും വിളചേരുവയും

നിശ്ചയിക്കേണ്ടതാണ്. പച്ചക്കറികൃഷി, കൂൺകൃഷി, തേനീച്ച വളർത്തൽ, പുഷ്പകൃഷി, ഔഷധസസ്യങ്ങളുടെ കൃഷി തുടങ്ങിയവും അനുബന്ധ മേഖലയായ, പശുവളർത്തൽ, കോഴിവളർത്തൽ പന്നിവളർത്തൽ, മത്സ്യകൃഷി തുടങ്ങിയവയൊക്കെ ഇതിൽ ഉൾപെടുത്താവുന്നതാണ്. ഈ കൃഷിയിടങ്ങൾക്കാവശ്യമായ ജലസേചന, ജലനിർഗ്ഗമന മാർഗ്ഗങ്ങൾ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കും പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഇങ്ങനെ ഓരോ കർഷകനുമായും ചർച്ച ചെയ്തശേഷം ഉണ്ടാക്കുന്ന സമ്മിശ്ര കൃഷിക്കാവശ്യമായ ഒരു ഉല്പാദനപദ്ധതി ആവശ്യമായ ഓരോ കർഷകനും ഉണ്ടാക്കേണ്ടതും ആ പദ്ധതിപ്രകാരം ആവശ്യമായ ഉല്പാദനോപാധികളും സാമ്പത്തിക സഹായവും യഥാസമയം എത്തിച്ചു നൽകേണ്ടതുമാണ്.

5-2 ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് കർഷകരുടെ കൂട്ടായ്മയ്ക്ക് വളരെ ഏറെ പ്രാധാന്യം ഉണ്ട് പദ്ധതിയുടെ നടത്തിപ്പിന് വാർഡ് അടിസ്ഥാനത്തിൽ ജനകീയ സമിതികൾ രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മറ്റികളുടെ സഹകരണത്തോടെയും കൃഷിഭവന്റെ മേൽനോട്ടത്തിലും കർഷകരുടെ ഭവന സന്ദർശനം നടത്തി ഉല്പാദ പദ്ധതി (Production Plan) യ്ക്കു രൂപം നൽകേണ്ടതുമാണ്. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ഉല്പാദനോപാധികളുടെ ശേഖരണത്തിനും വിതരണത്തിനും ഉല്പന്നങ്ങളുടെ വിപണനത്തിനും വാർഡു കമ്മറ്റികൾ ചുമതല ഏൽക്കേണ്ടതാണ്.

5-3 ഈ നൂതന പദ്ധതിയ്ക്ക് പദ്ധതി ചെലവിന്റെ അമ്പതുശതമാനം സാമ്പത്തിക സഹായം നൽകേണ്ടതാണ്.

## 6. കാർഷികവിജ്ഞാനവ്യാപനം

കാർഷികരംഗത്തുള്ള നൂതന സാങ്കേതികവിദ്യകൾ യഥാസമയം കർഷകർക്ക് പ്രയോജനപ്പെടുത്തുതിനു തകുന്ന മാതിരി കൃഷിഭവൻറെ പ്രവർത്തനം സജ്ജമാക്കേണ്ടതാണ്. ഗ്രൂപ്പ് അടിസ്ഥാനത്തിൽ കർഷകരെ സംഘടിപ്പിച്ച് വ്യക്തമായ സമയവും തീയതിയും നിശ്ചയിച്ച് സാങ്കേതിക ഉദ്യോഗസ്ഥർ കർഷകരുമായ ചർച്ചകൾ നടത്തുകയും അപ്പോഴപ്പോൾ ആവശ്യമായ സാങ്കേതികോപദേശങ്ങൾ നൽകി ബോദ്ധ്യപ്പെടുത്തി കൊടുക്കുയും വേണം. അഗ്രോ ക്ലീനിക്കുകളായി ഇവ പ്രവർത്തിക്കേണ്ടതാണ്.

സമ്മിശ്രകൃഷി നടപ്പാക്കുന്നതിന് രൂപീകരിക്കുന്ന വാർഡു കമ്മറ്റികളുടെ നേതൃത്വത്തിൽ വാർഡിൽ ആഴ്ചയിൽ ഒരു ദിവസം രാവിലെയും ഉചയ്ക്കും പ്രത്യേകം പ്രത്യേകം സ്ഥലങ്ങളിൽ വച്ച് ആഗ്രോ ക്ലിനിക്കുകൾ നടത്തുന്നതിനുള്ള പരിപാടികൾ തയ്യാറാക്കാവുന്നതാണ്.

## 7. നീർമാറിവികസനം

ജലസേചന സൗകര്യം ഇല്ലാത്ത മണ്ണടിവാര്യത്തുകുളം മുതൽ അവിഞ്ഞിപ്പാലം വരെയുള്ള മണൽക്കണ്ടം തോടിന് തെക്കുള്ള ഭാഗങ്ങൾ നീർമാറി വികസന പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

## 8. പശ്ചിമഘട്ടവികസനം

പഞ്ചായത്തിലെ മണ്ണടി കന്നിമലപ്രദേശവും തുവയൂർ തെക്ക് മലങ്കാവ് പ്രദേശവും പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

## 9. സാമൂഹ്യവനവൽക്കരണം

സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി മുമ്പ് നടത്തിയിരുന്ന രീതിയിൽ പഞ്ചായത്തിൽ ഒരു നഴ്സറി സ്ഥാപിച്ച് ആവശ്യമായ വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് സൗജന്യനിരക്കിൽ കർഷകർക്കു ലഭ്യമാക്കേണ്ടതാണ്.

# ജലസേചനം

## കുളങ്ങളും തോടുകളും

### കുളങ്ങൾ (തലച്ചിറകൾ)

തലമുറകളായി കൃഷിക്കും മറ്റും ഉപയോഗിച്ചുകൊണ്ടിരുന്ന ഒട്ടനവധികുളങ്ങളും തോടുകളും നീർച്ചാലുകളും ഊറ്റുറവകളും കാലാകാലങ്ങളിൽ സംരക്ഷണം ഇല്ലാത്തതിനാൽ ഇന്ന് ഉപയോഗപ്രദമല്ലാതായി തീർന്നിരിക്കുന്നു.

മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഒരു സമഗ്രമായ പദ്ധതി തയ്യാറാക്കി തലച്ചിറകളെല്ലാം കൃഷിയ്ക്ക ജലസേചനത്തിന് ഉപയോഗപ്രദമാക്കുന്നതിനോടൊപ്പം മനുഷ്യനും മൃഗങ്ങൾക്കും കൂടി ഉതകത്തക്ക രീതിയിൽ താഴെ പറയുന്ന കുളങ്ങൾ രൂപാന്തരപ്പെടുത്തേണ്ടതാണ്.

കുളങ്ങൾ നിലവിലുള്ളവ

ഒന്നാ വാർഡിൽ
- പ്ലാക്കുഴി ഏലാക്കുളം
- മഠത്തിൽ ചിറ
- നെല്ലിവേലിച്ചിറ
- ചെപ്പള്ളി ഏലാക്കുളം

രണ്ടാം വാർഡിൽ
- പള്ളിച്ചിറ
- കുറിച്ചിക്കാനാ
- തുണ്ടിൽപ്പടി
- കന്നിശ്ശേരിക്കുളം
- നമ്പൂലത്തുകുളം

നാലാംവാർഡിൽ
- ചേലാക്കൽ കുളം
- കല്യാത്തികുളം
- പാലകശ്ശേരിക്കുളം
- പുതുപ്പാലത്തുകുളം

ആറാം വാർഡിൽ
- കോളൂർക്കുളം

ഏഴാം വാർഡിൽ
- പുലിപ്പാറക്കുളം
- അരിവങ്കോട്ടുകുളം
- മാഞ്ഞാലിക്കുളം
- അരയാലപ്പുറത്തുകുളം

എട്ടാം വാർഡിൽ
- അരീയ്ക്കൽ കുളം
- മഠത്തിൽ കുളം

പത്താം വാർഡിൽ
- വാര്യത്തുകുളം
- മാനപ്പള്ളിക്കുളം

പതിനൊന്നാം വാർഡിൽ
- മുട്ടത്തു മൂലച്ചിറ

എന്നിവ കൂടാതെ ഇപ്പോൾ കുളം നിലവിൽ ഇല്ലാത്ത ഒമ്പതാം വാർഡിൽ ഉടയാങ്കുളഭാഗത്ത് തരിശുഭൂമിയിലും ചിറയിൽപടി ഏലായുടെ മുകൾ ഭാഗത്ത് സർക്കാർ വക ഭൂമിയിലും പുതിയതയി കുളം കുഴിച്ച് ജലസേചനത്തിന് ഉപയുക്തമാക്കേണ്ടതാണ്.

### തോടുകൾ

പഞ്ചായത്തിൽ ധാരാളം തോടുകൾ ഉണ്ടെങ്കിലും മിക്കവാറും അവയിൽ വെള്ളമൊഴുക്ക് തടസ്സപ്പെട്ടിരിക്കുകയാണ് തോടിന്റെ വശത്തുള്ള കരയിൽ നിന്നും തോട്ടിലേക്ക് വെട്ടി ഇറക്കി തോടിന്റെ വീതി കുറച്ചും, തോട്ടിൽ നിന്നും ക്രമാതീതമായി മണൽവാരിയും ജലസേചനത്തിന് തടസ്സം നേരിട്ടിരിക്കുന്നു. ആയതിനാൽ പഞ്ചായത്തിലെ തോടുകൾ ജനസേചന സൗകര്യത്തിന് ഉപയോഗപ്രദമാക്കുന്നതോടൊപ്പം അവയുടെ പ്ലാൻ

അനുസരിച്ചുള്ള വീതി നിലനിറുത്തികൊണ്ടു വരമ്പുകെട്ടി ബലപ്പെടുത്തി നിലത്തിലേക്ക് ജലം ലഭിക്കത്തക്ക സംവിധാനവും ഉണ്ടാക്കേണ്ടതാണ്.

### തോടുകൾ

1. കരിങ്ങാട്ടിൽ ഏലാ മുതൽ അയണിയാട്ടു പാലം വരെയുള്ള തോട്
2. പോളച്ചിറ മുതൽ തൃക്കോവിൽ പടി വഴിയുള്ള തോട്
3. മാവേലിക്കോണം - ദേവസ്വം നിലം വരെയുള്ള തോട്ട്
4. തച്ചക്കോട്ട് ഏലാ പ്ലാവറപ്പടിതോട്
5. അരീയ്ക്കൽ കുളം പാമ്പാടി തോട്
6. പെരുവഴിയ്ക്കൽ പാറപ്പാട് വെട്ടുവയൽതോട്
7. ചിറയിൽ ഏലാതോട്
8. മാണിശ്ശേരിൽ തോട്
9. കാരിക്കുഴിവയൽ ഇടത്തോട്
10. വാര്യത്തുകുളം താഴത്തുവയൽതോട്
11. മണ്ണടി നിലമേൽ വലിയതോട്

പഞ്ചായത്തിന്റെ വടക്കെ അതിർത്തി മുതൽ 3 കിലോമീറ്റർ ദൂരത്തിൽ ഒഴുകി കല്ലടയാറ്റിൽ പതിയുന്ന നിലമേൽ വലിയതോട് 6.7.8.9.10.11. എന്നീ വാർഡുകളിലെ 155 ഹെക്ടർ നെൽകൃഷിയ്ക്ക് പ്രയോജനപ്പെടുത്തുന്നതാണ്. വർഷകാലത്ത് തോട് കവിഞ്ഞൊഴുകി പലഭാഗങ്ങളിലും മടവീണ് കൃഷിനാശവും നേരിടുന്നുണ്ട്.

ആയതിനാൽ മേൽപറഞ്ഞ തോടുകൾ ഉൾപ്പെടുത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഘട്ടംഘട്ടമായി തോടുകളുടെ സംരക്ഷണ ഭിത്തികൾ കെട്ടി ആവശ്യമുള്ള ക്രോസ്ബാറുകൾ, തടയണകൾ ഫാം റോഡുകൾ ഇവ നിർമ്മിക്കേണ്ടതാണ്. നിലവിലുള്ള ക്രോസ് ബാറുകളുടെ അറ്റകുറ്റപ്പണികളും അടിയന്തിരമായി ചെയ്തു തീർക്കേണ്ടതാണ്.

### കല്ലട ഇറിഗേഷൻ പ്രോജക്ട്.

ജലസേചന സൗകര്യത്തിനു വേണ്ടി രൂപികരിച്ചിട്ടുള്ള കല്ലട ഇറിഗേഷൻ പദ്ധതിയുടെ പ്രയോജനം ഇന്ന് കർഷകർക്ക് ഉദ്ദേശിക്കുന്ന രീതിയിൽ ലഭിക്കുന്നില്ല. ആവശ്യമുള്ള സമയത്ത് കനാൽ തുറന്ന് കിട്ടുന്നില്ല. അനവസരങ്ങളിൽ കനാൽ തുറന്നു വിടുന്നതുമൂലം കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നു. മാവേലിക്കോണം ഏലയോടു ചേർന്നുവരുന്ന K.I.P. കനാലിന്റെ വശത്തുനിന്നും ഏലായിലേക്കുള്ള മണ്ണൊലിപ്പു തടയേണ്ടതാണ് വെള്ളപ്പാട്ടു ഏലാ മുതലുള്ള ഭാഗത്തെ ചതുപ്പ് മാറിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കന്നിമലഭാഗത്തെ വെള്ളം ഒഴുകിപ്പോകാനുള്ള നടപടികളിലും ശ്രദ്ധിക്കണം. തുവയൂർ തെക്ക് കൊച്ചുമുകളിൽ ഭാഗത്ത് കനാൽ അവസാനിക്കുന്ന ഭാഗത്ത് വെള്ളം റോഡിൽ കൂടിയും മറ്റ് താമസമുള്ള പുരയിടങ്ങളിൽക്കൂടിയും ഒഴുകിനാശ നഷ്ടങ്ങൾക്കിടയാക്കുന്നത് തടയണം. മണ്ണടിയിൽ പടനിലത്ത് അവസാനിക്കുന്ന കനാലിലെ വെള്ളം വാര്യത്തുകുളത്തിൽ എത്തിച്ച് ഏലയ്ക്ക് പ്രയോജനപ്പെടുത്തണം.

കരപ്പുരയിടങ്ങളിൽ ജനസേചനത്തിനു വേണ്ടി K.I.P. സ്ഥാപിച്ച High Discount കൾ പ്രവർത്തനയോഗ്യമാക്കണം. പുന്നയ്ക്കാട്ട് ഏലായിൽ K.I.P വെള്ളം സുഗമമായി കിട്ടത്തക്കവണ്ണം സംവിധാനം ഉണ്ടാക്കണം. തൂവയൂർ തെക്ക് പ്ലാവറേത്ത് ജംക്ഷനിൽ നിന്നു് കിഴക്കോട്ടുള്ള കനാൽ, വെള്ളം കിട്ടത്തക്ക വിധത്തിൽ സജ്ജമാക്കണം. K.I.P. സൗകര്യങ്ങൾ ലഭിച്ചിട്ടില്ലാത്ത 2,3 വാർഡുകളിലും ഭൂമി അക്വയർ ചെയ്തിട്ട് പണി നടത്തിയിട്ടില്ലാത്ത സ്ഥലങ്ങളിലും K.I.P യുടെ പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

## ലിഫ്റ്റ് ഇറിഗേഷൻ

K.I.P.യുടെ പ്രയോജനം ലഭിയ്ക്കാത്ത കല്ലടയാറിന്റെ തീരപ്രദേശത്തുള്ള കടകം പള്ളി ഏലായ്ക്കും ചുറ്റുമുള്ള പ്രദേശങ്ങൾക്കും, ഭഗവതിമഠം ഭാഗത്തുമുതൽ ഇടയാം പാലം വരെയുള്ള തീരത്തും ചീരാം ചേമ്പിൽ ഏലയ്ക്കും പ്രയോജനപ്പെടുമാറ് കല്ലട യാറ്റിൽ നിന്ന്, പള്ളിക്കലാറിന് അടുത്തുള്ള, ചക്കുച്ചിറ ഏലാ, മുണ്ടുതോട്ടിൽ ഏലാ, ചെങ്കിളിൽ ഏലാ, പുതുപ്പലത്ത് ഏലാ, നമ്പൂലത്ത് ഏലാ എന്നിവിടങ്ങളിൽ പള്ളിയ്ക്കലാറിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ മുഖേന ജലസേചനസൽകര്യം ലഭിയ്ക്കത്തക്കരീതിയിൽ പദ്ധതികൾ തയ്യാറാക്കേണ്ടാതണ്.

## ജലനിർഗ്ഗമനം

ചേരിക്കുളത്തുചിറയിലെ കെട്ടികിടക്കുന്ന വെള്ളം തോടു വലുതാക്കി ആറ്റിലേക്ക് ഒഴുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ചേരിക്കുളത്തു ചിറയിലേക്കുള്ള ഫാം റോഡ് സഞ്ചാരയോഗ്യമാക്കണം. താഴത്തു വയലിന്റെ അടിഭാഗത്തുള്ള നിലങ്ങളിലും മുട്ടത്തു മൂല ഏലായിലും ജല നിർഗ്ഗമന സൗകര്യങ്ങൾ ഉണ്ടാക്കി നെൽകൃഷിയ്ക്ക് ഉപയോഗ്യമാക്കേണ്ടതാണ്. ചീരാം ചേമ്പിൽ ഏലായിലും കെട്ടികിടക്കുന്ന വെള്ളം ആറ്റിലേക്ക് ഒഴുക്കുന്നതിനുള്ള പദ്ധതികൾ തയ്യാറേക്കണ്ടതാണ്.

## ആറ്റു തീര സംരക്ഷണം

കല്ലട ആറിനോട് ചേർന്നു കിടക്കുന്നതും വെള്ളപ്പൊക്കം മൂലവും മണൽവാരൽമൂലവും ഇടിഞ്ഞുതാണുകൊണ്ടിരിക്കുന്നതുമായ തീരം ഭിത്തികെട്ടി സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഫാം റോഡ്

കടമ്പനാട് കണ്ണം കുളം ഏലായുടെ മദ്ധ്യഭാഗത്തുകൂടി ഇരുകരകളിൽ നിന്നുമുള്ള റോഡിന്റെ നിർമ്മാണം പൂർത്തിയാക്കി ഏലായിൽ വിത്തും വളവും കൊണ്ടു വരുന്നതിനും നിലത്തിൽ നിന്നും കാർഷികോല്പന്നങ്ങൾ കൊണ്ടു പോകുന്നതിനും ഉള്ള സൗകര്യം ഉണ്ടാക്കേണ്ടതാണ്.

അവലംബം: കൃഷിഭവൻ രേഖകൾ
മൈനർ ഇറിഗേഷൻ റിക്കാർഡുകൾ
നാട്ടറിവുകൾ





5.2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം



കഴിഞ്ഞ മൂന്നു ദശാബ്ദ കാലയളവിൽ സംസ്ഥാനത്തു സാമൂഹ്യ സാമ്പത്തിക വളർച്ചയ്ക്കു മൃഗസംരംക്ഷണ മേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും വ്യവസായ സംരംഭങ്ങളുടെ മുരടിപ്പും മൂലം ഉണ്ടായ തൊഴിലില്ലായ്മയും ഈ മേഖലയിൽ ജനശ്രദ്ധ തിരിക്കുവാൻ കാരണമായി. ഹൃസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധന മുടക്കിൽ കൂടുതൽ സമ്പത്ത് വർദ്ധനവിന് ഉതകുന്ന മേഖലയാണിത്. ബഡ്ജറ്റ് അവതരണത്തിൽ ഈ മേഖലയ്ക്കു മാറ്റി വെയ്ക്കുന്ന തുക 1.33 ശതമാനം മാത്രമാണ്. എന്നാൽ ഈ മേഖലയിൽനിന്നുള്ള ആദായം മൊത്ത വരുമാനത്തിന്റെ 10.3 ശതമാനം ആണ്. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 94 ശതമാനം ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകതൊഴി

ലാളികളും ആണ്. വികസനരംഗത്ത് ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യപ്രക്രിയ ആയതിനാൽ മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏത് പുരോഗതിയും ഗ്രാമീണ സമ്പത്ത് ഘടന സന്തുഷ്ടമാക്കുമെന്നു വ്യക്തം

കഴിഞ്ഞ രണ്ടു ദശാബ്ദ കാലയളവിൽ മൃഗസംരക്ഷണരംഗത്ത് കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശ വർദ്ധനവും ജനിതഗുണമേന്മയും ഉല്പാദനക്ഷമതാ വർദ്ധനവും സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. മൃഗസംരക്ഷണ മേഖല എന്നുവെച്ചാൽ പാൽ ഉല്പാദനം മാത്രമാണെന്നുള്ള അബദ്ധധാരണ നമ്മുടെ സംസ്ഥാന ഗവൺമെൻറു തലം മുതൽ സാധാരണ ജനങ്ങളിൽ വരെ ഉണ്ടായിട്ടുണ്ട്. എന്നാൽ മൃഗ സംരക്ഷണ മേഖലയുടെ സാദ്ധ്യതകൾ എന്തൊക്കെയാണെന്നു താഴെ പ്പറയുന്ന കാര്യങ്ങൾ വ്യക്തമാക്കുന്നു.

1. പോഷകപ്രദമായ പാൽ, മുട്ട, മാംസം എന്നവയുടെ ഉല്പാദനം

2. വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല് കൊഴുപ്പ്, ജലാറ്റിൻ എന്നിവയുടെ ഉല്പാദനം.

3 ഔഷധ നിർമ്മാണ രംഗത്ത് ഹോർമ്മോൺ വാക്സീൻ, എൻസീമുകൾ എന്നിവയുടെ ഉല്പാദനം.

4. പരീക്ഷണ ശാലയിലേക്കുള്ള മൃഗങ്ങളുടെയും പക്ഷികളുടേയും ഉല്പാദനം.

5 കാർഷിക മേഖലയ്ക്കു ആവശ്യമായ ജൈവവളത്തിൻെറ95 ശതമാനവും മൃഗസംരക്ഷണമേഖലയുടെ സംഭാവനയാണ്.

6. ഊർജ്ജസ്രോതസ്സായ ഗോബർഗ്യാസ് കടമ്പനാടു പഞ്ചായത്തിൽ നിലവിലുണ്ട്.ഇതിലും പലതും പ്രവർത്തനക്ഷമമല്ല. കൂടുതൽ പ്ലാൻറുകൾ സ്ഥാപിക്കുന്നതിനു സാധ്യതയുണ്ടെങ്കിലും കർഷകരിലെ ഇതു സംബന്ധിച്ച അജ്ഞതയാണ് പ്രധാന തടസ്സം.

7 മൃഗങ്ങളിൽ നിന്നും മനുഷ്യനിലേക്കു പകരുന്ന രോഗങ്ങളുടെ നിയന്ത്രണം. ഉദാ. പേവിഷബാധ, ക്ഷയം എൻസഫലലൈറ്റിസ് ആന്ധ്രയാസ്, ഗുണ നിലവാരം കുറഞ്ഞ മാംസം കഴിക്കുന്നത് കൊണ്ടുണ്ടാകുന്ന പരാദ രോഗങ്ങൾ.

8. തൊഴിൽ സാദ്ധ്യതകൾ മൂലമുള്ള വരുമാന വർദ്ധനവ്.

9. കന്നുകാലി സമ്പത്തിൻെറ 94 ശതമാനം ഗ്രാമീണ മേഖലയിൽ ചെറുകിട നാമമാത്ര കർഷകരുടെ കൈയ്യിൽ ആയതിനാൽ ഗ്രാമീണരെ ശക്തമാക്കാൻ ഈ മേഖല ഉപകരിക്കുന്നു. ഈ മേഖലയിൽ 60 ശതമാനം അദ്ധ്വാനവും സ്ത്രീകൾ നിർവ്വഹിക്കുന്നു.

10. കാർഷിക മേഖല, ഗതാഗത മേഖല എന്നിവയിൽ ഉപയോഗിക്കുന്ന മൃഗശക്തി യാന്ത്രിക ശക്തിയോടൊപ്പം പ്രാധാന്യമുള്ളതും എന്നാൽ ചെലവു കുറവും ആണ്.

11. കഴിഞ്ഞ രണ്ടു ദശാബ്ദക്കാലമായി മൃഗസംരക്ഷണമേഖല പ്രധാനമായി പാൽ ഉല്പാദനത്തിലും വിപണനത്തിലും ഉപഭോഗത്തിലും അസൂയാവഹമായ വളർച്ച കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ കേരളം ഇതുവരേയും

സ്വയം പര്യാപ്തതയിൽ എത്തിയിട്ടില്ല. സമഗ്ര ആസൂത്രണത്തിൻെറ പിൻബലമുണ്ടെങ്കിൽ നമ്മുടെ പഞ്ചായത്തിൽ വിപ്ലവകരമായ മുന്നേറ്റം ഉണ്ടാക്കുവാൻ നമുക്ക് കഴിയും.

മേൽവിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ 9-ാം പദ്ധതിയിലേക്കു കാലൂന്നുന്ന ഈ അവസരത്തിൽവികേന്ദ്രീകരണ ആസൂത്രണം കാർഷിക മേഖലയെ പരിപോഷിപ്പിക്കുവാൻ നമുക്ക് ഉപയോഗിക്കാം

കടമ്പനാടു പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ഇടത്തരം നാമമാത്ര കർഷകരും കർഷക തൊഴിലാളികളുമാണ്. മുൻകാലങ്ങളിൽ ഈ പഞ്ചായത്തിലെ മൃഗസമ്പത്ത് ഭൂരിഭാഗവും ജൈവവളത്തിനും കാർഷികവൃത്തിക്കും അതിനോടനുബന്ധിച്ച് പാൽ ഉല്പാദനവും നടത്തിയിരുന്നു.ആ കാലയളവിൽ പലപ്രദേശങ്ങളും റവന്യൂ മേച്ചിൽ സ്ഥലങ്ങളായി ഉപയോഗിച്ചിരുന്നു. സാധാരണമായി വളർത്തു മൃഗങ്ങൾ പശു ആട്, എരുമ, പോത്ത് എന്നിവയായിരുന്നു. എന്നാൽ പഞ്ചായത്തിൽ 1960 ൽ പ്രവർത്തനം ആരംഭിച്ച മണ്ണടി കീ വില്ലേജ് സബ്സെൻററിൻേറയും 1962 ൽ തുവയൂർ സ്ഥാപിതമായ കീ വില്ലേജ് സബ് സെന്ററിൻേറയും പ്രവർത്തനഫലമായി നാടൻ ജനുസുകളിൽ പ്പെട്ടകന്നുകാലികളുടെ ഗണ്യഭാഗം ഉല്പാദനക്ഷമതയുള്ള സങ്കര ഇനംജൻസ്സുകളായി രൂപാന്തരം പ്രാപിച്ചു.

NES ബ്ലോക്കിൻെറ ആദ്യകാല പ്രവർത്തനങ്ങളിൽ വിതരണം ചെയ്ത ഉന്നത ജനുസ്സിൽപ്പെട്ട ആട് കോഴി എന്നിവ പഞ്ചായത്തിലെ ആട് കോഴി എന്നിവയുടെ വർഗ്ഗോദ്ധാരണത്തിനു സഹായകമായി. 1983 ൽ മണ്ണടി കീ വില്ലേജ് സബ്ബ് സെൻറർ മൃഗാശുപത്രിയായി ഉയർത്തുകയും ഒരു വെറ്റിനറി സർജൻെറ സേവനം ലഭ്യമാക്കുകയും ചെയ്തതോടുകൂടി ഈ മേഖലയിൽ പഞ്ചായത്തിൽ ഉണർവ്വ് സൃഷ്ടിക്കാൻ കഴിഞ്ഞു.

മൃഗസംരംക്ഷണ വകുപ്പിൽ ഉന്നത ജനുസിൽപ്പെട്ട ആട് കോഴി കിടാരി എന്നിവ പഞ്ചായത്തൻെറ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്.

ഈ പഞ്ചായത്തിൽ 4 ക്ഷീരോല്പാദന സഹകരണസംഘങ്ങൾ ഉള്ളതിൽ മണ്ണടി ക്ഷീരോല്പാദന സഹകരണ സംഘം പ്രവർത്തനം ഇല്ലാതെ മുടങ്ങിക്കിടക്കുന്നത് മണ്ണടി മേഖലയുടെ ക്ഷീരകർഷകരെ ദോഷകരമായി ബാധിക്കുന്നു. കടമ്പനാട് തെക്ക് കടമ്പനാടു വടക്ക് തൂവയൂർ എന്നീ 3 ക്ഷീരോല്പാദക സഹകരണ സംഘങ്ങളാണ് നല്ല രീതിയിൽ പ്രവർത്തിക്കുന്നത്. വർഗ്ഗോദ്ധാരണത്തിനുവേണ്ടി കൃത്രിമ ബീജധാന കേന്ദ്രങ്ങൾ മണ്ണടി തൂവയൂർ എന്നീ സ്ഥലത്തും കടമ്പനാട്ടു മേഖലയിൽ ഒരു CIA യും പ്രവർത്തിക്കുന്നു.

രോഗപ്രതിരോധ കുത്തിവെയ്പുകൾ കാലാകാലങ്ങളിൽ ചെയ്യുകയും , കുളമ്പുരോഗപ്രതിരോധ കുത്തിവെയ്പ്പു, കേന്ദ്രഗവ. സഹായത്തോടെ ഈ പഞ്ചായത്തിൽ നടത്തുകയുംചെയ്തു. ഈ പഞ്ചായത്തിലെ മൃഗങ്ങളുടെ സ്ഥിതിവിവരകണക്കു താഴെ ചേർത്തിരിക്കുന്നു.



## വളർത്തു മൃഗ സംഖ്യ

| വാർഡ് നമ്പർ | കാളനാടൻ | | കാളസങ്കരം | | പശുനാടൻ | | പശുസങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | 1 | 14 | - | 112 | 85 | 4 | 202 | 172 | 1 | - | 6 | 216 | 108 | |
| 2 | - | 8 | - | 148 | 72 | 3 | 294 | 188 | 1 | 1 | 4 | 278 | 105 | |
| 3 | - | 12 | 1 | 178 | 39 | 6 | 302 | 204 | 2 | - | 2 | 181 | 128 | |
| 4 | - | 10 | - | 161 | 45 | 8 | 212 | 185 | - | - | 4 | 174 | 101 | |
| 5 | - | 8 | 1 | 151 | 38 | 2 | 274 | 171 | - | - | - | 298 | 98 | |
| 6 | - | 7 | - | 188 | 34 | 2 | 284 | 198 | - | - | - | 299 | 106 | |
| 7 | 1 | 6 | - | 174 | 42 | 12 | 274 | 202 | - | - | - | 302 | 109 | |
| 8 | - | 8 | - | 188 | 18 | 2 | 283 | 212 | - | - | - | 291 | 127 | |
| 9 | 1 | 4 | - | 144 | 27 | 3 | 248 | 197 | - | - | 2 | 344 | 41 | |
| 10 | - | 6 | - | 153 | 14 | 2 | 255 | 205 | - | - | - | 288 | 98 | |
| 11 | - | 4 | - | 127 | 24 | 2 | 218 | 192 | - | 1 | 4 | 318 | 76 | |
| ആകെ | 3 | 77 | 2 | 1724 | 438 | 46 | 2846 | 2126 | 4 | 2 | 22 | 2989 | 1097 | |

N.B. ഇതിൽ കിടാരി പശുക്കുട്ടി എന്നിവയുടെ കണക്കുകൾ ഉൾപ്പെടുത്തിട്ടുണ്ട്.

# വളർത്ത് പക്ഷി സംഖ്യ

| വാർഡ് | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 1 | 241 | 928 | 415 | 10 | 63 | |
| 2 | 298 | 1014 | 372 | 7 | 43 | |
| 3 | 249 | 978 | 443 | 2 | 17 | |
| 4 | 202 | 498 | 274 | 2 | 27 | |
| 5 | 189 | 793 | 384 | 3 | 18 | |
| 6 | 201 | 978 | 313 | 25 | 541 | |
| 7 | 224 | 1014 | 416 | 1 | 4 | |
| 8 | 207 | 1114 | 378 | - | 2 | |
| 9 | 217 | 1083 | 443 | - | 4 | |
| 10 | 201 | 978 | 343 | - | 6 | |
| 11 | 148 | 788 | 276 | 1 | 8 | |
| Total | 2377 | 10168 | 4057 | 51 | 733 | |

## മൃഗസംരക്ഷണ സ്ഥാപനങ്ങൾ

1. വെറ്ററിനറി ഡിസ്പൻസറി മണ്ണടി
2. ICDP സബ്സെൻറർ ഉപകേന്ദ്രം തുവയൂർ
3. ക്യാറ്റിൽ ഇൻപ്രൂവ്മെൻറ് അസിസ്റ്റൻറ് കടമ്പനാട്

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കൂടിയാണ് മൃഗസംരംക്ഷണ സൗകര്യങ്ങൾ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നത് പല കാരണങ്ങളാലും ഈ സൗകര്യങ്ങൾ പൂർണ്ണമായി ലഭിക്കുന്നില്ല.

1. കടമ്പനാടു പഞ്ചായത്തിലെ വെറ്ററിനറി ഡിസ്പൻസറി ഈ വലിയ പഞ്ചായത്തിൻെറ കിഴക്ക് ഭാഗമായ മണ്ണടിയിൽ സ്ഥിതിചെയ്യുന്നതിനാൽ പഞ്ചായത്തിൻെറ 1,2,3,4,5,6, എന്നീ വാർഡുകൾക്ക് പ്രയോജനവും സേവനവും ലഭക്കുന്നില്ല.

2. ടി. ഡിസ്പൻസറിയിൽ ലബോറട്ടറി, ആവശ്യമായ മറ്റിനം ഉപകരണങ്ങൾ മരുന്നുകൾ വാഹന സൗകര്യങ്ങൾ എന്നിവ വേണ്ടത്ര ഇല്ല. കെട്ടിടവും പരിസരവും സംരംക്ഷിക്കപ്പെട്ടിട്ടില്ല.

കടമ്പനാടു മേഖലയിൽ വെറ്ററിനറി ഡിസ്പൻസറി ആരംഭിക്കുകയും, മാഞ്ഞാലിൽ തുവയൂർ തെക്ക് കേന്ദ്രമാക്കി ICDP സബ് സെൻറർ ആരംഭിക്കുകയും നിലവിലുള്ള മണ്ണടി വെറ്ററിനറി ഡിസ്പെൻസറി വെറ്ററിനറി ആശുപത്രിയായി ഉയർത്തി ലാബോറട്ടറി സൗകര്യങ്ങളും ടെലിഫോൺ ആവശ്യമായ ചികിത്സ ഉപാധികൾ മരുന്നുകൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുക. പ്രതിരോധ മരുന്നുകളുടെ ലഭ്യത വർദ്ധിപ്പിക്കുകയും മൃഗാശുപത്രി ചുറ്റു മതിൽ കെട്ടി സംരക്ഷിക്കുകയും ചെയ്യുക.

## നടപ്പാക്കിയ പദ്ധതിയുടെ അവലോകനം

1. കന്നുകുട്ടി പരിപാലന പദ്ധതി

ഈ പദ്ധതിയിൽ 204 പശുക്കുട്ടികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രയോജനം വളരെ കുറച്ചു കർഷക കുടുംബങ്ങൾക്കു മാത്രമേ ലഭിച്ചിട്ടുള്ളൂ.

2. പേവിഷ നിർമ്മാർജ്ജന പദ്ധതി.

വാക്സിൻെറ ലഭ്യതക്കുറവ് മൂലം പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പേബാധിച്ച് അലഞ്ഞു തിരിയുന്ന നായ്ക്കൾ വളർത്തുമൃഗങ്ങൾക്കും മനുഷ്യർക്കും രോഗം പരത്തുന്നു.

## രോഗവിവരങ്ങൾ

### അനുബന്ധം 4

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് |
|---|---|---|---|---|---|---|---|---|
| 1 | ദഹന സംബന്ധമായവ Digestive Disorders | 1175 | | 185 | | | | |
| 2 | ശ്വാസകോശസംബന്ധം Respiratory Dises | 101 | | 28 | | | | |
| 3. | ഉപാപചയസംബന്ധം Metabolic Diseases | 32 | | 4 | | | | |
| 4. | ത്വക്ക് രോഗങ്ങൾ Skin Diseases | 97 | | | | | | |
| 5. | ധാതുലവണങ്ങളുടെ അഭാവം | 39 | | 2 | | | | |
| 6. | പരാദരോഗങ്ങൾ | 383 | | 50 | | | 152 | |
| 7. | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 248 | | 28 | | | | |
| 8. | വന്ധ്യത | 74 | | 2 | | | | |
| 9. | അകിടു വീക്കം | 56 | | 14 | | | | |
| 10. | മുടന്തൻ പനി | 44 | | | | | | |
| 11. | പകർച്ചവ്യാധികൾ | | | | | | | 1 |

## പേവിഷബാധ പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയവയുടെ എണ്ണം | | | | 125 | 1 | |
| കടിയേറ്റതിനു ശേഷം കുത്തിവെയ്പ്പ് നടത്തിയവയുടെ എണ്ണം | 2 | | 4 | | | |

സൗജന്യവാക്സിൻ ലഭ്യതക്കുറവ്, ബോധവൽക്കരണം, ഇല്ലായ്മ അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കാതിരിക്കുന്നത്വിദഗ്ദരുടെ ദൗർലഭ്യം എന്നിവ ഈ പദ്ധതിയെ പ്രതികൂലമായി ബാധിക്കുന്നു.

## ആടുവളർത്തൽ

1. മേൽത്തരം ആടുകളുടെ ലഭ്യതക്കുറവ്
2. തീറ്റച്ചെടികളുടെ ദൗർലഭ്യം എന്നിവ മൂലം ആടുവളർത്തൽ കുറഞ്ഞതിനാൽ മാംസത്തിൻെറ ഉല്പാദനവും ജനങ്ങളുടെ ഇതിൽനിന്നുള്ള വരുമാനവും കുറഞ്ഞിട്ടുണ്ട്.

## കോഴിവളർത്തൽ താറാവ് വളർത്തൽ

മേൽത്തരം ഗുണമേൻമയുള്ള കോഴിക്കുഞ്ഞുങ്ങളുടേയും, താറാവ് കുഞ്ഞുങ്ങളുടേയും ലഭ്യതക്കുറവ്. കാലാകാലങ്ങളിൽ ഉള്ള കോഴിവസന്തപോലുള്ള പകർച്ച വ്യധിക്കുള്ള പ്രതിരോധ കുത്തിവെയ്പ്പിനെപ്പറ്റികർഷകർക്കുള്ള അജ്ഞത, ജലാശയങ്ങളുടെ കുറവ് എന്നിവ താറാവ് കൃഷിയെ ദോഷകരമായി ബാധിക്കുന്നു.

## ഇറച്ചിക്കോഴി വളർത്തൽ

ഇറച്ചിക്കോഴി വളർത്തൽ പ്രതീക്ഷ ഉണർത്തുന്ന മേഖലയാണ്. ഈ പദ്ധതി പ്രകാരം 4 യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഉല്പാദന ചിലവിലെ വർദ്ധനവ് വിപണനത്തിനുണ്ടാകുന്ന അസൗകര്യം, അസംഘിടിതരായ കർഷകർ, സഹകരണ മേഖലയുടെ അഭാവം, അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ചകിരി കോഴിയുടെ ലഭ്യത എന്നിവ ഇതിനെ പ്രതികൂലമായി ബാധിക്കുന്നു.

## പ്രധാന പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിൽ ദിവസേന 15,000 ലി. പാൽ ഉല്പാദിപ്പിക്കുന്നു. ഇതിൽ 80 ശതമാനം സങ്കര ഇനം പശുക്കളിൽ നിന്നും ലഭിക്കുന്നതാണ്. ഇത് ചെറുകിട നാമമാത്ര കർഷകരുടെ വരുമാന മാർഗ്ഗമാണ്. ക്ഷീര വിപണനത്തിനുള്ള സൗകര്യക്കുറവ് ഇതിനെ ബാധിക്കുന്നു.
2. വർദ്ധിച്ച ഉല്പാദന ചിലവ്.
3. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്
4. കാലിത്തീറ്റയുടെ വിലക്കൂടുതൽ
5. കാലികളെ വളർത്തുന്നതിനു സാമ്പത്തിക സഹായം നൽകുന്നതിനുള്ള സാമ്പത്തിക സ്ഥാപനങ്ങളുടെ വിമുഖത
6. ഉല്പാദന രോഗങ്ങൾ ,വന്ധ്യത, അകിടുവീക്കം സാങ്കേതിക വിജ്ഞാനക്കുറവ്,പശുക്കറവ വിദഗ്ദരുടെ അപര്യാപ്തത.
7. അവിദഗ്ദധരുടെ അശാസ്ത്രീയമായ ചികിത്സ
8. പാലിൻെറ കൊഴുപ്പിലും SNF ലുമുള്ള കുറവുമൂലം വിപണന ത്തിനുള്ള ബുദ്ധിമുട്ടുകളും കർഷകർ നേരിടുന്ന പ്രശ്നങ്ങളും.

## സാദ്ധ്യതകൾ

1. കന്നുകുട്ടി പരിപാലനം വിപുലീകരിച്ചു പഞ്ചായത്തിലെ മുഴുവൻ കർഷകകുടുംബങ്ങൾക്കും

പ്രയോജനം ലഭ്യമാക്കുക. ഡയറിയൂണിറ്റുകൾ സ്ഥാപിക്കുക. പ്രവർത്തനക്ഷമമായ 3 ക്ഷീരോല്പാദക സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. പ്രവർത്തനം മുടങ്ങിക്കിടക്കുന്ന മണ്ണടി ക്ഷീരോല്പാദക സഹകരണസംഘം പ്രവർത്തന ക്ഷമമാക്കുക. പഞ്ചായത്തിലെ മുഴുവൻ പശുക്കളേയുംകന്നുകുട്ടികളേയും സമഗ്രഇൻഷ്വർ പദ്ധതിയിൽ ഉൾപ്പെടുത്തുക. നിലവിലുള്ള ക്ഷീരകർഷകർക്കു പശുവിനെ വാങ്ങുന്നതിനും കാലിത്തൊഴുത്തു നിർമ്മിക്കുന്നതിനും 1/3 സബ്സിഡിയോടുകൂടി വായ്പ ലഭ്യമാക്കുക.

2. സഹകരണ സംഘങ്ങൾ വഴി ഗുണമേൻമയുള്ള കാലിത്തീറ്റ വിതരണം ചെയ്യുക. 6 മാസം ഗർഭമുള്ള പശുക്കൾക്ക് പ്രസവം വരെ സൗജന്യ നിരക്കിൽ തീറ്റയും ധാതുലവണങ്ങളും ജീവകങ്ങളും നൽകുക.

3. പഞ്ചായത്ത് വക പുറം പോക്കു ഭൂമി തീറ്റപുൽ കൃഷിചെയ്യുന്നതിനു ക്ഷീരസഹകരണസംഘങ്ങളെ ഏൽപിക്കുക. എല്ലാ കുടുംബങ്ങൾക്കും സൗജന്യ നിരക്കിൽ പുൽവിത്തും പുൽക്കടയും വളങ്ങളും വിതരണം ചെയ്യുക. ഇടവിളയായി വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി ചെയ്യുന്നതിനു സാമ്പത്തിക സഹായം ചെയ്യുക.

a. പാടശേഖരങ്ങളിൽ ചോളം, വൻപയർ ഇവ ഇട വിളയായി ചെയ്യുന്നതിനു വിത്തുകളും വളങ്ങളും സൗജന്യനിരക്കിൽ കൊടുക്കുക.

b. പച്ചപ്പുല്ലു സംഭരിച്ചു വിതരണം ചെയ്യുന്നതിന് ക്ഷീരസംഘങ്ങൾക്കു ധനസഹായം ചെയ്യുക. സോഷ്യൽ ഫോറസ്ട്രി മുഖേന തീറ്റ വൃക്ഷങ്ങൾ നട്ടു വളർത്തുന്നതു വ്യാപകമാക്കുക.

4. കാലിത്തീറ്റക്ക് സബ്സിഡി അനുവദിക്കുക. സൗജന്യ വിലയക്ക് മുഴുവൻ കർഷകർക്കും കാലിത്തീറ്റ ലഭിക്കുന്നു എന്നുറപ്പു വരുത്തുക. കാലിത്തീറ്റയുടെ ഗുണ നിലവാരം നിർണ്ണയിക്കുന്നതിനു ജില്ലാതലത്തിൽ പരിശോധനക്കാരെ നിയമിക്കുക.

5. കാലികളെ വാങ്ങുന്നതിനും കാലിത്തൊഴുത്തു പണിയുന്നതിനും ഓരോ വാർഡിൽ 50,ക്ഷീരകർഷകർക്ക് വായ്പയും ധനസഹായവും അനുവദിക്കുക..

6. രോഗവിവരങ്ങൾ (അനുബന്ധം 4 കാണുക) രോഗങ്ങൾ, ഉല്പാദന രോഗങ്ങൾ, അകിടു വീക്കം, പകർച്ചവ്യാധികൾ എന്നിവ പാൽ ഉല്പാദനത്തെ ഗണ്യമായി കുറക്കുന്നതാണ്. അകിടു വീക്കം വരാതെ സൂക്ഷിക്കുന്നതിനു വേണ്ടി രോഗം വരുന്നതിനു മുൻപു തന്നെ കർഷകക്ക് മുൻകരുതൽ എടുക്കുന്നതിനുള്ള വിഞ്ജാനവും, അണു നശീകരണത്തിനുള്ള മരുന്നുകളും വിതരണം ചെയ്യുക. വന്ധ്യതാ നിവാരണത്തിനുള്ള പദ്ധതികൾ നടപ്പാക്കുക. പശുക്കറവയ്ക്കു കർഷകർക്കു പരിശീലനവും ധനസഹായവും നൽകുക.

### കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാണത്തിന് 2 ലധികം തവണ ബീജ സങ്കലനം വേണ്ടിവന്നത് |
|---|---|---|---|
| പശു | 4372 | 2307 | 272 |
| കിടാരി | 1139 | 959 | 248 |
| എരുമ | 6 | - | - |
| ആകെ | 5517 | 3266 | 520 |

7. കൃത്രിമ ബീജസങ്കലന പരിപാടി ഊർജ്ജിതമാക്കുകയും അവിദഗ്ധരുടെ അശാസ്ത്രീയമായ ചികിത്സാ സമ്പ്രദായം അവസാനിപ്പിക്കുകയും ചെയ്യുക.

8. ഇൻഡ്യാ ഗവൺമെൻറിൻെറ പാലിൻെറ ഗുണമേൻമാ നിർണ്ണയപ്രകാരം പാലിൽ 3.5 ൽ കൂടു

തൽ കൊഴുപ്പും 8.5 ൽ കുറയാതെ SNF ഉം ഉണ്ടായിരിക്കണം എന്നാണ് നിയമം അതിൽ കുറവുള്ള പാൽ മായം ചേർത്തതായി കണക്കാക്കി വിപണനം ചെയ്യുന്നത് കുറ്റകരമാണ്. എന്നാൽ കേരളാ ഗവൺമെന്റിൻെറ കന്നുകാലി പ്രജനന നയം മൂലം ഉണ്ടായ സങ്കര ഇനം ഭൂരിഭാഗം പശുക്കളിലും ലഭിക്കുന്ന പാലിൽ മേൽപ്പറഞ്ഞ കൊഴുപ്പോ SNF ഓ കാണുകയില്ല. ആയതിനാൽ ഇന്നത്തെ സ്ഥിതിയിൽ ഇൻഡ്യാഗവൺമെൻറിൻെറ ഗുണമേൻമാ നിയന്ത്രണം ഭേദഗതി ചെയ്ത് ക്ഷീരകർഷകരേയും ക്ഷീരസഹകരണ സംഘങ്ങളേയുംസഹായിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

## മാംസ ഉല്പാദനം.

കടമ്പനാടു പഞ്ചായത്തിൽ ശുദ്ധമായ മാംസം വിതരണം ചെയ്യുന്നതിനു ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ അറവു ശാലയോ മാംസ ഗുണ നില വാര നിർണ്ണയ സംവിധാനമോ ഇല്ല.

1. ആടിൻെറ വംശവർദ്ധനവിനുവേണ്ടി മേൽത്തരം ആൺ ആടുകളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
2. രണ്ടുവീതമുള്ള ആടുവളർത്തൽ യൂണിറ്റുകൾ ഓരോ വാർഡുകളിലും 100 വീതം വിതരണം ചെയ്യുക.
3. ഇറച്ചിഉല്പാദനം കൂട്ടുന്നതിനു വേണ്ടി,ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ തുടങ്ങുക.
4. കാളക്കുട്ടി പരിപാലന പദ്ധതി ഊർജ്ജിതമാക്കുക.
5. ആടുവളർത്തൽ യൂണിറ്റുകൾ തുടങ്ങുക.
6. മാംസ മത്സ്യസഹകരണ സംഘങ്ങൾ തുടങ്ങുക.
7. അറവു ശാലയും അനുബന്ധസൗകര്യങ്ങളും സജ്ജമാക്കുക.

## മുട്ടയുൽപ്പാദനം

വാണിജ്യാടിസ്ഥാനത്തിൽ കൂട്ടിലിട്ടുള്ള കോഴി വളർത്തൽ ലാഭകരമല്ല. അടുക്കള മുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്, പകർച്ച വ്യാധികൾ എന്നിവ മുട്ടയുല്പാദനത്തെ ദോഷകരമായി ബാധിക്കുന്നു.

## പരിഹാരങ്ങൾ

1. അഞ്ചു സങ്കരയിനം കോഴികൾ വീതമുള്ള 100 യൂണീറ്റുകൾ ഓരോ വാർഡിലും വിതരണം ചെയ്യുക.
2. സ്ക്കൂൾ പൗൾട്ടറി ക്ലബുകൾ മുഖേന കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.
3. എഗ്ഗർ നഴ്സറി യൂണീറ്റുകൾ തുടങ്ങുക.
4. പ്രതിരോധ കുത്തിവെയ്പുകൾ നടത്തുക. കോഴി വസന്തയ്ക്ക് എതിരേയുള്ള കുത്തിവെയ്പു വ്യാപകമാക്കുന്നതിനു പഞ്ചായത്തിലെ 2 വാക്സിനേറ്റർമാർക്ക് ട്രയിനിംഗ് നൽകുക.

## അനുബന്ധമേഖല

**ജൈവവളം.**

95% ജൈവവളവും കർഷകർക്ക് ഈ മേഖലയിൽ നിന്നാണ് ലഭിക്കുന്നത്

1. വർദ്ധിച്ച രാസവളത്തിൻെറ വിലയും മണ്ണിൻെറ ഗുണശോഷണവും ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ ഈ മേഖലയിൽ നിന്നും ലഭിക്കുന്ന,ജൈവവളം നഷ്ടപ്പെടാതെ പ്രയോജനപ്പെടുത്തുന്നതിനു വളക്കുഴി നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുക.

# ഊർജ്ജം

വൈദ്യുതിയുടേയും വിറകിൻേറയും പാചകവാതകത്തിൻേറയും ദൗർലഭ്യം കണക്കിലെടുത്തു ഗോബർ ഗ്യാസ് പദ്ധതികൾ വ്യാപിപ്പിക്കുന്നതിനു സാമ്പത്തിക സഹായം നൽകുക. ഗോബർ ഗ്യാസിൻെറ ഒരു വലിയ പ്ലാൻറു പഞ്ചായത്തിൽ സ്ഥാപിച്ച് വീടു

കൾക്ക് ഗ്യാസ് കണക്ഷനും ഗ്യാസ് വിളക്കുകളും സ്ഥാപിക്കാവുന്നതാണ്.

## പേവിഷ നിർമ്മാർജ്ജനം.

മാരകമായ പേ വിഷബാധ നിയന്ത്രിക്കുന്നതിനു പഞ്ചായത്തിൽ പേവിഷബാധയ്ക്കു എതിരേ കുത്തിവെയ്പും ലൈസൻസും നിർബന്ധമാക്കുക. ബാക്കിയുള്ള നായ്ക്കളെ പഞ്ചായത്തു ചുമതലയിൽ നശിപ്പിക്കുക. പേവിഷബാധയെക്കുറിച്ചു ജനങ്ങൾക്കു ബോധവൽക്കരണം നടത്തുക.

### സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി.

കന്നുകാലികളുടെ ആകസ്മിക മരണങ്ങൾ മൂലമുള്ള നഷ്ടങ്ങളിൽ നിന്നും കർഷകരെ സഹായിക്കുന്നതിനു സമഗ്ര കന്നുകാലി ഇൻഷ്വറൻസു പദ്ധതി പഞ്ചായത്തു തലത്തിൽ നടപ്പാക്കുക.

### വിജ്ഞാന വ്യാപനവും കർഷകർക്ക് അംഗീകാരവും.

1. ആധുനിക മൃഗ സംരക്ഷണ ഡയറി മേഖലയിലെ പ്രവണതകൾ സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി സെമിനാർ ക്യാമ്പുകൾ മുതലായവ സംഘടിപ്പിക്കുക.

2. ഈ ആസൂത്രണ മേഖലയിൽ പഞ്ചായത്തുതലങ്ങളിൽ മൃഗസംരക്ഷണം, ഡയറി, ഫിഷറീസ് മേഖലകളിൽ ഒരു സമിതി പഞ്ചായത്തു തലത്തിൽ രൂപീകരിക്കുക.

3. മേൽപ്പറഞ്ഞ പദ്ധതികളിൽ വനിതകൾക്ക് പ്രാമുഖ്യം നൽകി നടപ്പാക്കുന്നതിനു വനിതാ സഹകരണസംഘം , വനിതാ സമാജം എന്നിവ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

4. ക്ഷീര വികസന മേഖലയിലെ ശാസ്ത്ര സാങ്കേതിക, വിഞ്ജാന വ്യാപനത്തിനുള്ള അപര്യാപ്തത പരിഹരിക്കുന്നതിനും ക്ഷീരസഹകരണ സംഘങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഉല്പാദിപ്പിക്കുന്ന പാലിൻെറ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനും പഞ്ചായത്തു തലത്തിൽ ക്ഷീരവികസന ഓഫീസ് സ്ഥാപിക്കുക.

ഈ പഞ്ചായത്തിൽ ഈ മേഖലയിൽ കർഷകർക്കു താല്പര്യം ഉണ്ടാക്കുന്നതിന്, കഴിവുള്ള കർഷകരെ ആദരിക്കുകയും കർഷകർക്ക് അവാർഡുകൾ പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തുകയും ചെയ്യുക.

## മത്സ്യബന്ധനം.

1. പഞ്ചായത്തു കുളങ്ങളിലും മറ്റു ജലാശയങ്ങളിലും മത്സ്യം വളർത്തുന്നതിനു സാങ്കേതിക സാമ്പത്തിക സഹായം നൽകുക.
2. കടമ്പനാടു പഞ്ചായത്തിലെ മാർക്കറ്റുകളിൽ മാംസ മത്സ്യ സ്റ്റാളുകൾ സ്ഥാപിക്കുക.
3. മത്സ്യവ്യാപാരം നടത്തുന്ന തൊഴിലാളികൾക്കു സൈക്കിളും മറ്റും വാങ്ങുന്നതിനു ധനസഹായം നൽകുക.
4. മത്സ്യം ഉണക്കി സൂക്ഷിക്കുന്ന തൊഴിലാളികൾക്കു സാമ്പത്തിക സഹായം നൽകുക..
5. പഞ്ചായത്തു കുളങ്ങളിലും ജലാശയങ്ങളിലും മറ്റുംമത്സ്യം വളർത്തുന്നതിനു മേൽത്തരം മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക.
6. ചെമ്മീൻ കൃഷി നടത്തുന്നതിനു സാങ്കേതിക സാമ്പത്തിക സഹായം നൽകുക.
7. പഞ്ചായത്തു സ്ഥലത്ത് ഉല്പാദിപ്പിക്കുന്നതും, പുറത്തുനിന്നും വാങ്ങുന്നതും ആയ മത്സ്യം മാംസം, മുട്ട എന്നിവ സൂക്ഷിക്കുന്നതിനും വിൽക്കുന്നതിനും സഹകരണ മേഖലയിൽ ഫ്രീസർ യൂണിറ്റുകൾ തുടങ്ങുക.
8. മത്സ്യത്തൊഴിലാളി സഹകരണസംഘം തുടങ്ങുക.

## പൊതുനിർദ്ദേശങ്ങൾ

1. മണ്ണടി മൃഗാശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ആവശ്യമായ സബ്സെൻററുകൾ തുടങ്ങുകയും ചെയ്യുക.
2. ക്ഷീരോല്പാദന സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
3. കാലിത്തീറ്റ, പുല്ല് എന്നിവ സൗജന്യ നിരക്കിൽ ലഭ്യമാക്കുക..
4. പശുവിനെ വാങ്ങുന്നതിനു സബ്സിഡി നൽകുക.
5. കന്നുകുട്ടി പരിപാലന പരിപാടി വ്യാപകമാക്കുക.
6. സമഗ്ര കന്നുകാലി ഇൻഷ്വർ പദ്ധതി ഏർപ്പെടുത്തുക.
7. പുറമ്പോക്ക് ഭൂമിയിൽ പുൽകൃഷി ചെയ്യുക.
8. പകർച്ച വ്യാധികൾ തടയുക, കന്നുകാലി രോഗങ്ങളെക്കുറിച്ചു കർഷകർക്കു വിജ്ഞാനം നൽകുക.
9. കൃത്രിമ ബീജസങ്കലന പരിപാടി ഊർജ്ജിതമാക്കുക.
10. ഇൻഡ്യാഗവൺമെൻെറിൻെറ പാൽഗുണ മേന്മാ നിയന്ത്രണ നിയമം ഭേദഗതി ചെയ്യുക.
11. ആൺ ആടുകളെ വിതരണം ചെയ്യുക
12. ആട്, കോഴി എന്നിവയെ വാർഡിൽ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
13. കാളക്കുട്ടി പരിപാലന പരിപാടി ഊർജ്ജിതമാക്കുക.
14. അറവുശാലയും അനുബന്ധ സജ്ജികരണവും.
15. കോഴിവളർത്തൽ യൂണീറ്റുകൾ വാർഡിൽ വിതരണം ചെയ്യുക.
16. സ്ക്കൂൾപൗൾട്ടറി ക്ലബുകൾ ഉണ്ടാക്കുക.
17. എഗ്ഗർ നഴ്സറി യൂണീറ്റുകൾ തുടങ്ങുക
18. പ്രതിരോധ കുത്തിവെയ്പുകൾ നടത്തുക
19. ജൈവവളം പ്രോത്സാഹിപ്പിക്കുക.

20 ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.

21 പേവിഷബാധ നിർമ്മാർജ്ജനം

22. കർഷക പരിശീലനം
23. സമഗ്ര ഇൻഷ്വറൻസ് (മാസ്റ്റർ പോളിസി)
24. വന്ധ്യതാ നിവാരണം.
25. മൃഗസംരക്ഷണ മേഖലയിലെ കർഷരുടെ അംഗികാരം
26. മത്സ്യം വളർത്തുന്നതിനു് സാമ്പത്തിക സഹായം നൽകുക.
27. മാംസമത്സ്യ സ്റ്റാളുകൾ നിർമ്മിക്കുക.
28. മത്സ്യത്തൊഴിലാളികൾക്കു ധനസഹായം നൽകുക.
29. മേൽത്തരം മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക.

30 മത്സ്യത്തൊഴിലാളി സഹകരണ സംഘം തുടങ്ങുക.





## 5.3

# വ്യവസായം



മലയോരജില്ലയായ പത്തനംതിട്ടയുടെ തെക്കേഅറ്റത്ത് സ്ഥിതിചെയ്യുന്ന ഗ്രാമീണ നാടാണ് കടമ്പനാട്. മണ്ണടിക്ക് തിലകക്കുറിയായി മുഹമ്മദീയ ദേവാലയം കിഴക്കേയറ്റത്തും തൊട്ടടുത്തായി പഴയ കാവു ക്ഷേത്രവും ഇന്ത്യൻ ക്രൈസ്തവ ചരിത്രത്തിന്റെ ആരംഭംകുറിക്കുന്ന സെന്റ് തോമസ് കത്തീഡ്രൽ പടിഞ്ഞാറുമായി സ്ഥിതിചെയ്യുന്നു. ഇതിനുള്ളിൽ ഒരമ്മ പെറ്റ മക്കളെപോലെ നാനാജാതി മതസ്ഥരും കൈകോർത്തു കഴിയുന്നു. നേട്ടങ്ങളും കോട്ടങ്ങളും ഇവർ പങ്കുവെച്ചനുഭവിക്കുന്നു. ഇവർ നേടിയെടുത്ത കടമ്പനാടിന്റെ വ്യവസായിക മേഖല വേണ്ടത്ര തിളക്കമുള്ളതല്ല.

പത്തനംതിട്ട ജില്ല നിലവിൽവരുന്നതിനു മുൻപ് കൊല്ലം ജില്ലയുടെ ഏകദേശ മദ്ധ്യഭാഗത്തായി കടമ്പനാട് സ്ഥിതിചെയ്തിരുന്നു. മലയോരജില്ലയുടെ രൂപീകരണത്തോടുകൂടി കടമ്പനാട് പത്തനംതിട്ട ജില്ലയുടെ തെക്കേ അറ്റത്തായി. ഇത് കടമ്പനാടിന്റെ വികസനത്തെ സാരമായി ബാധിച്ചു. പുതിയ ജില്ലാ രൂപീകരണത്തോടുകൂടി കടമ്പനാടിന് മിച്ചമുണ്ടായത് നഷ്ടപ്പെടലുകളുടെ കണക്കുകളാണ്

ഈ നഷ്ടപ്പെടലുകളിൽ കടമ്പനാടിന്റെ വ്യവസായിക രംഗവും ഉൾപ്പെടുന്നു. ഈ പ്രദേശത്തുനിന്നും മാറ്റപ്പെട്ട സ്ഥാപനങ്ങൾ ഇതിനു തെളിവാണ്. വികസനത്തിൻെറ ഒരു വീണ്ടെടുപ്പ് നടത്തുവാൻ കടമ്പനാടിന് ഇതുവരെയും കഴിഞ്ഞില്ല എന്നാൽ കാലഘട്ടത്തോടൊപ്പം ഉയർന്നു നിൽക്കുവാൻ നാം വളരെ മുന്നേറേണ്ടിയിരിക്കുന്നു വ്യവസായികമായും.

മുൻകാലങ്ങളിൽ:

നാണ്യ വിളകളായ കുരുമുളകും കശുവണ്ടിയും വളരെയധികം. കശുവണ്ടി സംസ്ക്കരണത്തിനായി ഫാക്ടറികളും. വിപണന സൗകര്യത്തിനായി സംസ്ഥാനത്തെ എണ്ണപ്പെട്ട മാർക്കറ്റുകളിലൊന്നായി "കടമ്പനാട് ഗോവിന്ദപുരം പബ്ളിക്ക് മാർക്കറ്റും "ഈ കാലം കർഷകൻെറ മുന്നേറ്റകാലമായിരിന്നു. നാടൻ വ്യവസായികളുടെ ആതിഥേയ ഗ്രാമമായിരുന്നു കടമ്പനാട് പായ്നെയ്ത്ത്, കയർ നിർമ്മാണം, തറിഉപയോഗിച്ചുള്ള വസ്ത്ര നിർമ്മാണം, കളിമൺ പാത്രനിർമ്മാണം ഇവയെല്ലാം കുടിൽ വ്യവസായങ്ങളായി കടമ്പനാട് ഉണ്ടായിരുന്നു. ഇപ്പോൾ കുന്നത്തൂർ പഞ്ചായത്തിലുൾപ്പെടുന്ന ചില പ്രദേശങ്ങൾ മുൻ കാലത്ത് കടമ്പനാട് പഞ്ചായത്തിലായിരുന്നു. ഈ ഭാഗങ്ങളിൽ ഈറ്റ വ്യവസായവും ഈറ്റ കൊണ്ടുള്ള ഉൽപന്നങ്ങളും ധാരാളമായി ഉണ്ടായിരുന്നു. ഈ മേഖലകളിലെല്ലാം പുരുഷൻമാരേക്കാൾ അധികമായി സ്ത്രീകൾ തൊഴിലവസരങ്ങൾ കണ്ടെത്തിയിരുന്നു. നാട്ടിലുണ്ടായിരുന്ന അസംസ്കൃത സാധനങ്ങൾ ഉൽപന്നങ്ങളാക്കുന്നതിൽ ഇവിടുത്തെ മുൻതലമുറക്കാർ ശ്രദ്ധാലുക്കളായിരുന്നു. ഇതിൻെറ മകുടോദാഹരണമാണ് ഇപ്പോഴും നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന കാട്ടുവള്ളികൾ കൊണ്ടുള്ള വള്ളിക്കൊട്ട, കയ്യാലക്കൊട്ട തുടങ്ങിയവ ഇവകൾക്കുള്ള മൂലധനം ലഭിച്ചിരുന്നത് നാട്ടിൻ പുറത്തെ പ്രമാണിമാരിൽ നിന്നും പാട്ടം, ഒറ്റി, തുടങ്ങിയ നാടൻ സാമ്പത്തിക പ്രമാണത്തിലൂടെ ഒരു നാടൻ വ്യവസായി കേന്ദ്രത്തിൻെറ എല്ലാ താളമേളങ്ങളോടും കൂടി കടമ്പനാട് നിലനിന്നിരുന്നു.

നടപ്പുകാലത്ത് :

കുരുൽമുളകും കശുവണ്ടിയും പേരിനുമാത്രമായി. നിലവിലുള്ള കശുവണ്ടി ഫാക്ടറികൾക്ക് നിലനിൽക്കുവാൻ മറ്റു സ്ഥലങ്ങളിൽ നിന്നും കശുവണ്ടി ഇറക്കുമതി ചെയ്യേണ്ടിവന്നു. കുരുമുളകിൻെറയും കശുവണ്ടിയുടെയും അടയക്കയുടേയും സ്ഥാനം റബ്ബർ കരസ്ഥമാക്കി. എന്നാൽ റബ്ബറാധിഷ്ഠിതമായ ഒരു വ്യവസായം പോലും കടമ്പനാട് ഗ്രാമപഞ്ചായത്തിലില്ല. വ്യവസായിക ഉൽപന്നങ്ങളുടെ വിപണനകേന്ദ്രമായിരുന്ന കടമ്പനാട് ഗോവിന്ദപുരം മാർക്കറ്റ് നശിച്ചു കൊണ്ടിരിക്കുന്നു. കുടിൽ വ്യവസായങ്ങൾ എല്ലാം നിലച്ചിരിക്കുന്നു. കടമ്പനാട് ബാങ്കിംഗ് വളരെയധികം ഉയർന്ന നിലവാരത്തിലാണങ്കിലും പുതിയ വ്യവസായിക സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിൽ ബാങ്ക് അധികൃതർ വൈമുഖ്യം കാട്ടുന്നു. തൻമൂലം വ്യവസായിക രംഗത്തേക്ക് കടന്നുവരുവാൻ വ്യവസായ സംരംഭകർ മടിച്ചു നിൽക്കുന്നു. വ്യവസായങ്ങൾ ആരംഭിക്കുന്നതിനു വേണ്ടി നിർദ്ദേശങ്ങളും ക്രമീകരണങ്ങളും നമ്മുടെ സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്നുണ്ടാകുമ്പോൾ, മറുവശമായി ഉണ്ടായ വ്യവസായങ്ങൾക്ക് നാശം സംഭവിക്കുന്ന ഒരുനയവും അനുഭവത്തിൽ ഉണ്ടാകാറുണ്ട്. ഈ ദോഷകരമായ നയമാണ് പുതിയ വ്യവസായ യൂണീറ്റുകളെ നാശത്തിലെത്തിക്കുന്നതും.

പട്ടിക -1

**ഇപ്പോൾ നിലവിലുള്ള വ്യവസായങ്ങൾ**

| നമ്പർ | ഇനവിവരം | വ്യവസായ സ്ഥാപനം | തൊഴിലാളികൾ | |
|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീകൾ |
| 1. | നാളികേര വ്യവസായം | 4 | 15 | 3 |
| 2. | തടി | 5 | 24 | |
| 3. | എഞ്ചിനിയറിംഗ് | 8 | 30 | |
| 4. | കശുവണ്ടി | 3 | 80 | 1200 |
| 5. | ഇഷ്ടിക | 13 | 95 | 160 |
| 6. | നെയ്ത്ത് | 3 | 19 | 80 |
| 7. | പ്രിന്റിംഗ് | 8 | 20 | 20 |
| 8. | സോപ്പ് | 1 | 12 | 3 |
| 9. | റൈസ്, ഓയിൽ & ഫ്ലവർ മിൽ | 9 | 13 | 1 |
| 10. | മൊസൈക്ക് ടൈൽസ് ഹോളോ ബ്ലോക്ക് | 2 | 10 | 5 |
| 11. | മറ്റുള്ളവ | 17 | 18 | 7 |
| | ആകെ | 69 | 336 | 1419 |

പട്ടിക -2

| പഞ്ചായത്ത് ലൈസൻസ് | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| പി. എഫ്. എ | 186 |
| ഡി. ആൻറ്. ഒ | 301 |
| ചെറുകിട വ്യാപാരശാലകൾ (ലൈസൻസില്ലാത്തത്) | 280 |

**വ്യവസായ മുന്നേറ്റത്തിനുള്ള പ്രശ്നങ്ങൾ:**

1. വ്യവസായ സാദ്ധ്യതകളെക്കുറിച്ചുള്ള അജ്ഞത.
2. വ്യവസായിക മൂലധനം.
3. വിപണന സൗകര്യം.
4. വൈദ്യുതിയുടെ അപര്യാപ്തത.
5. ആരംഭിക്കപ്പെട്ട വ്യവസായങ്ങളെ തളർത്തുന്ന നയങ്ങളും നിയമങ്ങളും
   വ്യവസായവകുപ്പ്, തൊഴിൽ വകുപ്പ്, വില്പന നികുതി, ഇൻകംടാക്സ്- ഇവയുടെ നയങ്ങൾ.

**നിർദ്ദേശങ്ങൾ:**

1. കശുവണ്ടി ഉല്പാദനം വർദ്ധിപ്പിച്ച് ഇപ്പോഴുള്ള തൊഴിലവസരങ്ങൾ നിലനിർത്തുക.
2. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുക.
3. വ്യവസായ സംരംഭകരെ ഏകോപിപ്പിച്ച് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് രൂപീകരിക്കുക.
4. കൊപ്ര സംഭരണ - സംസ്ക്കരണശാല നിർമ്മിക്കുക.
5. ഖാദികേന്ദ്രത്തിൻെറ യൂണിറ്റുകൾ ആരംഭിക്കുക.
6. വ്യവസായിക സാദ്ധ്യതകളെക്കുറിച്ച് ബോധവൽക്കരണം.
7. മൂലധനം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ പൊതുമേഖല ബാങ്കുകൾ മുഖേന ലഭ്യമാക്കുക.
8. വ്യവസായങ്ങൾ സുഗമമായി നടത്തുന്നതിനുള്ള നയങ്ങൾ നടപ്പിലാക്കണം.
9. വിപണനരംഗത്തെ മത്സരങ്ങൾ ഒഴിവാക്കുവാൻ ഉൽപാദകരുടെ സഹകരണ സംഘങ്ങൾ ഉണ്ടാക്കി ഷോറൂമുകളിലൂടെ വിൽപന നടത്തുക.
10. സഹകരണാടിസ്ഥനത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

**ആരംഭിക്കാവുന്ന വ്യവസായങ്ങൾ**

1. വയർ കട്ട് ബ്രിക്ക്സ്.
2. റബ്ബർ ഉപയോഗിച്ചു കൊണ്ടുള്ള വ്യവസായം.
3. തടിപ്പണി യൂണിറ്റ്- യാന്ത്രികാടിസ്ഥാനത്തിൽ.
4. ഇലക്ട്രോണിക്ക് ഉപകരണങ്ങൾ.
5. സോപ്പു നിർമ്മാണം, സോപ്പുപൊടി നിർമ്മാണം.
6. സോഡാ, കോള.
7. കറിപൗഡർ
8. പാലും, പാലുൽപന്നങ്ങളും.
9. ചിരട്ട, തടി, ചകിരി, ഇവ കൊണ്ടുള്ള കരകൗശല വസ്തുക്കൾ.
10. കൂൺ വ്യവസായം.
11. കയർ ഉല്പാദനം.
12. തുകൽ നിർമ്മാണ സാമഗ്രികൾ.
13. റെഡിമെയ്ഡ് വസ്ത്രങ്ങൾ.
14. തീപ്പട്ടി.
15. സിറാമിക്ക് ഉൽപന്നങ്ങൾ.
16. അവൽ വ്യവസായം.

തൊഴിൽ പരിശീലനം മുതൽ, സാധന

സാമഗ്രികൾ നിർമ്മിച്ച് വിപണനം വരെ സാധ്യമാകുന്ന ഒരു യൂണിറ്റ് ആരംഭിക്കാം. ഇതിലേക്ക് മുകളിൽ പറഞ്ഞിട്ടുള്ള വ്യവസായങ്ങളിൽ പലതും ഒന്നിച്ചു ചേർത്ത് ആരംഭിക്കാവുന്നതാണ്.

## ടൂറിസം

ടൂറിസം ഒരു വ്യവസായമായി സർക്കാർ പ്രഖ്യാപിച്ചിരിക്കെ ഈ രംഗത്തും കടമ്പനാട് ഗ്രാമപഞ്ചായത്തിന് മതിയായ പ്രാധാന്യമുണ്ട്. മണ്ണടിപ്രദേശം ഇതിന് പറ്റിയ സാഹചര്യങ്ങളുമായി ഒത്തിണങ്ങിനിൽക്കുന്നു. ധീര ദേശാഭിമാനി വേലുത്തമ്പിയുടെ സ്മാരക നിർമ്മാണം പൂർത്തിയായി കഴിയുമ്പോൾ അനുകൂലമായ മറ്റ് സാഹചര്യങ്ങൾ കൂടി മുതലാക്കിയാൽ ടൂറിസംരംഗത്ത് കടമ്പനാട് ഗ്രാമപഞ്ചായത്ത് മുൻപന്തിയിലാകും.

വ്യവസായികാന്തരീക്ഷം വളരെ അനുകൂലമാണെങ്കിലും ഈ രംഗത്ത് പണം നിക്ഷേപിക്കുവാൻ ആളുകൾ മടിച്ച് നിൽക്കുന്നു. വ്യവസായ സംരംഭകരുടെ അടിസ്ഥാനപ്രശ്നങ്ങൾ മനസ്സിലാക്കി കൊണ്ട് അവർക്കുവേണ്ടുന്ന സഹായങ്ങൾ നൽകുവാൻ തക്കവണ്ണം നിയമം തയ്യാറായാൽ മാത്രമേ കടമ്പനാട് ഗ്രാമപഞ്ചായത്തിനും ഒപ്പം നമ്മുടെ സംസ്ഥാനത്തിനും ഒരു വ്യവസായിക മുന്നേറ്റത്തിന് തുടക്കം കുറിക്കുവാൻ സാധിക്കുകയുള്ളൂ.



# 5.4

# വിദ്യാഭ്യാസം

## വിദ്യാഭ്യാസം

### ആമുഖം



വിദേശമേധാവിത്വം ഇൻഡ്യയിൽ അടിച്ചേൽപ്പിച്ചവിദ്യാഭ്യാസ സമ്പ്രദായം സ്വതന്ത്ര ഭാരതവും വളരെക്കാലം പിന്തുടർന്നു. ഈ വിദ്യാഭ്യാസ രീതി ഭാരതജനതയുടെ അടിസ്ഥാനപ്രശ്നങ്ങൾക്ക് യാതൊരു വിധത്തിലും പരിഹാരം നൽകുന്നതല്ലെന്ന് ഭരണാധികാരികൾ മനസിലാക്കാൻ ഏറെക്കാലമെടുത്തു. വിദ്യാഭ്യാസ പരിഷ്ക്കരണത്തിന്റെ പേരിൽ നിരവധി കമ്മീഷനുകൾ നിയോഗിക്കപ്പെട്ടെങ്കിലും അവയുടെ നിർദ്ദേശങ്ങളുടെ മൂല്യനിർണ്ണയം നടത്താൻ തുനിഞ്ഞില്ലെന്ന് മാത്രമല്ല, കാതലായ പ്രശ്നങ്ങളോട് ഭരണാധികാരികൾ നിസംഗത പ്രകടിപ്പിക്കുകയും ചെയ്തു. ഇന്നുവരെയുള്ള പഞ്ചവത്സരപദ്ധതികളിൽ മറ്റുമേഖലകൾക്കു നൽകിയ ഊന്നലിൻെറ ഒരംശം പോലും വിദ്യാഭ്യാസ മേഖലക്കു കൊടുത്തില്ല എന്ന ദുഖസത്യം നിലനിൽക്കുന്നു. ദേശീയവിദ്യാഭ്യാസത്തിൻെറ നയവൈകല്യം

വിദ്യാഭ്യാസമേഖലയെ സ്വകാര്യ ഏജൻസിയുടെ വളർച്ചക്കും നിയന്ത്രണത്തിനും വിധേയമാക്കി, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽക്കൂടി മാത്രമേ നമ്മുടെ വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മക്കു പരിഹാരം കാണാൻ സാധിക്കും എന്ന് എല്ലാ വിദ്യാഭ്യാസ ചിന്തകരും ഒരുപോലെ സമ്മതിക്കുന്നുണ്ട്. ഈ സാഹചര്യത്തിലാണ് നാം ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണ ത്തെപ്പറ്റി ചിന്തിക്കുന്നത്.

നമ്മുടെ സംസ്ഥാന ഭരണാധികാരികൾ പിൻതുടർന്നനയവും മേൽപ്പറഞ്ഞതിൽ നിന്നും വിഭിന്നമല്ല. സാക്ഷരതയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപന്തിയിലാണെങ്കിലും, തൊഴിലില്ലായ്മയുടെ കാര്യത്തിൽ പരിഹാരം നേടാൻ നമുക്കു കഴിഞ്ഞിട്ടില്ല. ഇതിനു കാരണം കേരളത്തനിമയുള്ള തൊഴിലുകൾക്ക് പ്രധാന്യം കൊടുത്തു കൊണ്ടുള്ള സാങ്കേതിക വിദ്യാഭ്യാസം നൽകാൻ നമുക്ക് കഴിയാതെ പോയതാണ്. മാത്രമല്ല നിലവിലുള്ള സാങ്കേതിക സ്ഥാപനങ്ങളിലെ പഠിതാക്കൾക്ക് പ്രായോഗിക വിജ്ഞാനം നേടാനുള്ള സൗകര്യങ്ങൾ പരിമിതവുമാണ്. വിദ്യാഭ്യാസമേഖലയിൽ കാതലായ മാറ്റങ്ങൾ നടപ്പാക്കുന്നതിന് സ്വകാര്യ ഏജൻസികളുടെ അംഗീകാരം കൊണ്ടേ സാധിക്കു എന്ന സത്യം നിലനിൽക്കുന്നു. ഓരോ പ്രദേശത്തിൻെറയും പ്രത്യേക ഭൗതിക സാഹചര്യം കണക്കിലെടുത്ത്, സാങ്കേതിക വിദ്യാഭ്യാസത്തിൽ ഊന്നൽ നൽകുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായമായിരിക്കണം. ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ രൂപപ്പെടുത്തേണ്ടത് എന്നാണ് ഞങ്ങളുടെ അഭിപ്രായം.

## ചരിത്രം

അടൂർ താലൂക്കിൽ വിദ്യാഭ്യാസപരമായി ഏറ്റവും അഭിവൃദ്ധി നേടിയ പഞ്ചായത്താണ് കടമ്പനാട്. മണ്ണടി, തുവയൂർ, കടമ്പനാട് എന്നീ കരകൾ ഉൾക്കൊള്ളുന്ന ഈ പഞ്ചായത്തിൽ വ്യത്യസ്ത കാലഘട്ടത്തിലാണ് വിദ്യാലയങ്ങൾ ആരംഭിച്ചത്. മലയാളവർഷം 1071 - ൽ (AD1895) മണ്ണടി മുടിപ്പുരക്കു സമിപം വാക്കവഞ്ചിപ്പുഴ മഠം വകസ്ഥലത്ത് ആരംഭിച്ച പാഠശാലയാണ് ആദ്യത്തേ സ്ക്കുൾ. ഇതാണ് ഇപ്പോഴത്തേ മണ്ണടി എൽ.പി. ബി.എസ്. 1910 - ൽ തിരുവിതാംകൂർ ഗവൺമെൻറ് റസിഡൻൽഷ്യൽ ഇംഗ്ലിഷ്മീഡിയം സ്ക്കുൾ എന്ന പേരിൽ ദേശവാഴിയായിരുന്ന മണ്ണടി വാക്ക്വഞ്ചിപ്പുഴ മഠത്തിൽ ബ്രഹ്മശ്രീ ഇരവിതായരു പണ്ടാരത്തിലിൻെറ വക മാളിക മന്ദിരത്തിൽ ആരംഭിച്ച സ്ക്കൂളാണ് ആദ്യത്തേ ഇംഗ്ലിഷ് സ്ക്കുൾ. ഈ സ്ക്കുൾ ബ്രാഹ്മണ കുട്ടികൾക്കുള്ള വിദ്യാഭ്യാസത്തിനു വേണ്ടിമാത്രം അനുവദിച്ചതാണ്. 1922 - ൽ അന്നത്തേ സൗകര്യാർത്ഥം ഇത് കൊല്ലംജില്ലയിലെ കുളക്കടയിലേക്ക് മാറ്റുകയുണ്ടായി. 1910ന് ശേഷം ഗവൺമെന്റിൽ നിന്നും അനുവദിച്ച L.P സ്കൂളുകളാണ് കടമ്പനാട് L.P.S,തുവയൂർ L.P.S,ഇവ.

കൊല്ലവർഷം 1105 (AD 1930) ൽ കടമ്പനാട് പ്രവർത്തനമാരംഭിച്ച മലയാളം മിഡിൽ സ്കൂൾ 1111(1936)ൽ മലയാളം ഹൈസ്കൂളും ട്രെയിനിംഗ് സ്കൂളുമായി ഉയർന്നു. ഈ ഹൈസ്കൂളിൽ 1975 ൽ 3291 കുട്ടികൾ ഉണ്ടായിരുന്നത് കൊണ്ട് ബോയിസ് ഹൈസ്കൂൾ, ഗേൾസ് ഹൈസ്കൂൾ എന്ന് രണ്ടായിതിരിച്ച് പ്രവർത്തിച്ച് വരുന്നു. 1978 ൽ ട്രെയിനിംഗ് സ്കൂളിന് പകരം മണ്ണടി ഹൈസ്കൂൾ സ്ഥാപിതമാവുകയും ചെയ്തു. 1967-ൽ കടമ്പനാട് ഹൈസ്കൂൾ സമുച്ചയത്തിനോടനുബന്ധിച്ച് കടമ്പനാട് എയ്ഡഡ് L.P.S തുടങ്ങി. കടമ്പനാട് ഹൈസ്കൂൾ കുടുംബത്തിന്റെ സ്ഥാപനം കൊണ്ട് നാടിന് വെളിച്ചമേകിയത് പൊതുകാര്യപ്രസക്തനും ദീർഘദർശിയുമായിരുന്ന കളീലുവിളയിൽ K.R.കൃഷ്ണപിള്ളയാണെന്ന് പ്രത്യേകം രേഖപ്പെടുത്തുന്നു. 1105(A.D 1930)ൽ കടമ്പനാട് വടക്ക് പി. മുത്തുആചാരി എന്ന ഉദാരമതിയുടെ പരിശ്രമഫലമായി ആരംഭിച്ചതാണ് കടമ്പനാട് ലക്ഷ്മിവിലാസം LPS • 19-5- 1947 ൽ നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി പ്രസ്തുത സ്ക്കുൾ ഗവൺമെൻറിലേക്കു സറണ്ടർ ചെയതു. പിന്നീട് അനുവദിച്ച നെല്ലിമുകൾ

L.P.S, മണ്ണടി L.P.S എന്നിവ തുടർന്ന് മണ്ണടി വേലുത്തമ്പി മെമ്മോറിയൽ യു.പി.എസ്. തുവയൂർ എൻ.എസ്.എസ്. യു.പി.എസ്. കടമ്പനാട് സെന്റ് തോമസ് യു പി എസ്. എന്നിവയും ആരംഭിച്ചു. 1859 ൽ സെന്റ് തോമസ് സ്ക്കുൾ, ഹൈസ്കൂളായി ഉയർത്തി വെൽഫയർ ഡിപ്പാർട്ടുമെന്റ് ആരംഭിച്ചവയാണ്, തുവയൂർ W.L.P.S മണ്ണടികാല W.L.P.S ഇവ. തുടർന്നു മണ്ണടി E.A.L.P.S, തുവയൂർ M.S.C.L.P.S ഇവ സ്വകാര്യമേഖലയിൽ ആരംഭിച്ചു. അതിനുശേഷമാണ് ഇൻഫന്റ് ജീസസ് LPS തുവയൂർ എന്ന Recognised സ്ക്കുൾ തുടങ്ങിയത്. എട്ട് എൽ. പി. എസ് ഒഴിച്ചുള്ള വിദ്യാലയങ്ങൾ എല്ലാം സ്വകാര്യമേഖലയിലാണ്. 1994 ൽ മണ്ണടി ഹൈസ്ക്കുളിലും, 1995-ൽ കടമ്പനാട് K.R.K.P.M.B.H.S ലും വൊക്കേഷണൽ ഹയർസെക്കന്ററി തുടങ്ങി.

## പഞ്ചായത്തിലെ വിദ്യാലയങ്ങൾ

| | |
|---|---|
| അംഗൻവാടികൾ | 18 |
| പ്രീപ്രൈമറി സ്കൂൾ | 7 |
| സ്വകാര്യ നേഴ്സറികൾ | 4. |
| നിലത്തെഴുത്ത് കളരികൾ | 6 |
| എൽ.പി. സ്കൂളുകൾ | 12 |
| യു. പി. സകൂളുകൾ | 2 |
| ഹൈസ്കൂളുകൾ | 4 |
| വൊക്കേഷണൽ ഹയർസക്കന്ററി | 2 |
| പാരലൽ കോളേജ് | 7 |
| ടൈപ്പറൈറ്റിംഗ് സ്ഥാപനം | 5 |

## കടമ്പനാട് പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | അദ്ധ്യാപകരുടെ എണ്ണം | കുട്ടികളുടെ എണ്ണം | മാനേജ്മെന്റ് |
|---|---|---|---|---|
| | **പ്രൈമറി സ്കൂൾ - 12** | | | |
| 1 | എ.എൽ.പി.എസ്. കടമ്പനാട് | 12 | 453 | പ്രൈവറ്റ് എയ്ഡഡ് |
| 2 | എൽ.പി.എസ്. കടമ്പനാട് | 4 | 116 | ഗവൺമെന്റ് |
| 3 | എൽ.വി.എൽ.പി.എസ്. കടമ്പനാട് | 4 | 145 | " |
| 4 | എൽ.പി.എസ്. നെല്ലിമുകൾ | 4 | 110 | " |
| 5 | എൽ.പി.എസ്. തുവയൂർ | 5 | 127 | " |
| 6 | വെൽഫയർ എൽ.പി.എസ് തുവയൂർ | 4 | 69 | " |
| 7 | ഐ.ജെ.ഇ.എം.എൽ.പി.എസ്. തുവയൂർ | 15 | 440 | പ്രൈവറ്റ് Recognised |
| 8 | എം. എസ്. സി. എൽ. പി. എസ്. തുവയൂർ | 4 | 85 | " |
| 9 | ഇ. എ. എൽ. പി. എസ്. മണ്ണടി | 3 | 81 | " |
| 10 | എൽ.പി.ബി.എസ്.മണ്ണടി | 5 | 159 | ഗവ: |
| 11 | വെൽഫയർ എൽ. പി. എസ്. മണ്ണടി | 5 | 119 | " |
| 12 | എൽ.പി. ജി.എസ്. മണ്ണടി | 4 | 126 | " |

| | | | | |
|---|---|---|---|---|
| | **അപ്പർപ്രൈമറി - 2** | | | |
| 1 | വി. റ്റി. എം. യു. പി. എസ്. മണ്ണടി | 15 | 313 | പ്രൈവറ്റ് എയ്ഡഡ് |
| 2 | എൻ.എസ്.എസ്.യു.പി.എസ്. തുവയൂർ | 8 | 222 | " |
| | **ഹൈസ്കൂൾ - 4** | | | |
| 1 | കെ. ആർ. കെ. പി. എം. B.H.S കടമ്പനാട് | 47 | 1318 | " |
| 2 | സെന്റ്തോമസ് എച്ച്.എസ്. കടമ്പനാട് | 37 | 868 | " |
| 3 | ഗേൾസ് എച്ച്.എസ് കടമ്പനാട് | 43 | 1178 | " |
| 4 | എച്ച്. എസ്. മണ്ണടി | 21 | 385 | " |
| | **വൊക്കേഷണൽ ഹയർസെക്കന്ററി - 2** | | | |
| 1 | വി.എച്ച്. എസ്. എസ്. മണ്ണടി | 15 | 148 | " |
| 2 | കെ.ആർ.കെ.പി.എം.വി.എച്ച്.എസ്.എസ്. കടമ്പനാട് | 14 | 120 | " |

**സ്കൂൾ കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ**

**പട്ടിക 2 A**

| ക്ലാസ് | ആൺ | പെൺ | ആകെ | പട്ടികജാതി | | ആകെ |
|---|---|---|---|---|---|---|
| | | | | ആൺ | പെൺ | |
| I | 249 | 256 | 505 | 52 | 29 | 81 |
| II | 266 | 243 | 509 | 47 | 43 | 90 |
| III | 277 | 252 | 529 | 37 | 42 | 79 |
| IV | 283 | 247 | 530 | 49 | 35 | 84 |
| V | 296 | 285 | 581 | 82 | 74 | 156 |
| VI | 338 | 302 | 640 | 74 | 70 | 144 |
| VII | 297 | 227 | 524 | 44 | 53 | 97 |
| VIII | 419 | 336 | 755 | 166 | 116 | 282 |
| IX | 463 | 381 | 844 | 130 | 95 | 225 |
| X | 372 | 361 | 733 | 69 | 91 | 160 |
| XI | | | | | | |
| ആകെ | 3260 | 2890 | 6150 | 750 | 648 | 1398 |

**പട്ടിക 2.B**

**തോറ്റ് പടിക്കുന്നവർ - പഠനം നിർത്തിയവർ**

| തോറ്റ് പടിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയവർ ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| S.C./S.T | | | മറ്റുള്ളവർ | | | S.C./S.T | | | മറ്റുള്ളവർ | | | |
| B. | G. | T | B. | G. | T | B. | G. | T | B. | G. | T | 21 |
| 59 | 25 | 84 | 75 | 115 | 190 | 1 | 10 | 11 | - | 10 | 10 | |

**പട്ടിക 2C**

**അദ്ധ്യാപകർ**

| സ്കൂൾ | ആൺ | പെൺ | ആകെ |
|---|---|---|---|
| V.H.S.S | 14 | 15 | 29 |
| H.S.&.U.P.S. | 31 | 140 | 171 |
| L.P.S. | 11 | 59 | 70 |
| ആകെ | 56 | 214 | 270 |

**കടമ്പനാട് പഞ്ചായത്തിലെ ഹൈസ്കൂളുകളിലെ S.S.L.C വിജയശതമാനം**

| സ്കൂളിന്റെ പേര് | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| B.H.S.കടമ്പനാട് | 57.66 | 64.7 | 64.71 | 53.84 |
| H.S.മണ്ണടി | 65 | 60 | 65 | 67 |
| St.തോമസ് H.S. കടമ്പനാട് | 59.66 | 64.7 | 53.46 | 53.84 |
| G.H.S കടമ്പനാട് | 83 | 82 | 88 | 89% |

**പഞ്ചായത്തിലെ വായനശാലകൾ**

1. രവീന്ദ്രനാഥടാഗോർ ഗ്രന്ഥശാല & വായനശാല കടമ്പനാട്
2. കൈരളി ഗ്രന്ഥശാല & വായനശാല കടമ്പനാട് വടക്ക്
3. ജനതാ സ്പോർട്സ്ക്ലബ് & ലൈബ്രറി കടമ്പനാട് വടക്ക്
4. സത്യവാൻ സ്മാരക ഗ്രന്ഥശാല &വായനശാല തുവയൂർ തെക്ക്.
5. ശ്രീവിദ്യാ ഗ്രന്ഥശാല & വായനശാല മണ്ണടി
6. നെഹ്റു സ്മാരക ഗ്രന്ഥശാല & വായനശാലമണ്ണടി ദളവാ ജംഗ്ഷൻ
7. വേലുത്തമ്പി മെമ്മോറിയൽ ഗ്രന്ഥശാല & വായനശാല മണ്ണടി താഴത്ത്

## ഭൗതിക സൗകര്യങ്ങൾ

പഞ്ചായത്തിൽ 8 എൽ.പി. സ്കൂളുകൾ മാത്രമാണ് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നത് ബാക്കി 3 സ്വകാര്യ എൽ. പി. സ്കൂളുകൾ എയ്ഡഡും ഒരു L.P.S അംഗീകൃതവുമാണ്. മറ്റ് പല വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വകാര്യ ഏജൻസികൾ നടത്തുന്നുണ്ട് കടമ്പനാട് ഗേൾസ് ഹൈസ്കൂൾ, കടമ്പനാട് K.R.K.P.M ബോയിസ് സ്കൂൾ എന്നിവിടങ്ങളിൽ ഡിവിഷൻ കുറവുമൂലം ഗവൺമെന്റിൽ പോയ അദ്ധ്യാപകരെ ഡിപ്പാർട്ടുമെന്റിൽ നിന്നും തിരികെ വിളിക്കാത്തതു കൊണ്ട് യഥാക്രമം 3 ഉം 4 ഉം ഹൈസ്കൂൾ തസ്തികകളിൽ അദ്ധ്യാപകരില്ലാത്ത സ്ഥിതിയാണുള്ളത് ഹൈസ്കൂളുകൾക്കെല്ലാം കളിസ്ഥലങ്ങളുണ്ട്. യു.പി സ്കൂളുകൾക്ക് പരിമിതമായ കളിസ്ഥലമാണുള്ളത്. ഗവൺമെന്റ് മേഖലയിലുള്ള മിക്ക എൽ.പി. സ്കൂളുകളിലും ചുറ്റുമതിൽ കെട്ടുക, അറ്റകുറ്റപ്പണികൾചെയ്യുക, ഫർണിച്ചറുകൾ ആവശ്യത്തിന് നൽകുക, കുടിവെള്ളസൗകര്യങ്ങളുണ്ടാക്കുക, തുടങ്ങി പല ഭൗതിക സൗകര്യങ്ങളും നൽകേണ്ടതുണ്ട്. മൂത്രപ്പുരയും കക്കൂസും പല എൽ. പി. സ്കൂളുകൾക്കും ഉണ്ടാക്കേണ്ടിയിരിക്കുന്നു. പാചകപ്പുരയുടെ കുറവും പരിഹരിക്കേണ്ടിയിരിക്കുന്നു. മണ്ണടി W.L.P.S.ലെ താൽക്കാലിക ഷെഡ് മാറ്റി കെട്ടിടം നിർമ്മിക്കേണ്ടതാണ്. പി.ടി.എ. എല്ലാസ്കൂളുകളിലുമുണ്ട്. ക്ലാസ് പി.ടി.എ. മിക്ക സ്കൂളിലും തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. പൊതുവെ അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടുത്തുന്ന സമരങ്ങൾ ഒറ്റ സ്കൂളിലും ഇല്ല.

പാഠ്യേതര പ്രവർത്തനങ്ങൾ എല്ലാ സ്കൂളിലും ഉണ്ട്.

ജില്ലാതലത്തിൽ നടക്കുന്ന ശാസ്ത്രമേള, പ്രവൃത്തി പരിചയം, കലാമൽസരം കായിക മൽസരം എന്നിവയിൽ എല്ലാസ്കൂളുകളും പങ്കെടുക്കുന്നുണ്ട്. കായികകലാരംഗത്ത് മണ്ണടി V.T.M. U.P.S, ഗേൾസ് സ്കൂൾ കടമ്പനാട്, I.J.E.M എൽ.പി.എസ്. എന്നിവയുടെ സമീപകാല നേട്ടങ്ങൾ എടുത്ത് പറയേണ്ടതാണ്.

" കുട്ടികളിലും മുതിർന്നവരിലുമുള്ള
ശാരീരികവും ബുദ്ധിപരവും ആത്മീയവുമായ
ഏറ്റവും നല്ല ഭാവങ്ങളെ പുറത്തേക്ക്
കൊണ്ടുവരികയും വികസിപ്പിക്കുകയും
ചെയ്യുന്നതാണ് ശരിയായ വിദ്യാഭ്യാസം "

മഹാത്മാഗാന്ധി.

| ക്രമ നമ്പർ | സ്കൂൾ | ബെഞ്ച് | മതിൽ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | ലൈബ്രറി | ലാബ് | പഠന ഉപകരണം | റേഡിയോ | ടേപ്പ് | T.V. | ബ്ലാക്ക് ബോർഡ് | മാതൃസംഗമം PTA | പാചകപ്പുര |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | A.L.P.S.കടമ്പനാട് | ഉണ്ട്. | ഉണ്ട്. | 2 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | പരിമിതം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട്. | ഉണ്ട് | ഉണ്ട് |
| 2 | G.L.P.S.കടമ്പനാട് | പരിമിതം | ഉണ്ട്. | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട്. | ഉണ്ട് | ഇല്ല |
| 3 | L.V.L.P.S.കടമ്പനാട് | പരിമിതം | ഉണ്ട്. | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട്. | ഇല്ല | ഇല്ല |
| 4 | L.P.S.നെല്ലിമുകൾ | പരിമിതം | ഉണ്ട്. | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | പരിമിതം | ഉണ്ട് | ഇല്ല | ഇല്ല | പരിമിതം | ഉണ്ട് | ഉണ്ട് |
| 5 | G.L.P.S. തുവയൂർ | പരിമിതം | ഉണ്ട്. | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | പരിമിതം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | W.L.P.S.തുവയൂർ | പരിമിതം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | പരിമിതം | P.T.Aഉണ്ട് | ഇല്ല |
| 7 | J.E.M.E.L.P.S.തുവയൂർ | ഉണ്ട്. | ഉണ്ട്. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട്. | ഉണ്ട് | ഉണ്ട് |
| 8 | M.S.C.L.P.S.തുവയൂർ | ഉണ്ട്. | ഉണ്ട്. | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | പരിമിതം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട്. | ഉണ്ട് | ഉണ്ട് |
| 9 | E.A.L.P.S.തുവയൂർ | ഉണ്ട്. | ഉണ്ട്. | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | പരിമിതം | ഇല്ല | ഇല്ല | ഇല്ല | ഉണ്ട്. | ഉണ്ട് | ഉണ്ട് |
| 10 | L.P.S. മണ്ണടി | പരിമിതം | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | പരിമിതം | ഇല്ല | പരിമിതം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട്. | ഉണ്ട് | ഉണ്ട് |
| 11 | W.L.P.S.മണ്ണടി | പരിമിതം | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | പരിമിതം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട്. | ഉണ്ട് | ഉണ്ട് |
| 12 | L.P.G.S.മണ്ണടി | പരിമിതം | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | പരിമിതം | ഉണ്ട് | ഇല്ല | ഇല്ല | പരിമിതം | P.T.Aഉണ്ട് | ഉണ്ട് |
| 13 | V.T.M.U.P.S.മണ്ണടി | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഇല്ല | പരിമിതം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | P.T.Aഉണ്ട് | ഉണ്ട് |
| 14 | N.S.S. U.P.S.തുവയൂർ | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഇല്ല | ഉണ്ട് | ഉണ്ട് | പരിമിതം | ഇല്ല | പരിമിതം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | P.T.Aഉണ്ട് | ഉണ്ട് |
| 15 | K.R.P.M. B.H.S.കടമ്പനാട് | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | P.T.Aഉണ്ട് | ഉണ്ട് |
| 16 | St.Thoms.H.S കടമ്പനാട് | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | P.T.Aഉണ്ട് | ഉണ്ട് |
| 17 | Girls H.S. കടമ്പനാട് | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | P.T.Aഉണ്ട് | ഉണ്ട് |
| 18 | H.S.മണ്ണടി | ഉണ്ട്. | ഇല്ല | ഉണ്ട്. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | P.T.P.ഉണ്ട് | ഉണ്ട് |
| 19 | V.H.S.മണ്ണടി | ഉണ്ട്. | ഇല്ല | ഉണ്ട്. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | P.T.Aഉണ്ട് | ഉണ്ട് |
| 20 | K.R.P.M. V.H.S.കടമ്പനാട് | ഉണ്ട്. | ഇല്ല | ഉണ്ട്. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

OFFICE OF THE KADAMPANAD GRAMA PANCHAYAT

## ഗ്രാമസഭകളിലെ ചർച്ച സംഗ്രഹം

1 നിലത്തെഴുത്തുകളരികൾ ഏഴെണ്ണം ഉണ്ടെങ്കിലും അവിടെ പഠിക്കുന്ന കുട്ടികൾക്ക് ഒരു പരിഗണനയും കിട്ടുന്നില്ല.

2. എലഹ വാർഡിലും അംഗൻവാടികളുണ്ട്. പക്ഷെ പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, കളിസ്ഥലം, പാചകപ്പുര, മൂത്രപ്പുര, കക്കൂസ്, കുടിവെള്ളസൗകര്യം എന്നിവ ലഭിക്കുന്നില്ല.

3 തൊട്ടുമുൻപ് നടത്തിയ വാർഡ് വിഭജനത്തിലെ അപാകത മൂലം മൂന്ന്, ആറ്, എട്ട്, വാർഡുകളിലായിരുന്ന സ്കൂളുകൾ മറ്റു വാർഡുകളിലാക്കി. ഇപ്പോൾ ഈ വാർഡുകളിൽ എൽ.പി. സ്കൂളുകളില്ലെന്ന അവസ്ഥ 3,6,8 വാർഡുകൾ പൂർവ്വസ്ഥിതിയിലാക്കി പരിഹരിക്കേണ്ടതാണ്.

4. രണ്ട്, ഒൻപത്, പത്ത്, പതിനൊന്ന് വാർഡുകളിലെ L.Pസ്കൂളുകൾക്ക് ചുറ്റുമതിലില്ല. 9-ാം വാർഡിലെ WLPS കെട്ടിടം താൽക്കാലികഷെഡ് മാത്രമാണ്.

5. അഞ്ച്, ഒൻപത് പത്ത്, പതിനൊന്ന് വാർഡുകളിലെ LPSൽ പാചകപ്പുരയില്ല.

6. അടിസ്ഥാന സൗകര്യങ്ങൾ മിക്ക ഗവൺമെന്റ് സ്കൂളുകളിലുമില്ല.

7. നാല്, അഞ്ച്, ആറ്, പതിനൊന്ന്, വാർഡുകളിൽ വായനശാലകളില്ല.

8. തുടർ സാക്ഷരതാപ്രവർത്തനം സജീവമല്ല. തുവയൂർ മണ്ണടി ജനവിദ്യാകേന്ദ്രങ്ങൾ കാര്യക്ഷമമായിപ്രവർത്തിക്കുന്നില്ല.

9. സ്കൂൾ അച്ചടക്കം, വിനയനം എന്നിവ തൃപ്തികരമല്ല.

10. പഞ്ചായത്തിൽ കോളേജുപഠനസൗകര്യമില്ല. കുറഞ്ഞത് 15 കിലോമീറ്റർ സഞ്ചരിച്ചാലെ കോളേജുകളിൽ എത്താൻ സാധിക്കുകയുള്ളു.

11 പഞ്ചായത്തിൽ തൊഴിലധിഷ്ഠിതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല.

12. നാലാം വാർഡിൽ കാഞ്ഞിരത്തിൻ മൂട്ടിൽ ഒരു അംഗൻവാടി ഉണ്ടാകണം.

## പൊതുനിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ അംഗൻവാടികൾക്കും കെട്ടിടം, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം, പൂന്തോട്ടം, കളിപ്പാട്ടങ്ങൾ, കുടിവെള്ളം തുടങ്ങിയ എല്ലാ ഭൗതിക സൗകര്യങ്ങളും പ്രദാനം ചെയ്ത് മോഡൽ നേഴ്സറി സ്കൂളുകളായി ഉയർത്തുക.

2. ഗവൺമെന്റ് പ്രൈമറി സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങളായ ചുറ്റുമതിൽ, ബഞ്ച്, ബോർഡ്, മേശ, കളിസ്ഥലം പാചകപ്പുര, കക്കൂസ് മൂത്രപ്പുര, കുടിവെള്ള സൗകര്യം എന്നിവ ഉണ്ടാക്കുക.

3. പ്രൈമറി സ്കൂളുകളിലെ ക്ലാസ് മുറികൾ തട്ടികൾ വച്ചോ മുറികളായി കെട്ടിത്തിരിച്ചോ വേർപെടുത്തുക.

4. പഞ്ചായത്ത് അതിർത്തിയിലുള്ള U.P.സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ ഉയർത്താൻ നടപടി സ്വീകരിക്കണം.

5. അംഗൻവാടി, നേഴ്സറി എന്നിവയുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം അവയുടെ നിലവാരം മെച്ചപെടുത്തുന്നതിനാവശ്യമായ നിർദ്ദേശവും, നിയന്ത്രണവും ഉണ്ടാക്കണം.

6. പഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ച് ഗ്രന്ഥശാലയോട് കൂടിയ ഒരു വിജ്ഞാന കേന്ദ്രം ആരംഭിക്കണം. ഇത് കടമ്പനാട് പഞ്ചായത്തിനെ സംബന്ധിച്ച് ഒരു ഇൻഫർമേഷൻ സെന്റർ (Information centre) കൂടി ആയിരിക്കണം. നിലവിലുള്ള ഗ്രന്ഥശാലകളുടെ ശോച്യാവസ്ഥ പരിഹരിക്കുകയും, ഗ്രന്ഥശാല ഇല്ലാത്ത വാർഡുകളിൽ ആരംഭിക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കുകയും ചെയ്യണം.

7 പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കോളേജ് സ്ഥാപിക്കണം

8. സ്ഥലസൗകര്യമുള്ള കടമ്പനാട് L.P.S.ൽ ഒരു I.T.I തുടങ്ങുക.

9. കടമ്പനാട് പഞ്ചായത്തിൽ ഒരു ഗവൺമെന്റ് പോളിടെക്നിക്ക് ആരംഭിക്കുക.

10. ആറാം വാർഡിൽ പാണ്ടിമലപ്പുറത്ത് ഒരു തൊഴിൽ പരിശീലനകേന്ദ്രം തുടങ്ങുക.

11. പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ കംപ്യൂട്ടർ പഠനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.

12 തുവയൂർ, മണ്ണടി എന്നീപ്രദേശങ്ങളിൽ പ്രവർത്തിച്ച് വരുന്ന ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

## അക്കാദമിക് സൗകര്യങ്ങൾ

1. വിദ്യാർത്ഥികളിൽ സാക്ഷരതക്ക് ഊന്നൽ നൽകുന്ന രീതിയിൽ പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തണം. അതിന് മാതൃസംഗമം പോലുള്ള പരിപാടികൾ നടപ്പാക്കണം.

2. അംഗൻ വാടി സ്വകാര്യ നേഴ്സറി ഉൾപ്പെടെയുള്ള പ്രീ.സ്കൂൾ വിദ്യാഭ്യാസത്തിന് ഏകീകൃതമായ സിലബസും കരിക്കുലവും ഏർപ്പെടുത്തുക. ഈ. സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിർബ്ബന്ധമായും പരിശീലനം നൽകുക.

3. സ്കൂളിലെ പഠനനിലവാരവും, അച്ചടക്കവും മെച്ചപ്പെടുത്താൻ രക്ഷകർത്താക്കൾ, അദ്ധ്യാപകർ, പഞ്ചായത്ത്, മാനേജ്മെന്റ് എന്നീ നാലു ഘടകങ്ങളേയും ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കണം. അനാവശ്യമായ സമരങ്ങളും മറ്റും കൊണ്ട് സാദ്ധ്യായ ദിവസങ്ങൾ കുറയാതിരിക്കാൻ ഇതുമൂലം സഹായകരമാകും.

4. പുതിയതായി ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്ക് അംഗീകാരം നൽകാതിരിക്കുന്നതിന് സർക്കാർ ശ്രദ്ധിക്കണം.

5. പ്രൈമറി തലം മുതൽ മാതൃസംഗമം, ക്ലാസ് വാർP.T.A.സ്കൂൾ P.T.A. എന്നിവ സജീവമാക്കണം.

6. സാക്ഷരത തുടങ്ങിയ സ്കൂളിന് പുറത്തുള്ള പ്രവർത്തനങ്ങൾക്ക് അദ്ധ്യപകരുടെ സേവനം വിട്ടു കൊടുക്കുന്നത് പഠനനിലവാരം മോശമാകുന്നതിന് കാരണമാകും. അദ്ധ്യാപകരെ മറ്റുകാര്യങ്ങൾക്ക് വിനിയോഗിക്കാതെ അതാതു സ്കൂളുകളിൽ നിലനിർത്തണം.

7 അദ്ധ്യാപകർക്ക് റിഫ്രഷൻ കോഴ്സുകൾ തുടങ്ങിയ അക്കാഡമിക് പരിശീലനങ്ങൾ നൽകി വിദ്ധ്യാഭ്യാസപരമായ ഉണർവ്വുണ്ടാക്കണം.

8 സാക്ഷരതാ പ്രവർത്തനം തുടരുകയും, അതിന് വേണ്ടി തൊഴിൽ രഹിതരായ അഭ്യസ്ഥവിദ്യരേയും പ്രത്യേകിച്ച് (തൊഴിൽ രഹിത വേതനം പറ്റുന്നവരെ) സേവന സന്നദ്ധരായ റിട്ടയേഡ് അദ്ധ്യാപകരേയും ചുമതലപെടുത്തണം.

9 കൊഴിഞ്ഞു പോക്ക് (Drop out )ഒഴിവാക്കാൻ ആവശ്യമായ പഠന സഹായങ്ങൾ സാമ്പത്തികമായി അർഹരായവർക്ക് നൽകണം.

"മനുഷ്യനിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്ക്കരണമാണ് വിദ്യാഭ്യാസം"

സ്വാമിവിവേകാനന്ദൻ

## 5.5

# കുടിവെള്ളവും പൊതുജനാരോഗ്യവും

പരിസരശുചീകരണത്തിലും ശുദ്ധമായ കുടിവെള്ളം ശേഖരിക്കുന്നതിലും ഒരു ജനത എത്രത്തോളം ശ്രദ്ധ ചെലുത്തുന്നുവോ അത്രത്തോളം മെച്ചപ്പെട്ടതായിരിക്കും അവരുടെ ആരോഗ്യനിലവാരം. അഴുക്കു ചാലുകളോ ചേരിപ്രദേശങ്ങളോ അത്രയധികമില്ലാത്ത ഈ പഞ്ചായത്തിൽ ഫാക്ടറികളുടെ മലിനീകരണശല്യമോ ഒന്നും തന്നെയില്ല. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 89% ജനങ്ങളും കിണറുകളേയും 3% കുഴൽ കിണറുകളേയും 8% KWA യുടെ വാട്ടർ ടാപ്പുകളേയുമാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ ആകെ 4242 കിണറുകളുള്ളതിൽ വെള്ളമില്ലാത്തവ 590 ഉണ്ട്. 9.25 ച.കി.മീ. വിസ്തൃതിയുള്ള പഞ്ചായത്തിന്റെ 38.6%വും രൂക്ഷമായ ജലക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. KWA യുടെ രണ്ടു ജലവിതരണ പദ്ധതികൾ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. 105 പൊതുടാപ്പുകളും 58 ഹൗസ് കണക്ഷനുകളും ഉൾപ്പെടെ 163 വാട്ടർ ടാപ്പുകളുടെ പ്രയോജനം (പൂർണ്ണമല്ല) പഞ്ചായത്തിനു ലഭിക്കുന്നു. 13 കുഴൽകിണറുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഉണ്ടെങ്കിലും കാലപ്പഴക്കം കൊണ്ട് തുരുമ്പു പിടിച്ച് ഉപയോഗശൂന്യമായവയാണ് 4 എണ്ണവും പഞ്ചായത്തിലെ 41.2% പ്രദേശങ്ങളിലും ശുദ്ധജലക്ഷാമമനുഭവപ്പെടുന്നു.



## ശുദ്ധജലസ്രോതസ്സുകൾ

### പട്ടിക-1

| കിണറുകൾ | | | | കുഴൽ കിണറുകൾ | | മൊത്തം കിണറുകൾ |
|---|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യകിണറുകൾ | | ഉപയോഗയോഗ്യം | ഉപയോഗശൂന്യം | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്ത് | | | |
| 25 | 6 | 3627 | 584 | 9 | 4 | 4242 |

### പട്ടിക -2

## കുടിവെള്ളപ്രശ്നമേഖലകളും പരിഹാരനിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | പരിഹാരമാർഗ്ഗം |
|---|---|---|
| 1. | ചിറക്കോണത്ത്, ഇലവക്കാട്, 6-ാം മൈൽ, ആറാട്ടു ചിറ ഭാഗങ്ങൾ | നസ്രേത്തുനിന്നും ചിറക്കോണത്തേക്കും കൈപ്പകശ്ശേരിനിന്നും ഇലവക്കാട്ട് ഏലായിൽ വരെയും പൈപ്പ്ലൈൻ നീട്ടണം. 6-ാം മൈൽ മുതൽ ആറാട്ടുചിറ വരെയും പൈപ്പ് ലൈൻ നീട്ടണം. |
| II. | വാർഡിന്റെ വിവിധഭാഗങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്. | എല്ലാ പ്രദേശങ്ങളിലേക്കും പൈപ്പ് ലൈൻ വ്യാപിപ്പിച്ചും ഹൗസ് കണക്ഷനുകൾ വർദ്ധിപ്പിച്ചും പരിഹരിക്കാവുന്നതാണ്. |
| III | മോതിരച്ചുള്ളി, മറ്റെല്ലാ മേഖലകളും | മോതിരച്ചുള്ളി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കിയും എല്ലാ മേഖലകളി ലേക്കും പൈപ്പ് ലൈൻ നീട്ടിയും പ്രശ്നം പരിഹരിക്കാം. |
| IV. | കാട്ടുത്താംവിള, പുല്ലമ്പള്ളിൽ, പറമല, കരിങ്ങാട്ടിൽ ഭാഗം | കരിങ്ങാട്ടിൽ ഭാഗത്ത് കുഴൽകിണർ നിർമ്മിച്ചും കാട്ടുത്താംവിള, പുല്ലമ്പള്ളിൽ, പറമല എന്നീ പ്രദേശങ്ങളിൽ പൈപ്പ്ലൈൻ വ്യാപിപ്പിച്ചും ഹൗസ് കണക്ഷനുകൾ നൽകിയും. |
| V. | എല്ലാ പ്രദേശങ്ങളും | പൊതു കിണർ, കുഴൽകിണർ, വാട്ടർ ടാപ്പുകൾ ഇവ സ്ഥാപിച്ചും പ്രശ്നം ഹരിക്കാം. |

പരി

| | | |
|---|---|---|
| VI. | പാണ്ടി മലപ്പുറം, പാക്കിസ്ഥാൻ മുക്ക്, കിണറുവിള ലക്ഷം വീട് കോളനികൾ | കല്ലടയാറിന്റെ തീരത്ത് കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്ത്പാണ്ടി മലപ്പുറത്ത് സംഭരിച്ച് വിതരണം ചെയ്യുക. പുലിപ്പാറ വയലിൽ നിലവിലുള്ള കുളത്തോടുചേർന്ന് ഓപ്പൺ വെൽ നിർമ്മിച്ച് പമ്പിംഗ് സംവിധാനം ഏർപ്പെടുത്തണം. പാണ്ടിമലപ്പുറത്ത് നിലവിലുള്ള കുഴൽ കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യാം. |
| VII. | കീട്ടൂർകുന്ന്, ആലിന്റെ കുന്നുംപുറം ലക്ഷ്മിനട, അരയാലപ്പുറം, പനങ്ങോട്ടുകോളനി | പുലിപ്പാറ വയലിലെ ഓപ്പൺവെൽസംവിധാനം ഇവിടെയും പ്രയോജനപ്പെടും. അരയാലപ്പുറം പനങ്ങോട്ടു കോളനി പ്രദേശങ്ങളിൽ ഓപ്പൺ വെൽ നിർമ്മിക്കണം. |
| VIII. | മുണ്ടുചിറത്തോടിനു വടക്കുവശം മുതൽ കന്നിമല പ്രദേശം മുഴുവൻ | മുട്ടുവാതുക്കൽ വയലിൽ ഓപ്പൺവെൽ നിർമ്മിച്ച് അവിടെനിന്നും മുണ്ടുചിറത്തോടിനു വടക്കു കന്നിമലയിൽ ജലസംഭരണി സ്ഥാപിച്ച് പ്രശ്നം പരിഹരിക്കാം. |
| IX. | മുകളുവിള, കൊല്ലുവിള, തട്ടാരഴികത്ത്, ദളവാ ജംഗ്ഷൻ, (ഒരിടത്തും പൈപ്പ് ലൈൻ ഇല്ല) | പ്രധാനപ്പെട്ട വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പിലാക്കണം. |
| X. | ആവണം പാറ പ്രദേശം, നടുവിലേക്കര, നെല്ലിത്താനം, പനങ്കുന്നിക്കുറ്റി, മണ്ണടി കിഴക്കേ ക്ഷേത്രത്തിന് തെക്കുവശം | പനങ്കുന്നിക്കുറ്റിയിൽ താഴേ വയലിൽ ഒരു പൊതുകിണർ സ്ഥാപിച്ച് വെള്ളം പമ്പു ചെയ്തുവിതരണം നടത്തണം ശാസ്താം കോട്ട ശുദ്ധജലവിതരണ പദ്ധതിയുടെ പൈപ്പ് ലൈൻ ഈ വാർഡിലേക്കു വ്യാപിപ്പിക്കണം. നടുവിലേക്കര കുഴൽകിണറിൽ നിന്ന് വെള്ളം പമ്പു ചെയ്ത് വിതരണം നടത്തണം. |
| XI. | കോട്ടുശ്ശേരി ജംഗ്ഷൻ (വല്ല്യത്തു പടി) | പൊതുകിണറോ, കുഴൽ കിണറോ സ്ഥാപിക്കണം.പുലിപ്പാറ ഏലായിലെ നിർദ്ദിഷ്ട വാട്ടർ സപ്ലൈസ്കീം ഇവിടെ പ്രയോജനകരം. |

## പട്ടിക രണ്ടിന്റെ വിപുലീകരണം.

എല്ലാ വാർഡുകളിലും വർഷത്തിൽ 6 മാസം രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്. ഉയരം കൂടിയ പ്രദേശങ്ങളിലാണ് താരതമ്യേന ഈ രൂക്ഷിതാവസ്ഥ അധികമായുള്ളത്. കല്ലടയാറ്റിലെ മണൽവാരൽ സമീപസ്ഥ വാർഡുകളിലെ കിണറുകളിലെ ജലക്ഷാമത്തിന് കാരണമാകുന്നു. നിലവിലുള്ള പൊതുകിണറുകളും, സ്വകാര്യകിണറുകളും ഒന്നുകൂടി കുഴിക്കുകയും പൈപ്പ്ലൈൻ തകരാറിലായിട്ടുള്ളവ ശരിയാക്കുകയും ചെയ്താൽ കുടിവെള്ളക്ഷാമം 10%വരെ കുറയ്ക്കാൻ കഴിയും.

**വാർഡ് I:** എസ്റ്റിമേറ്റ് പൂർത്തിയായ നാടശാലിക്കൽ-താഴെതിൽപ്പടി പൈപ്പ്ലൈനും നസ്രേത്തു മുതൽ ചിറക്കോണത്തേക്കും കൈപ്പകശ്ശേരി നിന്നും ഇലവക്കാട്ടേക്കും പൈപ്പ് ലൈൻ സ്ഥാപിക്കുകയും നാടശാലിക്കൽ നിന്ന് ഒറ്റതെങ്ങിന്റെ ജംഗ്ഷൻ വരെ പൈപ്പ് ലൈൻ മെയിന്റനൻസ് ചെയ്യുകയും ചെയ്താൽ കുടിവെള്ളക്ഷാമം ഇവിടെ പരിഹരിക്കാവുന്നതാണ്.

**വാർഡ് II:** ചുമടുതാങ്ങി ജംഗ്ഷൻ വരെയുള്ള പൈപ്പ് ലൈൻ കൊച്ചുകുന്നു ജംഗ്ഷൻ വഴി ഗണേശവിലാസത്തേക്കു നീട്ടിയും ചുമടുതാങ്ങി മുതൽ തോയിപ്പാട്ടുവരെ പൈപ്പുലൈൻ സ്ഥാപിച്ചും കുഴികാല മുതൽ കുറിച്ചിക്കാനം വരെയുള്ള പൈപ്പ്ലൈൻ റിപ്പയർ ചെയ്തും പ്രശ്നം പരിഹരിക്കാവുന്നതാണ്.

**വാർഡ് III:** മോതിരമ്പുള്ളിമലയിൽ വാട്ടർ ടാങ്കു നിർമ്മാണം പൂർത്തീകരിച്ച് ഈ വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം. പൈപ്പ്ലൈൻ കുഴൽ കിണർ എന്നിവ ആവശ്യമാണ്.

**വാർഡ് IV:** പുല്ലമ്പള്ളി ജംഗ്ഷനിൽ നിന്നു പറമലവരെയും, കാട്ടുത്താംവിള ജംഗ്ഷൻ വരെയും ഉള്ള പൈപ്പ് ലൈനിന്റെ കണക്ഷൻ തുവയൂർ ജംഗ്ഷനിൽ നിന്നും തെക്കോട്ട് നീട്ടി യോജിപ്പിക്കുക. പൈപ്പ് ലൈനിൽ നിന്നും ഹൗസ്കണക്ഷൻ കൊടുത്താൽ ജലക്ഷാമം കുറെ പരിഹരിക്കാം. കൂടാതെ കാട്ടുത്താംവിള ജംഗ്ഷനിൽ കുഴൽ കിണർ കുഴിക്കുക.

**വാർഡ് V:** ജയൻ മെമ്മോറിയൽ ആശുപത്രി മുതൽ തുവയൂർ സെൻറ് മേരീസ് പള്ളിയുടെ കിഴക്കുവശത്തുള്ള റോഡു വഴിയും നാലാംമൈൽ മുതൽ മാവേലിക്കോണത്ത് വഴിയും പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാം.

**വാർഡ് VI:** പുലിപ്പാറ വയലിൽ നിലവിലുള്ള കുളത്തിനുസമീപം ഓപ്പൺവെൽ നിർമ്മിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച്, പാണ്ടിമലപ്പുറത്ത് സംഭരിച്ച് വെള്ളം അവിടേക്ക് പമ്പ് ചെയ്ത് ആറാം വാർഡിലേക്കും, ഓപ്പൺ വെല്ലിൽ നിന്ന് നേരിട്ട് പമ്പ് ചെയ്തും 7,11 വാർഡുകളുടെ ചില പ്രദേശങ്ങളിലേക്കും ജലവിതരണം നടത്താവുന്നതാണ്. കല്ലടയാറിന്റെ തീരത്ത് കിണർകുഴിച്ച്, പാണ്ടി മലപ്പുറത്ത് സംഭരണി സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്തും, പാണ്ടി മലപ്പുറത്തു നിലവിലുള്ള കുഴൽ കിണറിൽ നിന്നും വെള്ളം പമ്പുചെയ്തും,ജലവിതരണം നടത്താവുന്നതും ക്ഷാമം പരിഹരിക്കാവുന്നതുമാണ്.

**വാർഡ് VII:** കീട്ടൂർ കുന്ന്, വിളയിൽ പടി മുതൽ പാറപ്പാട്ടുപടി വരെയും ആലിന്റെ കുന്നുമ്പുറം, വാഴുവേലിൽപടി-പാറപ്പാട്ടു പടി വഴിയും, റീത്തുപള്ളി- കാവും കുറ്റിക്കാട്, സെന്റെ ആൻഡ്രൂസ് പള്ളി -മൈലാടിക്കൽ, എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ലക്ഷ്മീനട, കൊട്ടാരത്തിൽ കോളനി, അരയാലപ്പുറം, പനങ്ങോട്ടു കോളനി എന്നിവിടങ്ങളിൽ പൊതുകിണർ കുഴിച്ചും പ്രശ്നം പരിഹരിക്കാവുന്നതാണ്. പുലിപ്പാറ പദ്ധതി ഇവിടെയും പ്രയോജനകരം.

**വാർഡ് VIII:** മുട്ടുവാതുക്കൽ വയലിൽ ഓപ്പൺ വെൽ നിർമ്മിച്ച് അവിടെ നിന്നും മുണ്ടുചിറത്തോടിനു വടക്ക് കന്നിമലയിൽ ജലസംഭരണി സ്ഥാപിച്ച് വെള്ളം ശേഖരിച്ച് VIII, IX

വാർഡുകളിലേക്ക് ജലവിതരണം നടത്താവുന്നതാണ്.

**വാർഡ് IX:** കന്നിമലയിലുള്ളവർ ഒരു കിലോമീറ്ററോളം ദൂരം സഞ്ചരിച്ചാണ് വെള്ളം ചുമന്നുകൊണ്ടു പോകുന്നത്. ഊരാളത്തിലുള്ള കുഴൽകിണറിലെ വെള്ളം കന്നിമലയിൽ ടാങ്ക് നിർമ്മിച്ച് പമ്പു ചെയ്യുകയോ മുട്ടുവാതുക്കൽ പദ്ധതി നടപ്പിലാക്കുകയോ ചെയ്താൽ പ്രശ്നം പരിഹരിക്കാം.

**വാർഡ് X:** മണ്ണടി പനങ്കുന്നികുറ്റിയിൽ താഴേ വയലിൽ ഒരു പൊതു കിണർ സ്ഥാപിച്ച് വെള്ളം പമ്പുചെയ്തും ശാസ്താംകോട്ട ശുദ്ധജലവിതരണപദ്ധതിയുടെ പ്രയോജനം ഇവിടേക്കു വ്യാപിപ്പിച്ചും നടുവിലേക്കര കുഴൽ കിണറിൽ നിന്നു് വെള്ളം പമ്പ് ചെയ്തു വിതരണം ചെയ്തും കുടിവെള്ള പ്രശ്നം പരിഹരിക്കാം. ആവണംപാറ, നെല്ലിത്താനം എന്നിവിടങ്ങളും പ്രശ്നമേഖലകളാണ്. കുഴൽകിണറുകളും നിലവിലുള്ള കിണറുകൾ കുറേക്കൂടി കുഴിക്കുന്നതും പരിഹാരമാർഗ്ഗങ്ങളാണ്. ചീരാചേമ്പി വയലിൽ പൊതുകിണർ സ്ഥാപിച്ച്ു ജല സംഭരണിയിലേക്ക് വെള്ളം പമ്പുചെയ്ത്ു മണ്ണടി പഴയകാവിന് തെക്ക് ഭാഗത്തുള്ളവരുടെ ജലക്ഷാമം പരിഹരിക്കാം.

**വാർഡ് XI:** വാർഡിന്റെ എല്ലാ മേഖലകളും ജലക്ഷാമ ബാധിതമാണ്. പുലിപ്പാറ പദ്ധതി ഈ വാർഡിലും പ്രയോജനപ്പെടും. പൊതുകിണറുകളും കുഴൽ കിണറുകളും സ്ഥാപിക്കുന്നതും പ്രശ്നം പരിഹരിക്കാനുതകും.

## ചെറുകിട പദ്ധതികൾ

ഓപ്പൺ വെല്ലുകൾ നിർമ്മിച്ച് പമ്പ് സെറ്റ് സ്ഥാപിക്കണമെന്ന് ബഹുഭൂരിപക്ഷം വാർഡുകളിൽ നിന്നും നിർദ്ദേശം ഉയർന്നിട്ടുണ്ട്. കുഴൽ കിണറുകൾ തുരുമ്പുശല്ല്യത്തെക്കുറിച്ചുള്ള ആശങ്കകൾ നിലനില്ക്കുന്നുവെങ്കിലും PVC പൈപ്പ് ഉൾപ്പെട്ട ഇരുമ്പു ചട്ടയുള്ള പൈപ്പ് ഇറക്കി കുഴൽകിണർ നിർമ്മിച്ച് പമ്പിംഗ് സംവിധാനമേർപ്പെടുത്തി പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ഇതാവശ്യമാണെന്നും നിർദ്ദേശിക്കപ്പെടുന്നു. X-ാം വാർഡിൽ പെട്ട പനങ്കുന്നി താഴെവയലിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ജലവിതരണപദ്ധതി കാര്യമായ വിതരണശേഷിയുള്ളതായിരിക്കും.

## ഇടത്തരം പദ്ധതികൾ

ഈ പഞ്ചായത്തിനോടു ചേർന്നൊഴുകുന്നതും മണൽവാരലിൽ നിന്നുപോലും ഈ പഞ്ചായത്തിനു യാതൊരു നേട്ടമില്ലാത്തതും മണൽവാരൻ ലോറികൾ കടന്നുപോകുന്നതു മുഖാന്തിരം റോഡുകൾ തകർന്ന് നമ്മുടെ പഞ്ചായത്തിനു ബാധ്യതയാകുന്നതുമായ കല്ലടയാർ നമ്മുടെ പഞ്ചായത്തിന് യാതൊരു വിധ പ്രയോജനവും ചെയ്യുന്നില്ല. ഇതിന്റെ തീരത്ത് ഒരു വലിയ കിണർ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് അവിടെ നിന്നും പാണ്ടി മലപ്പുറത്ത് ജലം സംഭരിച്ച് ഈ പഞ്ചായത്തിന്റെ പകുതിയോളം വരുന്ന പ്രദേശങ്ങളിലേക്ക് കുടിവെള്ളമെത്തിക്കാവുന്നതാണ്. നെല്ലിമുകളിൽ നിലവിലുള്ള പമ്പ് ഹൗസ് വിപുലപ്പെടുത്തി (ഹൈപവർ പമ്പ് സെറ്റ് സ്ഥാപിച്ച്) മോതിരമ്പുള്ളി മലയിലേക്ക് വെള്ളം പമ്പ് ചെയ്ത് സംഭരിച്ച് വിതരണം നടത്തിയാൽ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ മുഴുവൻ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

## പഞ്ചായത്തുതല പദ്ധതി

ആറാം വാർഡിലെ പുലിപ്പാറ ഏലാ വർഷത്തിൽ മുഴുവൻ സമയം ജലം ലഭിക്കുന്ന പ്രദേശമാണ്. ഇവിടെ നിലവിലുള്ള കുളത്തിന് ആഴം വർദ്ധിപ്പിച്ചോ അതിനോട് ചേർന്ന് ഓപ്പൺ വെൽ നിർമ്മിച്ചോ പമ്പ് ഹൗസ് സ്ഥാപിച്ച്, പാണ്ടി മലപ്പുറത്ത് ജല സംഭരണി നിർമ്മിച്ച് അവിടേക്ക് പമ്പ് ചെയ്ത് വിതരണം നടത്തിയാൽ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയുടെ കുടിവെള്ളക്ഷാമം പരിഹരിക്കാനാവും.

## മറ്റു നിർദ്ദേശങ്ങൾ

- ഓരോ വർഷവും ഏപ്രിൽ മെയ്മാസങ്ങളിൽ കിണറുകൾ മതിയായ അളവു കുഴിക്കുക.
- പൊതുകിണറുകൾ സംരക്ഷിക്കുന്നതിനും ജലസംഭരണികൾക്കു കേടുവരുത്താതിരിക്കുന്നതിനും ശുദ്ധജലവിഭവത്തെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ബോധവൽക്കരണം നടത്തുക.

# ആരോഗ്യം

1948 ജനുവരിമാസത്തിൽ, ഈ പഞ്ചായത്തിൽ ഒരു റൂറൽ ഡിസ്പൻസറി സ്ഥാപിക്കപ്പെട്ടു. അന്നുമുതൽ ഈ പഞ്ചായത്തിലെ ജനത ടി. ആശുപത്രിയെ ആശ്രയിച്ചു പോന്നു. കിടത്തി ചികിത്സാവിഭാഗം കാര്യമായി പ്രവർത്തിച്ചിരുന്നു. 1988 ൽ ഈ റൂറൽ ഡിസ്പൻസറി പ്രാഥമികാരോഗ്യ കേന്ദ്രമായി മാറിയപ്പോൾ കിടത്തിചികിത്സയും നിലച്ചു. വിപുലമായ സംവിധാനങ്ങളുള്ള ഓപ്പറേഷൻ തിയ്യറ്ററും അർപ്പണബോധമുള്ള ഡോക്ടർമാരും ഉണ്ടായിരുന്നപ്പോൾ ഈ പഞ്ചായത്തിലെ ആരോഗ്യ പരിപാലനം ശുഷ്കാന്തിയോടെ നടത്തപ്പെട്ടിരുന്നു. ഇന്ന് ആഴ്ചയിൽ ഒരിക്കൽ മാത്രം (രണ്ടു മണിക്കൂർ) ഒരു ഡോക്ടർ എത്തി, ഓ.പി.വിഭാഗം പ്രവർത്തിക്കുന്നു. ആശുപത്രിയിലും വരാന്തയിലും സ്ഥലമില്ലാതെ വന്നപ്പോൾ അടുത്തുള്ള കടമുറികൾ പോലും വാടകയ്ക്കെടുത്ത് ആളുകൾ ചികിത്സ തേടിയിരുന്നു. ഇന്ന് രണ്ടു കെട്ടിടങ്ങൾ കൂടി JRY പദ്ധതി അനുസരിച്ച് പഞ്ചായത്ത് നിർമ്മിച്ച് ആരോഗ്യ വകുപ്പിനു കൈമാറി. 96 മാർച്ചിൽ വീണ്ടും ഐ.പി. തുടങ്ങാൻ സർക്കാർ ഉത്തരവുണ്ടായെങ്കിലും അന്നുണ്ടായിരുന്ന ഡോക്ടർ സ്ഥലം മാറിപ്പോയതിനേത്തുടർന്ന് ആ അദ്ധ്യായം അടഞ്ഞു. പുതിയതായി ഡോക്ടറെ നിയമിച്ചുവെങ്കിലും ആ ഡോക്ടർ എത്തി ഉത്തരവാദിത്വം ഏറ്റെടുത്തിട്ടില്ല. ആരോഗ്യവകുപ്പിന്റെ അനാസ്ഥ ഈ ആശുപത്രിയുടെ വികസനത്തിന് തടസ്സമായി നില്ക്കുന്നു.

അസുഖങ്ങളെ സംബന്ധിച്ച അന്ധവിശ്വാസങ്ങൾ ഈ ആധുനിക കാലത്തും ഒരു ചെറിയ ശതമാനം നില നില്ക്കുന്നുണ്ട്. ശാസ്ത്രത്തിന്റെ വളർച്ചയ്ക്കിടയിലും, സത്യം അംഗീകരിക്കാൻ തയ്യാറാകാത്ത ചില വൃദ്ധജനങ്ങൾക്കിടയിലാണ് ഇത് പ്രകടമായിട്ടുള്ളത്.

VI-ാം വാർഡിലെ പ്രാഥമികാരോഗ്യ കേന്ദ്രവും, V-ാം വാർഡിലെ ആയുർവേദ (വിഷ) ചികിത്സാലയവും സർക്കാർ മേഖലയിൽ പ്രധാനപ്പെട്ട ആരോഗ്യകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു.

III, IV, VII, X വാർഡുകളിലായി നാലു കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. സർക്കാർ മേഖലയിൽ ഒരു അലോപ്പതി ആശുപത്രിയും സ്വകാര്യ മേഖലയിൽ 7 എണ്ണവും പ്രവർത്തിക്കുന്നു. ഒരു ആയുർവ്വേദ ആശുപത്രി സർക്കാർ മേഖലയിലും 3 എണ്ണം സ്വാകാര്യ മേഖലയിലും ഉണ്ട്. സ്വകാര്യമേഖലയിൽ മാത്രമാണ് 4 ഹോമിയോ ആശുപത്രികളുള്ളത്. ഡെന്റൽ ആശുപത്രി ഒരെ ഒരെണ്ണമുള്ളത് സ്വകാര്യമേഖലയിലാണ്. പ്രകൃതിചികിത്സയോ പാരമ്പര്യവൈദ്യ ചികിത്സയോ ഈ പഞ്ചായത്തിൽ ഇല്ല. ഈ സ്ഥാപനങ്ങളൊക്കെയുണ്ടെങ്കിലും ഉപരി ചികിത്സ ലഭിക്കുന്നതിന് 15 കി. മീറ്ററിലധികം ദൂരം സഞ്ചരിക്കണം. 1995-96 ൽ 16 ക്ഷയരോഗികളും 18 ചിക്കൻപോക്സ് രോഗികളും 117 ജലജന്യരോഗങ്ങളും 27 മലേറിയ (പ്രാണിജന്യം) രോഗങ്ങളും ആരോഗ്യപാലകരുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കുഷ്ഠരോഗമുള്ള ഒരാളെയും കണ്ടെത്തിയിട്ടുണ്ട്. മറ്റുള്ള രോഗങ്ങൾക്കടിപ്പെട്ടവർ 95-96ൽ 18109 പേരാണ്.

ആരോഗ്യരംഗത്ത് സംസ്ഥാനത്ത് മുൻപന്തിയിൽ നില്ക്കുന്ന നമ്മുടെ ജില്ലയിൽ നമ്മുടെ പഞ്ചായത്തും പ്രതിരോധ ചികിത്സാരംഗത്തും കാര്യമായ ശ്രദ്ധപതിപ്പിക്കുന്നുണ്ട്.

## സ്ഥാപനങ്ങളും സേവനങ്ങളും

- പ്രാഥമികാരോഗ്യ കേന്ദ്രം 1
- ആയുർവ്വേദ ആശുപത്രി 1

- കുടുംബക്ഷേമഉപകേന്ദ്രങ്ങൾ 4

ഈ സ്ഥാപനങ്ങളിലെല്ലാം കൂടി 28 ജീവനക്കാരുണ്ട്. ( ഈ സ്ഥാപനങ്ങൾ പൊതു മേഖലയിലുള്ളതാണ്.)

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ചവർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രാഥമികാരോഗ്യകേന്ദ്രം കടമ്പനാട് നിലയ്ക്കൽ | VI | 1948 | 18 |
| 2 | ആയുർവ്വേദ (വിഷ) ചികിത്സാലയം തുവയൂർ സൗത്ത് | V | 1992 | 6 |
| 3 | FWC കടമ്പനാട് സൗത്ത് | IV | - | 1 |
| 4 | FWC തുവയൂർ സൗത്ത് | VII | 1987 | 1 |
| 5 | FWC കടമ്പനാട് നോർത്ത് | III | - | 1 |
| 6 | FWCമണ്ണടി | X | | 1 |

പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ബഹുജനമുന്നേറ്റത്തോടെയുള്ള ക്യാമ്പുകളോ ബോധവൽക്കരണ ക്ലാസ്സുകളോ നടക്കാറില്ല. ശാസ്താംകോട്ട, അടൂർ താലൂക്ക് ആശുപത്രികളുടെ കൃത്യം മദ്ധ്യഭാഗത്തുള്ള ഈ ആശുപത്രി ടി. താലൂക്ക് ആശുപത്രികൾ കഴിഞ്ഞാൽ ശരിയായ ചികിത്സാ സൗകര്യം നല്കാൻ കഴിയുന്നതാണ്.

മാസ്സ് മീഡിയാ സെന്ററിന്റെ സേവനവും പഞ്ചായത്തിൽ ലഭിക്കാറില്ല. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാൽ ത്തന്നെ വളരെ വലിയ നേട്ടം കൈവരിക്കാനാവും.

നിലവിലുള്ള ഡോക്ടറുടെ ഒഴിവ് നികത്തിയും, ഒരു ഡോക്ടറേക്കൂടിയെങ്കിലും (സ്പെഷ്യലൈസ് ചെയ്ത മൂന്നു ഡോക്ടർമാരെങ്കിലുമുണ്ടെങ്കിൽ കൂടുതൽ പ്രയോജനപ്രദം) നിയമിച്ചും അതിനാവശ്യമായ ജീവനക്കാരേയും നിയമിച്ചും ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാനാവും.

ആശുപത്രിയുടെ പടിഞ്ഞാറ് വശമുള്ള റോഡിനപ്പുറം പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവകുപ്പിന്റെ വകയായുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് കെട്ടിടം പണിത് ഡോക്ടർമാർക്കുള്ള ക്വോർട്ടേഴ്സായി നല്കാവുന്നതാണ്.

## കക്കൂസ്

പരിസരശുചീകരണത്തിനും പകർച്ചവ്യാധികളിൽ നിന്നുള്ള സംരക്ഷണത്തിനും അത്യന്താപേക്ഷിതമായ ഒന്നാണ് കക്കൂസ്. പഞ്ചായത്തിൽ 6800 വീടുകളുള്ളതിൽ 38% വും കക്കൂസില്ലാത്തവയാണ്. സാമ്പത്തിക സ്ഥിതിയിൽ താഴ്ന്ന നിലവാരം പുലർത്തുന്നതും ബോധവൽക്കരണത്തിന്റെ അഭാവവുമാണ് ഈ സ്ഥിതിക്കുള്ള രണ്ടു കാരണങ്ങൾ. കക്കൂസ് നിർമ്മാണത്തിന് വേണ്ടത്ര സ്ഥലമില്ലാതെ വരുന്ന കോളനി പ്രദേശങ്ങളിൽ പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് പ്രശ്നം പരിഹരിക്കാം. സാമ്പത്തിക തടസ്സം ഒഴിവാക്കുന്നതിന് സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സേവനവും, ജൈവ വള നിർമ്മാണ ഫാക്ടറികളുടെ സ്പോൺസർഷിപ്പും പ്രയോജനപ്പെടുത്താവുന്നതാണ്. മാസ്സ് മീഡിയാ സെന്ററിന്റെ ആരോഗ്യ ചിത്ര പ്രദർശനങ്ങളിലൂടെയും ഹെൽത്ത് ഇൻസ്പക്ടർമാരുടെ ഭവന സന്ദർശന വേളയിൽ നല്കുന്ന നിർദ്ദേശങ്ങളിലൂടെയും ബോധവല്ക്കരണം നടത്താം.

## പരിസര മലീനീകരണം തടയൽ

പരിസരമലിനീകരണം പഞ്ചായത്തിൽ രൂക്ഷിതാവസ്ഥയിലല്ലെങ്കിലും (പതിനൊന്ന്) 11-ാം വാർഡിൽപെട്ട മെറ്റൽക്രഷൻ യൂണിറ്റിൽ നിന്നുമുയരുന്ന പാറപ്പൊടി വായൂ മലിനീകരണത്തിന് ഇടയാക്കുന്നുണ്ട്. ശബ്ദം കൂടിയ മൈക്ക് സെറ്റുകൾ സ്ഥിരമായി പ്രവർത്തിപ്പിക്കുന്നതുമൂലം ശബ്ദമലിനീകരണവും സംഭവിക്കുന്നു.

കടമ്പനാട് ജംഗ്ഷനിലെ ഹോട്ടലുകൾക്കു പിൻഭാഗം വളരെ മലിനീകരണപ്പെട്ടതാണ്. ജംഗ്ഷനിലൂടെയുള്ള ഓടകളിൽ വ്യാപാരികൾ മാലിന്യങ്ങൾ പുറന്തള്ളുന്നത് വളരെയേറെ മലീനീകരണത്തിനിടയാകുന്നു. പഞ്ചായത്തിലെ എല്ലാ ഹോട്ടലുകളിലേയും ആഹാരസാധനങ്ങൾ പരിശോധിക്കുവാൻ ഏർപ്പാടുണ്ടാകണം. ഹോട്ടലുകളിൽ പരിസരസുചിത്വത്തിന് സെപ്റ്റിക് ടാങ്കുകൾ നിർബന്ധമാക്കേണ്ടതാണ്. മത്സ്യകച്ചവടക്കാർ, അധികം വരുന്നതും ചീഞ്ഞതുമായ മത്സ്യം പൊതുതോടുകളിൽ നിക്ഷേപിക്കുന്നത് ജലമലീനീകരണത്തിന് ഇടയാകുന്നു.

പഞ്ചായത്തിലെ മാർക്കറ്റുകളിൽ വില്ക്കുന്ന മത്സ്യമാംസാദികളുടേയും പച്ചക്കറി സാധനങ്ങളുടേയും ഗുണിനിലവാരം പരിശോധിക്കേണ്ടതാണ്.

മാലിന്യങ്ങൾ കെട്ടിക്കിടക്കാൻ അനുവദിക്കാതിരിക്കുക, കിണറ്റിൽ കൊതുകു മുട്ടയിടുന്നത് തടയാൻ ക്ലോറിനേഷൻ നടത്തുക, ഈച്ച നശീകരണം, കൊതുകു നശീകരണം ഇവ നടത്തുക. അലഞ്ഞു തിരിയുന്ന പട്ടികളെ പിടിക്കുകയും വളർത്തു നായ്കൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യുക.

### പഞ്ചായത്തതലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

### റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്റർ.

ഓരോ വാർഡിലും സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ കായികാഭ്യാസകേന്ദ്രം സ്ഥാപിച്ചു പ്രവർത്തിക്കുമെങ്കിൽ ജനങ്ങളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ഉതകുന്നതായിരിക്കും.

### പൊതുശ്മശാനം.

പഞ്ചായത്തിൽ പൊതു ഇല്കട്രിക് ശ്മശാനം സ്ഥാപിച്ച് പ്രവർത്തിപ്പിക്കണം. 4 സെന്റ് കോളനി നിവാസികൾക്കും ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലെ ആളുകൾക്കും അടുത്ത താലൂക്കുകളിലെ ജനങ്ങൾക്കും പ്രയോജനകരമായിരിക്കും.

### ചികിത്സാ കാർഡ്

പഞ്ചായത്തിലെ സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നില്ക്കുന്നവരെ രോഗാതുതരയിൽ സഹായിക്കുന്നതിന് ചികിത്സാ കാർഡ് ഏർപ്പെടുത്തണം. ഒരു രോഗിയെ സംബന്ധിക്കുന്നതും ചികിത്സ സംബന്ധിച്ചുള്ളതുമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുകയും ഒരു നിശ്ചിത തുകയ്ക്ക് (കുറഞ്ഞത് 25രൂ) ഒരു നിശ്ചിത വർഷത്തേക്ക് (കുറഞ്ഞത് 3 വർഷം) പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും അവരുടെ ഭീമമായ ചികിത്സാ ചെലവുകൾക്ക് മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത തുക (രോഗത്തിന്റെയും ചികിത്സയുടെയും രീതിയനുസരിച്ച്) ധനസഹായം നല്കുകയും ചെയ്യാവുന്നതാണ്.

നിലവിലുള്ള ട്രാവൻകൂർ -കൊച്ചിൻ ആക്ട് ആവശ്യമായ ഭേദഗതികളോടെ കുറ്റമറ്റതാക്കിത്തീർക്കുക. ആരോഗ്യകേന്ദ്രങ്ങളുടെ പൂർണ്ണനിയന്ത്രണം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തണം.

V-ാം വാർഡിലുള്ള ആയുർവ്വദാശുപത്രിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

### ബ്ലഡ് ഡോണേഴ്സ് ഫോറം

ഓരോ വാർഡിലും രക്തഗ്രൂപ്പു നിർണ്ണയക്യാമ്പ് സംഘടിപ്പിച്ച് ഗ്രൂപ്പ് തിരിച്ചുള്ള ലിസ്റ്റ് പഞ്ചായത്താഫീസിലോ പ്രാഥമികാരോഗ്യകേന്ദ്രത്തിലോ സൂക്ഷിക്കുക. സന്നദ്ധസംഘടനകളുടെ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താം.

മദ്യാസക്തി, പുകവലിശീലം, തുടങ്ങിയവ ഒഴിവാക്കുന്നതിന് ആവശ്യമായ ബോധവൽക്ക

രണ നടപടികൾ സ്വീകരിക്കുക.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഭിക്ഷക്കാരും ചിലരോഗികളും പകർച്ച വ്യാധികൾ പരത്തുന്നതിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നു. മാനസികരോഗവും മറ്റും മൂലം അലഞ്ഞുതിരിയുന്ന ഇത്തരം രോഗികളെ ശുശ്രൂഷിക്കുന്നതിന് അടിയന്തിര പ്രാധാന്യം നല്കേണ്ടതാണ്.

സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആരോഗ്യ രംഗത്ത് മുന്നേറുവാനുള്ള ശ്രമമുണ്ടാവണം. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാവണം. ശിശുക്കളും മാതാക്കളും ആരോഗ്യരംഗത്ത് സജീവ ശ്രദ്ധയർഹിക്കുന്നു.

**ചില വാർഡുകളിലെ ഗ്രാമസഭകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.**

**ഒന്നാം വാർഡ്:** എല്ലാവർക്കും കക്കൂസ് ഉണ്ടാവണം. സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നില്ക്കുന്നവർക്ക് ഇതിനായി വിവിധ ധനകാര്യസ്ഥാപനങ്ങളുടേയോ ഏജൻസികളുടേയോ സന്നദ്ധ സംഘടനകളുടേയോ സഹായം ലഭ്യമാക്കാവുന്നതാണ്.

**രണ്ടാം വാർഡ് :** പേപ്പട്ടിശല്യം ഒഴിവാക്കുന്നതിന് അലഞ്ഞുതിരിയുന്ന പട്ടികളെ പിടിക്കുന്നതിന് നടപടിയെടുക്കുകയും വളർത്തുനായ്കൾക്ക് ലൈസൻസ് നിർബ്ബന്ധമാക്കുകയും വേണം.

## പൊതുജനാരോഗ്യം

| വാർഡ് നമ്പർ | ശുചീകരണാവിശ്യത്തിനുള്ള ജീവനക്കാർ | മൂത്രപ്പുരകൾ | കക്കൂസുകൾ | പൈപ്പ് വെള്ളം | | പൊതു കുഴൽക്കിണർ | പൊതുകിണർ | കുളിക്കടവുകൾ | ശ്മശാനങ്ങൾ | അറവുശാലകൾ | മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|
| | | | | പൊതുടാപ്പുകൾ | ഹൗസ് കണക്ഷനുകൾ | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| I | - | - | - | 15 | 2 | 1 | 2 | - | - | - | - |
| II | 1 | 2 | 2 | 5 | 5 | 1 | 2 | - | - | - | - |
| III | - | - | - | 23 | 16 | 2 | 6 | - | - | - | - |
| IV | - | - | - | 23 | 12 | 1 | 1 | 1 | - | - | - |
| V | - | - | - | 20 | 10 | 1 | 4 | 3 | - | - | - |
| VI | - | - | - | 12 | 8 | 2 | 5 | - | - | - | - |
| VII | - | - | - | 7 | 5 | - | 3 | - | - | - | - |
| VIII | - | - | - | - | - | 1 | 2 | - | - | - | - |
| IX | - | - | - | - | - | 2 | 2 | 3 | - | - | - |
| X | - | - | - | - | - | 1 | 1 | 5 | - | - | - |
| XI | 1 | - | - | - | - | 1 | 3 | 5 | - | - | - |

**മൂന്നാം വാർഡ്:** വാർഡിൽ ചുറ്റുമതിൽ തകർന്ന കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ ചുറ്റുമതിൽ പുതുക്കിപ്പണിയുകയും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും വേണം. ആഴ്ചയിലൊരിക്കലെങ്കിലും ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

**നാലാം വാർഡ്:** ചാക്കൂർമുക്ക്-ദീപം ലൈൻ ജംഗ്ഷൻ വരെയുള്ള 200 മീറ്റർ നീളത്തിൽ പൈപ്പുലൈൻസ്ഥാപിക്കുക. മാതൃശിശുസംരക്ഷണകേന്ദ്രം നാലാം വാർഡിൽ കാട്ടുത്താംവിള കോളനി ഭാഗത്തു സ്ഥാപിക്കുക.

**അഞ്ചാംവാർഡ്:** വാർഡിലുള്ള ആയുർവ്വേദ (വിഷ) ചികിത്സാകേന്ദ്രം താലൂക്ക് ആശുപത്രിയായി ഉയർത്തി കിടത്തി ചികിത്സ ആരംഭിക്കണം.

**ആറാംവാർഡ്:** നില്ക്കൽ ജംഗ്ഷനിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒഴിവുള്ള ഡോക്ടറുടെ നിയമനം നികത്തുകയും പുതുതായി ഡോക്ടറുടെ തസ്തിക സൃഷ്ടിക്കുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും വേണം. ചുറ്റുമതിലും പേവാർഡും നിർമ്മിക്കണം.

**ഏഴാം വാർഡ്:** ഈ വാർഡിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫാമിലി വെൽഫെയർ സെന്ററിൽ ഒരു JPHN മാത്രമാണുള്ളത്. ആഴ്ചയിൽ ഒരിക്കലെങ്കിലും ഡോക്ടർ എത്തണം. First Aid നു പോലുമുള്ള സൗകര്യം ഇവിടെയില്ല. ഇത് പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തണം.

**എട്ടാം വാർഡ്:** പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ഉള്ള ആശുപത്രികളോ കുടുംബക്ഷേമകേന്ദ്രമോ ഇവിടെ ഇല്ല. ഇവിടെ ഒരു പ്രാഥമികാരോഗ്യകേന്ദ്രമോ ആയുർവ്വേദ ചികിത്സാലായമോ സർക്കാർ മേഖലയിൽ ആരംഭിക്കണം.

**ഒമ്പതാം വാർഡ്:** ഹെൽത്ത് സെന്ററും ആയുർവ്വേദാശുപത്രിയും സ്ഥാപിക്കണം. കുടുംബക്ഷേമ പ്രവർത്തകർ കൃത്യമായി വീടുകൾ സന്ദർശിക്കുകയും കിണറുകൾ ക്ലോറിനൈസ് ചെയ്യുകയും വേണം.

**പത്താംവാർഡ്:** ഈ വാർഡിലും പ്രാഥമികാരോഗ്യകേന്ദ്രം വേണമെന്ന നിർദ്ദേശമാണുള്ളത്. മണ്ണടി ചന്തയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും കക്കൂസുകൾ നിർമ്മിക്കുന്നതിനുമുള്ള നടപടി വേണം.

**പതിനൊന്നാംവാർഡ്:** ആശുപത്രികളോ കുടുംബക്ഷേമ കേന്ദ്രമോ ഇല്ല. ഇവിടെ കുടുംബക്ഷേമ ഉപകേന്ദ്രമെങ്കിലും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

## ഇൻഡോ-കനേഡിയൻ പ്രോജക്ട്

ഇൻഡോ-കനേഡിയൻ യൂത്ത് എക്സ്ചേഞ്ച് പരിപാടിയുടെ അടിസ്ഥാനത്തിൽ ഇൻഡ്യയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 7 വിദ്യാർത്ഥികളും കാനഡയിൽ നിന്നും 7വിദ്യാർത്ഥികളും തുവയൂർ തെക്ക് ആയർവ്വേദാശുപത്രിയോടു ചേർന്ന് പഠനവും ശ്രമദാനവുമായി നവംബറിൽ എത്തിച്ചേർന്നിരിക്കുന്നു. ഈ അവസരത്തിൽ 2 ലക്ഷം രൂപ പഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തി ആയുർവ്വദ ഡിസ്പൻസറിക്ക് പുതിയ കെട്ടിടവും മറ്റു സംവിധാനങ്ങളുമൊരുക്കുവാൻ പോകുന്നു. മേൽപറഞ്ഞ യൂത്ത് പരിപാടി പൂർത്തിയാകുന്നതോടെ വിഷചികിത്സാ (ആയുർവ്വേദ ഡിസ്പൻസറി) ആശുപത്രി താലൂക്ക് ആയുർവ്വേദ ആശുപത്രിയായി ഉയർത്തണമെന്ന് നിർദ്ദേശിക്കുന്നു. രോഗികളെ കിടത്തി ചികിത്സിക്കാനും കഴിയും.

## ജൈവവള നിർമ്മാണത്തിനുതകുന്ന പരിഷ്കരണം

പഞ്ചായത്തിൽ ഇനി നിർമ്മിക്കുന്ന കക്കൂസുകളും മൂത്രപ്പുരകളും ലോകാരോഗ്യസംഘടനയുടെ അംഗീകാരമുള്ള ജൈവവള നിർമ്മാണത്തിന് ഉതകിയ വിധം പരിഷ്കരിക്കണം. സ്കൂളുകളുടേയും അംഗൻവാഡികളുടേയും മൂത്രപ്പുരകൾ ഇത്തരത്തിൽ സംവിധാനം ചെയ്യേണ്ടതാണ്.

# 5.6

# ഗതാഗതം



## ഗതാഗതം

നാടിൻെറ വികസനത്തിൽ റോഡുകളുടെ പങ്ക് പറയത്തക്കതാണ്. ജനപങ്കാളിത്തമാണ് നാടിൻെറ വികസനത്തിൻെറ ഭാവി നിർണ്ണയിക്കുന്നത്. ഇതു മുൻകൂട്ടി കണ്ടറിഞ്ഞവരാണ് കടമ്പനാടു പഞ്ചായത്തിലെ ജനങ്ങൾ. ജനപങ്കാളിത്തത്തോടുകൂടി സാമാന്യം മെച്ചപ്പെട്ട ഒരു റോഡു ശൃംഖല തന്നെ ഉണ്ടാക്കിയെടുക്കാൻ ഇവിടുത്തെ ജനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്.

**ഈ പഞ്ചായത്ത്** രൂപം കൊള്ളുന്നതിനു മുൻപ് **അടൂർ ശാസ്താം കോട്ട റോഡിൽ നെല്ലിമുകൾ മുതൽ ഏഴാം മൈൽ വരെയുള്ള** 7 കി.മീ. റോഡ്, **മണ്ണടി അടൂർ റോഡിൽ മണ്ണടി മുതൽ കോട്ടയ്ക്കം വരെ 2 1/2 കി.മീ. നിലമേൽ-തുവയൂർമുക്ക്** 4 കി.മി. **റോഡ്, നിലയ്ക്കൽ-മാഞ്ഞാൽ** 2കി.മി. **റോഡ് ഇത്രയും റോഡുകൾ** മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ 2 1/2 കി.മി. നീളമുള്ള കല്ലുകുഴിഗണേശവിലാസം റോഡുകൾ ഉൾപ്പെടെ 26 കി.മിറോഡ് P.W.D ഏറ്റെടുത്തിടുണ്ട്. കല്ലുകുഴി തെങ്ങമം റോഡിലുള്ള ഗണേശ വിലാസം പാലം 1995 ൽ ഉത്ഘാടനം നടത്തിക്കഴിഞ്ഞിട്ടും

ആവശ്യത്തിനുള്ള ബസ്സുകൾ ഇപ്പോഴും ഇതുവഴി ഇല്ല. വാഹന ഗതാഗത യോഗ്യമായ 98 കി.മീ. നീളമുള്ള പഞ്ചായത്തു റോഡുകൾ ഉണ്ട്. അതിൽ 9 കി.മീ. മാത്രമേ ടാർ ചെയ്തവ ഉള്ളൂ. ഇവിടെ രണ്ട് ബസ് ടെർമിനലുകൾ ആണ് ഉള്ളത്. കടമ്പനാട്ടും, മണ്ണടിയിലും, ഏഴാംമൈൽ-കടമ്പനാട്ട്, തൂവയൂർജംഗ്ഷൻ-കല്ലുകുഴി, നെല്ലിമുകൾ- മണ്ണടി എന്നീ സ്ഥലങ്ങളിൽആട്ടോ, ടാക്സി സ്റ്റാൻറുകൾ ഉണ്ട്. എന്നാൽ ഇവിടെ അംഗീകൃത സ്റ്റാൻറ് ഇല്ലാത്തതിനാൽ റോഡു സൈഡുകളിലാണ് വാഹനങ്ങൾ പാർക്ക് ചെയ്യുന്നത്. ആയതിനാൽ റോഡിൽ ഗതാഗത കുരുക്ക് ഉണ്ടാക്കുകയും ജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്യുന്നു. പഞ്ചായത്തു പ്രദേശത്തുള്ള റോഡുകളിലൂടെ സർക്കാർ പ്രൈവറ്റ് ബസുകളും കൂടാതെ ട്രക്കർ ജീപ്പ് മുതലായവയും സർവ്വീസ് നടത്തുന്നുണ്ട്.

## പഞ്ചായത്തിലെ ടാർ റോഡുകൾ

| Sl No. | റോഡിൻെറ പേര് | ഉടമസ്ഥത | ദൂരം | വീതി | ബസ്/മറ്റു യാത്രാ സൗകര്യം |
|---|---|---|---|---|---|
| 1. | കടമ്പനാട് - ഏനാത്ത് | PWD | 8 കി.മീ. | 8 m | ഉണ്ട് |
| 2. | ഏഴാംമൈൽ - നെല്ലിമുകൾ | PWD | 7 കി.മീ. | 10 മീ. | ഉണ്ട് |
| 3. | തൂവയൂർ ജംഗ്ഷൻ - നിലമേൽ | " | 4 കി.മീ. | 8 മീ. | ഉണ്ട് |
| 4. | നിലയ്ക്കൽ ജംഗ്ഷൻ - മാഞ്ഞാർ | " | 2 കി.മീ. | 8 മീ. | ഉണ്ട് |
| 5. | മണ്ണടി - കോട്ടയ്ക്കകം | " | 2.5 കി.മീ. | 8 മീ. | ഉണ്ട് |
| 6. | കല്ലുകുഴി - ഗണേശവിലാസം | | 2.5 കി.മീ. | 8 മീ. | ഉണ്ട് |
| 7. | കടമ്പനാട് - ചക്കുവള്ളി | പഞ്ചായത്ത് | 1.25 കി.മീ. | 6 മീ. | ഉണ്ട് |
| 8. | കല്ലുകുഴി - മലനട | പഞ്ചായത്ത് | 1.5 കി.മീ. | 6 മീ. | ഉണ്ട് |
| 9. | മണ്ണടി മൃഗാശുപത്രി - കഴുത്തുംമൂട് | " | 1.25 കി.മീ. | 6 മീ. | ഇല്ല |
| 10. | കുളഞ്ഞിലഴികത്തുമുക്ക് - ചാങ്ങയിൽ മുക്ക് | " | 2.5 കി.മീ. | 8 മീ. | ഇല്ല |
| 11. | പള്ളിമുക്ക്- കോളാശ്ശേരി റോഡ് | " | 1.1 കി.മീ. | 6 മീ. | ഇല്ല |
| 12. | പുഞ്ചരം കോട് - ചെട്ടിയാരപ്പുഴ | " | 1.5 കി.മീ. | 6 മീ. | ഇല്ല. |

റോഡു ശൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. റോഡുകളുടെ അറ്റ കുറ്റപ്പണികൾ ഫണ്ടിൻെറ അപര്യാപ്തത മൂലം പലപ്പോഴും നടത്താൻ കഴിയാറില്ല. മിക്ക റോഡുകളും കുണ്ടും കുഴിയും ആയി വർഷകാലങ്ങളിൽ സഞ്ചാരയോഗ്യമല്ലാതെയാണിരിക്കുന്നത്. ഈ റോഡുകളിലെല്ലാം ആവശ്യത്തിനു കലുങ്കുകളും ഓടകളും സൈഡുവാളുകളും കെട്ടേണ്ടതാണ്.

### റോഡ് നിർമ്മാണം.

### പ്രശ്നങ്ങൾ

1. നിലവിലുള്ള ടാർറോഡുകളുടെ അറ്റകുറ്റ പണികൾ യഥാസമയങ്ങളിൽ നടത്താത്തതുകൊണ്ട് റോഡുകൾ എല്ലാം പൊളിഞ്ഞുകിടക്കുന്നു.

2. റോഡുകളിൽ ടെലിഫോൺ കേബിളുകൾ, വാട്ടർപൈപ്പുകൾ ഇവ സ്ഥാപിക്കുന്നതിനു വേണ്ടിറോഡു, വെട്ടിക്കുഴിക്കുന്നത് യഥാസമയം മൂടാതെയും മൂടിയ സ്ഥലങ്ങളിൽ ടാർ ചെയ്യാതെയും ഇരിക്കുന്നത് അപകടങ്ങൾ ഉണ്ടാക്കാറുണ്ട്. കൂടാതെ റോഡുകളിലേക്ക് ഇറങ്ങി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകളും ടെലിഫോൺ പോസ്റ്റുകളും റോഡിൻെറ ഇരുവശങ്ങളിലും ഉള്ള പുരയിടങ്ങളിൽ നിന്നും പടർന്നു കിടക്കുന്ന വൃക്ഷ ശിഖരങ്ങളും അപകടങ്ങൾ ഉണ്ടാക്കുന്നു.

### പുതിയ റോഡുകൾ

പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതിനു ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. മിക്ക നിർദ്ദേശങ്ങളിലും നിലവിലുള്ള ഇടവഴികൾ റോഡാക്കി മാറ്റാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും നിർദ്ദേശമുണ്ട്. അവയുടെ പട്ടിക താഴെ ചേർക്കുന്നു.

| വാർഡ് | നിർമ്മിക്കേണ്ട റോഡിൻെറ പേര് | ദൂരം |
|---|---|---|
| I | 1. താഴെതിൽപടി തുരുത്തിയിൽ പടി റോഡ്<br>2. ആറാട്ടുചിറ മഠത്തിൽ പടി വഴിചക്കുവള്ളിറോഡ് | 300 മീ.<br>1 കി.മീ. |
| II | മേടക്കട കുറിച്ചിക്കാന റോഡിൽ വയൽഭാഗത്ത് റോഡ് കംബണ്ട് | 250 മീ |
| III | വലിയവിളജംഗ്ഷൻ മുല്ലശ്ശേരി മുക്ക് ഭഗവതിയമ്പലം റോഡ് | 500 മീ |
| IV | പടിപ്പുരവീട്ടിൽപടി പുല്ലമ്പള്ളിൽറോഡ്<br>കാഞ്ഞിരത്തും മൂട് മുകളിൽ മുക്ക്<br>താവളത്തിൽ ജംഗ്ഷൻ പണ്ടാരംകുന്നിൽ ഏലാ | 500 മീ<br>200 മീ<br>300 മീ. |
| V | മേലൂട്ടുപടി ഇറക്കത്ത് പടിറോഡ്<br>ചെട്ടിയാരപ്പടി മാവേലിക്കോണം റോഡ് | 300 മി.<br>1 1/2 കി.മീ |
| VI | കലംപെട്ടിവിളയിൽ ജംഗ്ഷൻ പാണ്ടിമലപ്പുറം<br>പുലയന്റ്യത്തുമുക്ക് ബംഗാളിക്കോളം റോഡ്<br>മാലുമുരിപ്പിൻപ്പടി പുലിപ്പാറയ്ക്കൽ റോഡ് | 1 കി.മീ<br>700 മീ<br>1 കി.മീ |
| VII | വാഴുവേലിൽപടി മുള്ളംകാട്ടിൽപടി റോഡിൽ<br>പാറപ്പാട്ടുഭാഗത്ത് റോഡ് കംബണ്ട് നിർമ്മാണം.<br>സെൻറ ആൻഡ്രൂസ് ചർച്ച് പടി മൈലാടിക്കൽ പടി<br>റോഡിൽ ഏലാഭാഗത്ത് റോഡ് കംബണ്ട് നിർമ്മാണം | 200 മീ.<br><br><br>300 മീ. |
| VIII | കണ്ണമ്പാറകിണറുവിള റോഡ് | 750 മീ. |

| | | |
|---|---|---|
| IX | പുതിയിടത്തു മഠത്തിൽപടി കൊടിയിൽപടി<br>കച്ചക്കാരൻ മുക്ക് കല്ലൂരഴികത്തു റോഡിൽനിന്നും<br>പ്ലാക്കോട്ടു കടവിലേക്കുള്ള റോഡ് | 300.മീ<br><br>600 മീ |
| X | ആവണംപാറമുക്ക് മുതൽ കശുവണ്ടി ഫാക്ടറിമുക്ക്<br>മാരായിക്കോട്ടുപടിവാക്കുവഞ്ഞിപ്പുഴമഠം റോഡ്<br>നെല്ലിത്താനത്തു പടി താഴേപ്പുരജംഗ്ഷൻ ചീരഞ്ചേമ്പിൻ<br>ഏലായിൽ ബണ്ട് | 400 മി<br>200.മീ<br><br>200.മീ |
| XI | താഴത്തുവയലിൽ വലിയതോടുപാലം മുതൽ വയലിന്റെ<br>പടിഞ്ഞാറേ അരികിൽകൂടി അഴീക്കോണം ഏലാവഴി എടനാമുറിവരെ<br>ഏനാത്ത്മണ്ണടി റോഡിൽ നിന്നും പെരുമ്പ്രാത്തു പടി<br>മുതൽപട്ടാഴിക്കുന്ന് പടി വഴി മണ്ണടി H.S വരെ | <br>500.മീ<br>600.മീ<br>600.മീ |

## മെറ്റൽ റോഡുകളുടെ ശോച്യാവസ്ഥ

നിലവിലുള്ള മെറ്റൽ റോഡുകൾ താറുമാറായിക്കിടക്കുകയാണ്. ഈ റോഡുകളിൽക്കൂടി വാഹനങ്ങൾ നിരന്തരം ഓടുന്നതുകൊണ്ട് മെറ്റലുകൾ ഇളകി ചെറിയ വാഹനങ്ങൾക്കും കാൽ നടയാത്രക്കാർക്കും ബുദ്ധിമുട്ട് ഉണ്ടാകുന്നു.

## ടാർചെയ്യേണ്ട റോഡുകൾ

| വാർഡ് | റോഡിന്റെ പേര് | ദൂരം |
|---|---|---|
| 1 | 1. കടമ്പനാട് - ചക്കുവള്ളി റോഡ്<br>2. കടമ്പനാട് എച്ച്. എസ് - കൊല്ലൂരഴികത്തുറോഡ്<br>3. നസ്രേത്ത് ജംഗ്ഷൻ - ഒറ്റത്തെങ്ങ് റോഡ്<br>4. നാടശ്ശാലിക്കൽ - കൃഷിഭവൻ റോഡ്<br>5. ദേവീക്ഷേത്രം - കളിയ്ക്കൽ റോഡ് | 1200.മീ<br>500.മീ<br>1100.മീ<br>1200.മീ<br>350.മീ |
| II | 1. ദേവീക്ഷേത്രം - ചുമടുതാങ്ങി ജംഗ്ഷൻ<br>2. കൊച്ചുകുന്നുമുക്ക് - ഗണേശവിലാസം | 1100.മീ<br>2000.മീ |
| III | 1. നാലാം മൈൽ - പുഷ്പവിലാസം റോഡ്<br>2. കരിമ്പാറമുക്ക് - മുണ്ടപ്പള്ളി<br>3. മലനട ജംഗ്ഷൻ - തുവയൂർ ജംഗ്ഷൻ റോഡ്<br>4. മലനട ജംഗ്ഷൻ - മലയിൽ പ്ലാമൂട്ടിൽ റോഡ് | 1100.മീ<br>2200.മി<br>700.മീ<br>1500.മീ |

| | | |
|---|---|---|
| | 5. ലക്ഷ്മിവിലാസം- നെല്ലിമുകൾ | 1750.മീ |
| | 6. കൊല്ലൻെറയ്യത്തുപടി - സൂര്യമംഗലം ജംഗ്ഷൻ | 900. മീ |
| | 7. മുള്ളം കോണത്ത് ജംഗ്ഷൻ - തുഞ്ചരം കോട് ജംഗ്ഷൻ | 1200. മീ |
| IV | 1. കുഴികാലാ - മാഞ്ഞാൽ റോഡ് | 2500. മീ |
| | 2. വേമ്പനാട്ടഴികത്തുജംഗ്ഷൻ - തുവയൂർ ജംഗ്ഷൻ | 2100. മീ |
| | 3. പുല്ലമ്പള്ളിൽ - കിണറുവിള റോഡ് | 1000. മീ |
| | 4. പുല്ലമ്പള്ളിൽ പടിപ്പുര - വീട്ടിൽ റോഡ് | 500. മീ |
| | 5. മുക്കിലഴികത്തു ജംഗ്ഷൻ - പുന്തല റോഡ് | 570. മീ |
| | 6. വെട്ടിക്കാട്ടുതുണ്ടിൽ - കാഞ്ഞിരവിളജംഗ്ഷൻ | 500. മീ |
| V | 1. വെള്ളത്തുംപാട് - കരക്കാരുവിള റോഡ് | 600. മീ |
| | 2. ജയൻമെമ്മോറിയൽ ഏറത്തു പഞ്ചായത്തുറോഡ് | 1500. മീ |
| | 3. മാഞ്ഞാൽ - കാട്ടുത്താംവിള ഹരിജൻകോളനി റോഡ് | 1000. മീ |
| VI | 1. തുമ്പറകുഴി - പാണ്ടിമലപ്പുറം മണ്ണടിമാർക്കറ്റ് | 3000. മീ |
| | 2. പാറത്തുണ്ടിൽപ്പടി - ആലിലക്കുഴി - പുന്നക്കാട്ട് ഏല | 700. മീ |
| VII | 1. വിളയിൽപടി - പാറപ്പാട്ട്- കന്നാട്ട്കുന്ന്മുക്ക് റോഡ് | 1750. മീ |
| VIII | 1. നിരമത്തുമുക്ക് - കണ്ണമ്പാറ റോഡ് - കന്നിവിളപടി | 1000. മീ |
| | 2. മുടിപ്പുരജംഗ്ഷൻ-കാരൂശേരി -നമ്പൂരേത്ത്പടി | 1000. മി |
| | 3. കഴുത്തും മൂട് - പള്ളിനഴികത്ത് പടി | 2000. മി |
| IX | 1. ദേശക്കല്ലുംമൂട് - കൂനമ്പാലവിള റോഡ് | 1000. മീ |
| | 2. കച്ചക്കാരൻമുക്ക് - കല്ലൂരേത്ത് മുക്ക് | 650. മീ |
| | 3. മുകളുവിളമുക്ക് - ചരുവിൽപടിറോഡ് | 200. മീ |
| | 4. മേമനമുക്ക് പായിക്കാട്ടുപടി കോളച്ചേരി റോഡ് | 1000. മീ |
| | 6. ദളവാമുക്ക് മണൽക്കണ്ടം | 200. മീ |
| X. | 1. 1പഴയകാവ് ക്ഷേത്രം - പള്ളീനഴികത്തു ജംഗ്ഷൻ | 1000. മീ |
| | 2. ദേവീക്ഷേത്രം പാറക്കടവ്- വെപ്പിൻ പടി ക്ഷേത്രം | 1000. മീ |
| | 3. വരിയൻകുന്നത്ത് - അവിഞ്ഞിയിൽഏലാ | 500. മീ |
| | 4. സഹകരണസംഘം - ചെട്ടിയാരഴികത്തുകടവ് | 500. മീ |
| XI. | 1. പുതിയകാവ് - മണ്ണടി മാർക്കറ്റ് റോഡ് | 1000. മീ |
| | 2. പ്ലാവറേത്തുമുക്ക് - കന്നീലുവിള ജംഗ്ഷൻ | 800. മീ |
| | 3. മാമണ്ണിൽമുക്ക് - ഇടക്കടവ് റോഡ് | 500. മീ |
| | 4. ഉടയാം വിള - പുന്നേക്കാട്ട്ഏലാ റോഡ് | 1200. മീ |

## സാദ്ധ്യതകൾ

ഈ പഞ്ചായത്തിലെ ഗ്രാമസഭകളിൽ നിന്നും ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നിരവധി നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ താഴെ പ്പറയുന്ന സാദ്ധ്യതകൾ ഉണ്ടാകേണ്ടതാണ്.

1 കടമ്പനാട് ജംഗ്ഷനിലെ ഗതാഗതകുരുക്ക് ഒ ഴിവാക്കുതിനു ആറാംമൈൽ (കളീക്കൽ ജംഗ്ഷൻ )ജംഗ്ഷനിൽനിന്നും കടമ്പനാടു ദേവീക്ഷേത്രം ജംഗ്ഷൻ) വഴി കടമ്പനാടു ജംഗ്ഷനിൽ വന്നു ചേരുന്ന ഒരു ബൈപാസ് നിർമ്മിക്കേണ്ടതാണ്

2 അടൂർ ശാസ്താം കോട്ടറോഡിൽ കല്ലുകുഴി ജംഗ്ശനിലെ വളവ് കടമ്പനാട് ഏനാത്തുറോഡിൽ നിലയ്ക്കൽ G.L.P.S നു സമീപമുള്ള 's' വളവുകൾ മണ്ണടി ഇടയൻ പാലത്തിനു കിഴക്കുവശത്തുള്ള 's' വളവുകൾ ആവണംപാറ ഭാഗത്തെ വളവ്, ക്ഷേത്ര ത്തിന് കിഴക്ക് വശത്തുള്ള വളവ് എന്നിവ ഒട്ടേറെ റോഡപകടങ്ങൾക്കു വഴിതെളിച്ചിട്ടുണ്ട്.ഈ വളവുകൾ നേരെയാക്കി അപകടങ്ങൾ ഒഴിവാക്കേണ്ടതാണ്

3. നിലവിലുള്ള റോഡുകളുടെ ഇരുവശങ്ങളിലു മുള്ള വസ്തു ഉടമകൾ റോഡുകൾ കയ്യേറി അവരവ രുടെ പുരയിടത്തിനോടു ചേർക്കുന്ന പ്രവണത ഒഴി വാക്കേണ്ടതുണ്ട്. കയ്യേറിയിട്ടുള്ള റോഡ് പുറമ്പോ ക്കുഭൂമികൾ ഒഴിപ്പിക്കുകയും പുറമ്പോക്കു ഭൂമിയിൽ ഉണ്ടായിട്ടുള്ള സ്ഥിരം സ്വഭാവമുള്ള കയ്യേറ്റ നിർമ്മാ ണങ്ങൾ ഒഴിവാക്കുകയും ചെയ്യണം.

4. അടൂർ ശാസ്താം കോട്ട റോഡിൽ കടമ്പനാട് ടൗണിലുള്ള ഓടയുടെ നിർമ്മാണത്തിലുണ്ടായ അപാ കതമൂലം മഴക്കാലത്ത് ഓടയിൽക്കൂടി വെള്ളം ഒളുകി പ്പോകാതായി ജലപ്രളയം ഉണ്ടാകുന്നു. മാത്രമല്ല വേനൽക്കാലത്ത് വെള്ളം കെട്ടിനിന്ന് കൊതുകുശല്യം ഉണ്ടാവുകയും ദുർഗന്ധം വമിക്കുകയും ചെയ്യുന്നു. ഓടയിൽ സ്ലാബിട്ട് മൂടാത്തതുകൊണ്ട്മഴക്കാലത്ത് കുട്ടി കൾ ഓടയിൽ വീണ് അപകടം ഉണ്ടാകാറുണ്ട്.

5. ഈ പഞ്ചായത്തിൽ 1- ാം വാർഡിൽ കളി ക്കൽകടമുക്ക് ദേവീക്ഷേത്രം റോഡിൽ കുളത്തിനു സമീപം കലുങ്കു നിർമ്മിക്കണം. രണ്ടാം വാർഡിൽ തടത്തിൽ വിള ജംഗ്ഷനിലും തെങ്ങുവിള ജംഗ്ഷൻ റോഡിൽ പുന്തല വീടിനു സമീപവും ഓരോ കലുങ്കും മേടക്കട.കുറിച്ചിക്കാനാ റോഡിൽ വയൽഭാഗത്തു കലു ങ്കും നിർമ്മിക്കണം. മൂന്നാം വാർഡിൽ മലനടജംഗ്ഷ നിലും മലയിൽ പ്ലാമൂട് ജംഗ്ഷനിൽ വിളകോടിൽ ഏലാഭാഗത്തും കലുങ്കു നിർമ്മിക്കണം. പുതുപ്പലത്ത് ഏലാ ഭാഗത്ത് കലുങ്കു നിർമ്മിക്കണം. അടയപ്പാട വഴി പാറയ്ക്കൽ മുക്ക് റോഡിൽ മൂഴിയിൽ ഭാഗ ത്തുള്ള ചെറിയപാലം പുതുക്കിപ്പണിത്,വാഹനഗതാ ഗതയോഗ്യമാക്കണം. ആനമുക്ക് താന്നിവിള ജംഗ്ഷൻ റോഡിൽ മുള്ളംക്കോണത്ത് ജംഗ്ഷനിലും പുഞ്ചരം കോട് മുണ്ടോട്ടിൽ ഏലാറോഡിൽ ഏലാഭാഗത്ത് കലുങ്കും റോഡ്- കം-ബണ്ടും നിർമ്മിക്കണം. നാലാം വാർഡിൽ പുല്ലംപള്ളിൽ പടിപ്പുര റോഡിൽ പണ്ടാരം കുന്നിൽ ഏലാഭാഗത്ത് റോഡ്- കം- ബണ്ട് നിർമ്മിച്ച് തോട്ടിൽപ്പാലം നിർമ്മിക്കണം. അയണിയാട്ടുകലുങ്കു മാറ്റി പാലം പണിയണം. വേമ്പനാട്ടുകഴിഞ്ഞ് മുള യ്ക്കവിള റോഡിൽ പാലവിള ജംഗ്ഷൻ, മുണ്ടക്ക ത്തോണ്ടലിൽ ജംഗ്ഷൻ എന്നിവിടങ്ങളിലും കുഴികാല മാഞ്ഞാൻ റോഡിൽ കാഞ്ഞിരത്തും മൂട് ഏലാഭാഗം ചേലായ്ക്കൽ കുളത്തിനു സമീപം പോളച്ചിറ ഏലാ ഭാഗം എന്നിവിടങ്ങളിൽ കലുങ്കു നിർമ്മിക്കണം. മുക്കി ലഴികത്തു പുന്തല റോഡിൽ ഇടവനമുക്കിനു സമീപം ചെമ്പകശ്ശേരി ബംഗാളിക്കോണം റോഡിൽ ചെമ്പക ശ്ശേരി മുക്കിലും കലുങ്കു നിർമ്മിക്കണം. അഞ്ചാം വാർഡിൽ മുകളുതുണ്ടിൽ മുക്ക് കോളൂർ റോഡിൽ വയൽഭാഗത്തുള്ള തോട്ടിൽ വാഹനഗതാഗതസൗക ര്യമുള്ള ഒരു പാലം അത്യാവശ്യമാണ്.. നാലാം മൈൽ മാവേലിക്കോണം റോഡിൽ നാലാം മൈൽ ഭാഗത്ത് കലുങ്കും അടൂർ ശാസ്താം കോട്ട റോഡിൽ ഓടയും നിർമ്മിക്കണം. ആറാം വാർഡിൽ പെരുവഴിക്കൽപ്പടി പാണ്ടിമലപ്പുറം റോഡിൽ കലുങ്കു നിർമ്മിക്കണം. ഏഴാം വാർഡിൽ മാവിപ്പടി, മൈലാടിക്കൽ ഏറത്തുപഞ്ചാ

യത്തു റോഡിൽ വയൽഭാഗത്തു രണ്ടു കലുങ്കുകൾ നിർമ്മിക്കണം. എട്ടാം വാർഡിൽ നിരത്തുമുക്ക് കണ്ണമ്പാറ റോഡിൽ നിരത്തുമുക്കിൽ കലുങ്കു നിർമ്മിക്കണം. ഒൻപതാം വാർഡിൽ തത്ക്കാലം കലുങ്കുകൾ ആവശ്യമില്ല, പത്താം വാർഡിൽ നെല്ലിത്താനത്തുപടി ചെരുകുന്നത്ത്പടി റോഡിൽ ചീരഞ്ചേമ്പ് ഏലായിൽ കിഴക്കും പടിഞ്ഞാറും ഓരോ കലുങ്കും. കല്ലുശ്ശേരി മണ്ണ് പനങ്കുന്ന് സ്ക്കൂൾ റോഡിൽ കമ്മല വയൽഏലാഭാഗത്ത് റോഡ് കംബണ്ട് കെട്ടി കലുങ്ക് നിർമ്മിക്കുക. പഴയകാവ് ജംഗ്ഷൻ പൂവക്കാട്ടുപടി റോഡിൽ മണൽക്കണ്ടം ഭാഗത്ത്, തോട്ടിൽപാലം നിർമ്മിക്കുക. അരുവണ്ണൂർമുക്ക് മണൽക്കണ്ടം റോഡിൽ അരുവണ്ണൂർമുക്കിൽ സൈഡും വാളും കലുങ്കും നിർമ്മിക്കുക. വാര്യത്തു പടിക്കൽ കലുങ്കുണ്ടാക്കുക.പതിനൊന്നാം വാർഡിൽ പാണ്ടിമലപ്പുറം തേവർകാല റോഡിൽ ആലിലക്കുഴിഭാഗത്ത് രണ്ടുകലുങ്കുകൾ നിർമ്മിക്കണം. കുഴിയിൽമുക്ക് പുലിപ്പാറമുക്ക് റോഡിൽ പുലിപ്പാറ ഭാഗത്ത്, കണ്ടേലത്ത് മുക്ക് ചെപ്പള്ളിക്കുളിയിൽ മുക്ക് എന്നിവിടങ്ങളിൽ കലുങ്കു നിർമ്മിക്കണം. തയ്യിൽപ്പടി വലിയമണ്ണിൽ റോഡിൽ വലിയമണ്ണിൽ നിലവിലുള്ള നടപ്പാലം വീതികൂട്ടി വാഹന ഗതാഗതയോഗ്യമാക്കണം.

6. വായനശാല വാഴവിളപ്പടി മുളയം കോട്ടുറോഡിൽ വാഴവിളപ്പടിയിൽതോട്ടിൽപ്പാലം നിർമ്മിക്കണം. പുതിയകാവ് മണ്ണടിമാർക്കറ്റ് റോഡിൽ നിന്നും കോയിപ്പുറത്തുപടി കാട്ടൂർകടവ് വരെയുള്ള ഭാഗം റോഡിൽ ചപ്പാത്തും സൈഡുവാളും കെട്ടി കടവു കെട്ടണം. പ്ലാവറേത്തുമുക്ക് അരുവംകോട്ടു റോഡിൽ വലിയ തോട്ടിൽ ഒരു നടപ്പാലം പണിയണം.

7. തുമ്പറക്കുഴി, പാണ്ടിമലപ്പുറം വഴി മണ്ണടി മാർക്കറ്റ് റോഡും കുഴികാലാ മാഞ്ഞാൽ റോഡും വേമ്പനാട്ടഴികത്തു മുക്ക് മുളയ്ക്കവിള റോഡും അടിയന്തിര പ്രധാന്യം നൽകി പണിയേണ്ടവയാണ്.

## പുനരാരംഭിക്കേണ്ട ബസ് സർവ്വീസുകൾ

ഏനാത്ത്, കടമ്പനാട് വഴി കായംകുളം, തെക്കും ഭാഗം ഏനാത്ത് പറയകടവ് ഏനാത്ത് കൂടൽ മണ്ണടി, മണ്ണടി - തിരുവല്ല ഹരിപ്പാട് - കൊട്ടാരക്കര പത്തനംതിട്ട, മണ്ണടി കടമ്പനാടുവഴി ചവറ, വർക്കല കടമ്പനാട് വഴി മലനട എന്നീ പ്രൈവറ്റ് ബസ് സർവ്വീസുകൾ സാങ്കേതിക കാരണങ്ങളാൽ നിർത്തി വെച്ചിരിക്കുന്നു. ഈ റൂട്ടുകളിൽ ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ജനങ്ങളുടെ യാത്രാക്ലേശം അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## ഈ പഞ്ചായത്തിൽക്കൂടി സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന K.S.R.T.C. ബസുകൾ നിർത്തലാക്കിയവ

1. പുനലൂർനിന്നും കൊട്ടാരക്കര മണ്ണടി കടമ്പനാട് വഴി എറണാകുളം ഫാസ്റ്റ് പാസഞ്ചർ
2. തിരുവനന്തപുരം കൊട്ടാരക്കര മണ്ണടി മലനട മാവേലിക്കര വഴി എറണാകുളം ഫാസ്റ്റ് പാസഞ്ചർ
3. തുരുവനന്തപുരത്തുനിന്നും കൊട്ടാരക്കര പുത്തൂർ വഴി കടമ്പനാട് ഫാസ്റ്റ്
4. അടൂർനിന്നും ചൂരക്കോട് മണ്ണടി കടമ്പനാട് മലനട വഴി തിരുവനന്തപുരം ഫാസ്റ്റ്
5. അടൂർ മണ്ണടി വഴി തിരുവനന്തപുരം ഫാസ്റ്റ്
6. കോട്ടയത്തുനിന്നും അടൂർ കടമ്പനാട് വഴി ശാസ്താംകോട്ട.
7. കൊല്ലത്തുനിന്നും കടമ്പനാട് അടൂർവഴി പത്തനംതിട്ട.
8. കൊല്ലത്തു നിന്നും കടമ്പനാട് അടൂർ കോട്ടയം വഴി മൂലമറ്റം

9. കൊല്ലം അടൂർ പത്തനംതിട്ട വഴി ചിറ്റാർ ഫാസ്റ്റ് കൊട്ടാരക്കര നിന്നും മണ്ണടി തൂവയൂർ വഴി നൂറനാടിനുള്ള ഓർഡിനറി ബസ്.

പുതിയതായി ആരംഭിക്കേണ്ടവ

1. കായംകുളത്തുനിന്നും ഗണേശവിലാസം കടമ്പനാട് ഏനാത്തുവഴി കൊട്ടാരക്കര
2. അടൂർനിന്നും ഏനാത്ത് കുളഞ്ഞിലഴികത്തു പടി ദേശകല്ലും മൂട് മുടിപ്പുര ജംഗ്ഷൻ മണ്ണടിവഴി കടമ്പനാട്.
3. പത്തനംതിട്ടനിന്നും പറക്കോട് പരുത്തിപ്പാറ വടക്കടത്തുകാവ് ചൂരക്കോട് മാഞ്ഞാലിൽ കടമ്പനാട് വഴി ഞാങ്കടവ്
4. അടൂരിൽനിന്നും നെല്ലിമുകൾ കുണ്ടോംമലനട വഴി ചവറ
5. പത്തനംതിട്ട നിന്നും പറക്കോട് അടൂർ മണ്ണടി കടമ്പനാട് വഴി കൊല്ലം.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്തെ ദാരിദ്ര്യരേഖക്കു താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യനിർമ്മാർജ്ജനപദ്ധതിയും സംഘടിത, അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്രസംസ്ഥാന സർക്കാരുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്ന പദ്ധതിയുമെന്ന് ഇതിനെ രണ്ടായി തിരിക്കാം.

ഇവയ്ക്കു പുറമേ പട്ടികജാതി വികസനത്തിനും, ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷൻ വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷൻ എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത ഏറെയുണ്ട്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ അർഹതപ്പെട്ടവർക്കെല്ലാം കിട്ടായ്മയും ഔദ്യോഗിക തലത്തിലത്തി ആവശ്യത്തിനും ബോധവൽക്കരണക്കുറവും അലംഭാവവും ആവശ്യത്തിനും സമയത്തിനും വായ്പ ലഭിക്കായ്കയും ഉപയോഗപ്പെടുത്തുന്നതിനുള്ള സാങ്കേതിക നൂലാമാലകളും എടുത്തു പറയണ്ടതാണ്.

തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പദ്ധതികൾ തന്നെ കാര്യക്ഷമമല്ല. പഞ്ചായത്തിൽ കർഷകതൊഴിലാളികൾ മരപ്പണിക്കാർ മരംകയറ്റ തൊഴിലാളികൾ കൈത്തൊഴിലുകൾ തയ്യൽക്കാർ ബാർബർമാർ ചുമട്ടു തൊഴിലാളികൾ എന്നിങ്ങനെ ഉണ്ടെങ്കിലും എല്ലാവർക്കും ബന്ധപ്പെട്ട ക്ഷേമ പദ്ധതി കൊണ്ടുള്ള ആനുകൂല്യം ലഭിക്കുന്നില്ല.

പട്ടികജാതി വികസന കോർപ്പറേഷൻവഴിയുള്ള ആനുകൂല്യം കിട്ടുന്നുണ്ടെങ്കിലും അതിനും ഏറെ പ്രയാസം നേരിടുന്നുണ്ട്.

വനിതാ വികസന കോർപ്പറേഷൻ വാഗ്ദാനം ചെയ്യുന്ന സഹായങ്ങളുംസമൂഹത്തിൽ ഭൂരിപക്ഷമായ വനിതകൾക്ക് ഏറെയും അന്യമാണ്. നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള ജനസംഖ്യ ആയ 24797 ൽ ഭൂരിപക്ഷവും സ്ത്രീകളാണ്. (12884) അതുകൊണ്ടു തന്നെ വനിതാ ഗ്രാമപഞ്ചായത്ത് ആയ നമുക്ക് വനിതകളുടെ കാര്യത്തിൽ വർദ്ധിതബാദ്ധ്യതയുണ്ട്.

പഞ്ചായത്തിൽ ലഭ്യമാക്കിയ വിവധ ക്ഷേമ പദ്ധതികളെക്കുറിച്ച് താഴെ പ്രതിപാദിക്കുന്നതോടൊപ്പം അവ കൂടുതൽ ഫലപ്രദമായി ഗുണഭോക്താക്കൾക്കു അനുഭവിക്കാൻ കഴിയുന്ന നിർദ്ദേശങ്ങളും സമർപ്പിക്കുന്നു.

1. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ ഉന്നമനത്തിനായി പ്രധാനമായും ഉദ്ദേശിക്കപ്പെട്ടിട്ടുള്ള IRDP സഹായം അതിൻെറലക്ഷ്യപ്രാപ്തിക്കു സഹായകമാകുമാറ് പദ്ധതി സംബന്ധിച്ചുള്ള സർക്കാരിൻെറ നിർവ്വചനം കാലോചിതമായ മാറ്റത്തിനു വിധേയമാക്കേണ്ടതാണ്.

2. ദാരിദ്ര്യരേഖയുടെ വരുമാന പരിധി 25,000

രൂപയെങ്കിലുമാക്കി ഉയർത്തണം.

3. ദേശസാൽകൃതബാങ്കുകൾ ഈ പദ്ധതി അനുസരിച്ചു വായ്പ ലഭ്യമാക്കുന്നതിൽ വേണ്ടത്ര സഹകരിക്കാത്തതുകൊണ്ട് ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ വഴി അത് സാദ്ധ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. അതോടൊപ്പം ദേശസാൽകൃതബാങ്കുകളെയും ഈ വഴിക്കു കൊണ്ടുവരാൻസർക്കാർ നടപടി സ്വീകരിക്കണം.

4. ഗുണഭോക്താക്കളെ കണ്ടെത്താൻ (IRDP സർവെസഹായലഭ്യത കണക്ക്) പട്ടിക അന്യത്ര.

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ വനിതകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA (സഹായ പദ്ധതിസഹായ ലഭ്യതാക്കണക്ക് പട്ടിക അന്യത്ര.)

18 മുതൽ 35 വരെ വയസ്സുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. ഓരോ പ്രദേശത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകാനും, പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംവിധാനം ആരംഭിക്കാനും ശ്രദ്ധിക്കേണ്ടതാണ്. കാരണം ഈ പരിശീലനം ലഭിക്കുന്നവർക്ക് തുടർന്ന് യോഗ്യതാടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല എന്നത് ഈ പദ്ധതിയുടെ പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇവിടെ ഇപ്പോൾ ലഭിക്കുന്ന സ്റ്റൈപൻറ് തുക കൂട്ടേണ്ടതാണ്. (ട്രൈസം പരിശീലന ലഭ്യത. പട്ടിക അന്യത്ര)

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ CRSP . കൂടുതൽ ആളുകൾക്ക് ഇതിൻെറ ഗുണം ലഭിക്കുമാറ് കക്കൂസുകളുടെ എണ്ണം കൂട്ടുകയും തുക വർദ്ധിപ്പിക്കേണ്ടതുമാണ്. ( CRSP കക്കൂസ് ലഭ്യതാ കണക്ക് .പട്ടിക അന്യത്ര.)

വില്ലേജ് ആഫീസുകൾ വഴിയുള്ള ക്ഷേമ പദ്ധതികളാണ് താഴെ പ്രതിപാദിക്കുന്നവ ഈ ആനുകൂല്യങ്ങളിൽ പലതും അർഹരായ മുഴുവൻ പേർക്കും കിട്ടുന്നില്ലെന്നും അനർഹരായ കുറേപ്പേർ കൈപ്പറ്റുന്നതായും ഉള്ള പരാതികൾക്ക് ഇതു സംബന്ധിച്ച ചർച്ചയിൽ ഗ്രാമസഭാവേദി സാക്ഷ്യം വഹിക്കാറുണ്ട്. നിത്യവൃത്തിക്കു ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന സഹായങ്ങൾ കൃത്യമായും സമയത്തും കിട്ടുന്നില്ലെന്നത് വലിയ പ്രശ്നം തന്നെയായി അവശേഷിക്കുന്നു. ഈ പദ്ധതികളുടെ ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറേണ്ടതും എത്രയും പെട്ടെന്ന് ഫണ്ട് ലഭ്യമാക്കേണ്ടതുമാണ്.

വിധവാപെൻഷൻ. പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ലഭിക്കില്ല എന്ന നിബന്ധന മാറ്റി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ ലഭ്യമാക്കാൻ നടപടി അനിവാര്യമാണ്.

വികലാംഗപെൻഷൻ ലഭിക്കുന്നതിനു അർഹത നേടുക ഇന്നത്തെ സാഹചര്യത്തിൽ ഏറെ ബുദ്ധിമുട്ടാണ്. വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിനുവേണ്ടി പലപ്പോഴും ദൂരയാത്ര ചെയ്ത് കഷ്ടപ്പെടുകയാണ് വികലാംഗരായ അപേക്ഷകർ. അതുകൊണ്ട് തങ്ങളുടെ വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റു നൽകാനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ പ്രധാന മെഡിക്കൽ ഓഫീസർക്ക് കൈമാറണം.

കർഷകതൊഴിലാളിപെൻഷൻ അനർഹരായ പലർക്കും ലഭിക്കുന്നുണ്ട്. എന്നാൽ അർഹരായ എല്ലാവർക്കും കിട്ടുന്നില്ലെന്നുള്ള പരാതിയും ഗ്രാമസഭകളിൽ കേൾക്കുന്നുണ്ട്. അതിനാൽ അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിനു നല്കുകയും തെരഞ്ഞെടുത്ത ലിസ്റ്റു പ്രസിദ്ധപ്പെടുത്തുകയും വേണം.

## തൊഴിലില്ലായ്മാ വേതനം

ഈ സഹായവും അനർഹരായ പലരും അനുഭവിക്കുന്നതായി പരാതിയുണ്ട്. ഇത് പരിഹരിക്കേണ്ടതും

യഥാസമയം ലഭ്യമാക്കേണ്ടതുമാണ്.

## അംഗൻ വാടികൾ.

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിൻെറ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. പ്രവർത്തനത്തെ ഇതു ദോഷമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടം ഇല്ലാത്തതും സ്ഥലം പോലുമില്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടക്കാത്തതും കുടിനീർ സൗകര്യമില്ലാത്തതും ആവശ്യമായ ഉപകരണങ്ങളും, കളിപ്പാട്ടങ്ങളും ഇല്ലാത്തതും, വലിയ പ്രശ്നമായി അവശേഷിക്കുന്നു, തുച്ഛമായ വേതനം പറ്റിക്കൊണ്ടും പ്രയാസങ്ങൾ സഹിച്ചും നാടിൻെറ ഉന്നമനത്തിനുവേണ്ടി യത്നിക്കുന്ന ഇവരുടെ ഈ അവസ്ഥയ്ക്കു പരിഹാരം ഉണ്ടാകേണ്ടതാണ്.

## ക്ഷേമനിധികൾ

### കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി

മുഴുവൻ ആളുകളും ക്ഷേമനിധിയിലെ അംഗങ്ങളായിട്ടില്ല. പല സ്ഥലങ്ങളിലും ഉടമാവിഹിതം പിരിക്കുന്നില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നവരാകയാൽ 55 വയസ്സാകുമ്പോഴേക്കും ജോലിയിൽ നിന്നു വിട്ടുനിൽക്കാൻ നിർബന്ധിക്കപ്പെടുകയാണ്. അതുകൊണ്ട് ഇവരുടെ പെൻഷൻ പ്രായം 55 വയസ്സായി ചുരുക്കണം.

### സ്വർണ്ണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ വളരെ ചുരുക്കം പേരേ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നുള്ളൂ. ഇവരെ ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതുണ്ട്.

### കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി

തയ്യൽക്കാർ,ബാർബർമാർ, കൊല്ലന്മാർ, മരംകയറ്റക്കാർ ബീഡിതൊഴിലാളികൾ വാച്ച്, സൈക്കിൾ റിപ്പയർമാർ തേങ്ങവെട്ടി ഉണക്കുന്നവർ, റബർവെട്ടുകാർ, കൽപ്പണിക്കാർ, മരപ്പണിക്കാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും പഞ്ചായത്തിൽ ഈ മേഖലയിലുള്ള അധികം പേരും ക്ഷേമനിധിയിൽ അംഗങ്ങളല്ല.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലെത്തിക്കാനും അർഹതയവർക്ക് ലഭ്യമാക്കാനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കേണ്ടിയിരിക്കുന്നു. അതാത് ഗ്രാമസഭകൾ പദ്ധതികളെ സംബന്ധിച്ച ബോധവൽക്കരണവും അർഹതപ്പെട്ടവർക്ക് ആനുകൂല്യവും ലഭ്യമാക്കുകയും ചെയ്യുക.

## നിർദ്ദേശങ്ങൾ-ആവശ്യങ്ങൾ

1. രൂപയുടെ മൂല്യം വെറും 06 പൈസയായി 1996 നവംബറിൽ ശോഷിച്ചിരിക്കുന്നതിനാലും വിലക്കയറ്റം അനിയന്ത്രിതമായി തുടരുന്നതുകൊണ്ടും നിത്യജീവിതം കൂടുതൽ ക്ലേശകരമായിത്തീരുന്നു. ആയതിനാൽ നിലവിലുള്ള വിവിധ പെൻഷൻ പദ്ധതികൾ താഴെപ്പറയും വിധം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്.

| | |
|---|---|
| a. കർഷകതൊഴിലാളി പെൻഷൻ | 200 രൂപ |
| b വികലാംഗപെൻഷൻ | 200 രൂപ |
| c പരമ്പരാഗത വ്യവസായ തൊഴിലാളി പെൻഷൻ | 200 രൂപ |
| d തൊഴിലില്ലായമ വേതനം | 200 രൂപ |
| e കുഷ്ഠം, ക്യാൻസർ, ക്ഷയരോഗികളുടെ ധനസഹായം | 250 രൂപ |

f വിധവാ പെൻഷൻ 200 രൂപ

g അഗതിപെൻഷൻ 200 രൂപ

2. ഈ പെൻഷനുകൾ ലഭിക്കുന്നതിനു നിലവിലുള്ള കാലതാമസം ഒഴിവാക്കുക.

3. അർഹതപ്പെട്ട എല്ലാവർക്കും ടി. പെൻഷനുകൾ ലഭിക്കുവാൻ വേണ്ട നടപടികൾ പഞ്ചായത്തു തലത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കുക

4. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കുക.

5. പത്തു വയസ്സു വരെയുള്ള നിർദ്ധന കുടുംബത്തിലെ കുട്ടികൾക്കു പോഷകാഹാരപദ്ധതിഏർപ്പെടുത്തുക.

6. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കു മെഡിക്കൽകോളേജു വരെയുള്ള സർക്കാർ ആശുപത്രികളിലെ ചികിത്സ സൗജന്യമാക്കുക.

7. നിരാലംബരായ വൃദ്ധ ജനങ്ങൾക്ക് ആശ്വാസമായി പഞ്ചായത്തടിസ്ഥാനത്തിൽ വാർദ്ധക്യകാല വസതി പോലുള്ള പാർപ്പിട സംവിധാനം ഏർപ്പെടുത്തുക.

8. അപകട മരണങ്ങളും അപകടങ്ങളും സംഭവിക്കുന്ന തൊഴിലാളികൾക്കും നിർദ്ധനരായ വർക്കും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ധനസഹായം ആവിഷ്കരിച്ചു നൽകുക.

9. സർക്കാർ പൊതുജനാരോഗ്യവകുപ്പിനോടനുബന്ധിച്ച് കടമ്പനാട്ട് ഒരു ചെഷയർ ഹോം തുറക്കുക.

10. ലക്ഷം വീടു പട്ടികജാതി കോളനിയിൽ താമസിക്കുന്ന ജനവിഭാഗങ്ങളുടെ വൈജ്ഞാനികവും മാനസികവുമായ വളർച്ച ലക്ഷ്യമാക്കി അവിടങ്ങളിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

11. പഞ്ചായത്തിൽ മാവേലി സ്റ്റോറും മൊബൈൽ പച്ചക്കറി സ്റ്റാളും തുടങ്ങുക.

12. അംഗൻവാടികൾക്കു സ്വന്തമായ സ്ഥലവും കെട്ടിടവും, കിണർ, കക്കൂസ് ഇവയും അത്യാവശ്യമായ മറ്റുപകരണങ്ങളും പ്രദാനം ചെയ്യാൻ കഴിയുന്ന പദ്ധതി ആവിഷ്കരിക്കണം. കെട്ടിടം വൈദ്യുതീകരിക്കുക.

13. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെക്കൊണ്ടോ ജെ.ആർ.വൈ.ഫണ്ട്ഉപയോഗിച്ചോ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും ഉള്ളവയിൽ അറ്റകുറ്റപ്പണിനടത്തിക്കുകയും ചെയ്യം.

14. പഞ്ചായത്ത് മിച്ചഭൂമിയോ ലീസ് ഭൂമിയോ പുറമ്പോക്കുഭൂമിയോ അംഗൻവാടി കെട്ടിടം പണിയാൻ നൽകുക.

a. DWCRA യൂണീറ്റുകൾക്കു നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.

b. അംഗൻവാടിയിലെ കുട്ടികൾക്കു പോഷകാഹാരത്തിനു നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.

c അനർട്ട് അടുപ്പുകൾ അങ്കൺവാടികളിൽ വ്യാപകമാക്കുക.

d അംഗൻ വാടി ജീവനക്കാരുടെ സേവന വേതന നിലവാരം കാലോചിതമായി ഉയർത്തുക.

e സാമൂഹ്യക്ഷേമ പൊതുപ്രവർത്തനങ്ങളിൽ അംഗൻവാടി ജീവനക്കാരെ സജീവമാക്കാൻ ബോധവൽക്കരണം നടത്തുക

15. നിർദ്ധന വിഭാഗത്തിൽപെട്ട കക്കൂസ് ഇല്ലാത്തവർക്ക് അവ നിർമ്മിച്ചു നൽകുക.

16. തെരുവു പട്ടികളെ നശിപ്പിച്ച് പേപ്പട്ടിശല്യം ഒഴിവാക്കുന്ന സ്കീം സജീവമായി നടപ്പാക്കേണ്ടതുണ്ട്.

17. വിലക്കയറ്റം ദുസ്സഹമായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ന്യായവിലയ്ക്കു അവശ്യസാധനങ്ങൾ വാങ്ങാവുന്ന കൺസ്യൂമർസ്റ്റോർ പോലുള്ള പൊതു വിപണന കേന്ദ്രങ്ങൾ വാർഡുതലത്തിൽ സ്ഥാപിക്കണം.

18. ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും പഞ്ചായത്ത് തലത്തിൽ ഉപഭോക്തൃസംരക്ഷണസമിതി രൂപീകരിക്കണം.

## സാമൂഹ്യക്ഷേമം വാർഡുതല സർവ്വേ

വാർഡ് 1 ഹരിജൻ കോളനികൾ ഉണ്ട്. ഇതിലെ പല വീടുകളിലും വൈദ്യുതി ലഭിച്ചിട്ടില്ല. ഈ വാർഡിൻെറ പ്രധാന കേന്ദ്രമായ എള്ളുവിളജംഗ്ഷനിൽ ഒരു വെയിറ്റിംഗ്ഷെഡ് ആവശ്യമാണ്. വഴിവിളക്കുകൾ കത്തുന്നില്ല. കൂടുതൽ വഴിവിളക്കുകൾ സ്ഥാപിക്കണം. പലർക്കും കക്കൂസ് ലഭ്യമാക്കുന്നതിനു നടപടിയുണ്ടാകണം.

വാർഡ് II ഗോവിന്ദപുരം (കടമ്പനാട്)പബ്ലിക്ക് മാർക്കറ്റിൻെറ വികസനത്തിനും ഗതാഗതബാഹുല്യം ഒഴിവാക്കുന്നതിനും ബസ്സ്റ്റാൻറ് സ്ഥാപിക്കുന്നതിന്ന് ആവശ്യമായ നടപടി ഉണ്ടാകണം.

മൂന്നാം വാർഡിൽ അംഗൻവാടി കെട്ടിടത്തിന് ചുറ്റുമതിൽ, കക്കൂസ്, ഇവ നിർമ്മിക്കണം. ഹെൽത്ത് സെൻററിനു ചുറ്റുമതിൽ നിർമ്മിക്കണ. ലക്ഷ്മി വിലാസം ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് പണിയണം. പൊതു കക്കൂസുകൾ അത്യാവശ്യം വേണ്ടതു സ്ഥാപിക്കണം. ജനതാ ഗ്രന്ഥശാലയുടെ ബലഹീനമായ കെട്ടിടത്തിൻെറ സ്ഥാനത്ത് പുതിയ കെട്ടിടം പണിയണം

വാർഡ് - 4

സ്വന്തമായി വീടില്ലാത്ത 65 കുടുംബങ്ങൾക്ക് വീടുകൾ അനുവദിക്കക

അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത മുഴുവൻ ഹരിജനങ്ങൾക്കും ഉണ്ടാക്കുന്തിനുള്ള നടപടികൾ സ്വീകരിക്കുക.

ഭൂരഹിതരായ ഹരിജനങ്ങൾക് അധിവസിക്കുന്നതിനു ഭൂമിയും വീടും കൊടുക്കുക.

വൈദ്യുതീകരിച്ചിട്ടില്ലാത്ത മുഴുവൻ വീടുകളും വൈദ്യുതീകരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക

കിണറുകൾ ഇല്ലാത്ത കുടുംബങ്ങൾക്ക് കിണറുകൾ നിർമ്മിക്കുന്നതിന് ധനസഹായം ചെയ്യുക

കോളനികളിൽ പൊതുവിളക്കുകൾ സ്ഥാപിക്കുക.

കാട്ടത്താംവിള, ജംഗ്ഷൻ പാറവിള ജംഗ്ഷൻ എന്നിവിടങ്ങളിൽ കലുങ്കുകൾ ഉണ്ടാക്കുക.

കടമ്പനാട് കേന്ദ്രമാക്കി ഹരിജനങ്ങൾക്ക് ഒരു പെട്രോൾ പമ്പ് അനുവദിക്കുക.

കടമ്പനാട് പഞ്ചായത്തിൽ ഒരു ഗ്യാസ് ഏജൻസി (Lpg) അനുവദിക്കുക

വാർഡ്-v. മലങ്കാവിലുള്ള അംഗൻവാടിയിൽ കക്കൂസ് മൂത്രപ്പുര നിർമ്മിച്ചു നൽകണം..കെട്ടിടം വൈദ്യുതീകരിക്കുകയും ജലപാനത്തിനു കിണർനിർമ്മിച്ചു നൽകുകയും വേണം. മാഞ്ഞാലിൽ ജംഗ്ഷനു സമീപം ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിക്കണം.

വാർഡ് VI മൂന്ന് അംഗൻ വാടികൾ ഉണ്ട്. ഇവയുടെ പുരോഗതിക്കും വികസനത്തിനും ആവശ്യമായ നടപടിവേണം. കർഷക തൊഴിലാളികൾ ഈ വാർഡിലെ ജനസംഖ്യയിൽ നിസ്സാരമല്ലാത്ത സ്വാധീന ശക്തിയാകയാൽ അവരുടെ ഉന്നമനം പഞ്ചായത്തിൻെറ മൊത്തത്തിലുള്ള വികസനത്തിന് അനുപേക്ഷണീയമാണ്.

വാർഡ് - VII-ൽ പബ്ലിക്ക് മാർക്കറ്റ് നിലവിലില്ല. കന്നാട്ടുകുന്ന് ജംഗ്ഷൻ, ലക്ഷ്മീ നട ഇവിടങ്ങളിൽ പുതിയ മാർക്കറ്റുകൾ സ്ഥാപിക്കണം. 50% വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കാൻ തയ്യാറാണ്. വേണ്ടതു ചെയ്യണം. ഒരു അംഗൻവാടി മാത്രമേ ഉള്ളൂ. പുതിയതായി നാല് അംഗൻവാടികൾ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കണം. ഒരു വൃദ്ധ മന്ദിരവും സ്ഥാപിക്കേണ്ടതുണ്ട്. ഒരു മഹിളാസമാജം പ്രവർത്തി

ക്കുന്നു.

വാർഡ് VIII   വിവിധ പെൻഷൻ ഗുണഭോക്താക്കളുമായി ധാരാളം പേർ വാർഡിലുണ്ട്. എന്നാൽ ഒന്നും സമയത്തു കിട്ടാറില്ല. കാലതാമസം ഒഴിവാക്കാൻ വേണ്ടതു ചെയ്യണം. അംഗൻ വാടികൾക്ക് കിണർ, കക്കൂസ്, ഇവ നിർമ്മിക്കണം ഹോമയോ ഡിസ്പൻസറി സ്ഥാപിക്കണം.

വാർഡ് XI

മൂന്നു അംഗൻവാടികൾ ഉണ്ട്. എന്നാൽ അവശ്യം വേണ്ട ഉപകരണങ്ങൾ പാത്രങ്ങൾ കളിപ്പാട്ടങ്ങൾ ഇവ നൽകേണ്ടതുണ്ട്. ഒരു മഹിളാ സമാജം പ്രവർത്തിക്കുന്നു. വിവധ പെൻഷനുകൾ കാലതാമസം വിനാ ലഭിക്കുന്നതിനു നടപടി വേണം ലക്ഷം വീടു ഹരിജൻ കോളനിയും ഉണ്ട്.

വാർഡ്X-

രണ്ട് അംഗൻവാടികളുണ്ട്. ഒന്നിനു സ്ഥിരമായി ആസ്ഥാനമില്ലാത്തതും വാടകയ്ക്ക് കെട്ടിടം ലഭിക്കാൻ പ്രയാസത്തിലുമാണ് ആകയാൽ പ്രസ്തുത അംഗൻവാടിയ്ക്ക് സ്വന്തമായി സ്ഥലം കെട്ടിടം വൈദ്യുതി കിണർ, കക്കൂസ് ഇവയും മറ്റത്യാവിശ്യ ഉപകരണങ്ങളും പ്രദാനം ചെയ്യാൻ ഉതകുന്ന പദ്ധതി ആവിഷ്ക്കരിക്കണം. വാർഡിൽ അടിയന്തിരമായി സർക്കാർ ആശുപത്രി സ്ഥാപിക്കണം. ആഴ്ചതോറും പ്രതിരോധ കുത്തിവെയ്പിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. ആനുകാലിക പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും അടങ്ങിയ വായനശാലയും പബ്ലിക് ടി.വി. സ്റ്റേഷനോടുകൂടിയ പൊതുജനപാർക്കും ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് അവശ്യസാധനങ്ങൾ വാങ്ങാവുന്ന കൺസ്യൂമർ സ്റ്റോർ പോലുള്ളപൊതുവിപണനകേന്ദ്രവും സ്ഥാപിക്കണം. വാർഡിൻെറ മദ്ധ്യഭാഗം കേന്ദ്രമാക്കി ഒരു ബസ് സ്റ്റാൻഡും പബ്ലിക് ടെലിഫോൺ ബൂത്തും എംപ്ലോയ്മെൻെറ് ഇൻഫർമേഷൻ സെൻററും അത്യാവശ്യമാണ്. വാർഡിൽ കാലായി ഭാഗത്ത് അടിയന്തിരമായി ഒരു തപാൽ പെട്ടി സ്ഥാപിച്ച് ജനങ്ങളുടെ തപാൽ സംബന്ധമായ ആവിശ്യങ്ങൾക്ക് വേണ്ടിവരുന്ന യാത്രാക്ലേശം പരിഹരിക്കണം.

## പട്ടിക—1

**IRDP** സർവ്വെ സഹായ ലഭ്യതക്കണക്ക്

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 1992-93 | SC | 1,17,573 | 1,17,674 |
| 1992-93 | OC | 1,50,887 | 1,88,945 |
| 1993-94 | SC | 1,19,450 | 1,19,950 |
| 1993-94 | OC | 19,860 | 86,996 |
| 1994-95 | SC | 90,000 | 1,83,000 |
| 1994-95 | OC | 40,000 | 1,3,0000 |
| 1995-96 | SC | 96,000 | 1,92,000 |
| 1995-96 | OC | 55,000 | 1,52,000 |
| ആകെ. | | **6,88,770** | **11,70,565** |

## പട്ടിക No. II

**DWCRA** സഹായ ലഭ്യത കണക്ക്

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 1995-96 | 8(OC)x2 | 4,000x2 | 12,000x2 |
| | 2(SC)X2 | 6,000X2 | 12,000X2 |
| | 20 | 20,000 | 48,000 |

## പട്ടിക No. III

ട്രൈസം പരിശീലനലഭ്യത

| വർഷം | എണ്ണം |
|---|---|
| 1992-93 | 33 |
| 93-94 | 3 |
| 95-96 | 2 |
| ആകെ | **40** |

## പട്ടിക No. IV.

**CRSP** കക്കൂസുകൾ അനുവദിച്ചത്

| വർഷം | എണ്ണം |
|---|---|
| 1992-93 | (4) 8 |
| 93-94 | (6)12 |
| 94-95 | (3)6 |
| 95-96 | (3) 6 |
| ആകെ | **(16)32** |



"ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ്."

ഗാന്ധിജി പറഞ്ഞു.

ഇന്ന്,

ഇൻഡ്യൻ ഗ്രാമങ്ങളിൽ ഒരു പുതിയ സൂര്യോദയം.

അധികാരം ജനങ്ങളിലേക്ക്.

ഗ്രാമസ്വരാജ് ഒരു യാഥാർത്ഥ്യമാവുകയാണ്.

# 5.8

# സംസ്കാരം

## സംസ്കാരം



ഭൂപ്രകൃതിയാൽ അനുഗൃഹീതമായ കടമ്പനാട് ഗ്രാമ പഞ്ചായത്തിന് കേരളത്തിന്റെ സാമൂഹ്യസാംസ്കാരിക ചരിത്രത്തിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നു നാം എത്തിച്ചേർന്നിരിക്കുന്ന ദിശയിൽ നിന്നു തിരിഞ്ഞു നോക്കുമ്പോൾ നമ്മുടെ സാമൂഹ്യ ചരിത്ര പശ്ചാത്തലം കൂടി ഉൾപ്പെട്ടതാണ് നമ്മുടെ സംസ്കാരത്തിന്റെ അടിസ്ഥാനം എന്നുകാണാൻ കഴിയും. നാടുവാഴി ജന്മി പ്രഭുക്കന്മാരുടേയും രാജഭരണത്തിന്റേയും ബ്രിട്ടീഷ് സാമ്രാജ്യ വാഴ്ചയുടേയും അനുഭവങ്ങളിൽനിന്നും ജനാധിപത്യത്തിലേക്കുള്ള ഈ മാറ്റത്തോടൊപ്പം സാംസ്കാരിക രംഗത്തും അതിന്റേതായ പുരോഗതി ഉണ്ടായിട്ടുണ്ട്.

മത സൗഹാർദ്ദത്തിന്റെ സന്ദേശം വിളിച്ചറിയിക്കുന്ന ചരിത്രമാണ് ഈ നാടിനുള്ളത്. പുരാതനങ്ങളായ ക്ഷേത്രങ്ങളും, പള്ളികളും ഈ നാടിന്റെ സാംസ്കാരിക പൈതൃകത്തെ ഉയർത്തിപ്പിടിക്കുന്നവയാണ്. വ്യത്യസ്ഥ മത വിഭാഗക്കാരുടേതായ ഈ ദേവാലയങ്ങളിൽ

ആണ്ട്തോറും ഉത്സവങ്ങളും ആഘോഷങ്ങളും നടന്നുവരുന്നു. ഈ ആഘോഷപരിപാടികളിൽ ജാതിമത ഭേദമെന്യേ എല്ലാവരും പങ്കെടുക്കുന്നു. ഇതെല്ലാം നമ്മുടെ സംസ്കാരത്തിന്റെ ഉയർന്ന മൂല്യബോധത്തെ ക്കാണിക്കുന്നു. ബ്രിട്ടീഷ് സാമ്രാജ്യ വാഴ്ചയ്ക്കെതിരെ പടപൊരുതിയ വേണാടിന്റെ ദളവ ആയിരുന്ന തലക്കുളത്ത് വേലുത്തമ്പി വീരമൃത്യു വരിച്ച പ്രദേശമെന്ന നിലയിലും കടമ്പനാടു ഗ്രാമത്തിന്റെ പ്രസക്തി കേരളത്തിന്റെ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ സമരത്തിന്റെ അലയടികൾ നമ്മുടെ ഗ്രാമത്തിലും പ്രതിഫലിച്ചിരുന്നു.

കടമ്പനാട് ഗ്രാമത്തിന്റെ ആദ്യകാല വികസന പ്രവർത്തനങ്ങളിൽ മുഖ്യ പങ്കുവഹിച്ച കളീലുവിളയിൽ ശ്രീ. കെ. ആർ. കൃഷ്ണപിള്ള, കുഴിവിളതെക്കേതിൽ ശ്രീ.എസ്. പരമുപിള്ള, കണ്ണമ്പള്ളിൽ ഈശ്വരൻനായർ, ശ്രീ. കോയിപ്പുറത്തു നിലകണ്ഠൻ നായർ തുടങ്ങിയ വ്യക്തികളും, മറ്റു സാംസ്കാരിക സംഘടനകളും നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്. റോഡുകൾ, സ്കൂളുകൾ, ആശു പത്രി, പഞ്ചായത്ത് ആഫീസ്,എന്നിങ്ങനെയുള്ള സ്ഥാപനങ്ങ ൾക്കു വേണ്ടി വസ്തുക്കളും, മനുഷ്യാദ്ധ്വാ നങ്ങളും, സാമ്പത്തിക സഹായങ്ങളും നൽകിയ ഈ നാട്ടിലെ പുരോഗമനചിന്താഗതിക്കാരായ മഹത് വ്യക്തികളുടെ പേരുകൾ സ്മരണീയമാണ്.

## സാഹിത്യ സാംസ്കാരിക രംഗം

നാടൻ കലകളുടെ കേളീരംഗമായിരുന്ന നമ്മുടെ പഞ്ചായത്തിന് അവ നിലനിറുത്തുന്നതിനും, പരിശീലിപ്പിക്കുന്നതിനും, പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ട പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടിയിരിക്കുന്നു.

## ജനകീയ വിജ്ഞാന നാടൻകലാകേന്ദ്രം

1980-ൽ മണ്ണടിയിൽ സ്ഥാപിച്ച കേരള സംസ്ഥാന നാടൻ കലാ കേന്ദ്രത്തിന് സ്ഥിരമായ പ്രവർത്തനമോ, സ്വന്തമായി കെട്ടിടമോ, വിശാലമായ ലക്ഷ്യസാക്ഷാൽക്കാരത്തിനായിട്ടുള്ള പ്രവർത്തനങ്ങളോ നടത്തുവാൻകഴിഞ്ഞിട്ടില്ല. ജനകീയ വിജ്ഞാനവും, ജനകീയ കലകളുടെ പഠനവും ലക്ഷ്യമായിട്ടുള്ള ഈ സ്ഥാപനം സാംസ്കാരിക കേരളത്തിന് അത്യാവശ്യമാണ്.

1 മണ്ണടിയിലെ ജനകീയ വിജ്ഞാന നാടൻ കലാ കേന്ദ്രം അക്കാഡമിക് സ്റ്റാറ്റസ് നൽകി മ്യൂസിയമായി ഉയർത്തി വേലുത്തമ്പി സമുച്ചയത്തിന്റെ ഭാഗമാക്കിമാറ്റുക.

2 മണ്ണടിയിലെ കേരളസംസ്ഥാന ജനകീയ വിജ്ഞാന നാടൻകലാ കേന്ദ്രത്തിന് സംസ്ഥാന തലത്തിൽ വിദഗ്ദർ ഉൾക്കൊള്ളുന്ന ഒരു ഉപദേശകസമിതി രൂപീകരിക്കുക. ഈ സമിതിയിൽ കടമ്പനാട് ഗ്രാമ പഞ്ചായത്തിന്റെ മെച്ചപ്പെട്ട പ്രാതിനിധ്യം ഉറപ്പ് വരുത്തുക.

3 ജനകീയ വിജ്ഞാന നാടൻകലാകേന്ദ്രത്തിന് സ്വന്തമായി സ്ഥലവും, കെട്ടിടങ്ങളും, മറ്റ് ഉപകരണങ്ങളും ജനപങ്കാളിത്തത്തോട് കണ്ടെത്തുന്നതിനും, 1998 മുതൽ പഠന ക്ലാസുകൾ ആരംഭിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

# ടൂറിസം

എടുത്ത് പറയത്തക്ക ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ നിലവിലില്ല. എന്നാൽ ടൂറിസ്റ്റ് സാദ്ധ്യതകൾ വളർത്തിയെടുക്കുവാനുള്ള ചില ഭൗതിക സാഹചര്യങ്ങൾ ഇവിടെയുണ്ട്. പഴയ തിരുവിതാംകൂർ രാജ്യത്തിന്റെ ഭാഗമായിരുന്ന ഇരണിയൽ ദേശത്തിൽ ഉൾപ്പെടുന്ന തലകുളം എന്ന

സ്ഥലത്തു ഒരു സാധാരണ വീട്ടിൽ ജനിച്ച് വളർന്ന് പിന്നീട് വേണാടിന്റെ ഭരണാധിപനായി ദളവ സ്ഥാനത്ത് എത്തി ബ്രിട്ടീഷ് സാമ്രാജ്യവാഴ്ചയ്ക്കെതിരെ പടപൊരുതി മണ്ണടിയിൽ വച്ച് ദേഹത്യാഗം ചെയ്ത വേലുത്തമ്പി ദളവയുടെ സ്മാരകവും, കല്ലടയാറിന്റെ തീരത്ത് സ്ഥിചയ്യുന്ന ശില്പാലംകൃതമായ സ്നാനഘട്ടവും (കല്ലുമാടം) വിപുലീകരിച്ച് മെച്ചപ്പെട്ട നിലയിൽ മാറ്റിയാൽ ടൂറിസ്റ്റ് കളെ ആകർഷിക്കുവാനുള്ള സാദ്ധ്യത വളരെ കൂടുതലായി ഈ ഗ്രാമത്തിനുണ്ട്.

1. വേലുത്തമ്പി സ്മാരകം വിപുലപെടുത്തി അതുമായി ബന്ധപ്പെട്ട വിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിച്ചു കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രമായി ഉയർത്തുക. ഇതിനോടനുബന്ധിച്ച് ചരിത്ര മ്യൂസിയം, ടൂറിസ്റ്റ് കോംപ്ലക്സ് ചരിത്രപഠനകേന്ദ്രം ഇവ സ്ഥാപിക്കുക.

2. മണ്ണടി W.L.P.S ന് സമീപമുള്ള അരവക്ക ;ച്ചാണിയെന്നറിയപ്പെടുന്ന ഗുഹ കൗതുകകരവും, പ്രസിദ്ധവുമാണ്. നിലവിലുള്ള ഈ ഗുഹയെ കുറിച്ചു സമഗ്രമായ ചരിത്രഗവേഷണം നടത്തി വിനോദസഞ്ചാര കേന്ദ്രമായി ഉയർത്തുക.

## ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ

നമ്മുടെ ഗ്രാമപഞ്ചായത്തിലെ 11 വാർഡ് കളിലായി മൊത്തം 39 ആർട്സ് & സ്പോർട്സ് ക്ലബ്ബുകളും ഒരു വൈസ്മെൻസ് ക്ലബും, ഒരു Y.M.C.A യും പ്രവർത്തിക്കുന്നുണ്ട്. ഓണം, ക്രിസ്തുമസ്സ് തുടങ്ങിയ ആഘോഷങ്ങളോടനുബന്ധിച്ച് ചിലപരിപാടികളും , ചില സംഘടനകൾ നാടിന്റെ പുരോഗമന പ്രവർത്തനങ്ങളും നടത്തിവരുന്നു. എന്നാൽ തന്നെയും മിക്കസംഘടനകൾക്കും രജിസ്ട്രേഷൻ, മെമ്പർഷിപ്പ്, പ്രവർത്തന റിപ്പോർട്ട്, ആഫീസ് പ്രവർത്തനങ്ങൾ കായിക വിനോദ ഉപകരണങ്ങൾ ഇവയൊന്നുമില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഈ ശൈലിയിൽ മാറ്റമുണ്ടാകണം.

1. എല്ലാ ആർട്സ് & സ്പോർട്സ് ക്ലബ്ബുകളും രജിസ്റ്റർ ചെയ്യുക.

2 മെമ്പർഷിപ്പ്, പ്രവർത്തന റിപ്പോർട്ട്, സന്നദ്ധസേവനപ്രവർത്തനങ്ങൾ എന്നിവ നടത്തുക.

3. ശരിയായി പ്രവർത്തിച്ച് വരുന്ന അംഗീകൃത സംഘടനകൾക്ക് ആണ്ടുതോറും പഞ്ചായത്ത് ഗ്രാന്റ് നൽകുക. അതോടൊപ്പം മറ്റ് പ്രോത്സാഹനങ്ങൾ ചെയ്ത് കൊടുക്കുക.

4. സംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീകരിക്കുക. ഓരോ അംഗീകൃത സംഘടനകളിൽ നിന്നും രണ്ട് അംഗങ്ങൾ വീതം പഞ്ചായത്തുതല സമിതിയിൽ ഉണ്ടായിരിക്കണം. ഈ സമിതിയിൽ നിന്നും പഞ്ചായത്തുതല ഭാരവാഹികളെ തെരഞ്ഞെടുക്കുക. ഓരോ സംഘടനയുടേയും ദൈനംദിന പ്രവർത്തനം മാസത്തിലൊരിക്കൽ പരിശോധിച്ച് പഞ്ചായത്ത്തല ഭാരവാഹികൾ ഗ്രാമപഞ്ചായത്ത് കമ്മറ്റിക്ക് നൽകുക.

5. നാടകസമിതി രൂപീകരിച്ച് പ്രവർത്തിക്കുക.

## കായികരംഗം

കായികരംഗത്ത് മെച്ചപ്പെട്ട പുരോഗതി കൈവരിക്കുവാൻ വേണ്ടത്ര കഴിഞ്ഞിട്ടില്ല. ശാരീരിക വളർച്ചക്കും, ആരോഗ്യനിലനിൽപിനും കായിക പരിശീലനങ്ങൾ അനിവാര്യമാണ്. എന്നാൽ ഇതിനാവശ്യമായ പൊതുകളിസ്ഥലങ്ങളുടെ കുറവും, പുതിയ തലമുറയിലെ താല്പര്യകുറവും ഈ രംഗത്തെ പ്രധാന ഘടകമാണ്. ഇന്ന് കലാകായിക വിനോദങ്ങൾ ആസ്വദി

ക്കുവാൻ കൂടുതൽ ആളുകളും ആശ്രയിക്കുന്നത് ഇലക്ട്രോണിക് മാദ്ധ്യമങ്ങളെയാണ്.

1. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുക.

2. പഞ്ചായത്തു തലത്തിൽ ഒരു കായിക പരിശീലനകേന്ദ്രം ആരംഭിക്കുക.

3. വാർഡ് അടിസ്ഥാനത്തിൽ പൊതു കളിസ്ഥലങ്ങളും മൽസര സാദ്ധ്യതകളും കണ്ടെത്തുക.

4 കായിക കലാ സാഹിത്യ രംഗത്തു യുവജനങ്ങളെ ആകർഷിക്കുവാൻ കഴിയുന്ന വിവിധയിനം മത്സരങ്ങളും ബോധവൽക്കരണ പരിപാടികളും, സെമിനാറുകളും, പ്രോത്സാഹന വേദികളും പഞ്ചായത്തുതലത്തിൽ മുടക്കം കൂടാതെ സംഘടിപ്പിക്കുക.

## ഗ്രന്ഥശാലകൾ

കേരളഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 7 ഗ്രന്ഥശാലകൾ ഈ പഞ്ചായത്തിനുണ്ട്. ഇതിൽ കടമ്പനാട് രവീന്ദ്രനാഥ ടാഗൂർ സ്മാരക ഗ്രന്ഥശാല ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതാണ്. ഇത് 1950 ൽ സ്ഥാപിച്ചതാണ്. മണ്ണടി വേലുതമ്പിസ്മാരക ഗ്രന്ഥശാല 1944- ൽ സ്ഥാപിച്ചതാണ്. തുവയൂർ തെക്ക് സത്യവാൻ സ്മാരക ഗ്രന്ഥശാല 1946 ൽ സ്ഥാപിച്ചതാണ്. കടമ്പനാട് വടക്ക് ജനതാ സ്പോർട്ട്സ് ക്ലബ് & റീഡിംഗ് റൂം എന്ന ഗ്രന്ഥശാല 1955 ൽ സ്ഥാപിച്ചതാണ്. കടമ്പനാട് വടക്ക് കൈരളി ഗ്രന്ഥശാല 1955ൽ സ്ഥാപിച്ചതാണ്. നെഹ്റു സ്മാരക ഗ്രന്ഥശാല മണ്ണടി 1963ൽ സ്ഥാപിച്ചതാണ്. മണ്ണടി മുടിപ്പുര കേന്ദ്രീകരിച്ചുള്ള ശ്രീ വിദ്യാ ഗ്രന്ഥശാല 1949ൽ സ്ഥാപിച്ചതാണ്. ഇതിൽ സ്വന്തമായി കെട്ടിടവും മറ്റ് സൗകര്യങ്ങളും ഉള്ളഗ്രന്ഥശാലകളുടെ പഴയ കെട്ടിടങ്ങൾ ജീർണ്ണിച്ച് തുടങ്ങിയിരിക്കുന്നു. കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനും, സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനു കഴിയണം.

1. നിലവിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം വിപുലപ്പെടുത്തണം.

2. ഗ്രന്ഥശാലകൾക്ക് മുടക്കം കൂടാതെ പഞ്ചായത്ത് ഗ്രാന്റ് നൽകണം.

3 ഭരണസമിതി തെരെഞ്ഞെടുപ്പ് നടത്തുക.

4. ഗ്രന്ധശാലകളിൽ സ്ത്രീകൾ ഉൾപ്പെടെയുള്ള വായനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക.

5. ഒരു വാർഡിൽ കുറഞ്ഞത് ഒരു ഗ്രന്ഥശാല വീതം സ്ഥാപിക്കുക.

6. വായന നിലവാരമൽസരം സംഘടിപ്പിക്കുക.

7. വായന നിലവാരമൽസരത്തിനുള്ള ബോധവൽക്കരണം സംഘടിപ്പിക്കുക.

8. കഥ, കവിത, ലേഖനം,എന്നിവയുടെ മൽസരങ്ങൾ ഓരോ ഗ്രന്ഥശാലയിലും നടത്തുക.



# ഗ്രന്ഥശാലകളുടെയും പ്രവർത്തനവിവരം

| ക്രമ നമ്പർ | പേരും മേൽവിലാസവും | രജി: നമ്പർ | വാർഡ് | സ്ഥാപിച്ച വർഷം | കെട്ടിടത്തിന്റെവിവരം | ഗ്രാന്റ് സംബന്ധിച്ചവിവരം | പുസ്തകങ്ങളുടെ എണ്ണം | നിലവിലുള്ള മെമ്പർമാരുടെ എണ്ണം | സ്ത്രീകൾ | പുരുഷന്മാർ | പ്രതിമാസ പുസ്തകവിതരണം | ഗ്രന്ഥശാലേതരപ്രവർത്തനം | T.V. റേഡിയോ ഇവയുണ്ടോ? | നിലവിലുള്ള പത്രമാസികകളുടെഎണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | കടമ്പനാട് പഞ്ചായത്ത് രവീന്ദ്രനാഥടാഗൂർ സ്മാരക ഗ്രന്ഥശാല കടമ്പനാട് തെക്ക് P.O.. | P-185 | 1 | 1950 | സ്വന്തം | സ്റ്റേറ്റ് ലൈബ്രറി ഗ്രാന്റ് ലഭിക്കുന്നു. | 3321 | 248 | 37 | 211 | 1200 | വായന ശാല | T.V.ഉണ്ട് | ദിനപത്രം 6 വാരിക 4 |
| 2. | സത്യവാൻ സ്മാരക ഗ്രന്ഥശാല & വായനശാല തുവയൂർ തെക്ക്. | 184 | 7 | 1946 | സ്വന്തം | ഉണ്ട് | 6740 | 1294 | 52 | 1242 | 1500 | വായന ശാല | റേഡിയോ ഉണ്ട് | ദിനപത്രം 5 വാരിക 5 |
| 3. | വേലുത്തമ്പി ദളവസ്മാരക ഗ്രന്ഥശാല മണ്ണടി. | 36 | 10 | 1944 | സ്വന്തം | ഉണ്ട് | 5906 | 650 | 130 | 520 | 1200 | വായന ശാല | T.V.ഉണ്ട് | ദിനപത്രം 6 വാരിക 6 |
| 4. | നെഹ്റുസ്മാരക ഗ്രന്ഥശാല &വായന ശാല മണ്ണടി. | | 9 | 1980 | സ്വന്തം | ഉണ്ട് | 4567 | 525 | 115 | 410 | 1050 | വായന ശാല & ആർട്സ്ക്ലബ് | T.V. റേഡിയൊ ഉണ്ട് | ദിനപത്രം 5 വാരിക 4 |
| 5. | മണ്ണടി മുടിപ്പുര ശ്രീവിദ്യാ ഗ്രന്ഥശാല | 15 | 8 | 1944 | സ്വന്തം | ഉണ്ട് | 5650 | 665 | 118 | 547 | 1400 | വായന ശാല | T.V. റേഡിയോ ഉണ്ട് | ദിനപത്രം 5 വാരിക 4 |
| 6. | ജനതാ സ്പോർട്സ് ക്ലബ്ബ് & റീഡിംഗ് റൂംകടമ്പനാട് വടക്ക്. | 1729 | 3 | 1955 | സ്വന്തം | ഉണ്ട് | 3348 | 591 | 133 | 458 | 600 | വായന ശാല ഉണ്ട് | T.V. റേഡിയോ | ദിനപത്രം 6 വാരിക 5 |
| 7. | കൈരളി ഗ്രന്ഥശാല കടമ്പനാട് വടക്ക്. | 1205 | 2 | 1954 | സ്വന്തം | ഉണ്ട് | 3441 | 729 | 240 | 489 | 600 | വായന ശാല | T.V. ഇല്ല | ദിനപത്രം 5 വാരിക |

## സിനിമാശാലകൾ

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഏഴാം മൈൽ, കടമ്പനാട്, നെല്ലിമുകൾ, മണ്ണടി എന്നീ സ്ഥലങ്ങളിലായി ഓരോ സിനിമാശാലകൾ ഉണ്ടായിരുന്നു കടമ്പനാട് കേന്ദ്രീകരിച്ചുള്ള. സിനിമാശാല മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്

## മാദ്ധ്യമങ്ങൾ

ഈ പഞ്ചായത്തിലൊട്ടാകെ ഇലക്ട്രോണിക് മാദ്ധ്യമങ്ങളായ 1100 ലധികം ടെലിവിഷനുകളും 100 ൽതാഴെ കേബിൾ ടെലിവിഷനുകളും 4000 ത്തോളം റേഡിയോകളും ഉപയോഗിച്ചുവരുന്നു. കൂടാതെ ദിനപത്രമാദ്ധ്യമങ്ങളായ 2104 പത്രങ്ങളും 2732 വാരികകളും,765 കുട്ടികളുടെ വാരികകളും മറ്റും കടമ്പനാട് ഗ്രാമപഞ്ചായത്തിൽ വിരുത്തുന്നുണ്ടെന്നാണ് കണക്കാക്ക പ്പെടുന്നത്. അതോടൊപ്പം 365 ടെലിഫോൺകളും നമ്മുടെ പഞ്ചായത്തിൽ ഉപയോഗിച്ച് വരുന്നു.

## പൊതുനിർദ്ദേശങ്ങൾ

1. കടമ്പനാട്, മണ്ണടി എന്നീ കേന്ദ്രങ്ങളിൽ ഓരോ സാസ്കാരിക നിലയം നിർമ്മിക്കുക.

2. കടമ്പനാട് കേന്ദ്രീകരിച്ച് ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

3 കായിക കലാ സാഹിത്യ സാംസ്കാരിക രംഗത്തുള്ള പഴയതും പുതിയതുമായ വ്യക്തികളുടെ പഞ്ചായത്തു തലത്തിലുള്ള ഒരു സംഗമ സമ്മേളനവും ചർച്ചകളും സംഘടിപ്പിക്കുക.

4 സാമൂഹ്യ തിന്മകൾക്കെതിരെ പഠനാഹർമായ സെമിനാറുകളും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുക.

5 സംഗീതം, നൃത്തം, കഥകളി, നാടകം, കഥാപ്രസംഗം, നാടൻകലകൾ തുടങ്ങിയവകളുടെ പരിശീലനത്തിനും, പഠനത്തിനും വേണ്ടി ഒരു ആർട്ട്സ് സ്കൂൾ സ്ഥാപിക്കുക.

> "അറിവ്, വിശ്വാസം, കല, സന്മാർഗ്ഗ പാഠങ്ങൾ, നിയമം, ആചാരം എന്നു തുടങ്ങി ഏതെല്ലാം കഴിവുകളും സ്വഭാവങ്ങളുമാണോ മനുഷ്യൻ സമുഹത്തിലെ അംഗംമെന്ന നിലയിൽ സമ്പാദിച്ചിട്ടുള്ളത്. അവയെല്ലാം ചേർന്നതാണ് സംസ്ക്കാരം "
>
> *E.B. Tylor*

## 5.9

# വനിതാക്ഷേമം



## വനിതാക്ഷേമം

പഞ്ചവത്സരപദ്ധതികൾ പലതു കഴിഞ്ഞിട്ടും നമ്മുടെ വനിതകൾ ഇന്നും പഴയ നിലയിൽ നിന്നു് വലിയ വ്യത്യാസങ്ങളൊന്നും കൈവരിച്ചിട്ടില്ല എല്ലാ രംഗങ്ങളിലും എല്ലാ രാഷ്ട്ര ങ്ങളും ആഗോള തലത്തിൽ തന്നെ പുരോഗതിയുടെ പാതയിൽ അതിവേഗം മുന്നേറുന്നു. ഈ പ്രയാണത്തിൽ സ്ത്രീകൾ ഒപ്പം എത്തിയില്ല എങ്കിൽ എല്ലാ യത്നങ്ങ ളും വിഫലമാകും. ഇന്ന് സ്ത്രീകൾ സാമൂ ഹ്യസാംസ്കാരിക, കലാസാഹിത്യവ്യവസായ, വിദ്യാ ഭ്യാസ, കായിക മേഖലകളിലെല്ലാം ഏറെക്കുറേ മുൻരംഗത്ത് എത്തിയിട്ടുണ്ട്, എന്ന് പരക്കെ സമ്മതിക്കുന്നു. എന്നാൽ ഏതാനും ചില സ്ത്രീക ളുടെ പേരുകൾ കൊണ്ട് തൃപ്തിപ്പെടേണ്ടിയിരിക്കുന്നു. 95% സ്ത്രീകളും ഇന്നും പ്രതീക്ഷിച്ച വിധത്തിൽ മുന്നിലേക്കു വന്നിട്ടില്ല. ഇതിന്റെ കാരണക്കാർ ഏറെക്കുറെ പുരുഷന്മാരും ഒരു പരിധിവരെ സ്ത്രീകളും തന്നെയാണ്. സ്വയം മുന്നോട്ടുവരേണ്ട പല മേഖലകളിലും സ്ത്രീ മാന്യതയുടെ പേരു പറഞ്ഞ് മാളത്തിലൊളിക്കുന്നു. സ്വന്തം നാഭിയിൽ കസ്തൂരി വച്ചു

കൊണ്ട് കസ്തൂരിമാൻ പുല്ലിലൊക്കെ കസ്തൂരിതേടി അലയുന്നു. സ്ത്രീക്ക് തന്റെ മഹത്വം സ്വയം അറിയാൻ കഴിയുന്നില്ല. സമൂഹനന്മയ്ക്ക് സ്ത്രീക്കു ചെയ്യുവാൻ കഴിയുന്നത്ര സംഭാവനകൾ ചെയ്യുവാൻ പുരുഷനു കഴിയുന്നില്ല.

വിദ്യയുടെ മൂർത്തിമത്ഭാവം സരസ്വതിയും സമ്പത്തിന്റെ സമൂർത്തരൂപം മഹാലക്ഷ്മിയും ശക്തിയുടെ മൂർത്തിഭാവം ദുർഗ്ഗയുമായി രൂപകല്പന ചെയ്യപ്പെട്ട നാടാണ് ഭാരതം. ഈ ഭൂമിയിൽ തന്നെ സ്ത്രീ നശിച്ചു പോയാൽ അവൾ മൂധേവിയായി മാറുന്നു എന്നും വിവക്ഷയുണ്ട്. അതിനാൽ സമൂഹനന്മയ്ക്ക് സ്ത്രീയെ അർഹിക്കുന്ന സ്ഥാനവും ഗൗരവവും നൽകി രംഗത്തേയ്ക്കു കൊണ്ടുവരാൻ സമൂഹം. യത്നിക്കണം. അതിനൊത്ത് ഉയർന്നു പ്രവർത്തിക്കുവാൻ സ്ത്രീയും തയ്യാറാവണം. ധീരദേശാഭിമാനിവേലുത്തമ്പി ദളവയുടെ അന്ത്യവിശ്രമം കൊണ്ടു പരിപൂതമാക്കപ്പെട്ട മണ്ണടി ഉൾക്കൊള്ളുന്ന കടമ്പനാട്ടു പഞ്ചയാത്ത് ജനകീയാസൂത്രണത്തിന്റെ സമഗ്രവികസനരേഖ തയ്യാറാക്കുമ്പോൾ വനിതാ ക്ഷേമ പ്രവർത്തനങ്ങൾ അതിനർഹിക്കുന്ന ഗൗരവത്തിൽ തന്നെ രൂപകല്പന ചെയ്യേണ്ടിയിരിക്കുന്നു.

ഭാരതമെന്ന രാഷ്ട്രം കൃഷിക്കാരുടേതാണെന്നും ഭാരതം ഗ്രാമങ്ങളിലാണ് സ്ഥിതിചെയ്യുന്നതെന്നും ഓരോ ഗ്രാമവും എല്ലാ രംഗത്തും സ്വയം പര്യാപ്തമായെങ്കിലേ ഭാരതം പൂർണ്ണമാകൂ എന്നും അതിലേക്ക് ഗ്രാമസ്വരാജ് എന്ന ആശയമല്ലാതെ മറ്റൊന്നും പര്യാപ്തമല്ലെന്നും നമ്മെ ഉത്ബോധിപ്പിച്ച രാഷ്ട്രപിതാവിന്റെ ആശയാഭിലാഷങ്ങൾക്ക് വളരെ വൈകിയെങ്കിലും അംഗീകാരം നൽകാൻ ശ്രമിക്കുന്ന ഭാരത ഗവൺമെന്റിന്റെ ശ്രമങ്ങൾക്ക് ആദരാഞ്ജലികളർപ്പിക്കുന്നു.

ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന ഈ പഞ്ചായത്തിലെ സ്ത്രീകളുടെ നില ഇന്ന് പ്രതീക്ഷിക്കത്തക്ക നിലയിൽ ഉയർന്നിട്ടില്ല. ജനസംഖ്യയുടെ 52 ശതമാനം സ്ത്രീകളാണ്, സ്കൂളുകളിലും കോളജുകളിലും ഉന്നതവിദ്യാഭ്യാസ രംഗത്തും നവസാക്ഷരരിലും സ്ത്രീകൾ മുൻപന്തിയിലാണ്.

തൊഴിൽ രംഗത്ത് സ്ത്രീകളുടെ നില തുലോം ദയനീയമാണ്. കശുവണ്ടി ഫാക്ടറികളിലും ഇഷ്ടികച്ചൂളകളിലും കുറേപ്പേരൊക്കെ പണിയെടുക്കുന്നുണ്ട്. സർക്കാർ സർവ്വീസിലും ഏതാനും സ്വകാര്യ സ്കൂളുകളിലും ക്ലറിക്കൽ വിഭാഗത്തിലും മറ്റുമായി കുറേപ്പേർ ജോലിക്കു പോകുന്നു. എങ്കിലും ബഹുഭൂരിപക്ഷം വരുന്ന അഭ്യസ്തവിദ്യരായ സ്ത്രീകൾ തൊഴിൽ ചെയ്യാൻ നിവർത്തിയില്ലാതെ വിഷമിക്കുന്നു.
സാമ്പത്തിക രംഗത്ത് വളരെ പിന്നോക്കം നില്ക്കുന്ന ഈ പ്രദേശത്ത് സ്ത്രീകളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗങ്ങളൊന്നും തന്നെയില്ല.

ആരോഗ്യമേഖലയിലെ സ്ഥിതിയും ദയനീയമാണ്. നല്ല ചികിത്സ ലഭിക്കാൻ പഞ്ചായത്തിൽ സ്ഥാപനങ്ങളില്ല എന്നു തന്നെ പറയാം.തൊഴിൽ ചെയ്യാൻ തല്പരരായ വനിതകളുണ്ടെങ്കിലും തൊഴിൽ പരിശീലന കേന്ദ്രങ്ങളില്ല. സാമ്പത്തീക സ്ഥാപനങ്ങളുടെ എണ്ണം പരിമിതമാണെങ്കിലും ഏറെക്കുറേ സഹായങ്ങൾ കർഷകർക്കു ലഭിക്കുന്നുണ്ട്. അംഗൻവാടികളിലൂടെ അമ്മമാരുടെ സഹകരണം കുറെയൊക്കെ ഉണ്ടാകുന്നു എങ്കിലും ഗണ്യമായ പ്രയോജനം ഉണ്ടായിട്ടില്ല.പൊതുരംഗത്ത് പ്രവർത്തിക്കുവാൻ വനിതകളുടെ പങ്കാളിത്തം വളരെ കുറയുന്നു. പൊതുപ്രവർത്തകരായ വനിതകളെക്കുറിച്ച് സമൂഹത്തിൽ നല്ല പ്രതികരണം കുറയുന്നുതാണതിനു കാരണം.

സാമൂഹ്യസാംസ്കാരിക, സാമ്പത്തീക, രാഷ്ട്രീയ, വിദ്യാഭ്യാസ, സാങ്കേതിക, ധാർമ്മിക മേഖലകളിലെല്ലാം വനിതകളുടെ ക്ഷേമം ഉറപ്പാക്കുന്നതിലേക്ക് വരും കാലങ്ങളിൽ വളരെയേറെ ക്കാര്യങ്ങൾ ചെയ്തെങ്കിലേ നാടുയരുകയുള്ളൂ.
വനിതകൾ നേരിടുന്ന പ്രശ്നങ്ങളിൽ ചിലത്

1. സാമ്പത്തീക ഭദ്രതയില്ലായ്മ
2. തൊഴിൽ ചെയ്യുന്നതിനുള്ള പരിശീലനക്കുറവ്.
3. വനിതാവ്യവസായയൂണിറ്റുകളുടെ അഭാവം

4. രാഷ്ട്രീയ രംഗത്ത് സ്ത്രീകളെ പിൻതള്ളുന്നു.
5. സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തക്കുറവ്
6. സ്ത്രീധന സമ്പ്രദായത്തിന്റെ ദോഷഫലങ്ങൾ
7. മദ്യം, മയക്കുമരുന്ന് ലഹരി ഇവ കൊണ്ടുള്ള കെടുതികൾ.
8. സ്ത്രീധന പീഡനങ്ങളുടെ ചൂഷണങ്ങളും പുരുഷമേധാവിത്വവും.
9. സ്ത്രീകളെ ഉപഭോഗവസ്തുക്കളായിമാറ്റി ചിത്രീകരിക്കുന്ന അശ്ലീലപോസ്റ്ററുകൾ, ചിത്രങ്ങൾ, പ്രസിദ്ധീകരണങ്ങൾ, സിനിമകൾ.
10. അന്ധവിശ്വാസം, അനാചാരം, ജാതി വ്യത്യാസം തുടങ്ങിയവ
11. ഉപഭോഗ സംസ്കാരത്തിന്റെ സ്വാധീനം
12. മാരകങ്ങളായ പകർച്ചവ്യാധികളെക്കുറിച്ച് ബോധമില്ലായ്മ.
13. വേതനത്തിലുള്ള ഏറ്റക്കുറച്ചിൽ
14. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളുടെ അഭാവം.
15. അറിവുനേടാനുള്ള താല്പര്യമില്ലായ്മ. വായനാശീലത്തിന്റെ അഭാവം.
16. രാഷ്ട്രത്തോടുള്ള കൂറില്ലായ്മ.
17. സേവനരംഗത്തോടുള്ള അലസമനോഭാവം, ദൂരസ്ഥലങ്ങളിൽ താമസിക്കുന്ന സ്ത്രീകൾക്കു ഹോസ്റ്റൽ സൗകര്യങ്ങളുടെ അഭാവം.
18. സ്വാർത്ഥതമാത്രം ജീവിതലക്ഷ്യമാക്കി വച്ചിരിക്കുന്ന സ്ത്രീകളുടെ മനോഭാവം.
19. ഏതുതൊഴിലും ശ്രേഷ്ഠമായിക്കണ്ട് അത് ചെയ്യുവാനുള്ള മാനസീകാവസ്ഥയില്ലായ്മ.
20. സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾക്കെതിരേ പരാതിപ്പെട്ടാൽ നീതിലഭിക്കാത്ത അവസ്ഥ.
21. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ അഭാവം.
22. ആഡംബരഭ്രമം, അനുകരണഭ്രമം, അന്ധവിശ്വാസം.

# നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വനിതാസമാജങ്ങളോ അംഗൻവാഡികളോ കേന്ദ്രമാക്കി സ്ത്രീകൾക്കു വേണ്ടി ആരോഗ്യ, സാംസ്കാരിക, വ്യവസായ, വിദ്യാഭ്യാസ, തൊഴിൽ പരിശീലന ക്ലാസ്സുകൾ, സെമിനാറുകൾ, ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിച്ച് വനിതകളെ ബോധവൽക്കരിക്കുക.
2. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഏതെങ്കിലും തൊഴിൽ പരിശീലനകേന്ദ്രം തുറക്കുക.
3. വനിതാവ്യവസായ കേന്ദ്രങ്ങളുണ്ടാക്കുകയും തൊഴിൽ പരിശീലനം ലഭിച്ചവർ ഉണ്ടാക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിന് വിപണികൾ കണ്ടെത്തുകയും ചെയ്യുക.
4. വനിതാസഹകരണസംഘങ്ങൾ സ്ഥാപിച്ച് അതിൽ ക്ഷീരോല്പന്നങ്ങൾ, കറിപൗഡർ, അച്ചാറുകൾ റെഡിമെയ്ഡ് ഡ്രസ്സുകൾ, മുതലായവ വിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിക്കണം.
5. സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാനുള്ള സാമ്പത്തീക സഹായങ്ങൾ വനിതകൾക്ക് ഒറ്റയ്ക്കും കൂട്ടായും നൽകണം.
6. ഇവിടെയുള്ള PHC യുടെ സബ്സെന്റർ വിപുലീകരിച്ച് PHസെന്ററാക്കുകയും അതിലെ ജീവനക്കാർക്ക് താമസസൗകര്യം നൽകുകയും വേണം.
7. അശ്ലീല ചിത്രങ്ങളും പോസ്റ്ററുകളും പ്രസിദ്ധീകരണങ്ങളും തടയാൻ വേണ്ട നിർദ്ദേശങ്ങൾ നൽകണം.
8. സാമ്പത്തീകമായി പിന്നോക്കം നിൽക്കുന്ന

കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹം നടത്തുന്നതിലേക്ക് പഞ്ചായത്തടിസ്ഥാനത്തിൽ വർഷം തോറും സമൂഹ വിവാഹം നടത്തു വാനുള്ള നടപടികൾ സ്വീകരിക്കണം.

9. സ്ത്രീ പീഡനത്തിനെതിരേ വനിതാസംഘടന കളും വനിതാക്ഷേമബോർഡും സാംസ്കാരിക സംഘടനകളും ബോധവൽക്കരണം പഞ്ചായ ത്തിന്റെ മേൽനോട്ടത്തിൽ നടത്തണം. വനിതാ പോലീസ് എല്ലാ സ്റ്റേഷനുകളിലും ഉണ്ടായി രിക്കണം. കുറ്റക്കാരെ ശിക്ഷിക്കാൻ നടപടിക ളുണ്ടാക്കണം.

10. ഓരോ വാർഡിലും മദ്യത്തിനെതിരെ ബോധ വൽക്കരണം നടത്തുകയും മദ്യനിരോധനം പൂർണ്ണമായി നടപ്പാക്കുകയും ചെയ്യുക.

11. സാമ്പത്തികമായി സുരക്ഷിതത്വത്തിലേക്കും സമ്പാദ്യശീലം വളർത്തുന്നതിന് സുബലപോ ലെയും ബോധവൽക്കരണം നടത്തുകയും ഗവൺമെന്റിൽ നിന്നും, ബാങ്കുകളിലൂടെയും പോസ്റ്റാഫീസുകളിലൂടെയും കാലകാലങ്ങളിൽ നിർദ്ദേശിക്കപ്പെടുന്ന നിക്ഷേപങ്ങളിൽ സഹ കരിപ്പിക്കുകയും ചെയ്യുക.

12. സ്ത്രീകൾക്കു സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ട നിർദ്ദേശങ്ങൾ ലഭിക്കത്തക്കവിധം സാമൂഹ്യക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥന്മാ രുള്ള ക്ഷേമ വകുപ്പിന്റെ ഒരു ഓഫീസ് ഉണ്ടാ ക്കണം.

13. സ്ത്രീകൾക്കും കുട്ടികൾക്കും ഗർഭിണികൾക്കും വിധവകൾക്കും, വൃദ്ധർക്കും, വികലാംഗർക്കും വേണ്ടി പ്രാഥമികാരോഗ്യകേന്ദ്രം ഉണ്ടാക്കണം.

14. തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ ശക്തിപ്പെടു ത്തുകയും വിനോദവിജ്ഞാന സൗകര്യങ്ങൾ ഉണ്ടാക്കുകയും വായനാശാലാ പ്രവർത്തന ങ്ങൾ ശക്തമാക്കുകയും ആനുകാലികങ്ങളായ ഗവഃപ്രഖ്യാപനങ്ങൾ, തൊഴിലവസരങ്ങൾ, ക്ഷേമപ്രവർത്തനങ്ങൾ ഇവയെക്കുറിച്ചൊക്കെ അപ്പോഴപ്പോൾ അറിയുന്നതിന് വാർഡുതോ റും റേഡിയോയും T.Vയും സ്ഥാപിക്കുക.

15. വനിതാക്ഷേമ പ്രവർത്തനരംഗത്ത് സേവനം ചെയ്യുന്നതിനുവേണ്ടി അഭ്യസ്ഥവിദ്യരും തൊഴിൽ രഹിതകളുമായ യുവതികളെ തെര ഞ്ഞെടുത്ത് അവർക്ക് പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രവർത്തിക്കുന്നതിന് പഞ്ചായ ത്തിൽ നിന്നും ചെറിയതോതിൽ സാമ്പത്തിക സഹായവും പരിശീലനവും നൽകി അവരെ ഒരു കർമ്മസമിതിയായി സജ്ജമാക്കുക.

16. എല്ലാ വാർഡുകളിലും വനിതാസംഘടനകൾ രജിസ്റ്റർ ചെയ്ത് ചിട്ടയോടുകൂടി പ്രവർത്തി ക്കുന്നതിനും ഉള്ളവ ശക്തിപ്പെടുത്തുന്നതിനും അത്തരം സംഘടനകൾക്ക് പഞ്ചായത്തിൽ നിന്നും പ്രോത്സാഹനം നൽകുന്നതിന് ഏർപ്പാ ടുണ്ടാക്കുക.

17. സ്ത്രീ പുരുഷസമത്വം എന്ന ആശയം ഉറപ്പി ക്കുന്നതോടൊപ്പം സമൂഹത്തിൽ ഓരോ സ്ത്രീയും സമൂഹത്തിനുവേണ്ടിയും സമൂഹം സ്ത്രീ ക്കുവേണ്ടിയും പ്രവർത്തിക്കണം. വനിതാക്ഷേമ രംഗത്ത് ഓരോ സ്ത്രീയും ജാതി, വർഗ്ഗം, അന്ധവിശ്വാസം എന്നീ വേലിക്കെട്ടുകൾക്ക് അപ്പുറം രാജ്യത്തിന്റെ പൊതു നന്മക്കുവേ ണ്ടിയുള്ള പ്രവർത്തരാകാനും സ്വന്തം സുഖ ങ്ങളും സ്വാർത്ഥതയും ആഡംബരങ്ങളും സങ്കു ചിത മനോഭാവങ്ങളും ഉപേക്ഷിച്ച് സമൂഹന ന്മക്കുവേണ്ടി സുഖങ്ങൾ ത്യജിച്ച് ത്യാഗ ത്തിന്റെ മഹത്വം അനുഭവിക്കാൻ തയ്യാറാകു കയും ചെയ്യണം. അപ്പോഴെ ഗാന്ധിജി വിഭാ വന ചെയ്ത ക്ഷേമരാഷ്ട്രം നേടിയെടുക്കാൻ നമുക്കു കഴിയുകയുള്ളൂ.

5.10

# സഹകരണം

## സഹകരണം

ഇൻഡ്യയിൽ സഹകരണ പ്രസ്ഥാനത്തിന്റെ തുടക്കം കുറിച്ചത് 1904-ലെ സഹകരണ നിയമ നിർമ്മാണത്തോടുകൂടിയാണ്. ജനജീവിതത്തിന്റെ എല്ലാ മേഖലകളിലും സഹകരണ പ്രസ്ഥാനം വികസിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു ജനതയുടെ സർവ്വതോന്മുഖമായ ഉയർച്ചയ്ക്ക് ഉതകത്തക്ക രീതിയിൽ 1904-ലെ നിയമത്തിന്റെ ചുവടുപിടിച്ചു 1969-ലെ കേരളാസഹകരണനിയമം രൂപം കൊള്ളുകയുണ്ടായി. (Act 21 of 1969) എല്ലാ വിഭാഗം ആളുകളേയും സഹകരണമേഖലയിൽ കൊണ്ടുവന്ന് ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരനെ മുക്തമാക്കുക എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനശൈലി. ആഹാരത്തിനു വേണ്ടിയുള്ള റൊട്ടി ന്യായവിലയ്ക്ക് ലഭ്യമാക്കുവാൻ വേണ്ടിയാണ് ലോകത്തിൽ ആദ്യമായി സഹകരണ സംഘം രൂപം പൂണ്ടതെങ്കിൽ ജനങ്ങളെ തീറ്റിപ്പോറ്റുന്ന നാടിന്റെ നട്ടെല്ലായ കർഷകനു വേണ്ടിയാണ് ഇൻഡ്യയിൽ സഹാ:പ്രസ്ഥാനംരൂപം പൂണ്ടത് പുരാതനകാലം മുതൽ ഭാരതത്തിന്റെ സാമൂഹ്യ സാമ്പത്തിക ഘടനയിൽ ഗ്രാമങ്ങൾ മുഖ്യ പങ്കു വഹിച്ചിരുന്നു. ഗ്രാമപുനരുദ്ധാരണത്തിനു സജീവ പങ്കുവഹിക്കുന്ന ഒരു ജനകീയ മാദ്ധ്യമമാണ്



സഹകരണ പ്രസ്ഥാനം ഗ്രാമതലത്തിൽ വേരൂന്നിയിരിക്കുന്ന വികസന പ്രവർത്തനങ്ങളുടെ മുഖ്യകണ്ണിയായി പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനത്തെ തളരാതെ വളർത്തിക്കൊണ്ടു വരേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ ഒരാവശ്യമായി മാറിയിരിക്കുകയാണ്. ജനങ്ങളെ അകറ്റി നിർത്തികൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ തികച്ചും ദുഷ്കരവും വിഫലവുമായിരിക്കും. ഈ പശ്ചാത്തലത്തിലാണ് ജനപങ്കാളിത്തത്തോടു കൂടിയുള്ള വികസനങ്ങളുടെ അനന്തമായ സാധ്യതകൾ ഉരുത്തിരിഞ്ഞു വരുന്നത്. സഹകരണരംഗം ജന പങ്കാളിത്തത്തിന്റെ മഹത്തായ ഒരു ഉദാഹരണമായി കണക്കാക്കാവുന്നതാണ്. സാമാന്യ ജനങ്ങളുടെ ഉന്നമനത്തിനും നിത്യോപയോഗസാധനങ്ങളുടെ വില നിലവാരം പിടിച്ചു നിർത്തുന്നതിനും, നിയന്ത്രിത വിലയ്ക്ക് നല്ല സാധനങ്ങൾ ലഭ്യമാക്കുന്നതിനും വ്യക്തികളുടെ സാമ്പത്തിക സ്വയംപര്യാപ്തത, വിദ്യാഭ്യാസം, ആതുരശ്രുശ്രൂഷ, ഭവനനിർമ്മാണം, ഹരിജനോദ്ധാരണം. വനിതാക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങി ജീവിതത്തിന്റെ എല്ലാ തുറകളിലും എല്ലാ വിഭാഗത്തിലുംപെട്ട ആളുകളുടെ ഉന്നമനത്തിനും സഹകരണ പ്രസ്ഥാനം വഴിതെളിച്ചിരിക്കുന്നു.
ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 80% ത്തോളം കർഷക കുടുംബങ്ങളാണ്. ഇതിൽ ഭൂരിഭാഗവും ഇപ്പോൾ സഹകരണ പ്രസ്ഥാനത്തിന്റെ അംഗങ്ങളാണ്.

ഈ പഞ്ചായത്തിൽ രൂപീകൃതമായ 55-ാം നമ്പർ കടമ്പനാട് സർവ്വീസ് സഹകരണ ബാങ്കാണ് സഹകരണ രംഗത്തെ ഇവിടുത്തെ ആദ്യ സ്ഥാപനം, കടമ്പനാട് പരസ്പര സഹായ സഹകരണസംഘം എന്ന പേരിൽ കൊല്ല വർഷം 1094-ൽ രജിസ്റ്റർ ചെയ്തു. ഇതേ തുടർന്ന് വായ്പാ വിതരണ രംഗത്ത് പ്രവർത്തിച്ചു വരുന്ന 3849-ാം നമ്പർ മണ്ണടി സർവ്വീസ് സഹകരണബാങ്കും P.T 59-ാം നമ്പർ കടമ്പനാട് സർവ്വീസ് സഹകരണ ബാങ്കും രജിസ്റ്റർ ചെയ്യുകയുണ്ടായി,

സഹകരണ പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിലും വളർച്ചയിലും ഈ പഞ്ചായത്ത് ഒട്ടും പിന്നിലല്ലെന്ന് കണക്കുകൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാകുന്നതാണ്. വിവിധ ഇനങ്ങളിലായി ആകെ 23. സഹകരണസംഘങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ പലതും ഇപ്പോൾ പ്രവർത്തന രഹിതമാണെന്നുള്ള സത്യവും നാം അറിഞ്ഞിരിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ വിവിധ വിഭാഗത്തിൽപ്പെടുന്ന സഹകരണസംഘങ്ങളുടെ ഇനം തിരിച്ചുള്ള പട്ടിക താഴെ ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| 1. | കാർഷിക വായ്പാ സഹകരണസംഘങ്ങൾ- | 3 |
| 2. | ഹരിജൻ സഹകരണസംഘം- | 1 |
| 3. | വനിതാസഹകരണസംഘം- | 1 |
| 4. | സ്കൂൾ സഹകരണ സ്റ്റോറുകൾ- | 6 |
| 5. | ഖാദി വ്യവസായ സഹകരണസംഘങ്ങൾ- | 3 |
| 6. | ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ- | 4 |
| 7. | ഉപഭോക്തൃസഹകരണസംഘം- | 1 |
| 8. | മോട്ടോർ തൊഴിലാളി സഹകരണസംഘം- | 1 |
| 9. | ലേബർ കോൺട്രാക്റ്റ് സഹകരണസംഘം- | 1 |
| 10 | അടൂർ താലൂക്ക് എയിഡഡ് സ്കൂൾ ടീച്ചേഴ്സ് സ: സംഘം- | 1 |
| 11 | അടൂർ താലൂക്ക് വികലാംഗ സഹ:സംഘം- | 1 |
| | ആകെ | 23 |

ഇതിൽ പലതും ഇപ്പോൾ പ്രവർത്തന രഹിതവും സമാപ്തികരണത്തിന്റെ വക്കത്ത് എത്തിനില്ക്കുന്നതുമാണ്. ഓരോ വിഭാഗത്തിൽ പെടുന്ന സംഘങ്ങളുടെ പ്രധാന ലക്ഷ്യങ്ങളും അവയുടെ ഇപ്പോഴത്തെ പ്രവർത്തനവും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ സ്വീകരിക്കേണ്ട നടപടികളും ചുവടെ ചേർക്കുന്നു.

## I. പ്രാഥമിക ക്രഡിറ്റ് സഹകരണസംഘങ്ങൾ

### 1. കടമ്പനാട്ട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം: 55

ഈ പഞ്ചായത്തിൽ സഹകരണ മേഖലയിൽ ആദ്യം രജിസ്റ്റർ ചെയ്ത സംഘമാണ് ഇത്. ഒരു പരസ്പര സഹായ സഹകരണസംഘമായി കടമ്പനാട് വടക്ക് ആസ്ഥാനമാക്കി കൊല്ലവർഷം1094-ൽ രജിസ്റ്റർ ചെയ്യപ്പെട്ടു. പിന്നീട് ബൈലാ ഭേദഗതി വരുത്തി ഇപ്പോൾ നിലവിലുള്ള സർവ്വീസ് സഹകരണബാങ്കായി മാറ്റുകയുണ്ടായി. കടമ്പനാട്ടു പഞ്ചായത്തിലെ2,3 എന്നീ വാർഡുകളാണ് ഇതിന്റെ പ്രവർത്തന പരിധി. ഈ ബാങ്കിൽ ഇപ്പോൾ 2975 അംഗങ്ങളും 6,15,488രൂപ പിരിഞ്ഞടഞ്ഞ ഓഹരി മൂലധനവും ഉണ്ട്. പ്രവർത്തന മൂലധനം5,09,688 രൂപയാണ്. തൻവർഷത്തിൽ 69,90,425 രൂപാ വായ്പാ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ആഡിറ്റിൻ പ്രകാരം13,61,644രൂ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ആകെ 4 ജീവനക്കാർ ജോലി ചെയ്തു വരുന്നു.

കാർഷിക, കാർഷികേതര വായ്പാ വിതരണത്തിന് പുറമെ, ചിട്ടി, വളം കീടനാശിനി കൺസ്യൂമർ വിഭാഗം എന്നിവ നടത്തി വരുന്നു. സ്വന്തമായ സ്ഥലവും കെട്ടിടവും ഉണ്ട്.

ഈ പഞ്ചായത്തിലെ ആദ്യ സഹകരണ സ്ഥാപനം എന്ന നിലയിൽ മറ്റുള്ള സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് മാതൃകാണിച്ചു എങ്കിലും പ്രവർത്തനങ്ങളിൽ അതനുസരിച്ചുള്ള പുരോഗതി കൈവരിച്ചു എന്നു പറയാൻ പ്രയാസം. ബാങ്ക് ഇപ്പോൾ ഭീമമായ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

#### പ്രശ്നങ്ങളും നിർദ്ദേശങ്ങളും.

1. ഡിപ്പോസിറ്റുകൾക്കും മറ്റും വളരെ കൂടുതൽ സാദ്ധ്യതയുള്ള ഒരു പ്രദേശമാണ് ബാങ്കിന്റെ പ്രവർത്തന പരിധി കൂടുതൽ വിശ്വാസ്യത ആർജ്ജിച്ച് ഡിപ്പോസിറ്റുകൾ വർദ്ധിപ്പിച്ച് സ്വന്തം ഫണ്ട് ഉപയോഗിച്ച്, ലോൺ വിതരണം നടത്തുകയും കൂടുതൽ ചിട്ടികളും മറ്റും നടത്തിയും ബാങ്കിന്റെ നഷ്ടം നികത്തേണ്ടതാണ്.

2. കുടിശ്ശികനിരക്ക് വളരെ കൂടുതലാണ്. കൂട്ടായ പ്രവർത്തനത്തിൽ കൂടി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തണം.

3. കാർഷിക ആവശ്യങ്ങൾക്ക് ഉതകത്തക്ക രീതിയിൽ വളം ഡിപ്പോകളുടെ സെല്ലിംഗ് പോയിറ്റ് (ബ്രാഞ്ചുകൾ) സൗകര്യപ്രദമായ മറ്റു സ്ഥലത്തേക്കു കൂടി വ്യാപിപ്പിക്കണം.

4. നബാർഡിൽ നിന്നും മറ്റും കൺസഷൻ റേറ്റിലുള്ള ലോണുകൾ ലഭ്യമാക്കി വിതരണം ചെയ്യണം.

5. ഗവ: സംഘത്തിൽ നിന്നും അനുവദിയ്ക്കുന്ന പലിശ സബ്സിഡികളും മറ്റും എല്ലാ വായ്പക്കാർക്കും ലഭിക്കാൻ ഉതകത്തക്ക രീതിയിൽ കൃത്യമായി ലോണുകൾ തിരിച്ചടയ്ക്കുന്നതിന് പ്രേരിപ്പിക്കുകയും ആയതിന് ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടതാണ്.

6. കാർഷിക വിളകളായ കൊപ്രാ, റബ്ബർ മുതലായവയുടെ സംഭരണം ആരംഭിക്കണം.

### മണ്ണടി സർവ്വീസ് സഹകരണബാങ്ക് കിപ്തം നം:3849

കടമ്പനാട്ടു പഞ്ചായത്തിലെ 8,9,10,11 എന്നീ വാർഡുകൾ പ്രവർത്തന പരിധിയായി 1955 രജിസ്റ്റർ ചെയ്യപ്പെട്ടു. പരിമിതമായ നിലയിൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം ഇന്ന് ഈ പഞ്ചായത്തിലെ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിയ്ക്കുന്ന ഒരു

സഹകരണസ്ഥാപനമാണ്. സ്വന്തമായ സ്ഥലവും കെട്ടിടവും ഉണ്ട്. പ്രവർത്തനങ്ങൾക്ക് സ്ഥല സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടി. പുതിയ ആഫീസു കെട്ടിടം പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 5000 അംഗങ്ങളും 95 ലക്ഷം രൂപാ ഓഹരി മൂലധനവും ഉണ്ട്. ഡപ്പോസിറ്റുകൾ ഒരു കോടി യിൽ അധികം ഉണ്ട്. പ്രവർത്തനമൂലധനം ഒന്നര കോടി രൂപയുണ്ട്. 50 ലക്ഷം രൂപയുടെ വായ്പ തൻവർഷം വിതരണം ചെയ്തിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് നഷ്ടത്തിന്റെ തോതു കുറയുന്നുണ്ടെങ്കിലും ഇപ്പോഴും നഷ്ടത്തിൽതന്നെയാണ് പ്രവർത്തിക്കുന്നത്. 8 ലക്ഷത്തിൽ അധികരിച്ച നഷ്ടം ഉണ്ട്.

### പ്രവർത്തനങ്ങൾ

വായ്പാവിതരണത്തിന് പുറമെ, വളം, കീടനാശിനി, കൺസ്യൂമർ വിഭാഗം, (മാവേലി സ്റ്റോർ) ടെക്സ്റ്റയിൽ വിഭാഗം, ലേലചിട്ടികൾ എന്നിവ നടത്തിവരുന്നു. സംഘത്തിൽ ഇപ്പോൾ ആകെ 6 ജീവനക്കാർ ജോലി ചെയ്തുവരുന്നു.

### പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. വളരെ വിസ്തൃതമായ ഒരു പ്രവർത്തനമണ്ഡലമാണ് ഈ ബാങ്കിനുള്ളത്. ചില വാർഡുകലിലുള്ള അംഗങ്ങൾക്ക് ബാങ്ക് ആസ്ഥാനത്തിൽ എത്തുന്നതിന് വളരെ ദൂരകൂടുതൽ അനുഭവപ്പെടുന്നുണ്ട്. അതിനാൽ അത്തരം ഭാഗങ്ങളിൽ ബാങ്കിന്റെ ശാഖകളും സെയിൽസ് പോയിന്റുകളൊ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. 8-ാം വാർഡിൽ നിലമേൽ ഭാഗത്തും, 9-ാം വാർഡിൽ ദേശക്കല്ലുംമൂട് എന്നിവിടങ്ങളിൽ മുകളിൽ പറഞ്ഞ ഏതെങ്കിലും ശാഖകൾ തുറക്കണം.

2. കാർഷിക വിളകളുടെയും കർഷകരുടെയും ആവശ്യം മുൻ നിർത്തി കൊപ്രാസംഭരണവും, റബ്ബർ സംഭരണവും ആരംഭിക്കണം. പ്രസ്തുത സാധനങ്ങളുടെ വിലിയിടിവ് ഒരു പരിധിവരെ ഒഴിവാക്കുന്നതിനും, വില ഉയരുമ്പോൾ ഉല്പന്നങ്ങൾ വില്ക്കത്തക്ക രീതിയിൽ പ്രയോജനപ്പെടുത്താനും "കിലോൺ" സമ്പ്രദായം നടപ്പിലാക്കണം.

4. ലോൺ കുടിശ്ശിഖ പിരിച്ചെടുക്കുന്നതിനുള്ള കൂട്ടായ യത്നം നടത്തി നഷ്ടം ഒഴിവാക്കാൽ ശ്രമിക്കേണ്ടതാണ്.

5. പ്രവർത്തനപരിധിവിട്ട് അംഗങ്ങളെ ചേർക്കുകയും (Overlaping) ലോൺ വിതരണം നടത്തുകയും ചെയ്യുന്നത് ബാങ്ക് പ്രവർത്തനത്തെ ബാധിക്കുമെന്നുള്ളതിനാൽ ആയത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. ആവശ്യമെന്നു കണ്ടാൽ പ്രവർത്തനപരിധിപുനഃ നിർണ്ണയം ചെയ്യേണ്ടതാണ്.

### 3. കടമ്പനാട്ട് സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നം. P.T.59

കടമ്പനാട് ആസ്ഥാനമാക്കി പഞ്ചായത്തിലെ 1,4,5,6,7 എന്നീ വാർഡുകൾ പ്രവർത്തനപരിധിയാക്കി 1988-ൽ രജിസ്റ്റർ ചെയ്യപ്പെട്ടു. മുകളിൽ പറഞ്ഞ വാർഡുകൾ ഉൾപ്പെടുത്തി വർഷങ്ങൾക്കു മുമ്പ് രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചിരുന്ന 2160-ാം നമ്പർ സർവ്വീസ് സഹകരണസംഘം പ്രവർത്തകരുടെ കെടുകാര്യസ്ഥത മൂലം പ്രവർത്തനരഹിതമാകുകയും രജിസ്ട്രേഷൻ റദ്ദു ചെയ്യുകയും ചെയ്തപ്പോൾ അതിന്റെ പ്രവർത്തനപരിധിയെ ഉൾക്കൊള്ളിച്ചുകൊണ്ട് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാണ് PT 59-ാം നമ്പർ കടമ്പനാട്ട് സർവ്വീസ് സഹകരണ ബാങ്ക്. കുറഞ്ഞവർഷത്തെ പ്രവർത്തനങ്ങൾ കൊണ്ടു തന്നെ ബാങ്കിന് ഒരു സ്ഥലവും കെട്ടിടവും സ്വന്തമാക്കാൻ കഴിഞ്ഞു. കെട്ടിടം പണി പൂർത്തികരിച്ചു കൊണ്ടിരിക്കുന്നു.

ഈ ബാങ്കിന് ഇപ്പോൾ 2025 അംഗങ്ങളും നാലു ലക്ഷം രൂപാ ഓഹരി മൂലധനവും ഉണ്ട്. 45 ലക്ഷം രൂപാ ഡിപ്പോസിറ്റും 60 ലക്ഷത്തോളം രൂപാ

വായ്പയും കൊടുത്തിട്ടുണ്ട്. പ്രവർത്തനമൂലധനം 90 ലക്ഷം രൂപയാണ്. സാമാന്യം തൃപ്തികരമായി പ്രവർത്തിച്ചു വരുന്ന ഈ ബാങ്കിന് 4 ജീവനക്കാർ ജോലിക്കാരായിട്ടുണ്ട്, കാർഷിക, കാർഷികേതര വായ്പകൾ, ലേലച്ചിട്ടികൾ, വളം കീടനാശിനി വില്പന എന്നിവ നടത്തിവരുന്നു.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. ഡിപ്പോസിറ്റുകൾ കൂടുതൽ സമാഹരിച്ച് ലോൺ വിതരണം പുഷ്ടിപ്പെടുത്തണം.

2. വാർഡുകളിൽ എല്ലാ വീടുകളിൽ നിന്നും കുറഞ്ഞത് ഒരാളെ വീതം എന്ന കണക്കിനെങ്കിലും ചേർത്ത് അംഗസംഖ്യ വർദ്ധിപ്പിക്കുകയും, സഹകരണ ബോധവൽക്കരണം വളർത്തുകയും വേണം.

2. ഭൂമിശാസ്ത്രപരമായി പ്രവർത്തനപരിധിയുടെ പടിഞ്ഞാറ് അറ്റം മാറിയാണ് ബാങ്ക് ആസ്ഥാനം സ്ഥിതി ചെയ്യുന്നത്. കിഴക്കുപ്രദേശങ്ങളിൽ പ്രത്യേകിച്ച് 6,7 എന്നീ വാർഡുകാർക്ക് ആസ്ഥാനവുമായി ബന്ധം പുലർത്തുന്നതിന് ദൂരകൂടുതൽ മൂലം ബുദ്ധിമുട്ട് ഉണ്ടാകുന്നു. അതിനാൽ മാഞ്ഞാലിൽ ജംഗ്ഷൻ, നിലയ്ക്കൽ ഭാഗം എന്നിവിടങ്ങളിൽ ബാങ്കിന്റെ ഓരോ ശാഖ തുറക്കുകയൊ വളം കീടനാശിനി എന്നിവയുടെ ഓരോ സെല്ലിംഗ് പോയിന്റ് പ്രവർത്തിപ്പിക്കുകയോ ചെയ്യണം. അല്ലാത്തപക്ഷം ബാങ്കിന്റെ ഏറിയ ഡിലീറ്റ് ചെയ്തു പ്രസ്തുത ഭാഗങ്ങൾ മണ്ണടി സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനമേഖലയിൽ ഉൾപ്പെടുത്തുകയൊ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

3. ബാങ്കിന്റെ ആഭിമുഖ്യത്തിൽ, കൺസ്യൂമർ വിഭാഗം, കൊപ്രാ, റബ്ബർ ശേഖരണം എന്നിവ തുടങ്ങുന്നത് ഈ വിഭാഗത്തിൽ പെട്ട കർഷകർക്ക് കൂടുതൽ പ്രയോജനപ്പെടുന്നതാണ്.

ഈ പഞ്ചായത്തിലെ ക്രഡിറ്റ് മേഖലയെ പൊതുവായി ബാധിക്കുന്ന ചില സംഗതികൾ കൂടി ചേർത്തുകൊള്ളുന്നു.

1. കാർഷികമേഖലയായ ഈ പഞ്ചായത്തിൽ കർഷകർ പ്രധാനമായും ആശ്രയിക്കുന്നത് സർവ്വീസ് സഹകരണബാങ്കുകളെയാണ്. അമിത പലിശ ഈടാക്കുന്ന സ്വകാര്യധനസ്ഥാപനങ്ങളുടെ പിടിയിൽ നിന്നും സാധാരണക്കാരെ മുക്തമാക്കുക എന്നതാണ് ഇവയുടെ പ്രധാന ലക്ഷ്യം. അതിനാൽ ഇത്തരം സംഘങ്ങളുടെ വളർച്ചയും പൊതുവായ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും കൂട്ടായി ചർച്ച ചെയ്തു നടപടികൾ അപ്പോഴപ്പോൾ സ്വീകരിക്കുന്നതിനുവേണ്ടി പ്രസ്തുത സംഘങ്ങളുടെ ഭരണസമിതികളെ ഉൾപ്പെടുത്തി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സഹകരണ സെൽ രൂപീകരിച്ചു പ്രവർത്തിക്കുന്നത് നന്നായിരിക്കും.

2. സംഘങ്ങളിലെ രാഷ്ട്രീയ കിടമത്സരങ്ങൾ കഴിവതും ഒഴിവാക്കണം.

3. മറ്റു പൊതുമേഖല സ്ഥാപനങ്ങളിലെ പോലെ തന്നെ ഓരോ വിഭാഗത്തിലും പെടുന്ന സഹകരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പുകൾ കഴിവതും ഒരേ ദിവസം തന്നെ നടത്തുവാൻ ശ്രമിക്കുന്നത് നന്നായിരിക്കും.

4. പഞ്ചായത്ത് തലത്തിൽ സംഘങ്ങളുടെ അഭിമുഖ്യത്തിൽ, അംഗങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള പൊതുജനസമ്പർക്ക പരിപാടികളും സഹകരണ ബോധവൽക്കരണവും ഏകോപിപ്പിച്ച് നടത്തുന്നത് നന്നായിരിക്കും.

ഈ പഞ്ചായത്തിലുള്ള 3 ക്രഡിറ്റ് സഹകരണ ബാങ്കുകളുടെയും പ്രധാന വിവരങ്ങൾ ഇതൊടൊപ്പമുള്ള പട്ടികളിൽ ചേർത്തിരിക്കുന്നു.

## പട്ടിക 1
## കാർഷിക വായ്പാ സഹകരണസംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | ലാഭം തുക {5000} | നഷ്ടം തുക {5000} | സ്ഥിരം | മറ്റുള്ളവർ |
| 1. | കടമ്പനാട്ട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നഃ 55 | 1094 കൊല്ലവർഷം | 2, 3 വാർഡുകൾ | 2973 | 675654 | 1.886379 | 5495568 | 6990425 | കുടിശിക 6228341 | 509688 | — | 1361694 | 4 | — |
| 2. | മണ്ണടി സർവ്വീസ് സഹകരണബാങ്ക് കിപ്തം നഃ 3849 | 1955 | വാർഡ് 8, 9, 10, & 11 | 5000 | 9 ലക്ഷം | 1 കോടി 35 ലക്ഷം | 1.25 കോടി | 7 ലക്ഷം | 40 ലക്ഷം | 1.5 കോടി | — | 8 ലക്ഷം | 6 | — |
| 3. | കടമ്പനാട്ട് സർവ്വീസ് സഹകരണബാങ്ക് കിപ്തം നം. P.T.59 | 1988 | 1, 4, 5, 6, 7 | 2025 | 433450 ഗവ: 1 ലക്ഷം | — | 4545425 | 6391075(total) ST.20794 | 4591538 | 9275083 | 3309 | — | 4 | 2 |

## പട്ടികജാതി പട്ടികവർഗ്ഗസഹകരണസംഘം

### കടമ്പനാട്ട് പട്ടികജാതി പട്ടിക വർഗ്ഗ സഹകരണസംഘം

കടമ്പനാട്ട് പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയുള്ള ഈ സംഘം 5-ാം വാർഡിൽ തുവയൂർ തെക്ക് ആസ്ഥാനമായി രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു. തൊഴിൽ അധിഷ്ഠിതവ്യവസായങ്ങൾക്കു പുറമെ, വായ്പാ വിതരണം, ഡപ്പോസിറ്റ് സ്വീകരിക്കൽ, ചെറുകിട വ്യവസായങ്ങൾ നടത്തുക മുതലായവയാണ് പ്രവർത്തനലക്ഷ്യങ്ങൾ. ഇപ്പോൾ കാര്യമായ പ്രവർത്തനങ്ങൾ ഒന്നും തന്നെയില്ല. ആകെ നടത്തികൊണ്ടു വന്നിരുന്ന കൺസ്യൂമർ സ്റ്റോർ തന്നെ ഇപ്പോൾ പ്രവർത്തനം നിലച്ച നിലയിലാണ് സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് സ്ഥലം വാങ്ങി കെട്ടിടം പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

### നിർദ്ദേശങ്ങൾ

1. Working Capital, Share Capital എന്നീ ഇനങ്ങളിൽ കിട്ടിയ തുക വിനിയോഗിച്ച് കൊടുത്തിട്ടുള്ള വായ്പകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

2. എല്ലാ വാർഡുകളിൽ നിന്നും അംഗങ്ങളെ ചേർത്ത് അംഗസംഖ്യ വർദ്ധിപ്പിക്കണം. സമീപപ്രദേശത്തുള്ള വിവിധ കോളനികളിലെ ആളുകൾക്കുകൂടി പ്രയോജനപ്പെടത്തക്കരീതിയിൽ പ്രവർത്തനം വിപുലീകരിക്കണം.

3. ബൈലാവ്യവസ്ഥ പ്രകാരമുള്ള തൊഴിലധിഷ്ഠിതവ്യവസായങ്ങൾ (ഈറ്റ വ്യവസായം, കുട്ട, വട്ടി നെയ്ത്തു വ്യവസായം, ഇഷ്ടിക വ്യവസായം മുതലായവ) തുടങ്ങി അംഗങ്ങൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കണം.

4. കെട്ടിടം പണി ഉടൻ പൂർത്തിയാക്കി, തയ്യൽ സ്കൂളുകൾ, ഗാർമെന്റ് മേക്കിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കണം.

## III. വനിതാസഹകരണസംഘങ്ങൾ

ഈ പഞ്ചായത്തിലെ ഏക വനിതാസഹകരണസംഘമാണ് കടമ്പനാട് വില്ലേജ് വനിതാ സേവന സഹകരണ സംഘം ക്ലിപ്തം നമ്പർ **PT.97**

ഇത് 1991-ൽ പഞ്ചായത്ത് മുഴുവനും പ്രവർത്തനമേഖലയായി രജിസ്റ്റർ ചെയ്യപ്പെട്ടു. കടമ്പനാട് പഞ്ചായത്തിൽ 7-ാം വാർഡിൽ തുവയൂർ തെക്കാണ് ആസ്ഥാനം ഇതിന് ഇപ്പോൾ 109 അംഗങ്ങൾ ഉണ്ട്. ഓഹരി മൂലധനം 10000 രൂപയാണ്.

വനിതസേവനരംഗത്ത് ഏറ്റവും കൂടുതൽ കാര്യങ്ങൾ ചെയ്യത്തക്ക ലക്ഷ്യത്തോടുകൂടി രജിസ്റ്റർ ചെയ്യപ്പെട്ടതാണെങ്കിലും ഒരു ഓണച്ചന്ത നടത്തിയതൊഴിച്ചാൽ പിന്നെ കാര്യമായ യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല. പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം ബാങ്കിൽ അടച്ചിട്ടുണ്ട്.

ബൈലാ അനുസരിച്ച് അംഗങ്ങൾക്ക്, ലോൺ വിതരണം, ചിട്ടി നടത്തൽ, കൺസ്യൂമർ ശാഖ, കുടിൽ വ്യവസായങ്ങളായ പ്ലാസ്റ്റിക് ബാഗ്, ലതർ ബാഗ്, ചെരിപ്പ് നിർമ്മാണം, കറിപൗഡർ യൂണിറ്റ്, ഗാർമെന്റ് മേക്കിംഗ് മുതലായ എല്ലാ വ്യവസായങ്ങളും തുടങ്ങുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഒന്നും തന്നെ നാളിതുവരെയും തുടങ്ങിയിട്ടില്ല.

1. പ്രവർത്തനത്തിന് വളരെ സാദ്ധ്യതകളുള്ള ഈ സംഘം പ്രവർത്തനക്ഷമമാക്കുന്നതിന് കൂടുതൽ അംഗങ്ങളെ ചേർത്ത് ഓഹരി മൂലധനം വർദ്ധിപ്പിക്കണം.

2. നിലവിലുള്ള ഭരണസമിതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്ത്, ശമ്പളം കൊടുത്ത്. ജീവനക്കാരനെ നിയമിക്കുന്നതുവരെ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു ഹോണററി സെക്രട്ടറിയെ തെരഞ്ഞെടുക്കുക.

ബൈലായിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ഒരു യൂണിറ്റ് ഉടനെ പ്രവർത്തിപ്പിക്കുക. ഉദഃ കറി പൗഡർ യൂണിറ്റ്/പ്ലാസ്റ്റിക് ബാഗുകൾ ഉണ്ടാക്കുക. ഇവയിൽ ഏതെങ്കിലും ഒന്ന് ആഫീസ് പ്രവർത്തിപ്പിക്കുന്നതിന് സൗകര്യമായ ഒരു സ്ഥലം വാടകയ്ക്ക് ഏറ്റെടുത്ത് പ്രവർത്തനം തുടങ്ങുക. കമ്മറ്റി വന്ന ശേഷം പ്രവർത്തിപ്പിക്കാൻ കഴിവുള്ള ഒരു ജീവനക്കാരനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

## IV. സ്കൂൾ സഹകരണ സംഘങ്ങൾ

ഈ പഞ്ചയാത്തിൽ 4 ഹൈസ്കൂൾ സഹകരസംഘങ്ങളും 2 പ്രൈമറി സ്കൂൾ സഹകരണസംഘങ്ങള് പ്രവർത്തിച്ചുവരുന്നു. സ്കൂൾ കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങൾ, നോട്ടുബുക്കുകൾ മുതലായവ ഇതുവഴി വിതരണം ചെയ്തുവരുന്നു. ഇതിൽ ഇപ്പോൾ പ്രവർത്തനം ഇല്ലാതെ കിടക്കുന്ന തുവയൂർ പ്രൈമറി സ്കൂൾ സഹകരണസംഘം പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## V. വ്യവസായ സഹകരണസംഘങ്ങൾ

ഈ വിഭാഗത്തിൽ 4 സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഒന്നും തന്നെ കാര്യമായി പ്രവർത്തിക്കുന്നില്ല. പ്രവർത്തനം നിലച്ചിരിക്കുന്ന, മണ്ണടി തീപ്പട്ടി വ്യവസായ സഹകരണസംഘം, മണ്ണടി എണ്ണയാട്ടു വ്യവസായ സഃസംഘം എന്നിവ റദ്ദുചെയ്യുവാനും, അല്പമെങ്കിലും പ്രവർത്തിക്കുന്ന കടമ്പനാട്ട് വില്ലേജ് ഇൻഡസ്ട്രീയൽ സഹകരണസംഘം, കടമ്പനാട്ട് ഖാദിസഹകരണസംഘം എന്നിവ കൂടുതൽ അംഗങ്ങളെ ചേർത്ത് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും ചെയ്യണം.

## VI ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ

1970 ആരംഭിച്ച ധവള വിപ്ലവത്തിന്റെ ഒന്നാം ഘട്ടം ക്ഷീരോല്പാദകരിൽ ആത്മവിശ്വാസവും ക്ഷീരവ്യവസായത്തിന് ഒരു പുതിയ മാനവും നല്കയുണ്ടായി കേരളത്തിൽ 1980- ൽ സ്ഥാപിച്ച ക്ഷീരവികസന ഫെഡറേഷൻ എല്ലാ ഗ്രാമപ്രദേശങ്ങളിലും ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുവാൻ ഉതകത്തക്ക രീതിയിൽ ബൃഹത്തായ പദ്ധതിയ്ക്ക് രൂപം നല്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തു തലത്തിൽ എല്ലാ വാർഡുകളിലും ഇത്തരം സംഘങ്ങൾ ഉണ്ടാകത്തക്ക രീതിയിൽ പ്രവർത്തനം ആരംഭിച്ച് പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 4 ക്ഷീര വ്യവസായ സഹകരണസംഘങ്ങളിൽ മണ്ണടി ക്ഷീരവ്യവസായസ്ംഘം ഒഴിച്ചുള്ള 3 സംഘങ്ങളും പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ പ്രവർത്തിക്കുന്ന സംഘങ്ങൾ.

### (1) തുവയൂർ ക്ഷീരോൽപ്പാദക സഃസംഘം ക്ലിപ്തം നഃ Q88(D)APCOS

ഈ പഞ്ചായത്തിലെ 5,6,7, എന്നീ വാർഡുകൾ പ്രവർത്തന പരിധിയായി 1981-ൽ രജിസ്റ്റർ ചെയ്യപ്പെട്ടു. ഇപ്പോൾ 294 അംഗങ്ങളും 3320 രൂ ഓഹരി മൂലധനവും ഉണ്ട്. 1993-94 ആഡിറ്റ് അനുസരിച്ച് 3038 രൂ ലാഭത്തിൽ പ്രവർത്തിക്കുന്നു. തൻവർഷത്തിൽ 69569ലിറ്റർ പാൽ സംഭരിച്ചു വിതരണം നടത്തിയിട്ടുണ്ട്. കാലിത്തീറ്റ വിതരണവും നടത്തിവരുന്നു.

### കടമ്പനാട്ട് ക്ഷീരവ്യവസായ സഹഃസംഘം ക്ളിപ്തം നഃ 259 APCOS

1982-ൽ രജിസ്റ്റർ ചെയ്യപ്പെട്ടു. ആകെ അംഗങ്ങൾ. 356 ഓഹരി മൂലധനം 4090 രൂപയാണ്. തൻവർഷത്തിൽ 132264 ലിറ്റർ പാൽ സംഭരിച്ച് വിതരണം നടത്തി. ഉല്പാദന ബോണസായി തൻവർഷത്തിൽ 38404 രൂ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ആകെ ലാഭം 84993 രൂപയാണ്.

## കടമ്പനാട്ട് വടക്ക് ക്ഷീരവ്യവസായ സഹഃസംഘം കിപ്തം നഃ Q96(APCOS)

കടമ്പനാട്ട് വടക്ക് നെല്ലിമുകൾ അസ്ഥാനമായി പ്രവർത്തിക്കുന്നു. പാൽ സംഭരത വിതരണത്തിന് പുറമെ കാലിത്തീറ്റ്, മരുന്നുകൾ എന്നിവയും വില്പന നടത്തുന്നുണ്ട്. 1981-ൽ ആരംഭിച്ച ഈ സ്ഥാപനത്തിന്റെ പ്രവർത്തന പരിധി 2,3 വാർഡുകളാണ്. അംഗസംഖ്യ 276 ആണ്.

### പട്ടിക 1
### ക്ഷീര സഹകരണസംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | പ്രവർത്തന മൂലധനം | വ്യാപാര ഇടപാടുകൾ | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | ലാഭം തുക | നഷ്ടം തുക | സ്ഥിരം | മറ്റുള്ളവർ |
| 1. | കടമ്പനാട്ട് ക്ഷീരോൽപ്പാദക സഹകരണസംഘം Q259(D) APCOS | 1992 | 1&2 വാർഡുകൾ | 356 | 4090 | Rs.392624 | — | — | Rs.1001429 | 84993 | — | — | — |
| 2. | കടമ്പനാട്ട് വടക്ക്ക്ഷീരോൽപ്പാദക സഹകരണ സംഘം നഃQ96(D) (APCOS) | | 3, 4 wards | — | — | — | — | — | — | — | — | — | — |
| 3 | തുവയൂർ ക്ഷീരോൽപ്പാദക സഹകരണസംഘം കിപ്തം നഃ Q88(D) APCOS | 1981 | 5, 6 ,7 wards | 294 | — | — | 69569 | — | — | 3088 | — | — | — |

## നിർദ്ദേശങ്ങളും പ്രശ്നങ്ങളും

1. നിലവിലുള്ള അംഗങ്ങൾക്ക് നല്ലയിനം പശുക്കളെയും കുറഞ്ഞനിരക്കിൽ കാലിത്തീറ്റയും വിതരണം ചെയ്ത് പാൽ ഉല്പാദനം വർദ്ധിപ്പിക്കണം.

2. പഞ്ചായത്തിലെ ഉപഭോഗം (ലോക്കൽ സെയിൽസ്) പ്രോത്സാഹിപ്പിക്കുക. ലോക്കൽ സെയിൽസ് പാലിന് മിൽമാ ഏറ്റെടുക്കുന്ന പാലിനെക്കാൾ അധികവില ലഭിക്കുന്നതിനാൽ അത് സംഘത്തിന് കൂടുതലാഭകരമാണ്. സംഘങ്ങളിൽ ഉപഭോഗം കഴിഞ്ഞ് അധികം വരുന്ന പാൽ സൂക്ഷിക്കുവാനും സംസ്കരിക്കുവാനും പഞ്ചായത്തിന്റെ സഹായത്തോടുകൂടി വേണ്ട സംവിധാനം ചെയ്യുക.

3. ക്ഷീര വ്യവസായ സംഘങ്ങളുടെ പൊതുതാല്പര്യഅനുസരിച്ച് കർഷകന് ആവശ്യമായ കാലിത്തീറ്റ, മരുന്നുകൾ എന്നിവ സുലഭവും, ആദായ വിലയ്ക്കും കിട്ടത്തക്കവിധത്തിൽ വേണ്ട ക്രമീകരണം ചെയ്യുക. ഈ വിഭാഗത്തിൽ ഉള്ള എല്ലാ സംഘങ്ങളും കൂടി ചേർത്ത് ഒരു feed factory സ്ഥാപിക്കാൻ ഉള്ള സാദ്ധ്യതകളെപറ്റി ചിന്തിച്ച് പ്രാവർത്തികമാക്കുക. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവും വൈക്കോലിന്റെയും പുല്ലിന്റെയും ലഭ്യതക്കുറവും കർഷകനെ കാലിവളർത്തലിൽ നിന്നും പിന്തിരിപ്പിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്.

### അടൂർ താലൂക്ക് എയിഡഡ് സ്കൂൾ ടീച്ചേഴ്സ് സഹകരണസംഘം Q.836

കടമ്പനാട് ആസ്ഥാനമാക്കി 1982-ൽ രജിസ്റ്റർ ചെയ്യപ്പെട്ടു. അദ്ധ്യാപകരുടെ വായ്പാ വിതരണം മുതലായ കാര്യങ്ങളെ മുൻനിർത്തി രജിസ്റ്റർ ചെയ്തിട്ടുള്ള ഈ സംഘത്തിൽ 488; അംഗങ്ങൾ ഉണ്ട്. ഓഹരി മൂലധനം 496235 നിക്ഷേപം 1715127 രൂ വായ്പകൾ 2337383 രൂ ലോൺ വിതരണം കൂടാതെ ചിട്ടി മുതലായവ നടത്തിവരുന്നു. ഈ താലൂക്കിൽ ഉള്ള അദ്ധ്യാപകരുടെ ക്ഷേമപ്രവർത്തനങ്ങൾക്കു വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

### അടൂർ താലൂക്ക് വികലാംഗസഹകരണ സംഘം ക്ലിപ്തം

വികലാംഗകരായ ആളുകളുടെ ഉന്നമനത്തിനുവേണ്ടി രജിസ്റ്റർ ചെയ്യപ്പെട്ട ഈ സംഘം 1987-ൽ കടമ്പനാട്ട് ആസ്ഥാനമാക്കി സ്ഥാപിച്ചു അടൂർ താലൂക്ക് മുഴുവൻ പ്രവർത്തനപരിധിയാണ്. ആകെ 258 അംഗങ്ങൾ ഉണ്ട്. ഓഹരി മൂലധനം 2,750 രൂ ഗവഃ നിന്നും കിട്ടിയ ധനസഹായം ഉപയോഗിച്ച്, കറി പൗഡർ യൂണിറ്റ്, ബുക്ക് ബയൻറിംഗ് യൂണിറ്റ് എന്നിവ തുടങ്ങിയിട്ടുണ്ടെങ്കിലും പ്രവർത്തനം ഇതുവരെ കാര്യക്ഷമമാക്കിയിട്ടില്ല. പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നുതിനുള്ള നടപടികൾ സ്വീകരിക്കണം.

### ഉപഭോക്തൃസഹകരണസംഘങ്ങൾ

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും, അമിതലാഭേച്ചുക്കളായ കച്ചവടക്കാരുടെയും ഇടനിലക്കാരുടെയും ചൂഷണത്തിൽനിന്നും ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിന് വേണ്ടിയാണ്, ഉപഭോക്തൃ സഹകരണസംഘങ്ങൾ രൂപംകൊണ്ടിട്ടുള്ളത്. ഈ പഞ്ചായത്തിൽ ഈ വിഭാഗത്തിൽ രജിസ്റ്റർ ആകെ ഒരു സംഘം മണ്ണടി ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്തിട്ടുള്ള മണ്ണടി കൺസ്യൂമർ സഹകരണസംഘം Q.83 ആണ്. ആദ്യകാലങ്ങളിൽ ചെറിയതോതിൽ പ്രവർത്തിച്ചിരുന്നെങ്കിലും ഇപ്പോൾ പ്രവർത്തനം ഒന്നും തന്നെയില്ല. സംഘം പ്രവർത്തനക്ഷമമാക്കുന്നതിന് കമ്മറ്റിക്കാർ പ്രത്യേകം ശ്രദ്ധിക്കണം.

## മറ്റുസഹകരണസംഘങ്ങൾ

മുകളിൽ പറഞ്ഞവകൂടാതെ, ഈ പഞ്ചായത്തിൽ മണ്ണടി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു ലേബർ കോൺട്രാക്റ്റ് സഹകരണസംഘവും തുവയൂർ ജംഗ്ഷനിൽ പ്രവർത്തിച്ചുവരുന്ന ഒരു മോട്ടോർ തൊഴിലാളി സംഘമായ Quilon Automobile Co-Op-Society-യും ഉണ്ട്. ഇതിന്റെ പ്രവർത്തനപരിധി പഞ്ചായത്തു മാത്രമായിട്ടുള്ളതല്ലെങ്കിലും ഈ പഞ്ചായത്തിൽ പെട്ട ആളുകൾക്ക് കൂടുതൽ തൊഴിൽ അവസരം ലഭ്യമാകത്തക്ക രീതിയിൽ പ്രവർത്തിക്കാൻ കഴിവുള്ളതാണ്. അതിനാൽ കൂടുതൽ അംഗങ്ങളെ ചേർത്ത് പഞ്ചായത്തിൽപെട്ടവർക്ക് കൂടുതൽ പ്രയോജനപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്തിൽ നിന്നും കൈക്കൊള്ളുന്നത് നന്നായിരിക്കും. ഇത് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണ്. പഞ്ചായത്ത് നേരിട്ടു നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, ലേബർ കോൺട്രാക്റ്റ് സംഘം മുഖേന നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച്

### 1. കോഴിവളർത്തൽ സഹകരണസംഘം

കേരളത്തിലെ വരുമാനത്തിന്റെ വലിയ ഒരു ഭാഗം ഇറച്ചിക്കോഴി, കോഴിമുട്ട എന്നിവയുടെ ഉപഭോഗം വഴി അന്യസംസ്ഥാനങ്ങളിലേക്കു ഒഴുകുന്നുണ്ട്. ഒരു കാലത്ത് കോഴിമുട്ടയും മറ്റും ഇവിടെ നിന്നും മറ്റു സ്റ്റേറ്റുകളിലേക്ക് അയച്ചിരുന്നെങ്കിൽ ഇപ്പോൾ അനുഭവം തിരിച്ചാണ് അതിനാൽ ഒരു കോഴിവളർത്തൽസഹകരണസംഘം തുടങ്ങുന്നത് നല്ലതാണ്. വനിതാ സഹകരണസംഘം ഇപ്പോൾ പഞ്ചായത്ത് പ്രവർത്തനപരിധിയായി ഒരെണ്ണം ഉണ്ടെങ്കിലും ഇതിന്റെ പ്രയോജനം എല്ലാവർക്കും ലഭ്യമല്ലാതിരിക്കുന്നതിനാൽ, 1 മുതൽ 5 വാർഡുകളെ പ്രതിനിധീകരിച്ച് ഒരു സംഘം കൂടി രജിസ്റ്റർ ചെയ്താൽ ആ വാർഡിലെ ആളുകൾക്ക് കൂടുതൽ പ്രയോജന പ്രദമായിരിക്കും. ഇത് വനിതകൾക്കുള്ള തൊഴിലവസരവും ആദായമാർഗവുമാക്കി തീർക്കുവാൻ കഴിയുന്നതാണ്.

പാർപ്പിടപ്രശ്നം രൂക്ഷമായികൊണ്ടിരിക്കുന്ന ഇക്കാലത്ത് വിട് വയ്ക്കുന്നതിനുള്ള ലോൺ ലഭ്യമാകത്തക്ക രീതിയിൽ ഒരു ഹൗസിംഗ് സഹകരണസംഘം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഇപ്പോൾ അടൂർ താലൂക്കിൽ ആകെയുള്ള ഒരു ഹൗസിംഗ് സഹകരണസംഘം താലൂക്കിന്റെ കിഴക്കെ അറ്റത്തുള്ള കലഞ്ഞൂർ ആണ് സ്ഥാപിച്ചിട്ടുള്ളത്. ഇവിടെ ചെന്ന് ഹൗസിംഗ് ലോൺ എടുക്കുക വളരെ ദുഷ്കരമാണ്. അതിനാൽ ഒരു ഹൗസിഹ് സഹകരണസംഘം പുതുതായി രജിസ്റ്റർ ചെയ്യണം.

സഹകരണരംഗത്തെ വളർച്ചയ്ക്കും, ബോധവൽക്കരണത്തിനും ഉതകത്തക്ക രീതിയിൽ പഞ്ചായത്തിലെ എല്ലാ സഹകാരികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു "സഹകരണസെൽ രൂപീകരിച്ചു പ്രവർത്തിക്കുന്നതായാൽ ഈ രംഗത്തുള്ള വളർച്ചയും തളർച്ചയും അപ്പോഴപ്പോൾ പരിശോധിച്ചു കണ്ടുപിടിക്കുയും വിദഗ്ധോപദേശങ്ങളും നിർദ്ദേശങ്ങളും നല്കി നേരായ പാതയിൽ നയിക്കുന്നതിനും പണാപഹരണം, മുതലായ ദുഷ്പ്രവണതകൾ ഒരളവുവരെ പരിഹരിക്കുന്നതിനും സാധിക്കുന്നതാണ്.

സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം നിർദ്ദേശിച്ച രീതിയിലും ഭാവത്തിലും നടപ്പിലാക്കി ഈ പഞ്ചായത്തിലെ കാർഷികരംഗത്തും തൊഴിൽ രംഗത്തും സമൂല പരിവർത്തനം വരുത്തുവാൻ സാധിക്കുന്നതാണ്. ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹ്യ സാംസ്കാരിക വികസനത്തിന് നിർണ്ണായകമായ പങ്കു വഹിക്കാൻ കഴിവുള്ള സഹകരണപ്രസ്ഥാനം റിപ്പോർട്ട് ചർച്ച ചെയ്തു നടപ്പാക്കുന്നതിനു വേണ്ടി സമർപ്പിച്ചുകൊള്ളുന്നു.



# 5.11

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

കടമ്പനാട് ഗ്രാമപഞ്ചായത്തിൽ 11 വാർഡുകളിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ വസിക്കുന്നുണ്ട്. ഭൂരിപക്ഷവും കാർഷികമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളാണ്. സ്ത്രീകൾ ഭൂരിഭാഗവും കശുവണ്ടിമേഖലയിലും കാർഷികമേഖലയിലും പായ് നെയ്ത് കുട്ട, വട്ടി നെയ്ത്ത് മുതലായ നിർമ്മാണ മേഖലയിലും, ഇഷ്ടിക നിർമ്മാണത്തിലും പണിയെടുക്കുന്നു. അതിൽ തന്നെ നല്ല ഒരു വിഭാഗം തൊഴിലാളികൾ തൊഴിൽ ചെയ്യുവാൻ ശേഷിയില്ലാത്തവരും തൊഴിൽ ഇല്ലാത്തവരും ആണ്. ഇവരുടെ കുട്ടികളിൽ നല്ലൊരു ശതമാനവും പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാത്തവർ ആണ്. ഇവരിൽ വിരലിൽ എണ്ണാൻ മാത്രമേ ഉപരി വിദ്യാഭ്യാസത്തിന് പോയിട്ടുള്ളൂ. ഇവരുടെ ഉന്നമനത്തിനു വേണ്ടി പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചുവടെ ചേർക്കുന്നു.



## പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ ലിസ്റ്റ്

പഞ്ചായത്തിലുള്ള പട്ടിക ജാതി കോളനികളുടെ സ്ഥിതി തൃപ്തികരമല്ല ഇല്ലായ്കളേറെ.

| ക്രമ നമ്പർ | വാർഡ് | കോളനികളുടെ സ്ഥാനം | റോഡ് | വൈദ്യുതി | കുടിവെള്ളം |
|---|---|---|---|---|---|
| 1 | 1 | തെക്കേടത്തുകോളനി | A | N | A |
| 2 | 1 | നാലുതുണ്ടിൽപ്പടി ക്കോളനി | A | N | A |
| 3 | | പിഞ്ഞാറ്റേതിൽ കോളനി | A | A | P |
| 4 | | തെക്കേക്കാഞ്ഞിയിൽ കോളനി | A | N | P |
| 1 | 2 | കാപ്പിൽ കോളനി | A | A | N |
| 2 | | തട്ടയ്ക്കാട്ടു കോളനി | A | A | P |
| 1 | 3 | മോതിരച്ചുള്ളിൽ ഹരിജൻ കോളനി | A | P | N |
| 2 | | തോപ്പിൽ ലക്ഷം വീടു കോളനി | A | N | N |
| 3 | | മേവറത്തു കോളനി | A | N | N |
| 4 | | മുണ്ടത്തോട്ടിൽ കോളനി | A | P | N |
| | 5 | മലങ്കാവ് അംബേക്കർ കോളനി | A | A | A |
| 1 | 4 | കാട്ടുത്താം വിള കോളനി | A | P | N |
| 2 | | കിട്ടൂർകുന്നു കോളനി | P | A | N |
| 3 | | നിലയ്ക്കൽ 4 സെൻറു കോളനി | A | N | N |
| 4 | | പാറമല കോളനി | P | N | N |
| 5 | | കോളൂർക്കുഴി കോളനി | N | N | N |
| 6 | | ലക്ഷം വീടു കോളനി | P | P | N |
| 7 | | തുവയൂർ തെക്ക് നിലയ്ക്കൽ കോളനി | P | P | N |
| 8 | | കിട്ടൂർകുന്ന് 4 സെൻറ് കോളനി | N | N | A |
| 1 | 7 | കുരുവിക്കുന്നു കോളനി | A | A | N |
| 2 | | കൊട്ടാരത്തിൽ കോളനി | A | P | N |
| 1 | 8 | കന്നിമല IHDP കോളനി | A | A | N |
| 2 | | ഒഴുവുപാറ കോളനി | A | A | N |
| 1 | 9 | മോമണ്ണടി കോളനി | A | A | N |
| | 10 | നടുവിലേക്കര കോളനി | A | A | N |
| 2 | | കഴനിയിൽ ഭാഗം കോളനി | A | P | N |
| 3 | | ആവണം പാറ ഹരിജൻ കോളനി | A | P | N |
| 1 | 11 | പാണ്ടിമലപ്പുറം ഹരിജൻ സെറ്റിൽമെൻറ് കോളനി | A | P | N |
| 2 | | ആലിലക്കുഴി ലക്ഷം വീടു കോളനി | A | N | N |
| 3 | | കല്ലേരി മുകളിൽ കോളനി | A | A | N |

A.ഉണ്ട്. P.ഭാഗീകം. N. ഇല്ല.

കോളനികളുടെ സ്ഥിതി വിവരം പരിശോധിച്ചപ്പോൾ റോഡുകളും വൈദ്യുതിയും ഭാഗികമായി ഉണ്ടെങ്കിലും പഞ്ചായത്തിലെ ആകെ കോളനികളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ശോചനീയാവസ്ഥ പരിഹരിക്കാൻ അടിയന്തിരമായി ശ്രമിക്കേണ്ടതാണ്

കടമ്പനാട് ഗ്രാമപഞ്ചായത്തിലെ കോളനികളിലും ഒറ്റപ്പെട്ടും താമസിക്കുന്ന പട്ടികജാതി വിഭാഗക്കാരുടെ. അടിസ്ഥാന സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. തുണ്ടു ഭൂമിയിൽ ഇടതിങ്ങി പാർക്കുന്ന ഈ വിഭാഗക്കാരുടെ ശുചിത്വപരിപാലന സൗകര്യങ്ങൾ ഖേദകരമാണ്. വേനൽക്കാലം ആകുമ്പോൾ കുടിക്കുന്നതിനും കുളിക്കുന്നതിനും ജലദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ കോളനിനിവാസികളായ അധികം ആളുകളുടെയും സ്ഥിതി ദയനീയമാണ്.

ധാരാളം പട്ടികജാതി കുടുംബങ്ങൾ ഇപ്പോഴും ഓലപ്പുരകളിൽ കഴിയുന്നു. പലയിടങ്ങളിലും ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന അവസ്ഥയും ഉണ്ട്. മിക്കവയും പൂർണ്ണാമായ ബന്തവസ്സ് ഇല്ലാത്ത വീടുകളാണ്. ഈ പഞ്ചായത്തിലെ മിക്ക ലക്ഷം വീടുകോളനികളിലും താമിസക്കുവന്നവരിൽ 90%പട്ടിക ജാതിക്കാരാണ്. ഇരട്ട കുടുംബസംവിധാനമുള്ള ലക്ഷം വീടു കോളനികളിലെ ജീവിതം ദുരിതപൂർണ്ണമാണ്.

തൊഴിൽ രംഗത്തു പട്ടിക ജാതി/ വർഗ്ഗവിഭാഗക്കാർക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല. പഞ്ചായത്തിൽ ഒരു പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സ്ഥാപനവും 3(മൂന്ന്) സഹകരണ ബാങ്കുകളും ഉണ്ട്. ഇതിൽ നിയമനം നടത്തുമ്പോൾ തൊഴിൽ നിയമങ്ങളിൽ സംവരണതത്വം പാലിച്ചിട്ടില്ല. അതുപോലെ 3 മിൽമസൈസൈറ്റികളിലും മോട്ടോർ തൊഴിലാളി സഹകരണ സംഘമുള്ളതിലും സംവരണതത്വം പാലിച്ചിട്ടില്ല.

1. കടമ്പനാട് ഗ്രാമപഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് തൊഴിൽ ലഭിക്കുന്നതിനുവേണ്ടി തൊഴിൽ പരിശീലനത്തിനായി ഒരു സാങ്കേതിക പരിശീലന കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കണം.

2. പട്ടികജാതിയിൽപ്പെട്ട യുവാക്കൾക്ക് കായിക പരിശീലനം ലഭിക്കുന്നതിനു ടി. വിഭാഗത്തിൽപ്പെട്ട വർതിങ്ങിപ്പർക്കുന്ന 6-ാം വാർഡിൽ ഒരു കായിക പരിശീലന കേന്ദ്രവും മിനി സ്റ്റേഡിയവും ആരംഭിക്കണം.

3 പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ അഭിമുഖീകരിക്കുന്ന പ്രശനങ്ങളെപ്പറ്റിപഠിക്കുന്നതിനു പട്ടികജാതി പട്ടിക വർഗ്ഗ സെൽ രൂപീകരിക്കണം.

4. നാടൻ കലയെ പ്രോത്സാഹിപ്പിക്കുന്നതിന് നാടൻ കലാകാരന്മാർക്ക് പെൻഷൻ ഏർപ്പെടുത്തുക ,നാടൻ കല പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിന് ഒരു നാടൻ കലാകേന്ദ്രം സ്ഥാപിക്കുക.

5. മദ്യപാനം പുകവലി സാംക്രമിക രോഗങ്ങൾ ശുചിത്വം മുതലായവയ്ക്ക് ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുകയും ആനുകാലികമായ വിഷയങ്ങളെപ്പറ്റി മനസ്സിലാക്കുന്നതിന് കോളനികൾ കേന്ദ്രീകരിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

6. കടമ്പനാടു പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു സ്പെഷ്യൽകോച്ചിംഗ് നൽകുന്നതിനു പഞ്ചായത്തിലെ ഉന്നത വിദ്യാഭ്യാസം നേടിയവർക്കു നിശ്ചിത വേതനം നൽകി കോച്ചിംഗ് ക്ലാസ്സുകൾ നടത്തുന്നതിന് സൗകര്യം ഏർപ്പെടുത്തുക.

7. കടമ്പനാട് ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വർഗ്ഗത്തിൽപ്പെട്ടവർ താമസിക്കുന്ന കോളനികളിൽ T.V. സെറ്റ് സ്ഥാപിക്കുക.

8. കടമ്പനാട് ഗ്രാമപഞ്ചായത്തിൽ നിലയ്ക്കൽ പട്ടികജാതി പട്ടികവർഗ്ഗവകുപ്പിൻെറ വകയായ 10 സെൻറ് സ്ഥലത്ത് (പട്ടികജാതി വികസന വകുപ്പ് ) നടത്തിക്കൊണ്ടിരുന്ന നേഴ്സറിസ്കൂൾ നിൽക്കുന്ന സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് സംസ്കാരിക നില

യവും വായനാശാലയും സ്ഥാപിക്കുക.

9. ഈ പഞ്ചായത്തിലെ പട്ടിക വർഗ്ഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം, പാർപ്പിടം വൈദ്യുതി, എന്നിവ ലഭ്യമാക്കുക.

10 പഞ്ചായത്തിൽ നിരവധി 4 സെൻറ് കോളനികൾ ലക്ഷം വീടുകോളനികൾ എന്നിവയുണ്ട്. ഈ കോളനികളിൽ ആരെങ്കിലും മരിച്ചാൽ മറവുചെയ്യാൻ സ്വന്തമായി സ്ഥലം ഇല്ലാത്തതിനാൽ ഒരു പൊതു ശ്മശാനം ഉണ്ടാക്കാനുള്ള നടപടി കൈക്കൊള്ളുക.

11. കടമ്പനാട്ടു പഞ്ചായത്തിൽ കൈതൊഴിലായ വട്ടി, കുട്ട, പനമ്പ് മുറം, ചണവ മുതലായവ നിർമ്മിക്കുന്നതിനുവേണ്ട അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിനു ബാംബു കോർപ്പറേഷനുമായി ബന്ധപ്പെട്ട ഒരു കേന്ദ്രം ആരംഭിക്കുക.

12. കടമ്പനാട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി/ വർഗ്ഗത്തിൽപ്പെട്ടവർക്ക് വീടുകൾ പുതുക്കിപ്പണിയുന്നതിനു ( അറ്റകുറ്റപ്പണികൾ നടത്തുന്നതിനും) ധനസഹായം നൽകുക.

13. ഗ്രാമപഞ്ചായത്തിലെ പട്ടികജാതി/ വർഗ്ഗകോളനികളുടെ അറ്റകുറ്റപ്പണികൾക്ക് ഗ്രാൻറ് നൽകുക. ആയത് പരിശോധനക്ക് വിധേയം ആക്കുക.

14. പഞ്ചായത്തിൽ ഈ വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുബംങ്ങൾക്ക് വിവാഹ ധനസഹായം നൽകുക.

15. പഞ്ചായത്ത് തലത്തിൽ പട്ടികജാതി/വർഗ്ഗത്തിൽപ്പേട്ടവർക്ക് ചികിത്സാ സഹായം നൽകുക.

16. പട്ടികജാതി/വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ബോർഡിംഗ് സൗകര്യം നൽകുക.

17. മത്സര പരീക്ഷയ്ക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യട്യൂഷൻ ഏർപ്പെടുത്തണം.

18. സർക്കാർ സഹായങ്ങൾക്കുള്ള പ്രതിമാസ മാസവരുമാനം 1500/ രൂപയിൽനിന്നും 5000/- രൂപയാക്കി ഉയർത്തുക.

19 ഭൂമിയില്ലാത്തവർക്ക് ഭൂരഹിത സഹായനിധിയും സ്വന്തമായി ഭൂമിയും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി നടപ്പാക്കുക.

20. S.S.L.C. Pree-Degree, Degree, തലങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർക്ക് അവാർഡുകൾ ഏർപ്പെടുത്തണം.

21. തയ്യൽ പരിശീലനം നേടിയവർക്ക് റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥാപനം ആരംഭിക്കുന്നതിന്നു ധനസഹായം നൽകുക.

22. സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. ജന വിദ്യാകേന്ദ്രം പണിയുക.

23. P.T. 27 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘത്തിന് ഒരു ട്രാക്ടർ സൗജന്യമായി നൽകുക.

24. പാണ്ടി മലപ്പുറം W.L.P.S UPS ആയി ഉയർത്തുക. സ്ക്കൂളിനു വേണ്ട ഉപകരണങ്ങൾ, ഭക്ഷണപ്പുര, കളിസ്ഥലം എന്നിവ നിർമ്മിക്കുക.

25. പ്രൊഫഷണൽ കോഴ്സുകൾക്ക് ( മെഡിസിൻ അലോപ്പതി, ആയുർവേദ ഹോമിയോ എഞ്ചിനിയറിംഗ് മുതലായവ) പൂർത്തിയാക്കിയിട്ടുള്ളവർ ഇപ്പോഴും ജോലി ലഭിക്കാത്തവർ ഉണ്ട്. പട്ടികജാതി പട്ടിക വ2ഗ്ഗത്തിൽപ്പെട്ടവർക്ക് മേൽപ്പറഞ്ഞ കോഴ്സുകൾ പൂർത്തിയാക്കുന്ന മുറക്ക് നിയമനം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുക

26. മദ്യം തുടങ്ങിയ ലഹരി സാധനങ്ങളുടെ വിതരണം ഗ്രാമപ്രദേശങ്ങളുടെ സാസ്കാരിക വളർച്ചയേയും സാമ്പത്തി ഭദ്രതയേയും പ്രതികൂലമായി ബാധിക്കുന്നു. ഇത് ഒഴിവാക്കാൻകഴിയണം.

27. സർക്കാരിൽനിന്നും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ജനോപകാരപ്രദമായ പദ്ധതികൾ ജനങ്ങളിൽ എത്തിക്കുന്നതിന് ഇൻഫർമേഷൻ സെൻററുകൾ പഞ്ചായത്തു തലത്തിൽ സ്ഥാപിക്കുക

28. ഓരോ തൊഴിലാളിയെക്കൊണ്ടും നിർബന്ധമായും അവരവരുടെ പ്രതിവാര വരുമാനത്തിൻെറ ഒരു

നിശ്ചിത ശതമാനം ലഘു സമ്പാദ്യപദ്ധതിയിൽ നിക്ഷേപിച്ച് അവരെ സമ്പാദ്യശീലമുള്ളവരാക്കി ഭാവി സുരക്ഷിതമാക്കുക.

29. കുടിൽവ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമായ സഹായം ഗ്രാമപഞ്ചായത്തിൻെറ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത് ആവശ്യമാണ്.

30. പഞ്ചായത്തിൽ അംഗീകാരമില്ലാത്ത അനേകം കോളനികൾ ഉണ്ട്. ഇത് സെറ്റിൽമെൻറ് കോളനികളായി പ്രഖ്യാപിക്കുക. അഞ്ചോ അതിൽ കൂടുതലോ കുടുംബങ്ങൾ ഒരുമിച്ചു പാർക്കുന്ന സ്ഥലം കോളനിയായി കണക്കാക്കേണ്ടതാണ്.

31. ഈറ്റത്തൊഴിലാളി, പായ്നെയ്ത്തുതൊഴിലാളി എന്നിവർക്ക് വാർദ്ധക്യ പെൻഷൻ അനുവദിക്കണം.

32. ഓലമേച്ചിൽ ഒഴിവാക്കുന്നതിനു വേണ്ടി ഭവന നിർമ്മാണ രംഗത്തെ നൂതനമാർഗ്ഗങ്ങൾ അവലംബിച്ച് പരിഷ്കരിക്കേണ്ടതാണ്,

33. മിശ്രവിവാഹ ദമ്പതികൾക്കുള്ള ധനസഹായ പരിധിയും ഉയർത്താൻ അധികൃതർ ശ്രദ്ധിക്കുക.

34. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കൈവശമുള്ള ചെറുതുണ്ടു ഭൂമികൾ അധികവും അതിരുകയ്യാലയും ഇല്ലാതെ മണ്ണടിച്ചിൽ മൂലം നശിച്ചുകൊണ്ടിരിക്കുന്നു. നാളിതുവരെ ഇത്തരം ഭൂമിയെ മണ്ണിടിച്ചിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. അടിയന്തിരമായി ഇതിനുള്ള പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

35. പട്ടികജാതി/വർഗ്ഗക്കാർ കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങലിലും അവിടേക്കുള്ള വഴികളിലും വഴിവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. അവർ താമസിക്കുന്ന പ്രധാന കോർണ്ണറുകളിൽ ട്യൂബ് ലൈറ്റുകളും സ്ഥാപിക്കേണ്ടതാണ്. അനർട്ട് തുടങ്ങിയ ഏജൻസികളുടെ സഹായ സഹകരണങ്ങൾ അനർട്ട് റാന്തൽ തുടങ്ങിയ സൈരോർജ്ജത്താൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ചു നൽകാൻ നടപടി സ്വീകരിക്കുക.

36. കടമ്പനാട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ സംബന്ധിച്ച് അവരുടെ കോളനികളിലും മററു പ്രദേശങ്ങളിലും താമസിക്കുന്നവർക്ക് റോഡു, കുടിവെള്ളം വൈദ്യുതി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥയാണ്, ഭൂരിപക്ഷവും. സാമൂഹികമായും വിദ്യാഭ്യാസപരമായ്യ് സാമ്പത്തികമായും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി ഒരു ലഘു നിർദ്ദേശമാണ് ഞങ്ങൾ ഈ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. സമഗ്രമായ വികസനത്തിനും ചർച്ചയ്ക്കും വേണ്ടി ഞങ്ങൾ ഇത് സമർപ്പിക്കുന്നു.

# പട്ടിക ജാതി / പട്ടിക വർഗ്ഗ ക്ഷേമം

കടമ്പനാട് പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 24797 ഉം അതിൽ 4336 പേർ പട്ടിക ജാതി / വർഗ്ഗവിഭാഗത്തിൽ പെട്ടവരാണ്

| വാർഡ് | പുരുഷൻ | സ്ത്രീകൾ | ആകെ |
|---|---|---|---|
| 1 | 123 | 133 | 156 |
| 2 | 110 | 155 | 165 |
| 3 | 293 | 215 | 508 |
| 4 | 185 | 199 | 384 |
| 5 | 210 | 305 | 515 |
| 6 | 354 | 425 | 779 |
| 7 | 166 | 172 | 338 |
| 8 | 180 | 210 | 390 |
| 9 | 45 | 55 | 100 |
| 10 | 139 | 141 | 280 |
| 11 | 210 | 311 | 521 |
| ആകെ | 2015 | 1321 | 4336 |

OFFICE OF THE KADAMPANAD GRAMA PANCHAYAT

# IRDP ലിസ്റ്റിൽ ദാരിദ്ര്യ രേഖയ്ക്കു താഴയുള്ള കുടുംബങ്ങളുടെ എണ്ണം

## കടമ്പനാട് ഗ്രാമപഞ്ചായത്തിലെ 1 മുതൽ 11 വാർഡുകളിലായി 1990മുതൽ 1996 വരെ IRDP സാമ്പത്തിക സഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം

| ക്രമനമ്പർ | വർഷം | പട്ടികജാതി / വർഗ്ഗവിഭാഗം | പൊതുവിഭാഗം | ആകെ |
|---|---|---|---|---|
| 1 | 1990-91 | 58 | 53 | 111 |
| 2 | 1991-92 | 42 | 37 | 79 |
| 3 | 1992-93 | 39 | 35 | 74 |
| 4 | 1993-94 | 41 | 40 | 81 |
| 5 | 1994-95 | 38 | 40 | 78 |
| 6 | 1995-96 | 49 | 21 | 70 |

കടമ്പനാട് ഗ്രാമപഞ്ചായത്തിലെ 11 വാർഡുകളിലേയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും പട്ടികജാതി പട്ടികവർഗ്ഗത്തിൽ പ്പെട്ടവർക്കും പൂർണ്ണമായി IRDP ഗുണഭോക്താക്കളായി തിരഞ്ഞെടുക്കാൻ കഴിഞ്ഞിട്ടില്ല. ഇത് പരിഹരിക്കേണ്ടാതാണ്



5.12

# വിഭവ സമാഹരണം

## വിഭവ സമാഹരണം



നമ്മുടെ പഞ്ചായത്തിൽ കാര്യമായ ഒരു വൻകിട വ്യവസായ സ്ഥാപനവും ഇല്ല. കാഷ്യൂ ഫാക്ടറികൾ, തടിമില്ലുകൾ, ഫ്ലവർമില്ലുകൾ, നാടൻ ഇഷ്ടികച്ചൂളകൾ, കമ്പനി ഇഷ്ടികച്ചൂളകൾ. അച്ചടിശാല, മെറ്റൽക്രഷർ, വർക്ക് ഷോപ്പ്, മൊസൈക്ക്, ടൈൽസ് നിർമ്മാണം തുടങ്ങിയ നിരവധി ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉണ്ട്. വ്യവസായരംഗത്ത് ഇപ്പോൾ നിലവിലുള്ള ലോഡ്ഷെഡിങ്ങ്, വൈദ്യുതി കണക്ഷനും വായ്പലഭ്യമാകുന്നതിനുള്ള ബുദ്ധിമുട്ട് മുതലായ പ്രശ്നങ്ങൾ ഒഴിവാക്കിയാൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് വ്യവസായസംരംഭകർ മുമ്പോട്ടുവരും, ഈ രംഗത്ത്നിന്ന് വിഭവസമാഹരണത്തിനുള്ള സാദ്ധ്യത കൂടുതലായി ഉണ്ടാകും. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്ത് സ്വകാര്യ കരിങ്കൽ ക്വാറികളും ഗവൺമെന്റ് കരിങ്കൽ ക്വാറികളും ഉണ്ട്. ദിനം പ്രതി വൻതോതിൽ പാറകൾ പൊട്ടിച്ച് ഇവിടെ നിന്ന് ലോറികളിൽ കയറ്റികൊണ്ടുപോകുന്നുണ്ട്.



5.12

# വിഭവ സമാഹരണം

## വിഭവ സമാഹരണം



നമ്മുടെ പഞ്ചായത്തിൽ കാര്യമായ ഒരു വൻകിട വ്യവസായ സ്ഥാപനവും ഇല്ല. കാഷ്യൂ ഫാക്ടറികൾ, തടിമില്ലുകൾ, ഫ്ലവർമില്ലുകൾ, നാടൻ ഇഷ്ടികച്ചൂളകൾ, കമ്പനി ഇഷ്ടികച്ചൂളകൾ. അച്ചടിശാല, മെറ്റൽക്രഷർ, വർക്ക് ഷോപ്പ്, മൊസൈക്ക്, ടൈൽസ് നിർമ്മാണം തുടങ്ങിയ നിരവധി ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉണ്ട്. വ്യവസായരംഗത്ത് ഇപ്പോൾ നിലവിലുള്ള ലോഡ്ഷെഡിങ്ങ്, വൈദ്യുതി കണക്ഷനും വായ്പലഭ്യമാകുന്നതിനുള്ള ബുദ്ധിമുട്ട് മുതലായ പ്രശ്നങ്ങൾ ഒഴിവാക്കിയാൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് വ്യവസായസംരംഭകർ മുമ്പോട്ടുവരും, ഈ രംഗത്ത്നിന്ന് വിഭവസമാഹരണത്തിനുള്ള സാദ്ധ്യത കൂടുതലായി ഉണ്ടാകും. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്ത് സ്വകാര്യ കരിങ്കൽ ക്വാറികളും ഗവൺമെന്റ് കരിങ്കൽ ക്വാറികളും ഉണ്ട്. ദിനം പ്രതി വൻതോതിൽ പാറകൾ പൊട്ടിച്ച് ഇവിടെ നിന്ന് ലോറികളിൽ കയറ്റികൊണ്ടുപോകുന്നുണ്ട്.

ഇവയിൽനിന്നൊന്നും പഞ്ചായത്തിന് യാതൊരുവിധ സാമ്പത്തിക പ്രയോജനവും ഇതുവരെ ഉണ്ടായിട്ടില്ല. ഈ പഞ്ചായത്തിന്റെ 9,10,11, എന്നീ വാർഡുകളുടെ അതിർത്തിയിൽക്കൂടി ആണ് കല്ലടയാർ ഒഴുകുന്നത്. സർവ്വെ പ്ലാൻ അനുസരിച്ച് കല്ലട ആറിന്റെമദ്ധ്യഭാഗം മുതൽ പകുതി കടമ്പനാട് ഗ്രാമപഞ്ചായത്തിനും പകുതി കുളക്കട ഗ്രാമപഞ്ചായത്തിനും ആണ്. എന്നാൽ ഒരു കീഴ്വഴക്കമെന്നോണം ആറ്റിലെ മണൽ വാരുന്നതിനുള്ള കുത്തക കൊട്ടാരക്കരതാലൂക്കിനും അതുമൂലമുള്ള പ്രയോജനം കുളക്കട ഗ്രാമ പഞ്ചായത്തിനും ആണ്. ഇതു സംബന്ധിച്ച് കടമ്പനാട് പഞ്ചായത്ത് ഫയൽ ചെയ്ത ഒരു കേസ് ബഹു. കേരളാ ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. ഗവൺമെന്റ് തലത്തിൽ ഈ പ്രശ്നത്തിന് ഒരു തീരുമാനം ഉണ്ടാക്കി സർവ്വെപ്ലാൻ അനുസരിച്ച് കടമ്പനാട് ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിലുള്ള കല്ലടയാറിന്റെ അവകാശം നമ്മുടെ പഞ്ചായത്തിന് ലഭ്യമാക്കിയാൽ വിഭവസമാഹരണരംഗത്ത് നമുക്ക് വളരെ പ്രയോജനം ഉണ്ടാകും.

കാർഷിക രംഗത്ത് റബർ ആണ് ഈ പഞ്ചായത്തിലെ മുഖ്യ കൃഷി. നെൽപ്പാടങ്ങൾ മറ്റുകൃഷികൾക്കുവേണ്ടി ഉപയോഗിക്കുന്നതുകൊണ്ടും മറ്റും നെൽകൃഷി കുറഞ്ഞുകൊണ്ടിരിയ്ക്കുന്നു. ഈ മണ്ഡലത്തിൽ ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകിയാൽ വിഭവസാദ്ധ്യത ഉണ്ടാക്കാവുന്നതാണ്. ഈ പഞ്ചായത്തിൽ മത്സ്യ കൃഷിയ്ക്ക് അനുയോജ്യമായ ധാരാളം കുളങ്ങൾ ഉണ്ട്. ഈ കുളങ്ങൾ നവീകരിച്ച് മത്സ്യകൃഷി നടത്തിയാൽവിഭവസമാഹരണം വർദ്ധിപ്പിക്കാവുന്നതാണ്.

സർക്കാർ ഗ്രാന്റുകൾ ജനസംഖ്യാനുപാതികമായി വിതരണം ചെയ്താൽ ഈ പഞ്ചായത്തിനും അതിന്റെ വിഹിതം ലഭ്യമാകും. സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാന്റുകൾ, വെഹിക്കിൾ ടാക്സ് ഗ്രാന്റുകൾ തുടങ്ങിയവ ഉദാഹരണമായെടുക്കാം.

കല്ലട ആറ്റിൽ വർഷം തോറുമുള്ള വെള്ളപ്പൊക്കത്തിൽ ഈ പഞ്ചായത്തിലെ 7,8,9,10,11 എന്നീ വാർഡുകളിലെ ഭൂരിഭാഗം പ്രദേശങ്ങളും മുങ്ങി വളരെയധികം നാശനഷ്ടങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുകയാണ്. വീടുകൾ തകർന്നും, കൃഷികൾ നശിച്ചും മൃഗങ്ങളും മറ്റും നഷ്ടപ്പെട്ടും ഗ്രാമനിവാസികൾ ദുരിതമനുഭവിക്കുകയാണ്. ഗ്രാമീണ റോഡുകളും PWD റോഡുകളും വെള്ളത്തിൽ മുങ്ങി താറുമാറായിക്കൊണ്ടിരിക്കുന്നു. വെള്ളപ്പൊക്കദുരിതാശ്വാസത്തിന് വേണ്ടിയുള്ള ഫണ്ടുകൾ മറ്റു പഞ്ചായത്തുകളേക്കാൾ കൂടുതലായി ഈ പഞ്ചായത്തിന് ഈ മേഖലയിൽ ചെലവഴിക്കുന്നതിന് അനുവദിച്ചുതരേണ്ടതാണ്. ഗ്രാന്റുകളുടെ നീതിപൂർവ്വമായ വിതരണത്തിന് ഇതാവശ്യമാണ്.

ഗൾഫ് മേഖലയിലും, വിദേശത്തും ജോലിചെയ്യുന്നവർ ഈ പഞ്ചായത്തിലുണ്ട്. കാർഷികം ഇഷ്ടികച്ചൂള, റബ്ബർ ടാപ്പിങ്ങ്, കശുവണ്ടി, കെട്ടിട നിർമ്മാണം മുതലായ കൂലിപ്പണികളിൽ ഏർപ്പെടുന്നവരാണ് ജനങ്ങളിൽ മറ്റൊരുവിഭാഗം.

നമ്മുടെ പഞ്ചായത്തിൽ കെട്ടിടനികുതിയിനത്തിൽ 1995-96 സാമ്പത്തിക വർഷത്തിൽ 2,79433 രൂപ വസൂലാക്കിയിട്ടുണ്ട്. ഓലമേഞ്ഞ കെട്ടിടങ്ങളേയും രണ്ട് മുറി ഓടും മൺതറയുംമുള്ള ചെറിയ വീടുകളേയും കെട്ടിടനികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി 5816-രൂപ 95-96 സാമ്പത്തിക വർഷത്തിൽ വസൂലാക്കിയിട്ടുണ്ട്. പക്ഷേ മുഴുവൻ കച്ചവടക്കാരെയും നികുതിദായകരാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇത് കൃത്യമായി പിരിച്ചെടുക്കുന്നതിന് വാർഡുതോറും ഉള്ള കച്ചവടക്കാരുടെ കണക്ക് ശേഖരിക്കുകയും വേണം. ഈ പഞ്ചായത്തിൽ 95-96 വർഷത്തിൽ തൊഴിൽ നികുതിയായി 179415 രൂപയും വിനോദനികുതിയായി 17345 രൂപയും ഈടാക്കിയിട്ടുണ്ട്. നൂറ് ശതമാനം പിരിവ് പൂർത്തിയാക്കിക്കൊണ്ടിരിക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേതെങ്കിലും ഇപ്പോഴത്തെകണക്കനുസരിച്ച് ഏഴ്

(7) ലക്ഷം രൂപാമൈനസ് ഫണ്ടിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ ഭരണപരവും വികസന പരവുമായ കാര്യങ്ങൾ നടക്കണമെങ്കിൽ കാര്യക്ഷമമായ രീതിയിലുള്ള വിപുലമായ വിഭവസമാഹരണപ്രക്രിയകൊണ്ടേ സാദ്ധ്യമാകൂ.

ചെറുകിട വ്യവസായസ്ഥാപനങ്ങൾ വാർഡ് തിരിച്ചുള്ളകണക്ക്

| വാർഡ് | I | II | III | IV | V | VI | VII | VIII | IX | X | XI |
|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 5 | 3 | 2 | 5 | 1 | - | 3 | 3 | 6 | 3 | 14 |

സ്വകാര്യ പണമിടപാടുസ്ഥാപനങ്ങൾ വാർഡ് തിരിച്ചുള്ള കണക്ക്

| വാർഡ് | I | II | III | IV | V | VI | VII | VIII | IX | X | XI |
|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 3 | 2 | - | 2 | - | - | 1 | - | - | - | 1 |

## വിഭവസമാഹരണ നിർദ്ദേശങ്ങൾ

### കെട്ടിട നികുതി

ഇപ്പോൾ കെട്ടിടനികുതി കണക്കാക്കുന്നത് ശാസ്ത്രീയമല്ല. കെട്ടിടനികുതി ചുമത്തുമ്പോൾ തറവിസ്തീർണ്ണം ആഡംബരവും വിലകൂടുതലുമുള്ള വസ്തുക്കളുടെ ഉപയോഗം എന്നിവ കണക്കിലെടുത്ത് അസ്സസ്മെന്റ് നടത്തുക. വീടുകളല്ലാത്ത കെട്ടിടങ്ങൾ ഉദാഹരണം കടകൾ, കമ്മ്യൂണിറ്റി ഹാൾ, കാഷ്യുഫാക്ടറി കെട്ടിടങ്ങൾ മുതലായവയ്ക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്. പുതുതായി പണിപൂർത്തിയാക്കി താമസമാകുന്ന കെട്ടിടങ്ങൾ കണ്ടുപിടിച്ച് നമ്പരിട്ട് കരം ചുമത്തേണ്ടതാണ്.

### തൊഴിൽ നികുതി

ഇപ്പോൾ പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലും, എയ്ഡഡ് സ്കൂളുകളിലും മറ്റും ജോലിചെയ്യുന്നവരിൽനിന്ന് മാത്രമേ തൊഴിൽ നികുതി ലഭിക്കുന്നുള്ളൂ. ഇങ്ങനെയുള്ളവർ അല്ലാതെ സ്ഥിരമായി തൊഴിൽ ചെയ്യുന്ന മുഴുവൻപേരിൽനിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. ഉദാഹരണമായി മദ്യഷാപ്പു തൊഴിലാളികൾ, വൻകിടവ്യവസായ സ്ഥാപനങ്ങളിൽ പണിഎടുക്കുന്ന തൊഴിലാളികൾ, കമ്പനിച്ചൂളകളിലെ തൊഴിലാളികൾ, മെറ്റൽ ക്രഷർ യൂണിറ്റിലെ തൊഴിലാളികൾ, കശുവണ്ടി ഫാക്ടറി തൊഴിലാളികൾ, സിനിമാശാല അച്ചടിശാല മുതലായവയിലെ തൊഴിലാളികൾ വൻകിടതടിമില്ലിലെ തൊഴിലാളികൾ, ചെറുകിട വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾ മറ്റു സമാനമായവ.

### വിനോദനികുതി

ഈ പഞ്ചായത്തിൽ കടമ്പനാട് ഒരു തീയേറ്റർ മാത്രമേയുള്ളൂ. അതിൽനിന്നും വിനോദനികുതി ആയി 95-96 വർഷത്തിൽ 10496 രൂപാ 40 പൈസയും അധിക വിനോദനികുതിയായി 6502 രൂപാ 85 പൈസയും ഉൾപ്പെടെ 16999രൂപാ 25 പൈസ ഈടാക്കിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ കൂടുതൽ സിനിമാ തീയേറ്ററുകൾ

സ്ഥാപിക്കാനുള്ള ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## മറ്റു ധനാഗമമാർഗ്ഗങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ധാരാളം പാരലൽകോളേജ്, സ്വകാര്യ ആശുപത്രികൾ, അൺഎയ്ഡഡ് സ്കൂളുകൾ, സ്വകാര്യപണമിട പാടുസ്ഥാപനങ്ങൾ എന്നിവയുണ്ട്. ഇവയ്ക്കു പഞ്ചായത്ത് ലൈസൻസ് ഫീസ് ഏർപ്പെടുത്തുക, കല്യാണമണ്ഡപങ്ങൾക്ക് ടാക്സ് ഏർപ്പെടുത്തുക, പഞ്ചായത്തിലെ ഇഷ്ടികച്ചൂളകളുടെ ലൈസൻസ് ഫീസ് തൊഴിലാളികളുടെ എണ്ണത്തിനനുസരിച്ച് വർദ്ധിപ്പിക്കുക, കരിങ്കൽ ക്വാറികൾക്ക് ലൈസൻസ് ഫീസും തൊഴിൽനികുതിയും ഏർപ്പെടുത്തുക, പഞ്ചായത്തിലെ എല്ലാവിധ പരസ്യങ്ങൾക്കും (ഗവ: പരസ്യങ്ങൾ ഒഴികെ) പരസ്യനികുതി ചുമത്തുക, പൊതുകുളങ്ങൾ മത്സ്യകൃഷിക്കു ഉപയുക്തമായരീതിയിൽ നന്നാക്കി മത്സ്യകൃഷി നടത്തുക, നമ്മുടെ പഞ്ചായത്തിൽ ധാരാളം പുറമ്പോക്കു സ്ഥലങ്ങൾ ഉണ്ട്. പുറമ്പോക്ക് സ്ഥലങ്ങളിലെ മരങ്ങൾ നമ്പരിട്ടു തിട്ടപ്പെടുത്തി അതിലെ ആദായം ലേലം ചെയ്യുകയും പുറമ്പോക്ക് സ്ഥലം പഞ്ചായത്തിന് വിഭവസമാഹരണം ഉണ്ടാക്കത്തക്കരീതിയിൽ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുക, പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു മാർക്കറ്റാണ് കടമ്പനാട് പബ്ലിക് മാർക്കറ്റ്. ടി മാർക്കറ്റിന്റെ പകുതി ഭാഗവും അനധികൃതമായി കയ്യേറികടകളും മറ്റും സ്ഥാപിച്ചിരിക്കുകയാണ്. ഇവ ഒഴിപ്പിച്ച് മാർക്കറ്റിന്റെ ചുറ്റും സ്റ്റാളുകൾ നിർമ്മിച്ച് വാടകയ്ക്കുനൽകിയാൽ പഞ്ചായത്തിന് ഒരു വലിയ വരുമാനം ഉണ്ടാകും. അതോടൊപ്പം കടമ്പനാട് മാർക്കറ്റിൽ നിലവിലുള്ള സ്റ്റാളിന്റെ പുറകിലത്തെ ഓപ്പൺ സ്റ്റാൾ കെട്ടി അടച്ചു വാടകയ്ക്കു നൽകുകയും നെല്ലിമുകളിലും, മണ്ണടിയിലും ഉള്ള മാർക്കറ്റുകളിൽ സ്റ്റാളുകൾ നിർമ്മിച്ച് വാടകയ്ക്കുനൽകുകയും ചെയ്താൽ പഞ്ചായത്തിന് വിഭവ സമാഹരണ രംഗത്ത് ഒരു മുതൽക്കൂട്ടാണ്. വീടുകളിൽ വളർത്തുന്നനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുക. ലൈസൻസ് ഫീസിനത്തിൽ സാമ്പത്തിക നേട്ടമുണ്ടാക്കാം. കല്ലട ആറിൽ നിന്നും മണൽ വാരാനുള്ള അവകാശം നമ്മുടെ പഞ്ചായത്തിന് ലഭ്യമായാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. കടമ്പനാട് വാഹന പാർക്കിംഗ് സ്റ്റാന്റ് അനുവദിച്ച് പാർക്കിംഗ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

## ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ സഹകരണ ബാങ്കുകളും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കാതലിക് സിറിയൻ ബാങ്ക് പത്തനംതിട്ട ജില്ലാ സഹകരണബാങ്ക് എന്നിവയുടെ ഓരോ ശാഖയും ഉണ്ട്. സ്വകാര്യപണമിട പാട് സ്ഥാപനങ്ങൾ ഓൻപത് എണ്ണം,പ്രവർത്തിക്കുന്നു. നിക്ഷേപങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വായ്പകൾ വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽനിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 75-85 ശതമാനമെങ്കിലും തുക പഞ്ചായത്തിൽ തന്നെ വായ്പയായി നൽകേണ്ടതാണ്. പഞ്ചായത്തുകൾക്ക് വായ്പ എടുക്കുവാനുള്ള സാദ്ധ്യത പുതിയ പഞ്ചായത്ത് ആക്ടിലുണ്ട്. പഞ്ചായത്ത് അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകൾ ബാദ്ധ്യസ്ഥരാകുന്ന നിയമം ഉണ്ടാകേണ്ടിയിരിക്കുന്നു.

## ചെലവുകൾ

നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിക്കുന്നത് പ്രത്യുത്പാദനപരമല്ലാത്ത രീതിയിലായിരുന്നു. പൊതുമരാമത്തിന് 15 ശതമാനവും, ഭരണച്ചെലവുകൾക്ക് 60 ശതമാനവും വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നിവയ്ക്ക് 25 ശതമാനം വീതവും ആണ് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത്. വി.ആർ.എം.ഗ്രാന്റുകൾ ചെലവഴിച്ചത് പഞ്ചായത്ത് റോഡുകളുടെ മെയിന്റനൻസിനായിരുന്നു. 5000 രൂപയ്ക്ക് താഴെ ചെലവഴിച്ചുകൊണ്ടുള്ള റിപ്പയർ ജോലികൾ എല്ലാ വാർഡിലും നടത്തിയിട്ടുണ്ട്. ഒരു പ്രാവശ്യം ഇപ്രകാരം മെയിന്റനൻസ് ജോലിനടത്തിയാൽ മഴക്കാലമാവുമ്പോൾ ഇടമണ്ണ് മുഴുവൻ ഒലിച്ചുപോയി റോഡ് വീണ്ടും പൂർവ്വ സ്ഥിതിയിലാവുന്നു. ഇത്ത

രത്തിലുള്ള റിപ്പയർ ജോലികൾ നടത്തി റോഡുകൾ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം ആ റോഡുകളിലെ ഇരുവശങ്ങളിലുമുള്ള ഉപഭോക്താക്കൾക്കായിരിക്കണം. പഞ്ചായത്തിന്റെ സഹായം വേണ്ടിടത്ത് അത് സ്വീകരിക്കുകയുമാവാം. ഇത്തരത്തിൽ ഒരു വലിയ തുക പൊതുമരാമത്ത് ചെലവുകൾക്ക് ലാഭിക്കാവുന്നതാണ് ഇതിനുവേണ്ടുന്ന നിയമം പഞ്ചായത്തിനുണ്ടാകേണ്ടിയിരിക്കുന്നു.

## ഇലക്ട്രിസിറ്റി
## തെരുവുവിളക്കുകൾക്കുള്ള ചെലവ്

നമ്മുടെ പഞ്ചായത്തിൽ തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡിന് പ്രതിമാസം 20000/- രൂപാ അടയ്ക്കുന്നുണ്ട്. തെരുവുവിളക്കുകൾ ഭൂരിഭാഗവും ഇപ്പോൾകത്തുന്നില്ല. കത്താത്ത ലൈറ്റിന് നാം ഇപ്പോൾ ഇലക്ട്രിസിറ്റിചാർജ്ജ് കൊടുക്കുന്നു. ഈ നടപടി അവസാനിപ്പിച്ചേപറ്റൂ. ഇത് പഞ്ചായത്തിന് ഒരു വലിയ നഷ്ടമാണ്. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതും, കത്തിക്കുന്നതും പഞ്ചായത്തിനെ ഏല്പിച്ചാൽ ഇതിന് പരിഹാരമുണ്ടാകും.

## ഷോപ്പിംഗ് കോംപ്ലക്സ്

നമ്മുടെ പഞ്ചായത്തിൽ കടമ്പനാട് മാർക്കറ്റിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും 95-96 വർഷത്തിൽ 797409/- രൂപാ വരുമാനം ഉണ്ടായിട്ടുണ്ട്. സംസ്ഥാന റൂറൽ ഡവലപ്പ്മെന്റ് ബോർഡിന്റെ ധനസഹായത്തോടുകൂടി പണികഴിപ്പിച്ച ഇതിന് 2 1/2 ലക്ഷം രൂപാ പ്രതിവർഷം റൂറൽ ഡവലപ്പ്മെന്റ് ബോർഡിന് അടച്ചുകൊണ്ടിരിക്കുകയാണ്. ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒഴിവുള്ള മുറികൾ ലേലം ചെയ്ത് പഞ്ചായത്തിനു മുതൽ ക്കൂട്ടാവുന്നതാണ്.

## ഭൂനികുതി

പഞ്ചായത്തിന് ഭൂനികുതിയുടെ 75 ശതമാനം ഇപ്പോൾ ഗ്രാന്റായി ലഭിക്കുന്നുണ്ട്. ഈ നികുതി ചില മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്നതിനും അതു പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളെ ഏല്പിക്കാവുന്നതാണ്.

## ടൂറിസം

നമ്മുടെ പഞ്ചായത്തിൽ ടൂറിസത്തിന് വളരെ സാദ്ധ്യതയുള്ള പ്രദേശമാണ് മണ്ണടി പ്രദേശം. ധീരദേശാഭിമാനി വേലുത്തമ്പിദളവായുടെ സ്മാരക സമുച്ചയം, ചിരപുരാതനവും, ചരിത്രപ്രസിദ്ധവുമായ കാമ്പിത്താൻ കൽമണ്ഡപം, പാറക്കടവ്, അരവക്കച്ചാണി എന്നിവ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പ്രദേശങ്ങളാണ്. പ്രകൃതിയുടെ വരദാനമായ കല്ലടയാർ ഈ പ്രദേശത്തെ മനോഹരമാക്കുന്നു. വേലുത്തമ്പിദളവാ സ്മാരക സമുച്ചയം സർക്കാർ ഏറ്റെടുത്ത് വൻവികസന പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കമ്പിത്താൻ കൽമണ്ഡപം, അരവക്കച്ചാണി, പാറക്കടവ് എന്നിവ പഞ്ചായത്ത് ജനപങ്കാളിത്തത്തോടുകൂടി നവീകരിക്കേണ്ടതാണ്. ഇവിടെയെത്തുന്ന ടൂറിസ്റ്റുകൾക്ക് താമസത്തിനും, വിശ്രമത്തിനും വേണ്ടി (വേലുത്തമ്പിദളവാ സമുച്ചയത്തിലുള്ള സർക്കാർ വക സ്ഥലത്ത്) ഒരു കെട്ടിടം നിർമ്മിച്ച് ആയത് വാടകയ്ക്കു നൽകിയാൽ പഞ്ചായത്തിന് വരുമാനവും ടൂറിസ്റ്റുകൾക്ക് പ്രോത്സാഹനവും ആകും.

## നാഷണൽ സേവിംഗ്സ് സ്കീം

ഓരോ പഞ്ചായത്തിൽനിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്രയുടെ 20% ആ ഗ്രാമപഞ്ചായത്തുകൾക്കും 5% ജില്ലാ പഞ്ചായത്തുകൾക്കും ഉപാധിരഹിതഫണ്ടായിനൽകുന്ന ഒരു വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ട്. അതുകൊണ്ട് പഞ്ചായത്ത് ഭരണസമിതിയും ഗ്രാമ സഭകളും ഇടപെട്ടുകൊണ്ട് പഞ്ചായത്തിൽനിന്നും പരമാവധി സമ്പാദ്യനിക്ഷേപ പദ്ധതി ഉണ്ടാക്കിയാൽ പഞ്ചായത്തിന് ഒരു വലിയ വരുമാനമാകും. മഹിളാ പ്രധാൻ ഏജന്റുമാരുടെ സേവനം ഇത്തരം സമ്പാദ്യനിക്ഷേപങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

എന്നാൽ ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഉയരാൻ തുടർന്നുള്ള നാളുകളിൽ പഞ്ചായത്തിന് കഴിഞ്ഞു എന്ന് അവകാശപ്പെടാനാവില്ല. മുഖ്യമായും രണ്ടു പ്രശ്നങ്ങളാണ് ഇതിന് വിഘാതമായി നിൽക്കുന്നതെന്ന് പിന്നീട് ബോധ്യപ്പെട്ടു. ഒന്ന്, അധികാരങ്ങൾ താഴേക്ക് പങ്കിട്ട് കൊടുക്കാനും, വികസന പ്രവർത്തനങ്ങൾ വേഗതയിൽ നടത്താനും തടസ്സമായി നിൽക്കുന്ന നിയമത്തിലെ ചില വ്യവസ്ഥകളും, ചട്ടങ്ങളും ഇതിന്റെ ഭാഗമായിട്ടുള്ള ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ സമീപനവും. രണ്ട്, വികസന പ്രവർത്തനങ്ങൾ നടത്താനാവിശ്യമായ സമ്പത്ത് പഞ്ചായത്തുകൾക്ക് വീതിച്ച് നൽകാൻ സർക്കാരിന് കഴിയാതെ വന്നത് ഗ്രാന്റുകളും മറ്റും ലഭിക്കാത്തത് മൂലം പഞ്ചായത്തിന്റെ സാമ്പത്തികനില താറുമാറായത്. ഇക്കാരണങ്ങളാൽ പഞ്ചായത്ത് രാജ്സ്ഥാപനങ്ങൾക്കു് പ്രവർത്തിച്ച് മുന്നേറാൻ കഴിയാതെ വന്നു.

ഈ സാഹചര്യത്തിലാണ് ജനകീയ ആസൂത്രണ പരിപാടി ആവിഷ്കരിച്ചു നടപ്പാക്കാൻ കേരള സർക്കാർ തീരുമാനിച്ചത്. ഒമ്പതാം പഞ്ചവത്സരപദ്ധതിയെ ജനകീയപദ്ധതിയാക്കിമാറ്റാനും അതിന് മുന്നോടിയായി നടക്കേണ്ട ആസൂത്രണം ജനകീയാസൂത്രണമാക്കി മാറ്റാനും തീരുമാനിച്ചു. വികസന പ്രവർത്തനങ്ങൾക്കു് പഞ്ചായത്ത് വിനിയോഗിക്കുന്ന മൊത്തം തുകയുടെ 35, 40% വരെ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വിഭജിച്ച് നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചതും ഈ രംഗത്ത് സുപ്രധാനമായ കാൽ വെയ്പാണ്.

ഇതിലെ അപാകതകൾ ഉൾക്കൊണ്ടുകൊണ്ട് ചിലചട്ടങ്ങളിൽ മാറ്റം വരുത്തുവാനും പുതിയ ചട്ടങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കാനും സർക്കാർ തയ്യാറാവണം .

ആസൂത്രണ പ്രസ്ഥാനം എത്രമാത്രം ജനകീയമാകുന്നുവോ അതനുസരിച്ച് അതിന്റെ വിജയസാദ്ധ്യത വർദ്ധിക്കുകയാണ്. ആറുമാസം മുമ്പുനടന്ന ആദ്യഗ്രാമസഭായോഗത്തിന്റെ ഇരട്ടിയും അതിലധികവും ആളുകൾ ഇത്തവണ വിശേഷാൽ ഗ്രാമ സഭകളിൽ പങ്കെടുത്തത് ശ്രദ്ധേയമാണ്.

കടമ്പനാട് ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തെ നല്ല രീതിയിൽ ജനങ്ങൾ സ്വാഗതം ചെയ്യാൻ തയ്യാറായിട്ടുണ്ട്. ഗ്രാമസഭായോഗങ്ങളിലും തുടർന്നുള്ള പ്രവർത്തനങ്ങളിലും ഇത് പ്രതഫലിച്ചു് കാണാം സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ച രീതിയിലും ഗൗരവത്തിലും പരിപാടികൾ ഏറ്റെടുക്കാൻ ഈ പഞ്ചായത്തിലെ ഭരണ സമിതി തയ്യാറായിട്ടുണ്ട്. ജില്ലാതലത്തിൽ പരിശീലന പരിപാടികൾ നടത്താൻ കാലതാമസമുണ്ടായത് ഗ്രാമപഞ്ചായത്തുകളേയും ബാധിച്ചു. ദ്വിതീയ വിവരശേഖരണവും പഠനപര്യടനവും വിജയകരമായി നടത്താൻ നമുക്ക് കഴിഞ്ഞു. ഇതെ തുടർന്നു ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡീകരണം നടത്തി ഇവയുടെയെല്ലാം ആകെ തുകയായ വികസന റിപ്പോർട്ട് തയ്യാറാക്കുന്ന ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുക്കാൻ നിയോഗിക്കപ്പെട്ട വിവിധ കടമകൾ അത് ഭംഗിയായി നിർവഹിച്ചു.

പഞ്ചായത്തിന്റെ സാമൂഹ്യ ചരിത്രം തയ്യാറാക്കാൻ വേണ്ടി പഴമക്കാരായ പല മാന്യ വ്യക്തികളേയും ഞങ്ങൾ സമീപിച്ചു. അഭിമുഖ സംഭാഷണം നടത്തി. പൂർവ്വകാല സംഭവങ്ങൾ അറിയാൻ വേണ്ടി പല രേഖകളും പരിശോധിച്ചു. ഈ റിപ്പോർട്ടിൽ ചേർത്തിരിക്കുന്ന സ്ഥിതിവിവര കണക്കുകൾ,സെൻസ്സസ് റിപ്പോർട്ട്, സർക്കാരിന്റെ വിവിധ ആഫീസ് രേഖകൾ എന്നിവ കൂടാതെ ആസൂത്രണ പ്രവർത്തകർ നടത്തിയ ദ്വതീയ വിവരശേഖരണം തുടങ്ങിയവയിൽനിന്നു് ലഭിച്ചിട്ടുള്ളതാണ്.

ആസൂത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാവരോടും ഞങ്ങൾക്കുള്ള സ്നേഹാദരങ്ങൾ അറിയിക്കുന്നു. മഹത്തായ ഈ ജനകീയ പ്രസ്ഥാനത്തിൽ ഭാഗഭാക്കായ ഓരോരുത്തരും സാമൂഹ്യനന്മയ്ക്ക് വേണ്ടി തങ്ങളുടെ എളിയപങ്ക് നിർവഹിച്ചതായി അഭിമാനിക്കാം. സ്വാർത്ഥതയും അഴിമതിയും നിറഞ്ഞ ഈ ലോകത്ത് പരസ്പരസഹായത്തിന്റെയും സേവനസന്നദ്ധതയുടേയും പുതിയ പന്ഥാവ് വെട്ടിത്തുറക്കാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്ന് നമുക്കാശിക്കാം നാളിതുവരെ ഉണ്ടായ ജനങ്ങളുടെ സഹകരണം മേലിലും ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുകയാണ്. ഒരു നല്ല നാളേയ്ക്കു വേണ്ടി എല്ലാം മറന്ന് നമുക്ക് ഒത്തൊരുമയോടെ പ്രവർത്തിക്കാം

എല്ലാവിധ സഹായ സഹകരണങ്ങൾക്കും ഒരിക്കൽ കൂടി നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹാദരപൂർവ്വം,

ബി. സരസ്വതിയമ്മ
കടമ്പനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്

Design , Layout & typesetting :- SPECTRUM COMPUTER GRAPHICS
S.N.D.P. Building, Adoor, Tel :0473-4910



"അടിത്തട്ടിൽ നിന്നും ഉദിച്ചുയരുന്ന സ്വാതന്ത്ര്യം
മാത്രമേ സ്വാർത്ഥകവും സമ്പൂർണ്ണവുമാകുകയുള്ളു.
ഓരോ ഗ്രാമവും ആഭ്യന്തരകാര്യങ്ങളെ
സംബന്ധിച്ചിടത്തോളം ഒരു സ്വതന്ത്രപരമാധികാര
റിപ്പബ്ലിക്കായിരിക്കണം. എന്നാൽ പരസ്പര
സഹകരണത്തിലും സഹവർത്തിത്വത്തിലും
സാഹോദര്യത്തിലും അധിഷ്ഠിതമായിരിക്കണം വിവിധ
ഗ്രാമങ്ങൾ തമ്മിലുള്ള ബന്ധം. ഓരോ വ്യക്തിയും
സമൂഹത്തിന് വേണ്ടി ആത്മസമർപ്പണം ചെയ്യുവാൻ
തയ്യാറുള്ളവനായിരിക്കണം. വ്യക്തികളുടെ
താല്പര്യങ്ങളെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തു
സംരക്ഷിക്കാൻ സമൂഹവും തയ്യാറാകണം."

Printed at Solar Offset Printers (P) Ltd. Monvila Industrial Plot. Ph: 65849,